LM
P14

XXVII 137
2/50



# St. ANTHONY OF PADUA.

## A LIFE.

BY

ANTHONY JOHN, B. A.

CANCELLARIA
HOUSE OF STUDIES
MANGALORE

# അന്തോനി പാദുവാ.

## ഒരു ജീവചരിത്രം.

DEFINITORY T. O. C.
No. 41 45
LIBRARY.

മയ്യനാട്ട് എ. ജാൺ, ബി. എ.

(*Rights Reserved*)

2-ാം പതിപ്പു കോപ്പി 1000.

S. R. V. Press, Quilon.

As 10. ണ. 10

1109.

1304
1341
M5

**Re-Imprimatur**

QUILON, 10 MARCH, 1934.

**Fr. Bernardine, O. D. C.**

**Admin, Apost.**

# മുഖവുര.

മലയാളഭാഷയിൽ നല്ല ജീവചരിത്രങ്ങൾ വളരെ കുറവാണു്. ആ സ്ഥിതിക്കു്, എല്ലാപ്രകാരത്തിലും വിരളമായ ക്രൈസ്തവകൈരളീസാഹിത്യത്തിനു തദ്വിഷയകമായുള്ള ദാരിദ്ര്യത്തെപ്പറ്റി പ്രത്യേകം പറയേണ്ടതില്ല. ലോകത്തിൽ ഏതെങ്കിലും വിധത്തിൽ മഹത്വം പ്രദർശിപ്പിച്ചിട്ടുള്ള വിശിഷ്ടരായ സ്ത്രീപുരുഷന്മാരെപ്പറ്റിയാണു് സാധാരണയായി ജീവിതകഥകൾ എഴുതപ്പെടാറുള്ളതു്. താദൃശരായ മഹത്തുക്കളുടെ ദൌർല്ലഭ്യംകൊണ്ടു് കേരളീയക്രൈസ്തവർക്കു് ഉത്തമങ്ങളായ ജീവചരിത്രങ്ങൾ രചിക്കുന്നതിനു വിഷയം സിദ്ധിക്കാതെപോയതാണെന്നു പറയാൻ നിവൃത്തിയില്ല. അവരുടെ ഇടയിൽ പുണ്യവാന്മാർ എന്നു് അറിയപ്പെട്ടകയും ബഹുമാനിക്കപ്പെട്ടകയും ചെയ്യുന്ന അനേകസഹസ്രം സിദ്ധന്മാർ, സാക്ഷാത്തായ മനുഷ്യമഹത്വത്തിന്റെയും പരിപൂർണ്ണതയുടെയും മൂർത്തീഭിഷിക്തദൃഷ്ടാന്തങ്ങളായി എക്കാലവും പരിശോഭിക്കുന്നവരും, ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങളുടെ അന്യാദൃശമായ മാഹാത്മ്യത്തെയും പ്രയോഗക്ഷമതയെയും സ്വജീവിതമാതൃകകൊണ്ടു സുസ്പഷ്ടമായി തെളിയിച്ചിട്ടുള്ളവരുമായ മഹാത്മാക്കളാണു്. ഫ്രെഞ്ചു, ഇംഗ്ലീഷ് മുതലായ യൂറോപ്യൻഭാഷകളിലെ സാഹിത്യങ്ങൾ അവരെപ്പറ്റിയുള്ള വിവിധങ്ങളും മനോഹരങ്ങളുമായ ചരിത്രങ്ങളാൽ സമൃദ്ധങ്ങളാകുന്നു- ക്രിസ്ത്യാനികളായ മലയാളികൾക്കു പുണ്യാത്മാക്കളോടുള്ള ഭക്ത്യാദരങ്ങൾ യൂറോപ്യന്മാർക്കുള്ളതി

നേക്കാൾ ഒട്ടും കുറവല്ലെങ്കിലും, സ്വഭാഷയിൽ അവരെപ്പറ്റി സമ്യക്കായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ വളരെ അപൂർവ്വമാണെന്നുള്ള വസ്തുത സഖ്യസനം സമ്മതിക്കേണ്ടിയിരിക്കുന്നു.

ഞാൻ ഈയിടക്കു പ്രസിദ്ധപ്പെടുത്തിയ "ശ്രീയേശു ക്രിസ്തു"എന്ന ജീവചരിത്രഗ്രന്ഥത്തിനു ക്രൈസ്തവരും അക്രൈസ്തവരുമായ മലയാളികളിൽനിന്നു സിദ്ധിച്ച സൌഹാർദ്ദപൂർവ്വമായ സൽക്കാരവും, അതു സാമാന്യം വലുതും വലിപ്പത്തിനൊത്തു വിലക്കുടിയതുമായിരുന്നിട്ടും അതിന്റെ സത്വരവും പ്രതീക്ഷാതീതവുമായ പ്രചാരവും എത്രയും പ്രോത്സാഹജനകമായിത്തോന്നുകയാൽ, ആ സമാരംഭത്തിന്റെ തുടച്ചയായി പ്രസ്തുത പുണ്യവാന്മാരിൽ സുവിഖ്യാതന്മാരായ ഏതാനും മഹാത്മാക്കളുടെ ജീവിതചരിതങ്ങൾ കൂടി പ്രസാധനംചെയ്യാൻ ഉദ്യമിക്കുന്നതു് സാഹസമായിപ്പോവുകയില്ലെന്നു വിശ്വസിക്കുന്നു.

'മഹാത്മാക്കൾ' എന്ന ഈ ജീവചരിത്രപരംപരയുടെ ഒന്നാമത്തെ ലക്കമായി 'അന്തോനി പാദുവാ' പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. കേരളത്തിൽ സെയിൻറ് ആൻറണിയോടുള്ള ഭക്തി ചിരപ്രതിഷ്ഠിതവും ദൃഢശ്രദ്ധവുമാണു്; അദ്ദേഹത്തിന്റെ പ്രതിമ അലംകരിക്കാത്ത കത്തോലിക്കാ ദേവാലയങ്ങളും, അദ്ദേഹത്തോടു സവിശേഷമായ ഭക്തിയില്ലാത്തവരായും അദ്ദേഹത്തിന്റെ മാധ്യസ്ഥ്യംവഴി അനുഗ്രഹങ്ങൾ ലഭിച്ചിട്ടില്ലാത്തവരായുമുള്ള കത്തോലിക്കരും അധിക

മുണ്ടായിരിക്കയില്ലെങ്കിലും, അദ്ദേഹത്തെപ്പറ്റിയുള്ള വിശ്വാസയോഗ്യമായ അറിവു വളരെ കുറവാണു്. ജനസാമാന്യം അദ്ദേഹത്തെ കേവലം ഒരു അത്ഭുതപ്രവർത്തകനായിട്ടു മാത്രമാണു് അറിയുന്നതു്. ഒറ്റ അത്ഭുതംപോലും അദ്ദേഹം പ്രവർത്തിച്ചിട്ടില്ലെങ്കിൽത്തന്നെയും ഭൂഗോളത്തെ സന്നിധ്യത്താൽ പരിപൂതമാക്കിയിട്ടുള്ള പൂജ്യപാദന്മാരിൽ പ്രധാനമായ ഒരു സ്ഥാനത്തിനു് അദ്ദേഹത്തിനു് അർഹനാകുമെന്നുള്ളതു് അദ്ദേഹത്തിൽ പരിലസിച്ചിരുന്ന ശ്രേഷ്ഠഗുണങ്ങളെപ്പറ്റി അവർ മിക്കവാറും അറിഞ്ഞിട്ടില്ല. അദ്ദേഹത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകളെയും അന്ധവിശ്വാസങ്ങളെയും നീക്കി ശരിയായ അറിവു വർദ്ധിപ്പിക്കുന്നതിനു് ഈ പുസ്തകം ഉപകരിക്കുമെന്നു വിശ്വസിക്കുന്നു. അനേകം ഇംഗ്ലീഷ് ഗ്രന്ഥങ്ങളെ ആസ്പദമാക്കി എഴുതപ്പെട്ടിട്ടുള്ള ഈ ജീവിതകഥയിൽ ആ വിശ്വവിശ്രുതനായ പുണ്യാത്മാവിനെപ്പറ്റി വിശ്വാസയോഗ്യമായി അറിയാവുന്നതു മുഴുവനും സംഗ്രഹിക്കുന്നതിനു ശ്രമിച്ചിട്ടുണ്ടു്.

മാതൃഭാഷയെ സംബന്ധിച്ചിടത്തോളം അധഃസ്ഥിതമെന്നു് ഗണിക്കപ്പെട്ടുന്ന കേരളീയക്രൈസ്തവജനസാമാന്യത്തെ ഉദ്ദേശിച്ചു് ഒരു ടിപ്പണി ഒടുവിൽ ചേർത്തിട്ടുണ്ടു്. അതു് ആവശ്യമില്ലാത്തതാണെന്നു വിചാരിക്കുന്ന ഭാഷാഭിമാനികളോടു് അതിന്നായി ക്ഷമാപണംചെയ്തുകൊള്ളുന്നു.

മയ്യനാടു്,
April 8, 1932.

ആന്റണി ജോൺ.

# അനുക്രമണിക.



| അദ്ധ്യായം. | | പുറം. |
|---|---|---|
| 1 | ബാല്യകാലം | 1 |
| 2 | ആശ്രമജീവിതം | 10 |
| 3 | സംഘപരിവർത്തനം | 17 |
| 4 | വിഷമഘട്ടം | 31 |
| 5 | വാനപ്രസ്ഥൻ | 37 |
| 6 | വേദാദ്ധ്യാപകൻ | 43 |
| 7 | ധർമ്മദൂതൻ | 48 |
| 8 | അത്ഭുതങ്ങൾ | 54 |
| 9 | ധർമ്മസമരം | 61 |
| 10 | ആശ്രമാധിപൻ | 67 |
| 11 | ലിമോജസ്സിലെ കസ്റ്റോസ്സ് | 79 |
| 12 | അത്ഭുതങ്ങൾ | 87 |
| 13 | ഇറലിയിലേക്കുള്ള പ്രതിയാനം | 95 |
| 14 | മത്സ്യം പ്രസംഗം കേൾക്കുന്നു | 104 |
| 15 | പാദുവായിലെ നോമ്പു് | 112 |
| 16 | പണക്കാരന്റെ ഹൃദയം പണപ്പെട്ടിയിൽ | 124 |
| 17 | അസ്സീസ്സിയിലെ ഒപ്പാതയോഗം | 130 |
| 18 | അവസാനദിവസങ്ങൾ | 136 |
| 19 | മരണം, ശവസംസ്കാരം, പുണ്യപട്ടം | 148 |
| 20 | അനന്തസന്ദേശം | 157 |


# സമർപ്പണം.

ദിവംഗതനായിട്ട്
ഏഴു ശതാബ്ദങ്ങൾ കഴിഞ്ഞുവെങ്കിലും
ഭക്തഹൃദയങ്ങളിൽ ഇന്നും സജീവനായി വർത്തിക്കുന്ന
സർവ്വലോകവന്ദ്യനായ
സെയിന്റ് ആന്റണിയുടെ
ചരണാരവിന്ദങ്ങളിൽ
ആ പുണ്യാത്മാവിന്റെ അത്ഭുതകരമായ
മാദ്ധ്യസ്ഥത്താൽ എനിക്ക്
സിദ്ധിച്ചിട്ടുള്ള അനന്യസാധാരണങ്ങളായ
ദിവ്യാനുഗ്രഹങ്ങളുടെ
ഒരു വിനിതസ്മാരകമായി ഈ പുസ്തകം
സമർപ്പിച്ചുകൊള്ളുന്നു.

XXVII 137
2 50

# അന്തോനി പാദുവാ.




## അദ്ധ്യായം ൧.

### ബാല്യകാലം.

മദ്ധ്യയുഗങ്ങളിൽ യൂറോപ്പിൽ ക്രൈസ്തവചൈതന്യത്തെ പുനരുജ്ജീവിപ്പിക്കുകയും ക്രൈസ്തവാദർശങ്ങളെ പുനഃസ്ഥാപിക്കുകയും ചെയ്ത ആ മഹഷ്ിവരേണ്യനും സമുദ്ധാരകനുമായ സെയിൻറു ഫ്രാൻസിസ്സ് അസ്സീസ്സിയുടെ ശിഷ്യഗണത്തിൽ സർവ്വഥാ അഗ്രഗണ്യനായിരുന്ന നമ്മുടെ കഥാനായകനായ പുണ്യപുരുഷൻ. 'സെയിൻറുഫ്രാൻസിസ്സിൻെറ അഗ്നിമപുത്രൻ' എന്നും 'പാദുവായിലെ മഹാനായ അത്ഭുതപ്രവർത്തകൻ' എന്നുമുള്ള അപരനാമങ്ങളാൽ വിശ്രുതനായ സെയിൻറു ആൻറണി ആ മഹാചാര്യനാൽ സ്ഥാപിക്കപ്പെട്ട സന്ന്യാസസംഘത്തിൻെറ നട്ടനായകനായി പരിലസിച്ചിരുന്ന. പാദുവാ എന്ന ഇറലിയിലെ ഒരു നഗരത്തിൻെറ നാമം അദ്ദേഹം വഹിക്കുന്നതു് അദ്ദേഹം അവിടെവച്ചു ദേഹവിയോഗം ചെയ്കയും അദ്ദേഹത്തിൻെറ മൃതശരീരം അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തതുകൊണ്ടാണു്. അദ്ദേഹം ജനിച്ചതു് പോർട്ടുഗൽ രാജ്യത്തു ലിസ്ബൺപട്ടണത്തിലായിരുന്ന.

നമ്മുടെ പുണ്യവാൻ ജനിച്ചുവളർന്ന തൻെറ ബാല്യകാലം മുഴുവനും കഴിച്ചുകൂട്ടിയ ആ രാജ്യത്തിൻെറ തലസ്ഥാനീ

ന്തനചരിത്രം സംക്ഷിപ്തമായിട്ടെങ്കിലും അറിയുന്നതു് അദ്ദേഹത്തിന്റെ സ്വഭാവത്തെ ശരിയായി നിർണ്ണയിക്കുന്നതിനു സഹായിക്കാതിരിക്കയില്ല.

പോർട്ടുഗൽരാജ്യത്തിന്റെ ചരിത്രം അനന്യസാധാരണമായ വിധത്തിൽ വിഷമങ്ങളും കഴപ്പുങ്ങളും നിറഞ്ഞതായിരുന്നു. വണ്ടൽസ്, സൂവി, അലാനി, വിസിഗോത്സ് എന്നീ മ്ലേച്ഛജാതിക്കാരുടെ അനസ്യൂതമായ ആക്രമണത്തിനും അവമർദ്ദനത്തിനും ദീർഘകാലം വിധേയമായശേഷം ആ രാജ്യം എട്ടാംനൂറ്റാണ്ടിൽ അറബികൾക്കു കീഴ്പ്പെട്ടു നാനൂറുവർഷക്കാലം അതു് അവരുടെ അക്രമമായ അധികാരത്തിൽ അകപ്പെട്ടുവലഞ്ഞു. അതിനുശേഷം ബർഗണ്ടിയിലെ ഹെൻട്രി എന്നൊരു വിജിഗീഷുവായ യുദ്ധവീരൻ അവിടെ പ്രത്യക്ഷനായി അറബികളെ നിഷ്കാസനംചെയ്യുന്നതിനു സ്പെയിനിലെ രാജാവിനെ സഹായിച്ചു. അയാൾ മഹമ്മദീയരോടു പ്രതിനേഴ യുദ്ധത്തിൽ ഏർപ്പെട്ടുകയും അവയിലെല്ലാം അവരെ പരാജിതരാക്കുകയും ചെയ്തശേഷം ഒടുവിൽ വിജയശ്രീലാളിതനായി 1112-ൽ വീരസ്വർഗ്ഗം പ്രാപിച്ചു. അയാളുടെ മകൻ അൽഫൻസോ ഒന്നാമൻ പിതാവിന്റെ സ്വാതന്ത്ര്യസംരംഭങ്ങളെ തുടരുകയും കാസ്റ്റൊവെർദ എന്ന സ്ഥലത്തുവച്ചു മഹമ്മദീയസൈന്യത്തെ നിഷ്ക്രിഷ്ടം തോല്പിക്കുകയുംചെയ്തു. അയാൾ സ്വസൈന്യത്താൽ രാജാവായി പ്രഖ്യാപനം ചെയ്യപ്പെടുകയും 1142-ൽ മാർപാപ്പാ, സ്പെയിൻരാജാവിന്റെ പ്രതിഷേധത്തെ അവഗണിച്ചു്, അയാളുടെ സിംഹാസനാരോഹണത്തെ അംഗീകരിക്കുകയുംചെയ്തു. ശക്തിയുക്തവും ബുദ്ധിപൂർവകവുമായ ഭരണത്താൽ അയാൾ ക്രമംകൊണ്ടു മഹമ്മദീയാധിപത്യത്തിന്റെ നാശനചിഹ്നങ്ങളെയെല്ലാം പ്രമാജ്ജനംചെയ്തു. മുഹമ്മദീയപള്ളികളുടെ സ്ഥാനത്തു ഗംഭീരങ്ങളായ ക്രിസ്തീയദേവാലയങ്ങൾ ആവിർഭവിച്ചു. തന്റെവിജ

യത്തിന്റെ സ്മാരകങ്ങളായി അയ്യാം അനേകം സന്യാസാശ്രമങ്ങളും സ്ഥാപിച്ചു. 1147-ൽ ലിസ്ബണിൽ സ്ഥാപിതമായ സെയിന്റ് വിൻസന്റ് സാശ്രമവും കൊയിമ്പ്രായിലെ സന്തക്രൂസ്സാശ്രമവും ഇവയിൽപ്പെട്ടതാണ്. ഈ രണ്ടു ആശ്രമങ്ങളെയും അധിവസിച്ചതു സെയിന്റ് അഗസ്റ്റിന്റെ സംഘത്തിൽപ്പെട്ട സന്യാസികളും (Canons Regular of St. Augustine) ആയിരുന്നു.

ആദ്യകാലത്തു പോർട്ടുഗൽരാജ്യത്തിന്റെ തലസ്ഥാനം കൊയിമ്പ്രാ ആയിരുന്നു. എന്നാൽ, ആ സ്ഥാനം അചിരേണ ലിസ്ബൺപട്ടണത്തിനു ലഭിക്കത്തക്കവണ്ണമുള്ള സാഹചര്യങ്ങളും ഉണ്ടായിരുന്നു. അതിന്റെ പ്രാകൃതനപ്രസിദ്ധിയും പാശ്ചാത്യപൌരസ്ത്യരാജ്യങ്ങളിലെ വാണിജ്യത്തിന്റെയും സാംയാത്രികന്മാരുടെയും ഒരു സങ്കേതമാകത്തക്കവണ്ണം താഗ്രുസ് നദിയുടെദക്ഷിണതീരത്തുള്ള അതിന്റെ സ്ഥാനമാഹാത്മ്യവുംകൊണ്ട് അതു പോർട്ടുഗൽരാജ്യത്തിന്റെ പ്രധാനനഗരമാകാനുള്ള യോഗ്യതയിൽ ഇതരപട്ടണങ്ങളെയെല്ലാം അതിശയിച്ചിരുന്നു. തങ്ങളുടെ രാജ്യം വളരെചെറുതും ശൈശവാവസ്ഥയിൽ മാത്രം സ്ഥിതിചെയ്യുന്നതുമായിരുന്നുവെങ്കിലും, പോർട്ടുഗീസുകാർ പരാക്രമശാലികളും വിദേശങ്ങളിൽ തങ്ങളുടെ പ്രാബല്യം ചെലുത്തുന്നതിൽ ഉത്സാഹശാലികളുമായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടടുക്കുടി ആ ചെറുരാജ്യം സത്വരം അഭിവൃദ്ധിയെ പ്രാപിക്കുകയും വിദേശവാണിജ്യത്താൽ സമ്പൽസമൃദ്ധമാകുകയും ചെയ്തു.

യുദ്ധക്കളത്തിൽ വച്ചുചെയ്ത ഒരു വിശ്വാസപ്രകരണത്താൽ ഉല്പാദിതമായ പോർട്ടുഗൽരാഷ്ട്രം സാവ്ദൈവമന്മാരായ മാർപാപ്പാമാരുടെ മഹനീയസംരക്ഷണത്തിൽ ക്ഷണേന വളർന്നു പരിപുഷ്ടിയെ പ്രാപിച്ചു. പോർട്ടുഗീസുകാർ നവയൌവനയുക്തവും ഉജ്ജ്വലവുമായ ഒരു ഉൽകൃഷ്ടജാതിതന്നെയായിരുന്നു. ആ ജാതിയുടെ അത്യുന്നതങ്ങളാ

യ ആദർശങ്ങളുടെയും ആശയങ്ങളുടെയും ഒരു മൂർത്തീകരണമായും, അവരുടെ മണ്ണിൽ എക്കാലത്തും ജനിച്ചിട്ടുള്ളവരിൽ സാക്ഷാത്തായ മഹത്വംകൊണ്ടു പ്രഥമഗണനീയനായും, അവർക്ക് ആചന്ദ്രതാരം ഒരു അതുലാഭിമാനഹേതുവായും പരിശോഭിക്കുന്ന ആ ക്രൈസ്തവധർമ്മവീരന്റെ ജീവിതകഥാകഥനത്തിലാണു നാം ഏർപ്പെട്ടിരിക്കുന്നതു്

അന്തോനി 1195 ആഗസ്റ്റ് 15-ാംതീയതി ലിസ്ബണിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേരു മാർട്ടിൻ ദെ ബോയിലൺ എന്നും മാതാവിന്റെ പേരു ത്രേസ്യാ തവേരായെന്നുമായിരുന്നു. ഇവർരണ്ടുപേരും ആഭിജാത്യവും മതനിഷ്ഠയും ഉള്ളവരായിരുന്നു. മാർട്ടിൻ ഒന്നാമത്തെ കുരിശുയുദ്ധത്തിന്റെനേതാവും യെരൂശലേമിലെഒന്നാമത്തെ രാജാവുമായിരുന്ന ഗോഡ്ഫ്റെ ദെ ബോയിലണിന്റെ കുടുംബജനായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹനായിരുന്ന വിൻസന്റ് ദെ ബോയിലൺ മഹമ്മദീയരുമായുണ്ടായ യുദ്ധങ്ങളിൽ പ്രദർശിപ്പിച്ച ധൈര്യവീര്യങ്ങൾക്കു പാരിതോഷികമായി ആൽഫൻസോ ഒന്നാമനാൽ ലിസ്ബണിലെ ഗവർണരായി നിയമിക്കപ്പെട്ട ആ ഉദ്യോഗം ബോയിലൺകുടുംബത്തിൽ പരംപരാഗതമായി നിലനിന്നു. നമ്മുടെ കഥാനായകന്റെ പിതാവായ മാർട്ടിൻ സ്വഭാവവൈശിഷ്ട്യംകൊണ്ടു് ആ സ്ഥാനത്തെ ഏറ്റവും ശ്ലാഘനീയമാംവണ്ണം അലങ്കരിച്ചു. ആൽഫൻസോ ദ്വിതീയന്റെ മാതാമഹിമാരിൽ അദ്ദേഹം അദ്വിതീയനായിരുന്നുവെന്നു് ഏതൽക്കാലചരിത്രം ഘോഷിക്കുന്നു. ത്രേസ്യായുടെ കുടുംബവും ഒട്ടും കുറഞ്ഞതായിരുന്നില്ല. എട്ടാംനൂറ്റാണ്ടിൽ മഹമ്മദീയരുടെ ആക്രമണമുണ്ടാകുന്നതുവരെ അവരുടെ പൂർവികന്മാർ അസ്തൂരിയായിൽ രാജതുല്യരുള്ളവരായിരുന്നു. ഇതിനപ്പുറം അവരെപ്പറ്റി യാതൊന്നും അറിയാൻ പാടില്ല; എന്നാൽ നമ്മുടെ പുണ്യവാന്റെ മാതാവു യൌവനസു

ഹജമായ സൌകുമാര്യത്തോട്ട് ഔദാര്യം, കൃത്യനിഷ്ഠ, നിർവ്യാജമായ ഈശ്വരഭക്തി ഇത്യാദി ഒരു കുടുംബിനിക്കു അലങ്കാരമായ സദ്ഭാവഗുണങ്ങൾക്രൂടി സമ്മേളിച്ചിരുന്ന ഒരു വനിതാരത്നമായിരുന്നുവെന്നു നിസ്സന്ദേഹമായി അറിയാവുന്നതാണു്.

ഈ യുവദമ്പതിമാരുടെ പൂർവികന്മാർ എത്രതന്നെ പ്രതാപമഹിമകളുള്ളവരായിരുന്നാലും അവരുടെ അനശ്വരമായ കീർത്തിക്കും മാഹാത്മ്യത്തിനും ആസ്പദമായി ഭവിച്ചതു അവരുടെ പുത്രനാണു്. ദൈവം അവരുടെ ദാമ്പത്യജീവിതത്തെ അന്യാദൃശമായ വിധത്തിൽ അനുഗ്രഹിച്ചു. 'സർവ്വലോകത്തിന്റെയും പുണ്യവാൻ' എന്നു് അഭിസംബുദ്ധനായ അന്തോനി അവരുടെ കടിഞ്ഞൂൽസന്താനമായിരുന്നു.

നവജാതനായ ശിശുവിന്റെ ജ്ഞാനസ്നാനം വളരെ കേമമായി ആഘോഷിക്കപ്പെട്ടു. ശിശുവിനു ജ്ഞാനസ്നാനത്തിൽ നൽകപ്പെട്ട പേരു ഫെർണാൻഡൊ എന്നായിരുന്നു. പുണ്യവാന്മാരായ ബേസ്സിൽ, ഡോമിനിക്കു്, ഫ്രാൻസിസ്സു മുതലായവരുടെ ജീവചരിത്രങ്ങളിൽ കാണപ്പെട്ടന്നതുപോലെ തന്റെ ജനനത്തിൽ അത്ഭുതകരങ്ങളായ സംഭവങ്ങളൊ അടയാളങ്ങളൊ ഒന്നുമുണ്ടായില്ലെങ്കിലും ഫെർണാൻഡൊ സൌഭാഗ്യം തുളുമ്പുന്ന ഒരു ശിശുതല്ലജംതന്നെയായിരുന്നു. ഈ ശിശുവിന്റെ അധരങ്ങളിൽ മധുമക്ഷികകൾ മധുലേപനം ചെയ്തില്ല; മാതാവിനു് ആശ്ചര്യാവഹങ്ങളായ സപ്നദർശനങ്ങളുണ്ടായില്ല; തൊട്ടിലിനെ മാലാഖമാർ പരിസേവിച്ചതായും കാണപ്പെട്ടില്ല. എങ്കിലും അത്ഭുതപൂർവ്വമായ ഒരു സന്തോഷാതിരേകം ആ ഭവനംമുഴുവനും വ്യാപിച്ചിരുന്നു. സമീപവർത്തികളായ ജനങ്ങൾ ആബാലവൃദ്ധം ആ ആനന്ദലഹരിയിൽ ഭാഗഭാക്കുകളാകുകയും മംഗളാശംസകളാലും അനുമോദനപ്രകടനങ്ങളാലും ബോയിലൻകുടുംബത്തിന്റെ ആ രമ്യഹർമ്മ്യത്തെ മുഖരിതമാക്കുകയുംചെയ്തു.

ഈ ആഘോഷങ്ങൾ അല്പം അതിരുകവിഞ്ഞുപോയിയെന്ന് അന്ന ചിലർക്ക തോന്നിയിരിയ്ക്കാമെങ്കിലും അവയുടെ വിഷയമായ ബാലമുകളും പരിപൂർണ്ണവികാസത്തെ പ്രാപിക്കുമ്പോൾ അതു ലോകമെങ്ങും പ്രസരിപ്പിക്കാനിരുന്ന വിസ്മയകരമായ ആ സൂക്ഷ്മതയെയും പരിമളത്തെയുംപറ്റി അറിയാവുന്നവർ അതു് ഒട്ടും അധികമായിപ്പോയിയെന്ന വിചാരിക്കുകയില്ല.

ഫെർണാൻഡൊ മാർട്ടിന്റെ ഏകസന്താനമായിരുന്നില്ല ഫെർണാൻഡോവിന വെലാസ്കൊ, എജീഡിയൊ എന്ന രണ്ടു സഹോദരന്മാരും ഫെലിസിയാനാ, മറിയ എന്ന രണ്ടു സഹോദരിമാരും കൂടിയുണ്ടായിരുന്നു. ഫെലിസിയാനാ വിവാഹം കഴിച്ചു ലിസ്ബണിൽ താമസിച്ചു മറിയ ചെറുപ്പത്തിൽതന്നെ സന്യാസാശ്രമത്തെ അഭയംപ്രാപിച്ചു.

ഒരു മാതാവിന്റെ എല്ലാ ചുമതലകളും ത്രേസ്യായ്ക്ക നല്ലവണ്ണം അറിയാമായിരുന്നതുകൊണ്ട് അവയെ ശരിക്കു നിറവേറ്റുന്നതിൽ ആ മഹതി ബദ്ധശ്രദ്ധയായിരുന്നു. ഈ മാതാവു് ഒരു മാതൃകായോഗ്യയായ ക്രിസ്ത്യാനി ആയിരുന്നതിനാൽ അവരുടെ അധരങ്ങളിൽനിന്ന ക്രിസ്തുവിന്റെ പരിപാവനമായ ചരിത്തിന്റെയും ഉപദേശങ്ങളുടെയും മാധുര്യം ഫെർണാൻഡൊ ശൈശവത്തിൽതന്നെ ആസ്വദിച്ചു. അതുപോലെതന്നെ ധൈര്യം വീര്യം മുതലായ ശ്രേഷ്ഠഗുണങ്ങളാൽ വിഭൂഷിതമായ ഒരു പുരാതനഗോത്രത്തിലെ സന്താനമായിരുന്നതിനാൽ ത്രേസ്യാ സ്വഭാവസാരള്യം, ആജ്ജവം, അപദാനപ്രിയതാപം, ഔദാര്യം തുടങ്ങി കുലീനക്ക അനുരൂപങ്ങളായ ഗുണങ്ങളും സുപുത്രനിൽ പോഷിപ്പിച്ചു.

ദേവമാതാവിനോടുള്ള ഹൃദയംഗമവും ദൃഢശ്രദ്ധവുമായ ഭക്തി ഫെർണാൻഡോവിൽ ശൈശവംമുതല്ക്കു സവി

ശേഷം പ്രകാശിച്ചിരുന്നു. ത്രേസ്യാ പുത്രലാഭത്തിനായി അ
സ്വർഗ്ഗരാജ്ഞിയോടായിരുന്നു പ്രത്യേകം പ്രാർത്ഥിച്ചിരുന്നതു്.
അതിന്റെ ഫലമായി ആ ധന്യയുടെ ആദ്യപുത്രൻ ജനിച്ച
തുതന്നെയും കന്യകാമാതാവിന്റെ സ്വർഗ്ഗാരോഹണ
ത്തിരുനാളിലായിരുന്നു. മേരിക്കായി പ്രതിഷ്ഠിതമായ ഒരു
ദേവാലയത്തിൽവച്ചായിരുന്നു ആ ശിശുവിനു ജ്ഞാനസ്നാ
നം നൽകിയതു്. ജ്ഞാനസ്നാനാനന്തരം അമ്മ ഉണ്ണിയെ
മേരിയ്ക്കായി സമർപ്പിച്ചു. ത്രേസ്യാ കുഞ്ഞിനെ ലാളിക്കുന്ന
തിനിടയിൽ കൊഞ്ചിപ്പറിപ്പിച്ചതുതന്നെ മേരിയുടെ സുന്ദര
മായ നാമമായിരുന്നു. വളർന്നുവന്നതോടുകൂടി ഫെർനാൻ
ഡോവിനു "ഓഗ്ലോരിയോസാദോമിനാ" (O Gloriosa
Domina) എന്ന മേരിസ്തവം ഏറ്റവും പ്രിയങ്കരമായിത്തീ
ർന്നു. ഈ വിധം വളർത്തപ്പെട്ട ഒരാളിന്റെ ജീവിതകാലം മുഴ
വനും മേരീഭക്തി അയാളിൽ ഒരു സ്ഥായിയായ ഗുണമായി
രുന്നുവെന്നതിൽ അത്ഭുതത്തിനു വകയില്ല. ഫെർനാൻ
ഡൊ ശിശുപ്രായത്തിൽ കരഞ്ഞുകൊണ്ടിരിക്കുകയാണെ
ങ്കിൽ മേരിയുടെ പ്രതിമ കണ്ടാൽ ഉടൻ കരച്ചിൽ മതിയാ
ക്കി എതുയും പ്രസന്നനായി മന്ദഹസിക്കും. സന്യാസിയെ
ന്ന നിലയിൽ അദ്ദേഹം ആ ലോകമാതാവിന്റെ പ്രത്യേക
സംരക്ഷണത്തിൽ സ്വയം സമർപ്പിച്ചു; ധർമ്മദൂതനെന്ന നി
ലയിൽ അദ്ദേഹം അവരുടെ മാഹാത്മ്യത്തെ സധൈര്യം
കൊണ്ടാടുകയും അവരുടെ യോഗ്യതകളെ ശ്രുഷ്കാന്തിയോടെ
പ്രഖ്യാപനം ചെയ്കയും ചെയ്തു.

ഈ വിശിഷ്ടമായ മേരീഭക്തി ഫെർണാൻഡോവിൽ
വിസ്മയജനകമായ വിശ്വാസശുദ്ധിക്കു നിദാനമായിഭവിച്ചു.
അഞ്ചാമത്തെവയസ്സിൽ മാതാപിതാക്കന്മാരുടെ സന്നിധി
യിൽവച്ചു ആ ബാലൻ തന്റെ ചാരിത്രം സ്വർഗ്ഗീയമാതാ
വിനായി സമർപ്പിച്ചു. ഈ ഭക്ത്യതിരേകം കണ്ടു അവർ
ആനന്ദപരവശരായി. ഈ നിഷ്കളങ്കമായ സമർപ്പണം സ

വേശ്വരസന്നിധിയിലേക്കു സൗരഭ്യപൂർണ്ണമായ ഒരു ധൂമപടലംപോലെ ഉദ്ഗമിച്ചു. അതിനാൽ ആ കിശോരൻ സ്വജീവിതം എന്നേക്കുമായി ഈശ്വരഹസ്തങ്ങളിൽ നിക്ഷേപിച്ചു. തന്റെ ഇഹലോകവാസത്തിന്റെ അവസാനം സമീപിച്ചപ്പോൾ അദ്ദേഹത്തിനു ചാരിതാർത്ഥ്യമെന്നു മഹനീയമായിത്തന്നെപ്പറഞ്ഞു, "അവളെ ഞാൻ സ്നേഹിക്കുകയും യൗവ്വനംമുതൽ ആരായുകയും, അവൾ എന്റെ പ്രിയതമയാകുന്നതിനു ഞാൻ ആഗ്രഹിക്കുകയും ചെയ്തു; ഞാൻ സുന്ദരിയായ അവളുടെ കാമുകനായിബ്ഭവിച്ചു" എന്നു സോളമൻ ജ്ഞാനത്തെപ്പറ്റി എഴുതിയിട്ടുള്ളതിനെ ആവർത്തിച്ചുപറയുവാൻ കഴിയുമായിരുന്നു.

ഈവിധം ഫെർണാൻഡൊ മാതാപിതാക്കന്മാരുടെ സശ്രദ്ധമായ സംരക്ഷണത്തിൽ വളർന്നു. അന്യാദൃശമായ സൗകുമാര്യം, അനവദ്യമായ സൌശീല്യം, ഊർജ്ജസ്വലമായ പ്രകൃതി, അഗാധമായ ബുദ്ധിശക്തി, പ്രശസ്തമായ ഭാവനാശക്തി എന്നീ പ്രശസ്തഗുണങ്ങളാൽ അലംകൃതനായ നമ്മുടെ ബാലൻ പത്താമത്തെ വയസ്സിൽതന്നെ തന്റെ ഭാവി മഹത്വത്തിന്റെ സൂചനകൾ പ്രകടിപ്പിച്ചുതുടങ്ങി. ഈ അസുലഭങ്ങളായ സ്വഭാവഗുണങ്ങളെയും ബുദ്ധിശക്തിയേയും വിദ്യാഭ്യാസത്താൽ പരിപോഷിപ്പിക്കേണ്ട കാലം വന്നു കഴിഞ്ഞു. അക്കാലത്തു ദേവാലയങ്ങളോടും സന്ന്യാസാശ്രമങ്ങളോടും അനുബന്ധിച്ചു അനേകം വിദ്യാലയങ്ങളുണ്ടായിരുന്നു. ലിസ്ബണിലെ ഭദ്രാസനപ്പള്ളിവകയായും അത്തരം ഒരു വിദ്യാലയം നടത്തപ്പെട്ടിരുന്നു. അവിടെ അഞ്ചുവർഷക്കാലം ഫെർണാൻഡൊ ഒരു വൈദികവിദ്യാർത്ഥിയുടെ വസ്ത്രം ധരിച്ചുകൊണ്ടു വിദ്യാഭ്യാസംചെയ്തു. സതീർത്ഥ്യരുമായിച്ചേർന്ന് ഈശ്വരസ്തവങ്ങളെഗാനംചെയ്യുമ്പോഴത്തെപ്പോലെ ആനന്ദാനുഭൂതി അദ്ദേഹത്തിനു ഒരിക്കലുംഉണ്ടായിട്ടില്ല. ദിവ്യപൂജയിൽ പുരോഹിതനെ പരിചരിക്കുമ്പോൾ അദ്ദേ

ഹാ സാക്ഷാൽ പരമാനന്ദത്തിൽ ലയിക്കുകതന്നെ ചെയ്യുമായിരുന്നു.

ഈ ഘട്ടത്തിലായിരുന്ന ഫെർണാൻഡൊ തന്റെ അത്ഭുതസിദ്ധിയെ ഇടംപ്രഥമമായി പ്രകാശിപ്പിച്ചതു്. ഒരുദിവസംഅദ്ദേഹം ഭദ്രാസനപ്പള്ളിയിൽ വിശുദ്ധ കർബാനയിരുന്ന ഉപകാരിക (Tabernacle)യിൽ ഭക്തവീക്ഷണനായി, ദേവമാതാവിന്റെ പ്രതിമയുടെ മുമ്പാകെയുള്ള മാർബിൾപടിയിൽ മുട്ടുകുത്തിനിന്നപ്പോൾ നാരകീയദൂതനായ ഒരു ഭയങ്കരസത്വം അദ്ദേഹത്തിന്റെ മുൻപാകെ പ്രത്യക്ഷമായി, തനിക്കു നാശകരമായിപ്പരിണമിക്കുമെന്നുള്ള ആ തപോനിഷ്ഠയിൽനിന്നു് അദ്ദേഹത്തെ വ്യതിചലിപ്പിക്കുന്നതിനു ശ്രമിച്ചു. പെട്ടെന്നുള്ള ആ ഭയങ്കരദർശനത്താൽ പരിശുദ്ധനായ ബാലൻ അന്ധാളിച്ചുപോയി; എങ്കിലും അദ്ദേഹം കുരിശടയാളത്തിന്റെ അത്ഭുതശക്തിയെപ്പറ്റി ഓർമ്മിക്കുകയും രക്ഷാകരമായ ആ അടയാളത്തെ മാർബിൾപടിയിന്മേൽ ത്വടിതി വരയ്ക്കുകയുംചെയ്തു. പിഞ്ചുവിരൽകൊണ്ടു വരച്ച കുരിശടയാളം ആ ഉറച്ച കല്ലിന്മേൽ പതിഞ്ഞു; ഉടനടി ആ പൈശാചികപ്രലോഭയിതാവു അവിടെനിന്നു വിദ്രാവിതനായി. ഈ അത്ഭുതകരമായ കുരിശടയാളം ഇപ്പോഴും കാണപ്പെടുന്നു. അത്ഭുതങ്ങളെക്കൊണ്ടു നിറഞ്ഞ നമ്മുടെ പുണ്യവാന്റെ ജീവിതത്തിൽ അറിവിൽപെട്ടിടത്തോളം ഒന്നാമത്തെ അത്ഭുതമായ അതിന്റെ മുമ്പാകെ നമസ്കരിക്കുന്നതിനായി തീർത്ഥയാത്രക്കാർ നാനാഭാഗങ്ങളിൽനിന്നു് അഭ്യാഹി അവിടെ സമ്മേളിക്കുന്നു

ഈ പൈശാചികപ്രലോഭനം ഫെർണാൻഡൊവിൽ ഗൌരവാവഹങ്ങളായ ചിന്തകളെ ഉളവാക്കി. കാലത്തിന്റെ ക്ഷുദ്രതയും മനുഷ്യമഹത്വത്തിന്റെ നിസ്സാരതയും ഈ ബാലന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു. "ഓ! ലോകമെ! നീ എനിക്കു് എത്തു ഭാരമായിത്തീർന്നിരിക്കുന്നു.

നിന്റെ ബലം ഒരു പൊള്ളമുളയുടേതുമാത്രമാകുന്നു. നിന്റെ ധനം പുകപോലെയും നിന്റെ സുഖങ്ങൾ സന്മാർഗ്ഗനിഷ്ഠയാകുന്ന പോതത്തെ നശിപ്പിക്കുന്ന ഒരു വഞ്ചകശിലപോലെയുമാകുന്നു" എന്നു് ആ ബാലൻ ഉദ്ഘോഷിച്ചു. അതോടുകൂടി ഫെർണാൻഡോ ഭാവിജീവിതത്തെപ്പറ്റിയുള്ള ശപഥം ചെയ്തുകഴിഞ്ഞു; അതു സുദൃഢമായും അചഞ്ചലമായും യാവജ്ജീവം പരിപാലിക്കപ്പെട്ടു. ഒട്ടും താമസംകൂടാതെ ഈ ബാലകൻ സർവ്വസംഗപരിത്യാഗിയായി ഈശപരസംരക്ഷാൽകാരത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്തു. ഇതുവരെയും തനിക്കു സുഖത്തെയും ആനന്ദത്തെയും പ്രദാനം ചെയ്തിരുന്ന ലോകത്തോടയാത്രപറഞ്ഞിട്ടു ഫെർനാൻഡൊലിസ് ബണിലെ സെയിൻറ് വിൻസൻറ സ് ആശ്രമത്തെ ശരണം പ്രാപിച്ചു.

മാർട്ടിൻ ദെ ബോയിലണിന്റെ പുത്രന്റെ ബാല്യകാലം ഗ്രീഷ്മർത്തുവിൽ അതിരമണീയമായ ഒരു പ്രഭാതത്തെപ്പോലെ സുന്ദരവും സൌഭാഗ്യപൂർണ്ണവുമായിരുന്നു. പ്രഭാതസൂര്യന്റെ ബാലകിരണങ്ങൾ ഇതു പ്രകാശമാനമായിരിക്കുന്ന സ്ഥിതിക്കു, മദ്ധ്യാഹ്നത്തിൽ അതിൽനിന്നു പ്രസരിക്കാനിരിക്കുന്ന ആ പ്രതാപമഹിമകൾ കേവലം അവർണ്ണനീയംതന്നെ ആയിരിക്കണം.

---

## അദ്ധ്യായം ൨.

---

### ആശ്രമജീവിതം.

ഫെർണാൻഡൊ സന്ന്യാസാശ്രമത്തിൽ പ്രവേശിച്ചതു 1210-ൽ, പതിനഞ്ചാമത്തെവയസ്സിൽ ആയിരുന്നു. ഈ

പ്രായത്തിൽ ഒരു ബാലൻ തനിക്കു സ്വാഭാവികമായി ഉണ്ടാകാവുന്ന വ്യാമോഹങ്ങളെ തിരസ്കരിക്കുക, ആശകളെ അമർത്തുക, പിതൃഭവനത്തെ വെടിയുക, സ്നേഹപൂർണ്ണയായ മാതാവിനേയും വാത്സല്യഭാജനങ്ങളായ സഹോദരിസഹോദരന്മാരെയും വിട്ടുപിരിയുക—ഇതെല്ലാം വളരെ വിഷമങ്ങളായ ത്യാഗങ്ങൾതന്നെയാണു് എങ്കിലും നമ്മുടെ ബാലസിദ്ധൻ ഒട്ടും ക്ലേശൽക്രൂടാതെയും ലൌകികമഹിമകളെക്കാൾ മോക്ഷസിദ്ധിക്കു കൂടുതൽ വിലമതിക്കുന്നു ഒരു മുക്ഷുവിന്റെ ഉത്സാഹത്തോടുകൂടിയും പ്രസ്തുത സുഖസൌകര്യങ്ങളെയെല്ലാം പരിത്യജിച്ചു. "എന്തെന്നാൽ കുരുവി അവർക്കായി ഒരു വീടും, പ്രാവു് അവർക്കായി ഒരു കൂടും കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നതിനായി കണ്ടുപിടിച്ചു. എന്റെ രാജാവും ദൈവവുമായുള്ള സൈന്യങ്ങളുടെ കർത്താവെ! അങ്ങയുടെ ബലിപീഠങ്ങൾ മേലാൽ എന്റെ വാസസ്ഥലമായിരിക്കും. അങ്ങയുടെ വീട്ടിൽ താമസിക്കുന്നതും, അങ്ങയുടെ സ്തവങ്ങളെ നിത്യവും ഗാനംചെയ്യുന്നതും എത്രയോ സൌഭാഗ്യകരം!" എന്നു രാജർഷിയായ സങ്കീർത്തനകാരനോടുകൂടി അദ്ദേഹം ഉദ്ഘോഷിച്ചു.

ആശ്രമാധിപൻ ഫെർനാൻഡോവിനെ പിതൃയോഗ്യമായ വാത്സല്യത്തോടെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ അവരുടെ സമ്മതം നൽകാതിരുന്നില്ല. ദൈവഹിതത്തെ അനുവർത്തിക്കുന്നതിനു് അദ്ദേഹത്തിനു യാതൊരു തടസ്സവും അവർമൂലം ഉണ്ടായില്ല. യോഗാർത്ഥിയായി അധികം കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹം സെയിൻറ് അഗസ്റ്റിൻസംഘക്കാരായ വൈദികരുടെ വെള്ളയുടുപ്പു്, "അനിതരസാധാരണമായ വിനയത്തോടും ഭക്തിയോടുംകൂടി" ധരിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സന്യാസസുവിശേഷങ്ങളിലെ ഏറ്റവും വിസ്മയാവഹവും സുന്ദരവുമായ ആദർശവും സത്യത്തിന്റെ കവാടവും

ആണെന്നുള്ള വസ്തുത സുവ്യക്തമായി കാണപ്പെട്ടു. ഈ ആ ദർശം എത്രയും ദൃഢമായി അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിരുന്നതുകൊണ്ടു സ്നേഹിതന്മാർക്കുകൂടെ ബന്ധുക്കൾക്കുകൂടെ അദ്ദേഹത്തെ അദ്ദേഹം സഹായംവരിച്ച ഈ ജീവിതസരണിയിൽനിന്നു് ഒട്ടും വ്യതിചലിപ്പിക്കുന്നതിനുകഴിഞ്ഞില്ല.

ലിസ്ബൺനഗരത്തോടു തൊട്ടടുത്തായിരുന്ന പ്രസ്തുത ആശ്രമം സ്ഥിതിചെയ്തതു്. നമ്മുടെ യുവസന്ന്യാസിയുടെ സ്നേഹിതന്മാർ അദ്ദേഹത്തെ മുക്യുചെന്നു കാണുകയും ആശ്രമത്തിൽനിന്നു് അദ്ദേഹത്തെ പിൻവലിക്കുന്നതിനു വേണ്ടവിധത്തിലൊക്കെ ശ്രമിക്കയും ചെയ്തു. അവരുടെ ഉപദേശങ്ങളെയും പ്രലോഭനങ്ങളെയും അദ്ദേഹം സ്ഥൈര്യപൂർവ്വം എതിർത്തുവെങ്കിലും സ്നേഹമുള്ള മനുഷ്യരുടെ പ്രേരണയ്ക്കു് ഇടകൊടുക്കുന്നതു ഏറ്റവും മനുഷ്യപ്രകൃതിയുള്ളവർക്കും അപ്രാപല്യരമായേക്കാമെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നതുകൊണ്ടു്, ഇത്തരം ഉപദ്രവം ഉണ്ടാകാതിരിക്കത്തക്കവണ്ണം മറേറതെങ്കിലും ഒരു അഭയസ്ഥാനം അന്വേഷിക്കുകതന്നെയെന്നു് അദ്ദേഹം വിവേകപൂർവ്വംതീർച്ചപ്പെടുത്തി. ഈ സംഗതിയിൽ അപ്രതീക്ഷിതമായവിധത്തിൽ ഒരു വിരോധി പ്രത്യക്ഷനായി: ആശ്രമാധിപൻ അവന്റെ നിസ്തുല്യങ്ങളായ യോഗ്യതകളെ മനസ്സിലാക്കിയിരുന്നതുകൊണ്ടു്, സന്ന്യാശ്രമത്തിനു ഒരു അലങ്കാരമായി പരിശോഭിക്കാനുള്ള ആ യുവയതിയുടെ വിയോഗത്തെ അനുവദിച്ചില്ല. ഒടുവിൽ രണ്ടുവർഷക്കാലം അവിടെ കഴിച്ചുകൂട്ടിയശേഷം, നിരന്തരമായ പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും ഫലമായി അദ്ദേഹത്തിനു് അതിനെ വിട്ടുപിരിയുന്നതിനു മേലാധികാരിയുടെ അനുവാദം സിദ്ധിച്ചു. അവൻ ആദ്യമായിച്ചേർന്ന സന്ന്യാസസംഘത്തെ ഉപേക്ഷിച്ചില്ല; സ്ഥലംമാത്രം മാറിയിട്ടു് അദ്ദേഹം അതേ സംഘക്കാരുടെ വക കോയിമ്പ്രായിലെ സന്തക്രൂസ്സാശ്രമത്തിൽ പ്രവേശിച്ചു.

സന്തക്രൂസ്സാശ്രമം ലിസ്ബണിലെ സെയിൻറു വിൻസൻറിനേറതിനെക്കാൾ പ്രസിദ്ധിയും പ്രാധാന്യവുമുള്ളതായിരുന്നു. അതു പ്രസ്തുത സന്യാസസംഘത്തിൻെറ മാതൃസ്ഥാനം വഹിച്ചിരുന്നു. അതിൻെറ ഒന്നാമത്തെ അധിപനായിരുന്ന സെയിൻറു തിയോഡറൻെറ (St. Theoton) സൽഗുണങ്ങളുടെ പരിമളം അപ്പോഴും അവിടെ വീശുന്നുണ്ടായിരുന്നു. അവിടത്തെ ജീവിതക്രമം തലസ്ഥാനാശ്രമത്തിനു് അനുരൂപമാംവണ്ണം കുറേക്കൂടി കണിശവും നിയമാനുസൃതവുമായിരുന്നു. പ്രാർത്ഥനയിലും അദ്ധ്യയനത്തിലും ബദ്ധശ്രദ്ധനായിരുന്ന ഫെർണാൻഡൊവിനു് ആവശ്യമുള്ള സകലവും ആ ആശ്രമത്തിൽ ഉണ്ടായിരുന്നു.

ഇതിലെല്ലാം ഈശ്വരഹസ്തങ്ങളും ഫെർണാൻഡൊവിനെ നയിക്കുന്നതായിട്ടാണു നാം കാണുന്നതു്. അദ്ദേഹത്തിൻെറ ഭാവിമഹത്വത്തെപ്പറ്റിയോ അദ്ദേഹം നിർവ്വഹിക്കാനിരുന്ന മഹാകാര്യങ്ങളെപ്പറ്റിയോ യാതൊരു മുന്നറിവും അദ്ദേഹത്തിനില്ലായിരുന്നു. ലോകബന്ധത്തിൽനിന്നു നിഷ്ലേഷം വിമുക്തനായി ദിവ്യചോദനകൾക്കുമാത്രം വശംവദനായി പരിശുദ്ധമായ ഏകാന്തതയുടെ പരമാനന്ദപ്രദമായ മാധുര്യം ആസ്വദിച്ചു നിർവൃതി അടയണമെന്നുമാത്രമേ അദ്ദേഹം ആഗ്രഹിച്ചുള്ളൂ. "ഒരു പരിശുദ്ധമായ സ്ഥലത്തു ജീവിക്കുന്നതുകൊണ്ടു മാത്രമായില്ല, അവിടെ പരിശുദ്ധമായിട്ടതന്നെ ജീവിക്കണം" എന്ന സെയിൻറു ജെറോമിൻെറ വചനം എപ്പോഴും അദ്ദേഹത്തിൻെറ ഓർമ്മയിലുണ്ടായിരുന്നു. അദ്ദേഹം അൽസന്യാസി ആയിരിക്കണമെന്നു വിചാരിച്ചില്ല. ഈശ്വരസേവനത്തിനായി അദ്ദേഹം സ്വജീവിതം പരിപൂർണ്ണമായി സമർപ്പിച്ചു. പ്രാർത്ഥന, ഈശ്വരസ്തോത്രം, തോട്ടത്തിലെ വേല എന്നീ കൃത്യത്രയംമാത്രമേ അദ്ദേഹത്തിനു് ഉണ്ടായിരുന്നുള്ളൂ. മണിനാദം അദ്ദേഹത്തിനു ദൈവത്തിൻെറ സ്വരവും, ഈശ്വരോദ്ദേശ്യങ്ങളായ

ഗീതങ്ങൾ പാടുന്നതു പരമാനന്ദവും, വിനയം അദ്ദേഹത്തിനു കവചവും, അനുസരണം അദ്ദേഹത്തിനു വ്യഭയോന്മേഷവും, പ്രാർത്ഥനയിൽ പരമാത്മാവുമായി സംഭാഷണം ചെയ്യുന്നതു് അദ്ദേഹത്തിനു അപാരമായ ആശ്വാസവുമായിരുന്നു.

ആശ്രമത്തിൽ മതപരിശീലനത്തിനൊപ്പം വിദ്യാഭ്യാസത്തിനും വേണ്ട സൌകര്യമുണ്ടായിരുന്നു. സർവകലാശാസ്ത്രങ്ങളും അഭ്യസിക്കുന്നതിനു ഫെർണാൻഡൊവിനുണ്ടായിരുന്ന ആഗ്രഹം പൂർണ്ണമായി സാധിച്ചു. ജോൺ എന്നും റൈമന്തു് എന്നും രണ്ടു പണ്ഡിതശ്രേഷ്ഠന്മാരുടെ ശിഷ്യത്വം സിദ്ധിക്കയാൽ അദ്ദേഹം വേദശാസ്ത്രങ്ങളിൽ പാരംഗതനായി. ലിസ്ബണിൽവച്ചു അദ്ദേഹം പുരാതനഗ്രീക്കു കാരുടെയും റോമാക്കാരുടെയും ശാസ്ത്രസാഹിത്യങ്ങളെ പഠിച്ചിട്ടുണ്ടായിരുന്നു. സന്തക്രൂസിൽവച്ചു വേദശാസ്ത്രം, ചരിത്രം, തർക്കശാസ്ത്രം, തത്വശാസ്ത്രം ഇത്യാദി വിഷയങ്ങളിൽ അദ്ദേഹം പ്രാവീണ്യം സമ്പാദിച്ചു. സർവോപരി, ബൈബിൾ അദ്ദേഹത്തിനു് ഏറ്റവും പ്രിയമുള്ള അദ്ധ്യയനവിഷയമായിരുന്നു. സെയിൻറ് ബെർണാഡിനെപ്പോലെ അദ്ദേഹം അതിലെ വാച്യാർത്ഥത്തിനുള്ളിൽ നിഗ്രഹിതമായിരിക്കുന്ന വ്യംഗ്യമായ സാരത്തെയുംകൂടി വെളിപ്പെടുത്തുന്നതിനു് ഉൽസുകനായിരുന്നു. ചിലപ്പോൾ വേദപുസ്തകപാരായണം അദ്ദേഹത്തിന്റെ ആത്മാവിനു് ആസ്വദനീയമായ പോഷണത്തെ പ്രദാനംചെയ്യുമായിരുന്നു. മറ്റുചിലപ്പോൾ മതഭേദികഠംക്കു മതഭേദകങ്ങളായ വാദശരങ്ങളായിരുന്നു അദ്ദേഹത്തിനു് അതിൽനിന്നു ലഭിച്ചതു്.

ഒരു മരം അതിനു പറ്റിയ മണ്ണിൽ നട്ടുപിടിപ്പിച്ചാൽ അതു് എങ്ങനെ പരിപുഷ്ടിയെ പ്രാപിക്കുമോ, അതുപോലെ ആയിരുന്നു ത്രേസ്യാതവേരായുടെ മകൻ തനിക്കു സർവ്വാ അനുരൂപമായ സന്തക്രൂസ്സാശ്രമത്തിൽ ദൈനം

ദിനം അഭിവൃദ്ധിയെ പ്രാപിച്ചതു്. അദ്ദേഹത്തിന്റെ പ്രഗത്ഭമായ ബുദ്ധിശക്തി അവിടെവച്ചു സച്ഛന്ദമായ വികാസത്തെ പ്രാപിച്ചു. ജ്ഞാനസമ്പാദനം നിഷ്പ്രയാസം സാധിക്കത്തക്കവണ്ണം അദ്ദേഹത്തിനു് അത്ഭുതകരമായ ധാരണാശക്തിയും പ്രതിഭാവിലാസവും ഉണ്ടായിരുന്നു. "അദ്ദേഹം വായിച്ചതു മുഴുവൻ അദ്ദേഹത്തിനു് ഓർമ്മിക്കാൻ കഴിഞ്ഞു" എന്നു് അദ്ദേഹത്തിന്റെ ചരിത്രകാരൻ ഘോഷിക്കുന്നു. ഗുരുഭൂതന്മാർ കേവലം യുവാവായ ഫെർണാൻഡൊ പ്രശംസിപ്പിച്ചു. പാണ്ഡിത്യവൈപുല്യത്താൽ വിസ്മയഭരിതരായി. തങ്ങളുടെ ശിഷ്യനെപ്പറ്റി തോന്നിയ ഈ ബഹുമാനത്തിന്റെ സ്മാരകമായി അവർ ഈവിധം ആശ്രമഗ്രന്ഥവരികളിൽ രേഖപ്പെടുത്തി:—"ഫെർണാൻഡൊ പാണ്ഡിത്യത്തിനും മനഃസംസ്കാരത്തിനും സുവിഖ്യാതനും, അസാമാന്യമായ പരിശുദ്ധിയുള്ളവനും ആയ ഒരു സന്യാസിയായിരുന്നു." ഈവിധം ഇതരസാധാരണങ്ങളായ ഗുണവിശേഷങ്ങളാൽ അലംകൃതനായ നമ്മുടെ യുവാവിനെ മേലധികാരികൾ ഗുരുപട്ടത്തിനായി സജ്ജീകരിച്ചു. ഏതാണ്ടിൽ ഏതുദിവസമായിരുന്ന അദ്ദേഹത്തിന്റെ ഗുരുപട്ടാഭിഷേകം നടന്നതെന്നു നമുക്കറിയാൻ പാടില്ല; നിത്യസ്മരണാർഹമായ ആ സുദിനത്തിൽ അദ്ദേഹത്തിന്റെ വിചാരങ്ങൾ എന്തായിരുന്നുവെന്നോ, അദ്ദേഹം ഇടംപ്രഥമമായി ബലിപീഠത്തെ സമീപിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങിക്കയറിയ വികാരങ്ങൾ എന്തായിരുന്നുവെന്നോ നമുക്കു് ഊഹിച്ചല്ലാതെ മറ്റുവിധത്തിൽ അറിയുന്നതിനു വഴിയില്ല. [illegible]-ാമാണ്ടു ഫെർണാൻഡൊ ഒരു പുരോഹിതനായിക്കഴിഞ്ഞിരുന്നുവെന്നല്ലാതെ മറ്റു യാതൊന്നും അദ്ദേഹത്തിന്റെ ഗുരുപട്ടാഭിഷേകത്തെപ്പറ്റി അറിയാൻ നിവൃത്തിയില്ല. എന്നാൽ ഈ ഘട്ടത്തിൽ ഒരു അത്ഭുതപ്രവർത്തകന്റെ പ്രതാപമഹിമകളുടെ പരിവേഷത്താൽ അദ്ദേഹം പരിവൃതനായിരുന്നുവെന്നു നിസ്സംശയമായി അറിയാവു

ന്നതാണു്. താഴെക്കാണുന്ന അത്ഭുതങ്ങൾ ഇക്കാലത്തു നടന്നതായിട്ടാണു പ്രസ്താവിക്കപ്പെട്ടുന്നതു്.

ഒരു ദിവസം രാവിലെ നമ്മുടെ പുണ്യവാൻ ആശ്രമ ദേവാലയത്തിന്റെ വെളിക്കു തോട്ടത്തിൽ വേലചെയ്തുകൊണ്ടുനിന്നപ്പോൾ കുർബാന ഉയർത്തുമ്പോഴുള്ള മണിനാദം കേട്ടു. ഉടൻ അദ്ദേഹം സാഷ്ടാംഗപ്രണാമം ചെയ്തു. അപ്പോൾ ദേവാലയത്തിന്റെ ഭിത്തിപിളർന്നു്, വൈദികന്റെ കരങ്ങളിൽ ഉയർത്തിപ്പിടിച്ചിരുന്ന വിശുദ്ധകുർബാനയെ അദ്ദേഹത്തിനു കണ്ടാരാധിക്കത്തക്കവണ്ണം അതിലൊരു വിടവുണ്ടായി.

മറ്റൊരുദിവസം തന്റെ ശുശ്രൂഷയിലിരുന്ന ഒരു രോഗി പിശാചബാധിതനാണെന്നു മനസ്സിലാവുകയാൽ അദ്ദേഹം തന്റെ ഉത്തരീയമെടുത്തു് ആ രോഗിയുടെ തോളിലിടുകയും ഉത്തരക്ഷണത്തിൽ അവൻ പരിപൂർണ്ണസുഖത്തെ പ്രാപിക്കുകയും ചെയ്തു.

1219-നാടടുത്തു് അദ്ദേഹം ആശ്രമത്തിലെ അധിപ്രേയനായി നിയമിക്കപ്പെട്ടു. ഈ ഉദ്യോഗനിർവ്വഹണത്തിൽ അദ്ദേഹം, അയിടയ്ക്കു പുതുതായി സ്ഥാപിക്കപ്പെട്ട തെങ്കിലും സത്വരം സുപ്രസിദ്ധമായിത്തീർന്നതും, ആദിമക്രിസ്ത്യാനികളുടെ ധൈര്യസ്ഥൈര്യങ്ങളും പരിശുദ്ധിയും സജീവിതദൃഷ്ടാന്തങ്ങളാൽ വീണ്ടും ലോകസമക്ഷം പ്രകാശിപ്പിക്കുന്ന ഉജ്ജ്വലരായ അംഗങ്ങളാൽ പരിശോഭിതവുമായ ഒരു അതിവിശിഷ്ട സന്ന്യാസസംഘവുമായി പരിചയപ്പെടാനിടയായി.

# അദ്ധ്യായം ൧൨

## സംഘപരിവർത്തനം.

പാഷണ്ഡന്മാരുടെ അതിഭയങ്കരങ്ങളായ ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന അക്കാലത്തു തിരുസഭാധിപതിയായിരുന്ന ഇന്നൊസൻറ് തൃതീയനു് ഒരു ആശ്വാസപ്രദമായ സ്വപ്നദർശനമുണ്ടായി. ആ സ്വപ്നത്തെ അദ്ദേഹം തൻെറ കർദ്ദിനാളന്മാരോടു് ഇപ്രകാരം വിവരിച്ചു.— "സെയിൻറ് ജോൺലാറ്റെറൻ എന്ന മഹാദേവാലയം അടിസ്ഥാനം കുട്ടങ്ങി മറിഞ്ഞുവീഴാൻ പോകുന്നതായി കണ്ടുവെന്നു് എനിക്കു തോന്നി. അതിൻെറ അധഃപതനത്തെ തടുക്കുന്നതിനുള്ള എൻെറ ശ്രമം നിഷ്ഫലമായി. അപ്പോൾ കാണാം! സാധുവും നിസ്സാരനുമായ ഒരു മനുഷ്യൻ മുൻപോട്ടുവന്നു് അതിനെ തൻെറ തോളിന്മേൽതാങ്ങിപ്പിടിക്കുന്നു."

"സാധുവും നിസ്സാരനുമായ" ഈ മനുഷ്യൻ,— ദൈവത്താൽ പ്രത്യേകം നിയുക്തനായ ഈ മനുഷ്യൻ,— ആരു്? ക്രിസ്തുവിനുശേഷം ഭൂലോകത്തെ പാദസ്പർശം ചെയ്തിട്ടുള്ള മഹാപുരുഷന്മാരിൽ അദ്വിതീയനും യൂറോപ്പുഖണ്ഡത്തിൽ എക്കാലത്തും ആവിർഭവിച്ചിട്ടുള്ള സമുദായപരിഷ്കാരികളിൽ സർവ്വോ അഗ്രഗണ്യനുമായ അസ്സീസ്സിയിലെ ഫ്രാൻസിസ്സല്ലാതെ അതു മറ്റാരുമല്ല. ഈ പുണ്യപുരുഷൻ ധനവാനായ ഒരു വണിഗ്വരൻെറ പുത്രനായിരുന്നുവെങ്കിലും, ത്യാഗമൂർത്തിയായ ക്രിസ്തുവിനെ ശരിയായി അനുകരിക്കുന്നതിനായി ലൌകികസമ്പത്തുകളെയെല്ലാം നിർദ്ദോഷം പരിത്യജിച്ചു. ഒരു മഹാസംഘത്തിൻെറ സ്ഥാപകനായ അദ്ദേഹം കേവലം പാവപ്പെട്ട ഒരു ആട്ടിടയൻെറ വേഷത്തിൽ ഇറ്റലിയുടെ ഒരറ്റംമുതൽ മറ്റേഅറ്റംവരെ സഞ്ചരിച്ചു, ദരിദ്ര

രെയും പീഡിതരെയും സഹായിക്കുകയും സമാശ്വസിപ്പിക്കുകയും എല്ലാ ജനങ്ങൾക്കും ശാന്തിയും മോക്ഷവും ആശംസിക്കുകയും ചെയ്തു. ദാരിദ്ര്യത്തെ സ്വയംവരിച്ച ഒരു സ്നേഹമൂർത്തിയായിരുന്നു അദ്ദേഹം. ഈശ്വരനോടും ഈശ്വരസൃഷ്ടികളോടും അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം അനുപമമായിരുന്നു. ആട്ടിൻകുട്ടി അദ്ദേഹത്തിന്റെ സഹോദരനും വയലിലെ പുഷ്പം അദ്ദേഹത്തിന്റെ സഹോദരിയും, കുയിൽ അദ്ദേഹത്തോടൊത്തും മത്സരിച്ചും ഈശ്വരസ്തോത്രങ്ങളെ പാടുന്ന ആത്മമിത്രവുമായിരുന്നു. ഒരിക്കൽ സംഗീതമത്സരത്തിൽ പ്രസ്തുത പക്ഷിക്കുമുൻപു ക്ഷീണിച്ചുപോയപ്പോൾ അദ്ദേഹം ബ്രദർലെയൊയോട് ഇപ്രകാരം പറഞ്ഞു:—"നമ്മുടെ പ്രിയപ്പെട്ട സഹോദരനായ കുയിലിനു് വല്ലതും തിന്നാൻ കൊടുക്കണം; അവനു് എന്നെക്കാൾ ക്ഷീണതലായി ആഹാരത്തിനർഹതയുണ്ടു്."

പ്രകൃതിയുടെയും അതിലെ സകല ചരാചരങ്ങളുടെയും ഒരു അസാധാരണസ്നേഹിതനായ ഈ മഹാപുരുഷൻ ഒരു ശക്തിയുക്തനായ ലോകപരിഷ്കാരകനായിരുന്നു. അക്കാലത്തെ മനുഷ്യസമുദായത്തിന്റെ ആവശ്യങ്ങളെയും ദുഷ്യങ്ങളെയും പറ്റി അദ്ദേഹത്തെപ്പോലെ മറ്റാരും അറിഞ്ഞിരുന്നില്ല. ഈ ആവശ്യങ്ങളെ നിറവേറുന്നതിനും ദുഷ്യങ്ങളെ പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളെപ്പറ്റിയും അദ്ദേഹത്തിനുള്ളതുപോലെ ജ്ഞാനം മറ്റാർക്കുമുണ്ടായിരുന്നില്ല. അവയെ പ്രയോഗിക്കുന്നതിനു് അദ്ദേഹം പ്രദർശിപ്പിച്ച ധൈര്യം അന്യാദൃശമായിരുന്നു. എന്തെന്നാൽ അദ്ദേഹത്തിന്റെ സ്നേഹവും അന്യാദൃശമായിരുന്നു. നാശഗർത്തത്തിലേയ്ക്കുള്ള രാജപാതയിൽ ക്രൂടി ത്വരിതമായി പ്രയാണം ചെയ്യുന്ന മനുഷ്യരെ തടഞ്ഞുനിറുത്തി അവരെ ദൈവത്തിങ്കലേക്കു തിരിച്ചുകൊണ്ടുവരുന്നതിനായി അദ്ദേഹം തന്റെ ഭിക്ഷുക്കളായ ശിഷ്യന്മാരെ ദിഗ്വിജയത്തിനെന്നപോലെ എല്ലാത്ര

ഭാഗങ്ങളിലേക്കും അയച്ചു. നാമമാത്രക്രിസ്ത്യാനികളായ യൂറോപ്പിലെ ജനതതിയും ക്രിസ്തീയേതരരായ പൌരസ്ത്യരും ഒന്നുപോലെ ഈ ധർമ്മഭടന്മാരുടെ ശ്രദ്ധയെ ആകർഷിച്ചു.

അക്കാലത്തു ക്രിസ്തുമതസംരക്ഷണത്തിനായി ക്രൈസ്തവർ മഹമ്മദീയരോടു "കുരിശുയുദ്ധങ്ങൾ" എന്നു് അറിയപ്പെട്ടുന്ന ഒരു ഘോരസമരം നടത്തുന്നുണ്ടായിരുന്നു. സത്യത്തിനുവേണ്ടി ഹിംസിക്കപ്പെടുകയല്ലാതെ ഹിംസിക്കാൻ പാടില്ല എന്നു 'വാക്കുകൊണ്ടും ക്രിയകൊണ്ടും' ഉപദേശിച്ച ആ ലോകൈകമഹാഗുരുവിന്റെ മതാനുസാരികളായ യൂറോപ്പിലെ ക്രിസ്ത്യാനികൾ, ആ ദിവ്യമതത്തിന്റെ പരിരക്ഷണത്തിനെന്നു ഭ്രമിച്ചു സ്വന്തം രക്തവും അന്യരക്തവും ചൊരിയിക്കുന്നതു കാണുന്ന കാഴ്ച, ദിവ്യസ്നേഹസാഗരമായ ആ അസ്സീസ്സിയിലെ സിദ്ധനു എത്രമാത്രം ഭേദകമായിരുന്നിരിക്കണം! ശത്രുവിനെ സ്നേഹിക്കണമെന്നും, 'ഒരു ചെകിട്ടത്തടികൊണ്ടാൽ മറേതുകൂടി കാണിച്ചുകൊടുക്കണ'മെന്നുമുള്ള ആ ക്രിസ്തീയാദർശമെവിടെ, കുരിശുയുദ്ധോദ്യതന്മാരായ യൂറോപ്പിലെക്രിസ്ത്യാനികളുടെആത്മാർത്ഥാഭാസമെവിടെ! സെയിൻറ് ഫ്രാൻസിസ്സാകട്ടെ അദ്ദേഹത്തിന്റെ സ്വഭാവത്തിനും ക്രിസ്തുവിന്റെ ആദർശത്തിനും അനുരൂപമാംവണ്ണം പുതിയതരത്തിലുള്ള ഒരു കുരിശുയുദ്ധം തന്റെ നേതൃത്വത്തിൽ നടത്തുന്നതിനു നിശ്ചയിച്ചു. മഹമ്മദീയശത്രുക്കളുമായി വാളുകൊണ്ടു യുദ്ധം ചെയ്യാതെ സാക്ഷാൽ കുരിശുകൊണ്ടുതന്നെ യുദ്ധംചെയ്യാമെന്നു് അദ്ദേഹം തീച്ചയാക്കി. ക്രൈസ്തവധർമ്മോപദേശങ്ങളുടെ മാഹാത്മ്യംഉപദേശംകൊണ്ടും ദൃഷ്ടാന്തംകൊണ്ടും അവരെ ഗ്രഹിപ്പിച്ചിട്ടു ക്രിസ്തുമതത്തിലേക്കു് അവരെ ആകർഷിക്കുന്നതിനു് അദ്ദേഹം ഉദ്യുക്തനായി.

ഈ സംരംഭത്തിനു് അദ്ദേഹം പോർട്ടുഗൽരാജ്യത്തെ കേന്ദ്രസ്ഥാനമാക്കി. അവിടെനിന്നു മഹമ്മദീയശക്തിയു

ടെ ഒരു ആവാസമായ ഉത്തരാഫ്രിക്കയിലേക്കു കടക്കുന്നതിനെപ്പറ്റിയായിരുന്നു. ഒരിക്കൽ, ഫ്രാൻസിൽ, അദ്ദേഹം തന്നെ ആഫ്രിക്കയിലേക്കു കടക്കുന്നതിനായി പോർട്ടുഗൽ വരെ പോയി. എന്നാൽ അവിടെവച്ച് അദ്ദേഹത്തിനു് ഒരു വലിയ സുഖക്കേടു പിടിപെടുകയാൽ ആ ശ്രമം ഫലവത്തായില്ല. 1217-ൽ അദ്ദേഹം വീണ്ടും ആ ശ്രമം തുടർന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ രണ്ടുപേർ അതിനായി നിയോഗിക്കപ്പെട്ടു. അവരിൽ സഖറിയെന്നും വാൾട്ടർ എന്നും പേരുള്ള രണ്ടുപേർ പോർട്ടുഗലിൽ എത്തിയശേഷം ആദ്യമായി കോയിമ്പ്രായിലെ മെത്രാനെയും, അനന്തരം രാജാവിനെയും രാജ്ഞിയെയും സന്ദർശിച്ചു്, ആ രാജ്യത്തു് ഏതാനും ആശ്രമങ്ങളെ സ്ഥാപിക്കുന്നതിനു് അനുവാദത്തിനപേക്ഷിച്ചു. സെയിൻറ്ഫ്രാൻസിസ്സിന്റെ നാമം ആ രാജധാനിയിലും സുവിദിതമായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ അപേക്ഷ നിഷ്പ്രയാസം സാധിച്ചു രാജകുടുംബത്തിൽനിന്നുതന്നെ രണ്ടു് ആശ്രമങ്ങൾ സ്ഥാപിച്ചുകൊടുത്തു. അവയിൽ ഒന്നു 1218-ൽ കോയിമ്പ്രായുടെ സമീപത്തുള്ള ഒലിവാരിസ് എന്ന ഗ്രാമത്തിൽ രാജ്ഞിയാൽ സ്ഥാപിക്കപ്പെട്ടതായിരുന്നു.

ഈ ഒലിവാരിസിലെ ആശ്രമം തദ്വാസികളുടെ ആദർശത്തിനനുരൂപമാംവണ്ണം ചെറുതും പാപപ്പെട്ടതുമായിരുന്നു. അവരിലൊരാൾ ഭിക്ഷാടനംകൊണ്ടു് ആശ്രമത്തിലെ ആഹാരാദ്യാവശ്യങ്ങൾ നിറവേറുന്നതിനു നിയമിതനായി. ഈ വിനീതമായ കൃത്യനിർവഹണത്തിൽ പലപ്പോഴും ആ ഭിക്ഷു പരപരിഹാസത്തിനും ആക്ഷേപത്തിനും വിഷയമായിരുന്നിരിക്കാമെങ്കിലും സന്തക്രൂസ്സിലെ ആശ്രമത്തിൽ അവയ്ക്കെല്ലാം പരിഹാരമുണ്ടാകുമാറു് ആശ്വാസപ്രദമായ സ്വാഗതം അയാൾക്കു സിദ്ധിച്ചിരിക്കണം- ആ ആശ്രമത്തിൽ അയാൾ പലപ്പോഴും പോകുകയും അവിടത്തെ സു

ശീലനായ ആതിഥേയനാൽ സഹോദരതേപന സ്വീകരിക്ക പ്പെട്ടുകയും ചെയ്തു

പ്രസ്തുത ഫ്രാൻസിസ്കൻഭിക്ഷുവിന്റെ പേരു നമുക്കറിയാൻ നിവൃത്തിയില്ല. അയാൾ ക്രൈസ്തവപരിശുദ്ധിയുടെ പരിമളധോരണിയെ നാലുപാടും പ്രസരിപ്പിച്ച ഒരു മാതൃകാസന്ന്യാസിയായിരുന്നുവെന്നുമാത്രം നമുക്കറിയാം. അയാളുടെ ശാലീനവും അനാഡംബരവുമായ ബാഹ്യപ്രകൃതിയിൽ അന്തർഹിതമായിരുന്ന ആത്മീയസൌന്ദര്യപൌഷ്കല്യത്തെ നമ്മുടെ ആശ്രമാതിഥേയനായ ഫെർണാൻഡൊവിനു ദർശിക്കാൻ കഴിഞ്ഞു ഇതു പിന്നീടുണ്ടായ ഒരു ദർശനത്താൽ അയാൾക്കു പൂർണ്ണമായി ബോദ്ധ്യപ്പെട്ടു. ഈ ഭിക്ഷുവിന്റെ മരണസമയത്തു ഫെർണാൻഡൊ കർബാനയർപ്പിക്കുകയായിരുന്നു. അപ്പോൾ സമാധിയിൽ ലയിച്ചിരുന്ന അദ്ദേഹം ആ സഹോദരന്റെ ആത്മാവു ശരീരത്തെ ഉപേക്ഷിച്ചിട്ട് ഒരു മാടപ്രാവിന്റെ രൂപത്തിൽ മുകളിലോട്ട്, അതിവേഗത്തിൽ പ്രയാണംചെയ്തു ശുദ്ധീകരണസ്ഥലം കടന്നുപോകുന്നതായിട്ടും, അനന്തരം സംശുദ്ധമായും പ്രതാപമഹിമകളോടുകൂടിയും ശാന്തിയും പരമാനന്ദവും നിറഞ്ഞ സ്വർഗ്ഗത്തേക്ക് ആരോഹണംചെയ്യുന്നതായിട്ടും കണ്ടു. ഈ ദർശനത്തെപ്പറ്റിയുള്ള ഓർമ്മ അദ്ദേഹത്തിന്റെ മനസ്സിൽ ദൃഢമായി പതിയുകയും, സെയിന്റ് ഫ്രാൻസിസിന്റെ ശിഷ്യന്മാരുമായുള്ള സ്നേഹബന്ധം ബലവത്തരമായിത്തീരുകയും ചെയ്തു. ഈ ദർശനം ഉണ്ടായതു 1219-ൽ ആണു്. അതിൽനിന്നു് അദ്ദേഹം അന്നു് ഒരു വൈദികനായിരുന്നുവെന്നുള്ള വസ്തുത വ്യക്തമാണു്.

അതേവർഷംതന്നെ തന്റെ സംഘത്തിന്റെ ഒരു പൊതുയോഗത്തിൽവച്ചു സെയിന്റ് ഫ്രാൻസിസു് മഹമ്മദീയരുടെ മാനസാന്തരീകരണത്തിനുള്ള പ്രവൃത്തിരംഗം രണ്ടായി വിഭജിച്ചു. ഈജിപ്തും പാലസ്തയിനും തനി

ക്കായി ഉദ്ദേശിച്ചിട്ട്, മൊറാക്കൊമുതലായ സ്ഥലങ്ങളിലേക്കു അദ്ദേഹം അഞ്ചു ശിഷ്യന്മാരെ നിയോഗിച്ചു. ആ അഞ്ചു ധർമ്മഭടന്മാരുടെ നാമങ്ങളും ചരിത്രത്തിൽ സുവർണ്ണലിപികളാൽ ലേഖനംചെയ്യപ്പെട്ടിട്ടുണ്ട്. അവർ ബെരാർദ്, പീറർ, ഓഥോ എന്നീ മൂന്നു പുരോഹിതന്മാരും അഡ്ജൂട്ടസ്, അക്കേർസ്യസ് എന്നീ രണ്ടു ധർമ്മസഹോദരന്മാരുമായിരുന്നു

അവർ പോർട്ടുഗൽ വഴിയായിരുന്നു യാത്രചെയ്തത്. ഏതാനുംദിവസങ്ങൾ അവർ കോയിമ്പ്രായിൽ താമസിച്ചു, രാജധാനിയേയും സന്ന്യാസാശ്രമത്തേയും സന്ദർശിച്ചു ഫെർണാൻഡൊ അവരെ സന്തോഷപൂർവ്വം സ്വീകരിക്കുകയും, അവരുടെ സംഘത്തിന്റെ ഉത്ഭവത്തെയും ഉദ്ദേശ്യങ്ങളെയുംപറ്റി അവരുമായി വാദപ്രതിവാദം ചെയ്യുകയും, അവരുടെ തലസ്ഥാനമായ പോർഷ്യങ്കുലായിൽ നടക്കുന്ന അത്ഭുതകൃത്യങ്ങളെയും നിതാന്തവന്ദ്യനായ അവരുടെ ഗുരുശ്രേഷ്ഠന്റെ വിസ്മയകരങ്ങളായ ഗുണഗണങ്ങളെയും അപദാനങ്ങളെയും പറഞ്ഞുള്ള അവരുടെ സംഭാഷണം ശ്രദ്ധാപൂർവ്വം കേൾക്കുകയുംചെയ്തു. അവരുടെ വിശ്വാസത്തിന്റെ സ്ഥൈര്യവും, അവർ ഭീർഘദർശനംചെയ്ത അവരുടെ ആസന്നവും ധർമ്മവീരോചിതവുമായ മരണത്തെപ്പറ്റി അവർ പ്രദർശിപ്പിച്ച ഹൃദയോന്മേഷവും, ത്യാഗങ്ങളെ അനുഷ്ഠിക്കുന്നതിനും കഷ്ടതകളും സഹിക്കുന്നതിനും അവർക്കുണ്ടായിരുന്ന സന്തുഷ്ടിയും ഫെർണാൻഡൊവിനു ഹൃദയംഗമങ്ങളായിരുന്നു. കോയിമ്പ്രായിൽനിന്നു പോകുന്നതിനുമുമ്പു് അവർ രാജ്ഞിയോടു തങ്ങൾ വേദസാക്ഷികളായി മരിക്കുമെന്നും തങ്ങളുടെ പ്രേതാവശിഷ്ടങ്ങൾ തങ്ങൾക്കു് ആതിഥ്യം നൽകിയ ആ നഗരത്തിലേക്കു തിരിച്ചു കൊണ്ടുവരപ്പെടുമെന്നും, അതു് അവളുടെ പെട്ടെന്നുള്ള മരണത്തിന്റെ ഒരടയാളമായിരിക്കുമെന്നും പ്രവചിച്ചു. ഈ ഭീർഘദർശനം യഥാകാലം അക്ഷരംപ്രതി യഥാർത്ഥീഭവിച്ചു.

അവർ ആദ്യമായി ഒരു മുസ്ലിംകേന്ദ്രമായ സെവിലിൽ എന്നാ ദേശത്തുചെന്നു. അവിടത്തെ ഭരണകർത്താവു് അവരുടെ മതപ്രസംഗത്താൽ കുപിതനായിട്ടു് ആദ്യം അവരെ വധിക്കുന്നതിനുദ്ദേശിച്ചെങ്കിലും ഒടുവിൽ അവരെ നാടുകടത്തിയതേയുള്ളു. അവിടെനിന്നു് അവർ മൊറാക്കായിലേക്കു പോയി. അവിടത്തെ രാജാവായ ആബുജേക്കബു് ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ ഉത്സുകനായിരുന്നില്ല. എന്നാൽ നമ്മുടെ ഫ്രാൻസിസ്കന്മാർ രക്തസാക്ഷികളാകുന്നതിനു് ഉല്ക്കണ്ഠിതരായിരുന്നു. അവർ രാജസന്നിധിയിൽ നേരേ കയറിച്ചെന്നു്, "യേശുക്രിസ്തു സാക്ഷാൽ ദൈവമാണു്! മാഹമ്മദു് വെറുമൊരു ഭാംഭികനത്രെ!" എന്നിങ്ങനെ ഘോഷിച്ചു. ആബുജേക്കബ്ബു് അവരുടെ ഈ ധിക്കാരത്താൽ കോപാക്രാന്തനായിയെങ്കിലും അവർ കേവലം ഭ്രാന്തന്മാരാണെന്നു ഗണിച്ചു് അവരെ മഹമ്മദീയരാജ്യാതിർത്തിക്കു പുറത്താക്കുന്നതിനു മാത്രം ഉത്തരവിട്ടു. ആബുജേക്കബ്ബിന്റെ സേനാനായകനായ പെടൊ ഒരു ക്രിസ്ത്യാനി ആയിരുന്നു. അയാൾ അവരെ ക്രിസ്തീയരാജ്യാതിർത്തിവരെകൊണ്ടുവിടുന്നതിനു വേണ്ട ഏർപ്പാടുചെയ്തു. അവരെക്കൊണ്ടുപോയവർ തിരിച്ചുപോന്ന ഉടൻതന്നെ അവർ വീണ്ടും മൊറാക്കൊപട്ടണത്തിൽ ഓടിയെത്തി. ആബുജേക്കബ്ബു് അവരെപ്പിടിച്ചു് ഇരുപതുദിവസത്തേക്കു തടവിൽ പാർപ്പിച്ചു. അവിടെ അവർ നിരാഹാരവ്രതം അനുഷ്ഠിച്ചു. കാരാഗൃഹത്തിൽ നിന്നു വെളിക്കിറങ്ങിയപ്പോൾ അവർ പൂർവ്വാധികം ഉത്സാഹശാലതയും പ്രസരിപ്പുമുള്ളവരായി കാണപ്പെട്ടു. അവർ ഉന്മേഷപൂർവ്വം വീണ്ടും പ്രസംഗിച്ചുതുടങ്ങി. അവർ ആപത്തിൽ അകപ്പെടാതെ സൂക്ഷിക്കുന്നതിനായി പ്രസ്തുത സേനാനായകൻ ഒരുയുദ്ധയാത്രയിൽ അവരെക്കൂടികൊണ്ടുപോയി. ആ സന്ദർഭത്തിൽ അവരിലൊരുവനായ ബെരാർദ് ഒരത്ഭുതകൃത്യത്താൽ സൈന്യത്തെ രക്ഷിച്ചു. ഭടന്മാരും മൃഗങ്ങളും വെള്ളംകിട്ടാതെ ദാഹിച്ചു മരണപ്രായമായ ദശയിൽ

എത്തിയപ്പോൾ അയാളുടെ ദിവ്യശക്തിയുടെ ഫലമായി ഒരുറവു് പെട്ടെന്നു് അവിടെ ആവിർഭവിച്ചു.

യുദ്ധം തീർന്ന സൈന്യം മടങ്ങിവന്നപ്പോൾ നമ്മുടെ സന്യാസികം പെരോവിന്റെ മേൽനോട്ടത്തിൽ നിന്നു ചാടിപ്പോയി. യേശുക്രിസ്തുവിനെ വാഴ്ത്തുന്നതിനു ബെർണർദ് ആബുജേക്കബ്ബിന്റെ വണ്ടിയിൽത്തന്നെയും ക്രൂസൽക്രടാതെ ചാടിക്കയറി. രാജാവിനു് ഇതു് അസഹ്യമായിത്തോന്നി. പെട്ടെന്നു രോഷവശനായി അവരെ വധിക്കുന്നതിനു് അദ്ദേഹം ആജ്ഞ നൽകി. വധിക്കുന്നതിനു മുമ്പു് ആരാച്ചാരന്മാർ അവരെ നിർദ്ദയം മർദ്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്തു ഒടുവിൽ അവർ വസ്ത്രാലംകാരഭ്രഷ്ടിതകളായ കോമളാംഗികളെ ഈ സന്യാസിമാരുടെ മുമ്പാകെ നിരത്തി നിത്തി; ലൌകികസമ്പത്തുകളെയും ബഹുമതികളെയും സുഖസാധനങ്ങളെയും പ്രതിജ്ഞചെയ്തിട്ട്, വിശ്വാസത്യാഗം ചെയ്യുമഹമ്മദുമതം സ്വീകരിക്കുന്നതിനു് അവരെ നിർബന്ധിച്ചു. അതിനു വശംവദരായില്ലെങ്കിൽ അവർ വാളിനിരയാകുമെന്നുള്ളതു തീർച്ചയായിരുന്നു. ജിതേന്ദ്രിയന്മാരായ ഈ ധർമ്മദൂതന്മാർ ഇപ്രകാരം ഉദ്ഘോഷിച്ചു: "ഹേ! മാന്യജനങ്ങളെ! നിങ്ങളുടെ സുന്ദരിമാരെയാകട്ടെ നിങ്ങളുടെ ബഹുമതികളെയാകട്ടെ ഞങ്ങൾ അശേഷം ഗണ്യമാക്കുന്നില്ല. അവയെല്ലാം നിങ്ങൾതന്നെ എടുത്തുകൊൾവിൻ. ക്രിസ്തുവിനോടുള്ള ഞങ്ങളുടെ വിശ്വാസത്തിനും ഭക്തിക്കും ഭംഗംവരുത്തുന്നതിനു ശക്തമായി യാതൊന്നുമില്ല. നിങ്ങൾ വിചാരിച്ചാൽ ഞങ്ങളെ എല്ലാവിധത്തിലും ഉപദ്രവിക്കുന്നതിനും വേദനപ്പെടുത്തുന്നതിനും, ഞങ്ങളെ കൊല്ലുന്നതിനുതന്നെയും കഴിയും. എന്നാൽ സത്യിയപരമാനന്ദത്തോടു താരതമ്യപ്പെടുത്തുമ്പോൾ ആ കഷ്ടാനുഭവങ്ങളൊക്കെ കേവലം തുച്ഛങ്ങളായിട്ടേ ഞങ്ങൾകരുതുന്നുള്ളൂ." ഈവചനങ്ങൾ ഉച്ചരിച്ചപ്പോൾ അത്യാസന്നവും അനശ്വരവുമായ മോക്ഷ

സൌഭാഗ്യാനുഭൂതിയെപ്പറ്റിയുള്ള പ്രത്യാശാകിരണങ്ങളാൽ അവരുടെ മുഖാരവിന്ദങ്ങൾ ജാജ്ജ്വല്യമാനങ്ങളായിരുന്നു. ഈ സന്ദർഭത്തിൽ ആബുജേക്കബ്ബും സന്നിഹിതനായിരുന്നു. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട പുള്ളികളുടെ ഈ ഔദ്ധത്യം കണ്ടിട്ടു രാജാവു കോപാന്ധനായി ഓടിയെഴുനേറ്റു വാൾ വിശ്രുതകയും ആ ധർമ്മവീരന്മാരുടെ ശിരസ്സുകൾ നിലംപതിക്കുകയും ചെയ്തു.

ജനക്രൂരം ഉടൻ ഓടിയടുത്തു, മൃതശരീരങ്ങളെ വലിച്ചിഴച്ചു പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി, ചേറും ചവറുംകൊണ്ടു പൊതിഞ്ഞു് അവയെ തീയിലിട്ടു ദഹിപ്പിക്കാൻ ഒരുങ്ങി. എന്നാൽ അഗ്നിജ്വാലകൾ ആ പുണ്യശ്ലോകന്മാരുടെ ശരീരങ്ങളെ സ്പർശിച്ചില്ല. അപ്പോൾ പെട്ടെന്നൊരു ചുഴലിക്കാറുണ്ടായി. മുസ്ലിമിങ്ങൾ ഭയവിഹ്വലരായി നാലുപാടും ഓടി. സമീപത്തുണ്ടായിരുന്ന ഏതാനും ക്രിസ്ത്യാനികൾ അടുത്തുകൂടി, ആ അഞ്ചു രക്തസാക്ഷികളുടെയും ശരീരാവശിഷ്ടങ്ങൾ ഭക്തിപൂർവ്വം ശേഖരിച്ചു രജതനിർമ്മിതങ്ങളായ പേടകങ്ങളിൽവച്ചു സൂക്ഷിച്ചു.

ഈ സംഭവങ്ങൾ നടന്നതു് 1220-ജനുവരി 16 നും ഉച്ചതിരിഞ്ഞായിരുന്നു. ഏതാനും ആഴ്ചകൾ കഴിഞ്ഞു പെട്രോ ഈ പുണ്യവാന്മാരുടെ അവശിഷ്ടങ്ങൾകൊണ്ടു സ്വദേശമായ കൊയിമ്പ്രായിലേയ്ക്കു പോകണമെന്നു തീർച്ചപ്പെടുത്തി യാത്ര പുറപ്പെട്ടു. ഈ യാത്രയിൽ അനേകം അത്ഭുതങ്ങൾ നടന്നതായി പ്രസ്താവിക്കപ്പെട്ടുന്നു. അവയിൽ ഒന്നിനെമാത്രം ഇവിടെ വിവരിച്ചുകൊള്ളുന്നു.

ഈ വിശ്രുതശവശരീരങ്ങളെ പോർട്ടുഗല്ലിലെ രാജകുടുംബവും പൌരാവലിയും വളരെ ആഘോഷപൂർവ്വം സ്വീകരിച്ചു. അവ എത്രയും ബഹുമാനപൂർവ്വം ലിസ്ബണിലുള്ള ദേവമാതാവിന്റെ ദേവാലയത്തിൽ സംസ്കരിക്കപ്പെടണമെന്നു

രാജാവ് ആജ്ഞാപിച്ചു. രാജാവും കുടുംബവും, രാജധാനിയിലെ ഉദ്യോഗസ്ഥന്മാരും, മെത്രാനും മറ്റു പുരോഹിതന്മാരും ഒരു വലിയ പുരുഷാരത്തോടുകൂടി കോയിമ്പ്രായിൽനിന്നു് ഒരു മൈൽ അകലെ മുതൽ അവയെ അത്യാദരപൂർവ്വം അനുയാനംചെയ്തു. ലിസ്ബണിൽ പ്രസ്തുത ദേവമാതാവിന്റെ ദേവാലയത്തിലേക്കുള്ള ഈ ഘോഷയാത്ര കോയിമ്പ്രായിൽ സന്തക്രൂസ്സാശ്രമദേവാലയത്തിന്റെ മുൻവശത്തെത്തിയപ്പോൾ തിരുശേഷിപ്പുകളെ വഹിച്ചിരുന്ന കഴുത പെട്ടെന്നു നിന്നു. എന്തെല്ലാം ചെയ്തിട്ടും അതു് ഒരടി മുമ്പോട്ടു വയ്ക്കുകയില്ലെന്നു നിർബന്ധമായി. ജനക്കൂട്ടം ആശ്ചര്യോദ്ഘോഷംചെയ്തു. ഈ ആരവം കേട്ടു് ആശ്രമവാസികൾ ഓടിവന്നു ദേവാലയത്തിന്റെ വാതിലുകൾ തുറന്നു. കഴുത ഉടനടി ദേവാലയത്തിനുള്ളിൽ കടന്നു ബലിപീഠത്തിന്റെ മുമ്പിൽചെന്നു് അനങ്ങാതെ നിലകൊണ്ടു അതു വഹിച്ചിരുന്ന ആ അമൂല്യഭാരം താഴെയിറക്കണമെന്നു അതിന്റെ നിലപാടുകൊണ്ടു കാണികൾക്കു വ്യക്തമാക്കിക്കൊടുത്തു. ദൈവഹിതത്തിന്റെ ഈ അസന്ദിഗ്ധമായ പ്രകാശനത്തിന്റെ ഫലമായി ഈ തിരുശേഷിപ്പുകൾ സന്തക്രൂസ്സാശ്രമവാസികളുടെ സൂക്ഷത്തിൽതന്നെ ഏല്പിക്കപ്പെട്ടു.

ഇപ്രകാരം ഈ രക്തസാക്ഷികളുടെ രണ്ടു ദീർഘദർശനം നിറവേറി. മൂന്നാമത്തേതും ഒട്ടും താമസിയാതെതന്നെ സാക്ഷാത്കരിക്കപ്പെട്ടു: ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ പോർട്ടുഗല്ലിലെ മഹാറാണി ചരമഗതിയെ പ്രാപിച്ചു.

ധന്മവീരന്മാരുടെ രക്തം എല്ലായ്പ്പോഴും വളരെ ഫലപ്രദമായ ബീജമായിപ്പരിണമിച്ചിട്ടുണ്ടു്. സത്യത്തിനുവേണ്ടി ഹോമിക്കപ്പെട്ട ഈ പുണ്യാത്മാക്കളുടെ ശവകുടീരത്തിൽനിന്നു ലോകമെങ്ങും ആത്മീയസൌരഭ്യം വീശുന്ന ഒരു സുകുമാരകുസുമം ഉല്പാദിച്ചു. ആ പുഷ്പവിശേഷം അത്ഭു

തപ്രവർത്തകനായ സെയിൻറ് ആൻറണിയെന്ന അപരനാമത്താൽ കാലാന്തരത്തിൽ വിശ്വവിശ്രുതനായിത്തീർന്ന നമ്മുടെ ആശ്രമാതിഥേയൻ ഫെർണാൻഡൊ അല്ലാതെ മറ്റാരുമല്ല.

പ്രസ്തുത രക്തസാക്ഷികളുടെ ശവസംസ്കാരം സംബന്ധിച്ച ആഘോഷങ്ങൾ ഫെർണാൻഡോവിൻെറ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു. ഈ അഞ്ചു അപരിചിതന്മാരെ സൽക്കരിക്കുകയെന്നുള്ള സന്തോഷകരമായ കൃത്യം അദ്ദേഹം നിർവ്വഹിച്ചിട്ട് ഏതാനും മാസങ്ങളെ ആയുള്ളൂ. അവർ നിസ്സ്വരായും അപ്രസിദ്ധരായും അവഹേളിതരായും അന്ന യാത്രപറഞ്ഞു പോകുന്നതും ഇപ്പോൾ അവർ സർവ്വജനങ്ങളുടെയും ഭക്ത്യാദരങ്ങൾക്കു പാത്രീഭൂതരായും സുവിഖ്യാതരായും ദീർഘദർശികളുടെയും രക്തസാക്ഷികളുടെയും പരിവേഷത്രയത്താൽ പരിശോഭിതരായും മടങ്ങി വരുന്നതും അദ്ദേഹം കണ്ടു.

അവരുടെ ശവകുടീരത്തിന്മേൽ നമ്രശിരസ്കനായി അദ്ദേഹം ഇങ്ങനെ ആത്മഗതം ചെയ്തു: "ഇവരുടെ മഹനീയമായ കഷ്ടാനുഭവങ്ങളിൽ സഹകരിക്കുന്നതിനു സർവ്വശക്തനായ ദൈവം ഈയുള്ളവനെയും കടാക്ഷിച്ചുവെങ്കിൽ, സത്യവിശ്വാസത്തിനുവേണ്ടി പീഡിതനാകുന്നതിനും മുട്ടിന്മേൽനിന്നു യേശുനാമം ഉച്ചരിച്ചുകൊണ്ട് ആരാച്ചാരുടെ വാളിനു എൻെറ കഴുത്തുനീട്ടിക്കൊടുക്കുന്നതിനുമുള്ള ഭിവ്യാനുഗ്രഹം എനിക്കു സിദ്ധിച്ചുവെങ്കിൽ, ഞാൻ എത്രഭാഗ്യവാൻ! ഓ! ഫെർണാൻഡൊ! ആ സുദിനം നിനക്കു് ഏതുകാലത്തെങ്കിലും ഉദിക്കുമോ? അത്തരത്തിലൊരു സൌഭാഗ്യം നിനക്കു് എപ്പോഴെങ്കിലും ഉണ്ടാകുമോ?"

കേവലം ഒരു അഗസ്തീനിയൻസംഘാംഗമായി സന്താക്രൂസ്സാശ്രമത്തിൽ വസിച്ചാൽ ഈ ആഗ്രഹം സഫലമാകാ

നിടയില്ല. ഫെർണാൻഡൊവിന്റെ ദൃഷ്ടിയിൽ ഫ്രാൻസിസ്കൻസംഘം ഉത്തരോത്തരം ആകർഷണീയമായിക്കാണപ്പെട്ടു. അതിന്റെ ഒരംഗമായിത്തീരുകതന്നെയെന്നു് അദ്ദേഹം മനസ്സുകൊണ്ടുറച്ചു. 1220 ജൂലായിമാസത്തിൽ ഒരു ദിവസം ഒലിവാരിസിലെ സന്ന്യാസികൾ പതിവനുസരിച്ചു സന്താക്രൂസാശ്രമത്തിൽ വന്നു. ഫെർണാൻഡൊ അവരോടു് ഒരു രഹസ്യസംഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു:—"നിങ്ങളുടെ സംഘത്തിന്റെ വിശുദ്ധവസ്ത്രം ധരിക്കുന്നതിനു ഞാൻ സവിനയമാ ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്യുന്നതിൽ എനിക്കൊരഭിനിവേശം സാധിക്കാനുണ്ടു്. നിങ്ങളുടെ സംഘത്തിലെ പാപപരിഹാരവസ്ത്രം ധരിച്ചശേഷം നിങ്ങൾ എന്നെ മഹമ്മദീയരുടെ അടുക്കലേക്കു് അയയ്ക്കണം. നിങ്ങളുടെ വിശുദ്ധന്മാരായ രക്തസാക്ഷികൾക്കു സിദ്ധിച്ച പരമാനന്ദത്തിൽ എനിക്കും പങ്കുകൊള്ളണം"

ഈ അഭ്യർത്ഥന കേട്ടപ്പോൾ ആ സാധുക്കൾക്കു് അതിരറ്റ സന്തോഷമുണ്ടായി. അവരുടെ സംഘത്തിൽ അപ്പോസ്തലചൈതന്യമുള്ളവരും അത്ഭുതപ്രവർത്തകന്മാരും ധാരാളമുണ്ടായിരുന്നുവെങ്കിലും പണ്ഡിതന്മാർ അപൂർവമായിരുന്നു. ഇപ്പോഴാകട്ടെ അസാമാന്യമായ വിദ്വത്വവും ജീവിതശുദ്ധിയുംകൊണ്ടു് ഏതു സംഘത്തിനും ഒരു അലങ്കാരമായിത്തീരത്തക്കവണ്ണമുള്ള ഒരു മഹാത്മാവിനെ ദൈവഗത്യാ അവർക്കു ലഭിക്കാൻ പോകുന്നു. അദ്ദേഹത്തെ തങ്ങളുടെ സംഘത്തിൽ ചേർക്കുന്നതിനു് ഒട്ടും താമസം പാടില്ലെന്നു് അവർ കരുതി. അടുത്ത ദിവസംതന്നെ ഫെർണാൻഡൊവിനു സംഘവസ്ത്രം കൊണ്ടുവരാമെന്നു അവർ ഏറ്റു.

അവർ കരാർ ശരിക്കു നിറവേറ്റി. ഫെർണാൻഡൊ ആശ്രമാധിപന്റെ അനുമതിയോടുകൂടി അഗസ്റ്റീനിയൻ സംഘക്കാരുടെ ശ്വേതാംബരം ഉപേക്ഷിച്ചിട്ടു, സെയിൻറു്

ഫ്റാൻസിസിന്റെ സാധുസംഘ്വവക പരുക്കനുടുപ്പു സ്വീകരിച്ചു; സന്തക്രൂസ്സാശ്രമത്തിലെ സമ്പത്സമൃദ്ധിയെ ത്യജിച്ചിട്ട് ദിവ്യദാരിദ്ര്യത്തെ സ്വയംവരിച്ചു; ഫെർണാൻഡൊ എന്ന പേരുമാറ്റിയിട്ട് അന്തോനിയെന്ന തന്റെ ചരിത്രപ്രസിദ്ധമായിത്തീർന്ന പേരു സ്വീകരിച്ചു. അദ്ദേഹം സന്തോഷാശ്രുക്കളം പൊഴിച്ചു. ഇപ്പോൾ അദ്ദേഹത്തിന്റെ ആത്മീയപിതാവായിത്തീർന്ന സെയിന്റ് ഫ്റാൻസിസിനോടൊപ്പം, "ദൈവം എന്നേയുള്ളം എന്റെ സ്വത്താകുന്നു. എനിക്കു ദൈവംമതി," എന്നു പറയുന്നതിനു തനിക്കു കഴിയുമല്ലോ എന്നു് ഓർത്തപ്പോൾ അദ്ദേഹം ആനന്ദപരവശനായി.

ഫെണാൻഡൊവിന്റെ ഈ പേരുമാറ്റത്തെപ്പറ്റി അല്പം പറഞ്ഞുകൊള്ളട്ടെ. മറ്റുചില സന്യാസസംഘക്കാർക്കുള്ളതുപോലെ ഫ്റാൻസിസ്കന്മാർക്കു സംഘപ്രവേശത്തോടുകൂടി പേരുമാറ്റുകയെന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല അതുകൊണ്ടു പ്രസ്തുത നാമാന്തരസ്വീകാരം ഒരു വ്യത്യസ്തമായിരുന്നിരിക്കണം. അതിനു പല കാരണങ്ങളും പറയപ്പെടുന്നു. ഒലിവാരിസിലെ ഫ്റാൻസിസ്കൻ സന്യാസാശ്രമത്തിന്റെ പരദേവത ഒരു സെയിന്റ് ആൻറണി ആയിരുന്നു. മാതാപിതാക്കന്മാരോടും മറ്റു സ്വജനങ്ങളോടുമുള്ള ബന്ധം നിർശ്ലേഷം ഖണ്ഡിക്കുന്നതിനും അവരുടെ ഇടയിൽ അജ്ഞാതനാമാവായി കഴിഞ്ഞുകൂടുന്നതിനും പേരുമാറുന്നതു കൊള്ളാമെന്നു തോന്നുകയാൽ അദ്ദേഹം ആ പരദേവതയുടെ നാമം സ്വീകരിച്ചതാണെന്നു പറയുന്നതു് അസംഗതമല്ല. ['അന്തോനി' എന്ന പദത്തിന്റെ അർത്ഥം ഇടിനാദംപോലെ ശബ്ദമുഴക്കമുള്ളവൻ എന്നാണെന്നും, അതുകൊണ്ടു് ഒരു ദിവ്യവാഗീശനായ നമ്മുടെ കഥാനായകനു് ആ പേരു വളരെ അർത്ഥവത്താണെന്നുമുള്ളതു ഈ നാമഭേദത്തിന്റെ ഔചിത്യത്തെ വർദ്ധിപ്പിക്കുന്നു.]

അദ്ദേഹം സന്തക്രൂസ്സാശ്രമത്തെ വിട്ടുപിരിയുന്നതു് അവിടത്തെ തന്റെ സഹവാസികൾക്കു വ്യസനകരമായിരുന്നു. അവരിലൊരുവൻ അദ്ദേഹത്തിനു മംഗളം ആശംസിച്ചപ്പോൾ ഇങ്ങനെ നേരംപോക്കായി പറഞ്ഞു:—"നീ പോകുക, തീച്ചായയും നീ ഒരു പുണ്യവാനായിത്തീരും." അതിനു്, "ഞാൻ ഒരു പുണ്യവാനാണെന്നു കേൾക്കുമ്പോൾ നിങ്ങൾ ദൈവത്തെ വാഴ്ത്തുക",എന്നായിരുന്നു അദ്ദേഹത്തിന്റെ ശാന്തമായ മറുപടി. ആശ്രമവാസികളോടെല്ലാം യാത്രപറഞ്ഞിട്ടു് അദ്ദേഹം ഒലിവാരിസിലെ ഫ്രാൻസിസ്കൻ സാധുഭവനത്തിലേക്കു പോയി. അവിടെ അദ്ദേഹം അധികം താമസിച്ചില്ല. മാതാപിതാക്കന്മാർ തന്റെ ഉദ്ദേശ്യമറിഞ്ഞാൽ ദുഃഖിതരായി തന്നെ തടയുമെന്നു ശങ്കിച്ചിട്ടു നിർദ്ദിഷ്ടസ്ഥലത്തേക്കു അവിടെനിന്നും ഉടൻ പുറപ്പെടുന്നതിനു് അദ്ദേഹം ബദ്ധപ്പെട്ടു. 1220-നവമ്പർമാസം അവസാനത്തിൽ അദ്ദേഹം മൊറാക്കൊയിലേക്കു കപ്പൽകയറി. സ്വരാജ്യത്തെയും സ്വജനങ്ങളെയും അദ്ദേഹം ഇനി ഒരിക്കലും കാണുകയില്ല. അത്യുൽകൃഷ്ടമായ ഒരുദ്ദേശത്താൽ അദ്ദേഹം പ്രചോദിതനായി. അജ്ഞാനാന്ധകാരത്തിൽ കിടന്നുഴലുന്നവർക്കു നിത്യരക്ഷാവഹമായ ക്രൈസ്തവധർമ്മോപദേശപ്രകാശത്തെ പ്രദാനം ചെയ്യുകയും ആ ധർമ്മൈക്യത്തെ സ്വരക്തത്താൽ സ്ഥിരീകരിക്കുകയും ചെയ്യുകയെന്ന ഏകവിചാരമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ.

---

# അദ്ധ്യായം ൪.

## വിഷമഘട്ടം.

ആഫ്റിക്കാഭ്രഖണ്ഡത്തിന്റെ തിരങ്ങളെ അന്തോനി ആദ്യമായി കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വാചാമഗോചരങ്ങളായ വിചാരപരമ്പരകളാൽ ത്രസിച്ചു. ആ ഇടയ്ക്കു തന്റെ പൂർവ്വഗാമികളായ ബെർണ്ണാർദിന്റെയും സഹചാരികളുടെയും രക്തനിപാതത്താൽ പരിപാവനമാക്കപ്പെട്ടതും ഒരു കാലത്തു വൃദ്ധ്യുന്മുഖങ്ങളായ ക്രൈസ്തവദേവാലയങ്ങളാൽ പരിശോഭിതമായിരുന്നതും, തെർത്തുല്യൻ, സെയിന്റ് അഗസ്റ്റീൻ മുതലായ അനേകം മഹാപുരോഹിതന്മാരാലും വേദശാസ്ത്രപാരംഗതന്മാരാലും സുവിഖ്യാതമായിരുന്നതുമായ ആ ദേശത്തെയാണു് അദ്ദേഹം ഇപ്പോൾ പാദസ്പർശം ചെയ്യാൻ പോകുന്നതു്. എന്നാൽ ഇസ്ലാംമതത്തിന്റെ പ്രചാരത്താൽ ക്രിസ്തുമതവും ക്രിസ്തുമതസ്ഥാപനങ്ങളും അവിടെ ഇപ്പോൾ നാമാവശേഷമായിരിക്കുന്നു. അദ്ദേഹം അവിടെ ക്രിസ്തുമതം വീണ്ടും പ്രസംഗിക്കുകയുംവിശീർണ്ണങ്ങളായ ക്രൈസ്തവസ്ഥാപനങ്ങളെ വീണ്ടും സ്ഥാപിക്കുകയും ചെയ്യും. മഹമ്മദീയരുമായുള്ള ഈ ആത്മീയസമരത്തിൽ അദ്ദേഹം അവരെ സ്വന്തം രക്തവഷ്ടത്താൽ പരാജിതരാക്കുകയും, അങ്ങനെ മനുഷ്യപുത്രന്റെ ദിവ്യതപത്തിനു ശാശ്വതമായ ഒരു സ്മാരകത്തെ പ്രദാനം ചെയ്യുകയും ചെയ്യും.

ഇവ എത്രയും മഹനീയങ്ങളായ ഉദ്യമങ്ങൾതന്നെയാണു്. എന്നാൽ ദൈവത്തിന്റെ കായ്യപരിപാടി മനുഷ്യന്റേതിൽ നിന്നു തുലോം വിഭിന്നമത്രെ. "അന്യഥാ ചിന്തിതംകായ്യം, ദൈവമന്യത്രചിന്തയേൽ" എന്നുണ്ട

ല്ലോ. നമ്മുടെ യുവധർമ്മഭടൻ കരയ്ക്കിറങ്ങിയ മാത്രയിൽ അദ്ദേഹത്തിനു ഗുരുതരമായ ഒരു രോഗംപിടിപെട്ടു. യാത്രയിലെ ക്ഷീണവും ശീതോഷ്ണാവസ്ഥയുടെ വ്യത്യാസവും മൂലമുണ്ടായ ആ കഠിനമായ ജ്വരം രണ്ടുമാസത്തിലധികം നീണ്ടുനിന്നു. മൊറാക്കോയിലെ തെരുവീഥികളിൽ ക്രൂടി ഒരു പ്രാവശ്യമെങ്കിലും കടന്നുപോകുന്നതിനൊ തന്റെ ഗംഭീരമായസ്വരം അവിടെയെങ്ങാനും ഒരിക്കലെങ്കിലും ഉയർത്തുന്നതിനൊ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം സ്വാത്മനാ ആഗ്രഹിച്ച ആ ക്രിസ്തുധർമ്മപ്രചാരത്തിനുവേണ്ടി ചെറുവിരൽപോലും അനക്കുന്നതിനു് അദ്ദേഹത്തിനു പ്രാപ്തിയുണ്ടായില്ല. ഒടുവിൽ അദ്ദേഹത്തിനു് ഒരുവിധം സുഖമായപ്പോഴേക്കും ക്ഷീണപരിഹാരത്തിനും പൂർണ്ണാരോഗ്യപ്രാപ്തിക്കും സ്വദേശത്തേക്കു മടങ്ങിപ്പോകുന്നതാണു നല്ലതെന്നുള്ള മേലാവിന്റെ തീരുമാനം അദ്ദേഹം അനുസരിക്കേണ്ടിവന്നു.

അൻറണിക്കും തന്റെ ആത്മീയഗുരുവായ സെയിൻറ് ഫ്റാൻസിസ്സിനും തമ്മിൽ ഹൃദയംഗമമായ ഒരു സാമ്യം നാം ഇവിടെ കാണുന്നു. ഫ്റാൻസിസ്സും മഹമ്മദീയരെ ക്രിസ്ത്യാനികളാക്കുന്നതിനു മൂന്നുപ്രാവശ്യം ഉദ്യമിച്ചു. മൂന്നുപ്രാവശ്യവും അദ്ദേഹം ഭഗ്നാശയനായി മടങ്ങേണ്ടിവന്നു. ഇരുവരും രക്തസാക്ഷിമുടിചൂടുന്നതിനാഗ്രഹിച്ചു; രണ്ടുപേർക്കും അതു പ്രത്യക്ഷത്തിൽ സാധിച്ചില്ല. ബാഹ്യമായി അവർക്കു വിജയമുണ്ടായില്ലെങ്കിലും അവർ ആത്മനാ യഥാർത്ഥ രക്തസാക്ഷികളായിരുന്നതിനാൽ അവർ ആഗ്രഹിച്ച സമ്മാനത്തിനു് അർഹന്മാരായിരുന്നു. "ഓ, സാക്ഷാൽ അനുഗ്രഹീതനായ മഹാത്മാവേ, മതവിരോധിയുടെ ഖഡ്ഗപ്രയോഗത്തിനു് അങ്ങു വിഷയമായില്ലെങ്കിലും രക്തസാക്ഷിയുടെ കിരീടം അങ്ങേക്കു സിദ്ധിക്കാതിരുന്നില്ല" എന്നു സെയിൻറ് ബനവന്തർ ഗുരുവിനെപ്പറ്റി പറയുന്നതു ശിഷ്യനും പറയുന്നതാണു്.

അന്റോണിയുടെ പ്രവൃത്തിരംഗമായി ദൈവം ഉദ്ദേശിച്ചിരുന്നതു് ആഫ്രിക്കയുടെ ശൂന്യങ്ങളായ തിരങ്ങളെയല്ല. മതഭേദികളുടെയും പാഷണ്ഡന്മാരുടെയും ബാധയാൽ നാശോന്മുഖമായിരുന്ന യൂറോപ്പിനായിരുന്ന അദ്ദേഹത്തിന്റെ പരിപാവനമായ സാന്നിദ്ധ്യത്തിന്റെയും ശക്തിയുക്തങ്ങളായ പ്രസംഗങ്ങളുടെയും മഹനീയങ്ങളായ അത്ഭുതസിദ്ധികളുടെയും ഫലം അനുഭവിക്കാൻ ഭാഗ്യമുണ്ടായിരുന്നതു്. അപ്പോസ്തലമകുടമായിരുന്ന അദ്ദേഹത്തിനു് ഈശ്വരവിഹിതമായിരുന്നതു്.

പോർട്ടുഗല്ലുലേയ്ക്കായിരുന്ന അന്തോനി കപ്പൽ കയറിയതെങ്കിലും അദ്ദേഹം സ്വദേശത്തേക്കു മടങ്ങിച്ചെല്ലണമെന്നു ദൈവം നിശ്ചയിച്ചില്ല. കപ്പൽ ഒരു ഭയങ്കരമായ കൊടുംകാറ്റിൽ അകപ്പെടുകയും വഴിതെറ്റി അതു സിസിലിയുടെ തീരത്തു ചെന്നടുക്കുകയും ചെയ്തു. അദ്ദേഹം തോർമീനാ തുറമുഖത്തു് ഇറങ്ങി മെസ്സീനയിലേക്കു പോയി. അവിടെ ഫ്രാൻസിസ്കന്മാക്കു് ഒരാശ്രമമുണ്ടായിരുന്നു. ആ ആശ്രമവളപ്പിൽ അദ്ദേഹം വച്ചു പിടിപ്പിച്ചതായി വിശ്വസിക്കപ്പെടുന്ന ഒരു വൃക്ഷം ഇപ്പോഴും നിലനിന്നുണ്ടു്. ആ വൃക്ഷത്തിനു് അത്ഭുതകരമായി രോഗം ശമിപ്പിക്കുന്നതിനു ശക്തിയുണ്ടെന്നു പറയപ്പെടുന്നു.

രണ്ടുമാസത്തോളം നമ്മുടെ യുവഭിക്ഷു പ്രസ്തുതാശ്രമത്തിൽ വിശ്രമിച്ചപ്പോഴേക്കും അദ്ദേഹത്തിനു യാത്രയുടെയും രോഗത്തിന്റെയും ക്ഷീണം മുഴുവനും മാറുകയും ഒരു നവജീവൻ സിദ്ധിച്ചതായി തോന്നുകയും ചെയ്തു. ആ സന്ദർഭത്തിൽ ഫ്രാൻസിസ്കൻസംഘത്തിന്റെ നാലാമത്തെ പൊതുയോഗത്തെപ്പറ്റിയുള്ള നോട്ടീസു മെസ്സീനായിൽ വന്നുചേർന്നു. സംഘത്തിന്റെ തലസ്ഥാനമായ പോഷ്യൻക്യൂലായിൽ പോകുന്നതിനും അതിന്റെ സ്ഥാപകനായ മഹാത്മാവിന്റെ പാദാരവിന്ദങ്ങളിൽ പ്രണാമംചെയ്യുന്നതിനും പറ്റി

യ ഒരു അവസരമാണിതെന്നു് അന്തോനി കരുതി. ഫിലിപ്പിനൊ എന്ന ധർമ്മസഹോദരനാൽ അനുഗതനായി അദ്ദേഹം മെസ്സീനായിൽനിന്നു പുറപ്പെട്ടു. ഈ യുവാവു് അദ്ദേഹം പോർട്ടുഗല്ലിൽനിന്നു യാത്രയായസമയംമുതൽ അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നു.

1221–മെയു് 30-ാംനു- പോഷ്യൻകുലായിൽ സെയിൻറുമേരീദേവാലയത്തിൻെറ അടുത്തുള്ള വനപ്രദേശത്തുവച്ചു സമ്മേളനം ആരംഭിച്ചു. സെയിൻറു ഫ്രാൻസ്സിസിനു ശരീരത്തിനു സ്വല്പം അസ്വാസ്ഥ്യമുണ്ടായിരുന്നതിനാൽ സമ്മേളനത്തിൻെറ ഭാരവാഹിത്വം ബ്രദർ എലിയാസു് എന്ന ശിഷ്യപ്രമുഖനെ ഏല്പിച്ചു. ഗുരു ശിഷ്യൻെറ പാർശ്വസന്നിധിയിൽ ഇരുന്നു്. തൻെറ ശക്തിഹീനമായ സ്വരം സഭാവാസികൾക്കു കേൾക്കത്തക്കവണ്ണം ഉയർത്താൻ നിവൃത്തിയില്ലായിരുന്നതുകൊണ്ടു, തനിക്കു പറയാനുള്ളതിനെ ശിഷ്യൻമുഖാന്തിരം അവരെ അറിയിച്ചു. ഈ മഹായോഗത്തിൽ നാനാഭാഗങ്ങളിൽനിന്നും ആത്മീയാനന്ദഭരിതരായ മൂവായിരത്തിൽപരം സംഘാംഗങ്ങൾ ഹാജരുണ്ടായിരുന്നു. അവരുടെ ലോകോത്തരമായ സന്തുഷ്ടിയും രീതിവിശേഷങ്ങളും കണ്ടിട്ടു ചുറ്റുമുള്ള ജനങ്ങൾ വിസ്മയവിവശരായി. യോഗത്തിൽ ആയിരക്കണക്കിനുവന്നിരിക്കുന്ന ഈ ഭിക്ഷുക്കൾക്കു് ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലായിരുന്നു. സമ്മേളനം നടന്ന ഏഴു ദിവസങ്ങളിൽ ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ മുഴുവനും ചുറ്റുമുള്ള ഭക്തജനങ്ങൾ കൊണ്ടുവന്നു കൊടുക്കുകയായിരുന്നു അങ്ങനെ കൊണ്ടുവരപ്പെട്ട ആഹാരസാധനങ്ങൾ ആവശ്യത്തിലധികമായിപ്പോയതുകൊണ്ടു മേലാൽ കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ഏർപ്പാടുചെയ്യേണ്ടിവന്നു. വന്നുചേർന്ന ആഹാരംതന്നെയും പാഴായിപ്പോകാതിരിക്കുന്നതിനായിട്ടു സമ്മേളനശേഷം രണ്ടുദിവസംകൂടി ഭിക്ഷുക്കൾ അവിടെ താ

മസിക്കേണ്ടിവന്നു. കർത്തിനാൾ റാനേറിയൊ കപ്പോഷിയൊ അതിന്റെ അദ്ധ്യക്ഷ്യം വഹിച്ചു. അതു ഫ്രാൻസിസ്കൻ സംഘത്തിന്റെ സുവർണ്ണകാലമായിരുന്നു. അതിന്റെ ലോകസംസ്കാരകശക്തി വിസ്മയജനകമാംവണ്ണം പ്രത്യക്ഷീഭവിച്ചു. ധ്യാനശീലനായ സിൽവസ്റ്റർ, പരമാനന്ദനിമഗ്നനായ ഗൈൽസ്, മേരീഭക്തനായ തോമസ് കെലാനോ, ജോൺ പിയാനൊ ഇങ്ങനെ അനേകശതം ധർമ്മവീരന്മാർ ആ മഹാസംഘത്തെ അലങ്കരിച്ചിരുന്നു. അവാച്യമായ ദിവ്യമാധുരിയും സ്വർഗ്ഗീയദീപ്തിയും നാലുപാടും ചിതറിക്കൊണ്ടിരുന്ന ആ പുണ്യപുരുഷന്മാരുടെ ദർശനം നമ്മുടെ പോർട്ടുഗൽ യുവാവിനു ചേതോഹരമായിരുന്നു. ജർമ്മനിയിൽ ധർമ്മപ്രചാരണത്തിനായി ഒരു സംഘം ധർമ്മദൂതന്മാർ പോകുന്ന കാര്യത്തെപ്പറ്റി ഗുരുവര്യൻ പ്രസ്താവിച്ചപ്പോൾ, എൺപതു സന്യാസികളും അദ്ദേഹത്തിന്റെ ആജ്ഞയെ ശിരസാ വഹിക്കുന്നതിനു് ഉടനടി സന്നദ്ധരായി എഴുനേറ്റു.

ആകപ്പാടെ സമ്മേളനത്തിന്റെ ചടങ്ങുകളും വളരെ വ്യത്യസ്തമായിരുന്നു. ആ ധർമ്മദൂതനഭോമണ്ഡലത്തിൽ സിൽവസ്റ്റർ തുടങ്ങിയ ദീപ്തിമത്തുകളും പ്രശാന്തരമണീയങ്ങളുമായ അനേകം നക്ഷത്രങ്ങളും ഗ്രഹങ്ങളും പരിലസിച്ചിരുന്നു, എങ്കിലും അതിലെ സാക്ഷാൽ ദിവാകരൻ സെയിന്റു ഫ്രാൻസിസ്സായിരുന്നു ശോഷിച്ചുതെങ്കിലും വിനയം, വൈരാഗ്യം, സ്നേഹം മുതലായ ആത്മീയഗുണങ്ങളാൽ വിരാജമാനായിരുന്ന അദ്ദേഹത്തിന്റെ മുഖാരവിന്ദത്തിൽ അനോനി നിസ്സിമേഷനായി നോക്കിക്കൊണ്ടിരുന്നു. അത്തരം ഒരു ഗുരുശ്രേഷ്ഠന്റെ ശിഷ്യനാകാൻ ഭാഗ്യം നൽകിയ ജഗദീശനു് അദ്ദേഹം നന്ദിപറഞ്ഞു. ഈ രണ്ടു മഹാത്മാക്കളും പരസ്പരം അറിയുന്നതിനും പരിചയപ്പെടുന്നതിനും സംഗതിയായില്ല (മനുഷ്യരെ മനസ്സിലാക്കുന്നതിനു് അന്യാദൃശമായ ശക്തിയുണ്ടായിരുന്നു സെയിന്റു

ഫ്റാൻസിസു തന്റെ ശിഷ്യന്മാരിൽ അഗ്രഗണ്യനും ഏറവും പ്രസിദ്ധനും ആകാനുള്ള ആ യുവാവിന്റെമേൽ ഇതുവരെ ശ്രദ്ധപതിച്ചതായി തോന്നുന്നില്ല. അജ്ഞാതനായി, നിശ്ശബ്ദനായി അദ്ദേഹം ആ മഹായോഗത്തിൽ ഒരുഭാഗത്തിരുന്നു. രക്തസാക്ഷിയാകുന്നതിനു് അത്യുൽസുകനായിരുന്ന അദ്ദേഹം, ജർമനിയിലേയ്ക്കുള്ള യാത്ര അതിനു വളരെ പറഞ്ഞിരുന്നുവെങ്കിലും, അവിടെ പോകാൻ തയാറായി എഴുന്നേറ്റില്ല. രക്തസാക്ഷിയാകണമെന്നുള്ള വിചാരം ഇപ്പോഴും അദ്ദേഹം നിശ്ശേഷം ഉപേക്ഷിച്ചിരിക്കണമെന്നു് ഇതിൽനിന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

സമ്മേളനം അവസാനിച്ചു. എല്ലാവരും സന്തോഷഭരിതരായി അവരവർക്കു സിദ്ധിച്ച ഉദ്യോഗങ്ങളെ വഹിച്ചുകൊണ്ടു സ്വസ്വാശ്രമങ്ങളിലേക്കു പുറപ്പെട്ടു. പാവപ്പെട്ട അന്തോനിയെപ്പറ്റി ആരും അതു ശ്രദ്ധിച്ചില്ല. അദ്ദേഹം ഏതെങ്കിലും ഉദ്യോഗത്തിനു യോഗ്യനാണെന്നു ഗണിക്കപ്പെട്ടില്ല. ഇങ്ങനെ അദ്ദേഹം നിരാശ്രയനായി വിഷമിച്ചുനിന്നപ്പോൾ ബൊലോണായിലെ ആശ്രമാധിപനായ ഫാദർ ഗ്രസ്യാനെ കണ്ടു്, തന്നെക്കൂടെ അദ്ദേഹത്തിന്റെ ആശ്രമത്തിലേക്കു കൊണ്ടുപോയി അദ്ധ്യാത്മവിദ്യ പഠിപ്പിക്കണമെന്നു് അപേക്ഷിച്ചു. തന്റെ പൂർവചരിത്രത്തെപ്പറ്റിയോ വേദശാസ്ത്രപാണ്ഡിത്യത്തെപ്പറ്റിയോ ഒരക്ഷരംപോലും അപ്പോൾ അദ്ദേഹം ശബ്ദിച്ചില്ല. തന്റെ ബുദ്ധിയും ജ്ഞാനവുമെല്ലാം അദ്ദേഹം ക്രിസ്തുവിൽ സമർപ്പിച്ചു. ക്രിസ്തുവിനെ, ക്രൂശിതനായ ക്രിസ്തുവിനെ, അറിയുന്നതിനും സ്നേഹിക്കുന്നതിനും അനുകരിക്കുന്നതിനും മാത്രമേ അദ്ദേഹം ആഗ്രഹിച്ചുള്ളൂ. ഈ യുവാവിന്റെ സ്വഭാവസാരള്യത്താൽ സ്പൃഷ്ടഹൃദയനായി ഗ്രസ്യാൻ അദ്ദേഹത്തിന്റെ അപേക്ഷയെ സന്തോഷപൂർവം സ്വീകരിച്ചു; രണ്ടുപേരും ബൊലോണായിലേക്കു പുറപ്പെട്ടു.

---

# അദ്ധ്യായം ൪.

## വാനപ്രസ്ഥൻ.

"ക്രിസ്തുവിനെ, ക്രൂശിതനായ ക്രിസ്തുവിനെ, അറിയുക, സ്നേഹിക്കുക, അനുകരിക്കുക" ഈ മഹദ്വചനത്തിൽ നമ്മുടെ യുവഭിക്ഷുവിന്റെ ആകാംക്ഷകളും ആഗ്രഹങ്ങളും സംക്ഷിപ്തമായും സമ്യക്കായും അന്തർഭവിച്ചിരുന്നു പതിനഞ്ചാമത്തെ വയസ്സിൽ ഭാവിയിൽ താൻ അവലംബിക്കാനിരുന്ന ജീവിതാവസ്ഥ തനിക്കു തീർച്ചയില്ലായിരുന്നുവെങ്കിലും, അദ്ദേഹം യൌവനസഹജമായ ഔൽസുക്യത്തോടുകൂടി ദൈവത്തെ അന്വേഷിച്ചു. താൻ അന്വേഷിച്ച ദൈവത്തെ കൽവാരിമലയുടെ മുകളിൽ കുരിശുമരത്തിൽ തൂങ്ങിക്കിടക്കുന്നതായി അദ്ദേഹം കാണുകയും അപ്പോൾമുതൽ ആ ദൈവത്തോടു് ഒരിക്കലും പിരിയാത്തവിധത്തിൽ സംസക്തനാവുകയും ചെയ്തു. ഇരുപത്തഞ്ചാമത്തെ വയസ്സിൽ അദ്ദേഹം അത്യാഹ്ലാദപൂർവ്വം രക്തസാക്ഷിമകുടം തേടി പുറപ്പെട്ടു. ആ സമാരംഭത്തിൽ അദ്ദേഹം നിശ്ലേഷം ഭഗ്നാശനാകുകയാൽ മനുഷ്യനിൽ നിന്നകന്നു് ഏകാന്തമായി തപസ്സുചെയ്യുന്നതിനും ദൈവവുമായി ഹൃദയാന്തർഹൃദയസംഭാഷണം ചെയ്യുന്നതിനും ആഗ്രഹിച്ചു.

ഫ്രാൻസിസ്കൻസംഘത്തിനു രണ്ടു തരത്തിലുള്ള ആശ്രമങ്ങൾ ആദ്യംമുതല്ക്കേ ഉണ്ടായിരുന്നു. ഒരു തരം, കുറെ വലുതായിട്ടുള്ളവ, നഗരപരിസരങ്ങളിലും, മറേത്തരം, കുറെ ചെറുതായിട്ടുള്ളവ, ഏകാന്തങ്ങളായ വനാന്തരങ്ങളിലുംസ്ഥിതിചെയ്തിരുന്നു. വാനപ്രസ്ഥാശ്രമം അവലംബിച്ചു് ഏകാന്തമായ തപസ്സുകൊണ്ടു സന്ന്യാസജീവിതത്തിനും ലോകസേവനത്തിനും ഒരുങ്ങുന്നതിനായിരുന്ന രണ്ടാംതരത്തിലുള്ള ആ

ശ്രമങ്ങൾ ഉദ്ദേശിക്കപ്പെട്ടിരുന്നതു് ഇത്തരം ഒരാശ്രമം അപ്പിനയിൻപവ്വതത്തിന്റെ ചരിവുകളിൽ പോർലിക്കു സമീപം മൈണ്ടു്പയോലൊ എന്ന വനപ്രദേശത്തുണ്ടായിരുന്നു. അവിടെ പോകുന്നതിനു് ആൻറണി അനുവാദംആപേക്ഷിക്കുകയും അതു സിദ്ധിക്കുകയുംചെയ്തു. അവിടെ ചെന്നപ്പോൾ നിബിഡങ്ങളായ പയിൻവൃക്ഷനിരകൾക്കിടയ്ക്കു് ആശ്രമത്തിനു കുറെ അകലെയായി ഏകാന്തമായ ഒരു പർണ്ണശാല അദ്ദേഹം കണ്ടു. ലോകവുമായി യാതൊരിടപാടുമില്ലാതെ ധ്യാനജപങ്ങളിൽ മാത്രം പരായണരായി കഴിഞ്ഞുകൂടണമെന്നുള്ളവർക്കു അതു് ഏറ്റവും പറ്റിയസ്ഥലംതന്നെയായിരുന്നു. അതു് അപ്പോൾ ഒരു ധർമ്മസഹോദരൻ ഉപയോഗിച്ചുകൊണ്ടിരുന്നു. അദ്ദേഹം അതു് അന്തോനിക്കായി സസന്തോഷം വിട്ടുകൊടുത്തു. പകൽസമയം മഴുവൻ അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. ജീവസന്ധാരണത്തിനായി ഒരു കഷണം അപ്പവും പച്ചവെള്ളവും മാത്രമേഅദ്ദേഹം ഉപയോഗിച്ചിരുന്നുള്ളൂ. ഇന്ദ്രിയനിഗ്രഹത്തിനായി അദ്ദേഹം സ്വശരീരത്തെ, സെയിൻറ് ഫ്രാൻസിസ്സിന്റെ ഭാഷയിൽ പറഞ്ഞാൽ, "കഴുതച്ചേട്ടനെ", ഒട്ടും അലിവുകൂടാതെ സ്വയംകൃതദണ്ഡനത്താൽ പീഡിപ്പിച്ചു. അദ്ദേഹത്തിന്റെ വിളറിയ ചുണ്ടുകളും ഒട്ടിയ കവിൾത്തടങ്ങളും ഈ കൊടുംതപസ്സിനു സാക്ഷ്യം വഹിച്ചു. ക്ഷീണപാരവശ്യംകൊണ്ടു് അദ്ദേഹത്തിന്റെ കൈകാലുകൾ വിറച്ചു. പർണ്ണശാലയിൽനിന്നു മടങ്ങുന്നതിനു് ഒരു സഹോദരന്റെ താങ്ങു് ആവശ്യമായി വരത്തക്കവണ്ണം അദ്ദേഹം അത്ര ക്ഷീണിച്ചുപോയിരുന്നു.

ഈ വനാന്തരത്തിൽ അദ്ദേഹം ഒരു വർഷക്കാലം കഠിനതപാനുഷ്ഠാനങ്ങളിൽ കഴിഞ്ഞുകൂടി. അവയ്ക്കു സാക്ഷികളായി മാലാഖമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ വർഷം ഏറ്റവും ഫലപ്രദമായ ഒന്നായിരുന്നു. അവിടെവച്ചു് അ

ദ്ദേഹം കഠിനമായതപസ്സുചെയ്തതിനുപുറമേ അവാച്യമായ ഈശ്വരധ്യാനമാധുര്യവും അഗാധമായ അദ്ധ്യയനരസവും അനുഭവിച്ചു. അദ്ദേഹം ദാവീദ്‌രാജർഷിയുടെ സങ്കീർത്തനങ്ങളും പകർത്തിയെഴുതുകയും അവയിൽ അന്തർഭ്രതങ്ങളായിരുന്ന അതീവവിശേഷങ്ങൾക്കു വ്യാഖ്യാനങ്ങളും രചിക്കുകയും ചെയ്തു. അദ്ദേഹം വേദഗ്രന്ഥങ്ങളിൽനിന്നു് അമൃതാശനം ചെയ്തു. തന്റെ ക്രൂശിതനായ രക്ഷകന്റെ മുറിവുകളിൽനിന്നു പുറപ്പെടുന്ന ഉറവുകളിൽനിന്നു് അദ്ദേഹം യഥേഷ്ടം പാനംചെയ്തു. ത്യാഗത്താലും സ്നേഹത്താലും അദ്ദേഹത്തിന്റെ ഹൃദയം ഉത്തരോത്തരം വികാസത്തെ പ്രാപിച്ചു.

ദുഷ്പ്രാപമാംവണ്ണം അത്യുന്നതങ്ങളും സദാപി ഹിമാവൃതങ്ങളുമായ പർവ്വതാഗ്രങ്ങളുടെ വിപുലവും നിർജ്ജീവവുമായ ഏകാന്തതയിൽനിന്നാണല്ലൊ ശാദ്വലപ്രദേശങ്ങളെ സേചനംചെയ്തു് അവയെ ഫലപ്രദങ്ങളാക്കുന്ന നദികളും ഉല്പാദിച്ചു നാലുപാടും പ്രവഹിക്കുന്നതു്. വിവിക്തങ്ങളായ അതേ പർവ്വതശിഖരങ്ങളിൽവച്ചുതന്നെയാണു് അജ്ഞാനതിമിരത്തിൽനിമഗ്നമായിക്കിടന്നുഴലുന്ന ലോകത്തെ ഭാസുരങ്ങളായ ജ്ഞാനരശ്മികളാൽ പ്രകാശമാനമാക്കിത്തീർക്കുന്ന തേജോമൂർത്തികളായ മഹർഷിപ്രവരന്മാർ പ്രബുദ്ധന്മാരായിബ്ഭവിക്കുന്നതു്. സംസാരസമുദ്രത്തിൽ കിടന്നു നീന്തിത്തുടിക്കുന്ന മനുഷ്യവർഗ്ഗത്തെ സമുദ്ധരിക്കുന്നതിനായി അവതീർണ്ണരായ ലോകരക്ഷകന്മാരാകുന്ന ഉദ്ധൃപങ്ങളും ഇറങ്ങിവരുന്നതും അവിടെനിന്നാണു്! ലോകസംസ്കാരകന്മാരിൽ അഗ്രഗണ്യന്മാരായ സെയിന്റ് ഫ്രാൻസിസ്, സെയിന്റ് ബെർണാർഡ്, സെയിന്റ് നാർബർട്ട്, സെയിന്റ് ബനഡിക്ടു മുതലായ സിദ്ധന്മാർക്കു ദിവ്യപ്രകാശം സിദ്ധിച്ചതും മലമ്പുറത്തെ ഗുഹകളിൽവച്ചും വനാന്തരങ്ങളിലെ പണ്ണശാലകളിൽവച്ചുമായിരുന്നു. പാശ്ചാത്യരാജ്യങ്ങളെ തന്റെ ദിവ്യമായ വാണീവിലാസത്താലും അത്ഭുതസിദ്ധികളാ-

ലും ആശ്ചര്യപരതന്ത്രമാക്കിയ സെയിൻറ് ആൻറണിയും ഈ മഹാത്മാക്കളെ അനുകരിക്കുകയാണു ചെയ്യുന്നതു്. പ
ർവ്വതാഗ്രങ്ങളിലെ ഹിമാനിപൂണ്ണങ്ങളായ ജലാശയങ്ങളുടെ തീരസ്ഥിതങ്ങളായ പാറക്കൂട്ടങ്ങളിൽ ഒരു ചെറിയ വിടവുണ്ടായാൽ അവയിൽനിന്നു് ഉടനടി ക്രൂരനിഷ്ക്രമായ ജലപ്രവാഹമുണ്ടാകുകയും അതു മലംചരിവുകളെയും താഴ്വരകളെയുമെല്ലാം ജലസമൃദ്ധമാക്കുകയും ചെയ്യുന്നു. മൌണ്ട് പയോലൊയിലെ വാനപ്രസ്ഥൻ തൻറെ ഹൃദയത്തിൽ തിങ്ങിവിങ്ങി നിറഞ്ഞിരുന്ന അദ്ധ്യാത്മജ്ഞാനത്തെയും സ്നേഹത്തെയും ലോകസമക്ഷം പ്രകാശിപ്പിക്കുന്നതിനു സ്വർഗ്ഗത്തിൽനിന്നു് ഒരടയാളം മാത്രമേ പ്രതീക്ഷിച്ചിരുന്നുള്ളൂ. ആ അടയാളം എത്രയുംഹൃദ്യമായവിധത്തിൽ നൽകപ്പെട്ടു.

1222 മാച്ചുമാസം 19-ാംനു ഫോർലിയിൽവച്ചു ഫ്രാൻസിസ്കൻ സംഘത്തിലെയും ഡോമിനിക്കൻ സംഘത്തിലെയും ഒട്ടുവളരെ സന്യാസികൾക്കു ഗുരുപട്ടം നൽകപ്പെട്ടു. പട്ടാഭിഷേകകർമ്മത്തിൽ സംബന്ധിക്കുന്നതിനു ഫാദർ ഗ്രസ്യാനോട്ടുക്രൂടി അന്തോനിയും വന്നിരുന്നു. ഫാദർ ഗ്രസ്യാനു നമ്മുടെ യുവസന്യാസിയോടു് ആദ്യമേതന്നെ പ്രത്യേകമായി ഒരു സ്നേഹം തോന്നിയിരുന്നു. അദ്ദേഹത്തിൻറെ ബുദ്ധിവൈശിഷ്ട്യത്തെപ്പറ്റിയും ആത്മീയസംസ്കാരത്തെപ്പറ്റിയും ആ വൈദികശ്രേഷ്ഠനു നല്ല മതിപ്പുണ്ടായിരുന്നു. നവമായി അഭിഷേകംചെയ്യപ്പെട്ട ഈ വൈദികരെ ഉദ്ദേശിച്ചു ഗുരുപട്ടത്തിൻറെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്ന ഒരു പ്രസംഗംചെയ്യുന്നതിനു് അഭിഷേകകർമ്മം നടത്തിയ മെത്രാൻ ഫാദർ ഗ്രസ്യാനോടാവശ്യപ്പെട്ടു. അദ്ദേഹം ഈ ബഹുമാന്യമായ കൃത്യം നിർവ്വഹിക്കുന്നതിനു ഡോമിനിക്കൻവൈദികരെ ക്ഷണിച്ചു. അത്ര പ്രധാനമായ ഒരു വിഷയത്തെക്കുറിച്ചു് അത്ര പ്രധാനമായ ഒരു സന്ദർഭത്തിൽ പൊട്ടന്നനവെ മുൻക്രൂട്ടി യാതൊരു തയാറും ചെ

യാതെ പ്രസംഗിക്കുന്നതിനു് അവർ വൈമനസ്യം പ്രദർശിപ്പിച്ചു. ഗത്യന്തരമില്ലാതെ വന്നപ്പോൾ, പെട്ടന്നുണ്ടായ ഒരഭിനിവേശത്തിന്റെ ഫലമായി, തന്റെ അനുയായിയായ അന്തോനിയോട്ട് ഉപദേശപ്രസംഗം ചെയ്യുന്നതിനു് അദ്ദേഹം ആജ്ഞാപിച്ചു. അന്തോനിയാകട്ടെ ആ ആജ്ഞയെ ശിരസ്സാവഹിച്ചു. പരമാത്മാവിന്റെ പ്രചോദനത്തിനുമാത്രം വശംവദനായി, "ക്രിസ്തു, മരണംവരെ കുരിശുമരണംവരെത്തന്നെയും അനുസരണമുള്ളവനായിരുന്നു" എന്ന അപ്പോസ്തലവാക്യത്തെ ആധാരമാക്കി അദ്ദേഹം പ്രസംഗം ആരംഭിച്ചു. ദിവ്യപൂജാപ്പണത്തിൽ ദൈവകുമാരനായ ക്രിസ്തുവിന്റെ സ്ഥാനസ്ഥിതനായ ഒരു യഥാർത്ഥപുരോഹിതന്റെ ഉന്നതങ്ങളായ ആദർശങ്ങളെയും പരിപൂർണ്ണമായജീവിതപവിത്രതയേയും അദ്ദേഹം ആ നവവൈദികരുടെ മുമ്പാകെ പ്രദർശിപ്പിച്ചു. പരിഞ്ഞ സ്വരത്തിലും സഭാകമ്പത്തോടും തുടങ്ങിയ അദ്ദേഹത്തിന്റെ പ്രസംഗം ക്ഷണേന ഉജ്വലവും പ്രൌഢഗംഭീരവും ഹൃദയാവർജ്ജകവുമായിത്തീർന്നു. ഉപവാസംകൊണ്ടുക്ഷീണിച്ച വശായതും രോഗംകൊണ്ടു ക്രുനിപ്പോയതുമായ അദ്ദേഹത്തിന്റെ ശരീരം പ്രസംഗത്തിനു് ഉത്സുകുടിയപ്പോൾ ശരിക്കു നിവന്നു. അദ്ദേഹത്തിന്റെ മുഖം ആശ്ചര്യകരമായ ഒരു തേജസ്സിനാൽ പ്രകാശിതമായി. രാജകുമാരയോഗ്യമായ വിദ്യാഭ്യാസത്താൽമാത്രം സംജാതമാകുന്ന കോമളതയേയും ഗാംഭീര്യത്തേയും അദ്ദേഹത്തിന്റെ ബാഹ്യപ്രകൃതി ദ്യോതിപ്പിച്ചു. വേദശാസ്ത്രങ്ങളാകുന്ന മഹാഗിരിയുടെ ഉത്തുംഗശൃംഗങ്ങളിലേക്കു് അദ്ദേഹം ശ്രോതാക്കളെ ആഭ്യാകഷ്ചിച്ചു. സദസ്സിൽ സന്നിഹിതരായിരുന്ന എല്ലാവരും—മെത്രാനും, ഡോമിനിക്കന്മാരും ഫ്രാൻസിസ്കന്മാരും—വിസ്മയവിവശരായി. മഹാദീർഘദർശികളിലൊരുവന്റെ സ്വരപ്രതിധ്വനി കേൾക്കുന്നതായി അവർക്കു തോന്നി. സദസ്യർ ഒന്നൊഴിയാതെ ആനന്ദാശ്രുക്കൾ പൊഴിച്ചു. അദ്ദേഹത്തിന്റെ ബുദ്ധിയു

ടെ ഗാംഭീര്യാതിശയത്തെയോ ഹൃദയത്തിന്റെ വിനയാതിരേകത്തെയൊ, ഏതിനെയാണു ക്രൂട്ടതൽ വാഴ്ത്തേണ്ടതെന്നു നിർണ്ണയിക്കുക അവക്കു പ്രയാസമായിരുന്നു.

ഫാദർ ഗ്രസ്യാന്റെ ആനന്ദം നിസ്സീമവും നിസ്തുല്യവുമായിരുന്നു. അസ്സീസിയിലെ മഹായോഗത്തിൽവച്ചു് അദ്ദേഹത്തിന്റെ സഹായത്തെ അഭ്യർത്ഥിച്ച ആ അപരിചിതനു, ആരുടേയും ശ്രദ്ധയ്ക്കു വിഷയമാകാതിരുന്ന ആ യുവഭിക്ഷു, പെട്ടെന്നു് ഒരു ഒന്നാംതരം വാഗീശനും പ്രൌഢമനസ്കനും ഉത്തമനായ അപ്പോസ്തലനുമായി ലോകസമക്ഷം പ്രത്യക്ഷനായിരിക്കുന്നു! ആശ്രമാംശത്തിന്റെ വിജയം ആശ്രമാധിപതിക്കു അത്യന്തം ചാരിതാർത്ഥ്യജനകമായിരിക്കുമല്ലോ. അന്തോനിയുടെ ഈ മഹനീയഗുണങ്ങൾ കണ്ടിട്ട ഫാദർ ഗ്രസ്യാൻ അദ്ദേഹത്തിനു് ഉടൻതന്നെ സുവിശേഷം പ്രസംഗിക്കുന്നതിനുള്ള അധികാരം കൊടുത്തു. പറയൻകീഴ് മറഞ്ഞിരുന്ന വെളിച്ചം എല്ലാവരും കാണത്തക്കവണ്ണം മെഴുകുതിരിത്തണ്ടിന്മേൽ ഉയർത്തിവയ്ക്കപ്പെട്ടു'. ഭക്ഷണപാനീയപാത്രങ്ങൾ കഴുകി വെടിപ്പാക്കുന്നതിനുമാത്രം കൊള്ളുന്നവൻ എന്നു സതീർത്ഥ്യരാൽ ഗണിക്കപ്പെട്ടവൻ വേദശാസ്ത്രതത്ത്വങ്ങളെ പ്രതിപാദിക്കുന്നതിൽ അത്ഭുതകരമായ സാമർത്ഥ്യമുള്ളവനാണെന്നും ഒരു വശ്യവചസ്സാണെന്നും പ്രസിദ്ധമായി.

അന്തോനി തന്റെ പുതിയ ഉദ്യോഗത്തിൽ ഉടൻ പ്രവേശിച്ചു. 1222-മുതൽ 1224-വരെ അദ്ദേഹം റൊമാഞ്ഞായിൽ ജനങ്ങളെ 'ധ്യാനിപ്പിക്കുന്നതിലും' ആത്മീയജീവിതത്തിൽ സഹായിക്കുന്നതിലും വ്യാപൃതനായി. യുവാവായ പോർട്ടുഗീസുസന്ന്യാസിയുടെ സാമർത്ഥ്യവിശേഷത്തെപ്പറ്റി സെയിൻറു ഫ്രാൻസിസ്സിനോടു ഫാദർ ഗ്രസ്യാൻ പറഞ്ഞപ്പോൾ അദ്ദേഹം സന്തുഷ്ടനായി ഇപ്രകാരം ഘോഷിച്ചു. "അങ്ങനെ നമുക്കൊരുമെത്രാനുമായി". തന്റെ ശിഷ്യനും

രുടെ ആത്മീയവിജയങ്ങളെപ്പററി കേൾക്കുന്നതുപോലെ അ ത്ര സന്തോഷപ്രദമായി അദ്ദേഹത്തിനു യാതൊന്നുമുണ്ടായി രുന്നില്ല. മൊറോക്കയിൽവച്ചു ധർമ്മവീരസ്വർഗ്ഗം പ്രാപിച്ച ആ ശിഷ്യതല്ലജങ്ങളം അധിവസിച്ചിരുന്ന ആശ്രമത്തെ അ ദ്ദേഹം പ്രത്യേകമായി അനുഗ്രഹിച്ചിരുന്നു. ഇപ്പോൾ അ ദ്ദേഹം, "കാണുക, എന്റെ മകന്റെ സൌരഭ്യം ദൈവ ത്താൽ അനുഗ്രഹീതവും കുസുമഫലസമൃദ്ധവുമായ ഒരു വ യലിന്റെ സൌരഭ്യംപോലെയാകുന്നു" എന്നു ഇസാക്കു് ജേക്കബ്ബിനെ ഉദ്ദേശിച്ചു് ഉച്ചരിച്ച ആശീർവ്വാദംതന്നെ അ ന്തോനിക്കും നൽകി.

---

## അദ്ധ്യായം ൩൨.

---

### വേദാദ്ധ്യാപകൻ.

അന്തോനി യഥാവസരം ഫ്രാൻസിസ്കൻധർമ്മസൈ ന്യത്തിന്റെ മുന്നണിയിൽ എത്തി. സെയിന്റു ഫ്രാൻ സിസ്സു് തന്റെ ശിഷ്യന്മാക്കു വേദാദ്ധ്യയനം ചെയ്യുന്നതി നു് ഒരു സൌകര്യം ഉണ്ടാക്കണമെന്നും അതിനായി ഒരു സ്കൂൾ ബൊലോണാസർവ്വകലാശാലയോടു ചേർത്തു സ്ഥാപി ക്കണമെന്നും ആദ്യംമുതല്ക്കേ ആഗ്രഹിക്കുന്നുണ്ടായിരുന്നു. എന്നാൽ അങ്ങനെ ഒരു സ്ഥാപനത്തെ ഭംഗിയായും കായ്ക്ഷമമായും നടത്തിക്കൊണ്ടുപോരുന്നതിനു പാണ്ഡിത്യത്തി ലും ഭക്തിയിലും ജീവിതശുദ്ധിയിലും ഒന്നുപോലെ യോഗ്യ നായ ഒരാളിനെ കിട്ടുകയെന്നുള്ളതു് അത്രഎളുപ്പമായിരുന്നി ല്ല. മെനെഗ്നുപയോളൊയിലെ ആ വാനപ്രസ്ഥന്റെ യോ ഗ്യതകളെപ്പററി ഫാദർ ഗ്രസ്യാൻ പറഞ്ഞറിഞ്ഞപ്പോൾ പ്രസ്തുതമായ ഉദ്യോഗത്തിനു പററിയ ആൾ അയാൾതന്നെ

യെന്നു് അദ്ദേഹം തീരുമാനിച്ചു. ഉടൻ അദ്ദേഹം അന്തോനിയെ അതിൽ നിയമിച്ചു. താഴെക്കാണുന്നവിധത്തിൽ ഒരു കത്തെഴുതി. (ഈ കത്തു് ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.)

"പ്രിയപ്പെട്ട സഹോദരൻ അന്തോനിക്കു സഹോദരൻ ഫ്രാൻസിസ് ഈശ്വരനാമത്തിൽ വന്ദനം പറഞ്ഞുകൊള്ളുന്നു. അങ്ങു നമ്മുടെ സഹോദരന്മാരെ പഠിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ ജീവിതനിയമത്തിന്റെ നിർദ്ദേശപ്രകാരമുള്ള ധ്യാനനിഷ്ഠയും ഈശ്വരഭക്തിക്കും അങ്ങയേയും മറവുള്ളവരേയും സംബന്ധിച്ചിടത്തോളം ഭംഗംവരാതിരിക്കത്തക്കവണ്ണമായിരിക്കണം അങ്ങു് ആ കൃത്യം നിവ്വഹിക്കേണ്ടതു്. ദൈവം അങ്ങയെ അനുഗ്രഹിക്കുമാറാകട്ടെ"

സെയിൻറു ഫ്രാൻസിസ് വിദ്യാഭ്യാസത്തിന്റെ വിരോധിയാണെന്നു ഒരപവാദമുണ്ടു്. ആ അപവാദം അസംബന്ധമാണെന്നും വാസ്തവത്തിൽ അദ്ദേഹം വിദ്യാഭ്യാസവിഷയത്തിൽ ഒരു നവജീവനും സംസ്കാരവും ഉളവാക്കിയിട്ടു് അതിനെ യഥാർത്ഥമാക്കണമെന്നു മാത്രമേ ആഗ്രഹിച്ചുള്ളുവെന്നും ഈ എഴുത്തിൽനിന്നു വ്യക്തമാണു്.

അനുസരണം തന്റെ മുദ്രാവാക്യമായി വരിച്ചിട്ടുള്ള അന്തോനി തനിക്കു സിദ്ധിച്ച ഈ അപ്രതീക്ഷിതമായ ബഹുമതിയെ എതുയും വിനീതനായി സ്വീകരിച്ചു- അദ്ദേഹം ഉടൻ മൊണ്ടു്പയോളൊയിലെ തന്റെ പ്രിയഭാജനമായ പണ്ണ്ശാല വിട്ടുപിരിഞ്ഞു ബൊലോണായിൽ വന്നുചേന്നു്, തന്റെ പുതിയ ഉദ്യോഗകൃത്യങ്ങളെ സഹജമായ ഊർജ്ജസ്വലതയോടെ നിവ്വഹിച്ചുതുടങ്ങി.

നിർഭാഗ്യവശാൽ അന്തോനിയുടെ പ്രസംഗങ്ങളിൽ യാതൊന്നും നമുക്കു കിട്ടിയിട്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ

കൃതികളിൽനിന്നു് ആ പ്രസംഗങ്ങളുടെ രീതിയും സ്വഭാവവും എന്തായിരുന്നിരിക്കണമെന്നു നമുക്കു ഉദ്ദേശിക്കാൻ കഴിയും. "അറിയുക, സ്നേഹിക്കുക" എന്നീ പദദ്വയത്തിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ സാരസർവ്വസ്വം അടങ്ങിയിരുന്നു. ക്രൂതലായി സ്നേഹിക്കുന്നതിനു ക്രൂതലായി അറിയുക. ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും പരിപൂർണ്ണതയാണു് സന്ന്യാസത്തിന്റെയും പൌരോഹിത്യത്തിന്റെയും ഏകമായ ആദർശം. വിശ്വാസവും പ്രാർത്ഥനയുമാകുന്ന സോപാനമാർഗ്ഗേണ മനുഷ്യാത്മാവു സ്വർഗ്ഗത്തേക്കു കയറുകയും അവിടെനിന്നു പരമാനന്ദസമ്പൽസമൃദ്ധമായി ഇറങ്ങിവരുകയും ചെയ്യുന്നു ഈ അത്യുന്നതങ്ങളും സുന്ദരങ്ങളുമായ വേദാന്തതത്വങ്ങളാണു സാക്ഷാൽ ദൈവശാസ്ത്രത്തിനു് ആസ്പദമായിരിക്കുന്നതു്. ഇത്തരം ഉൽകൃഷ്ടാശയപരംപര അന്തോനിയുടെ അഗാധമായ ഹൃദയത്തിൽനിന്നു നിരർഗ്ഗളമായി പ്രവഹിക്കുകയും, അവ ശിഷ്യഹൃദയങ്ങളിൽ അവഗാഢമായി അദ്ധ്യാത്മജ്ഞാനത്തിന്റെയും ദിവ്യസ്നേഹത്തിന്റെയും പരിപൂർണ്ണതയിലേക്കു അവയെ ഹഠാദാകർഷിക്കുകയും ചെയ്തു.

അന്തോനിയുടെ ഈ അനന്യസാധാരണമായ വാഗ്മിത്വത്തിനും പാണ്ഡിത്യത്തിനും അദ്ദേഹത്തിന്റെ ഒരു സ്നേഹിതനും വെർസല്ലിയിൽ സെയിന്റു് ആൻഡ്രൂസ് ആശ്രമത്തിന്റെ അധിപനുമായ തോമസ്സ് ഗാലൊ എന്ന സുപ്രസിദ്ധപണ്ഡിതൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം തന്റെ 'സെയിന്റു് ഡെന്നീസിന്റെ കൃതികളുടെ ഭാഷ്യ'ത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—"സ്നേഹം പലപ്പോഴും ദുർഗ്രഹങ്ങളായ രഹസ്യങ്ങളെയും അവധാരണം ചെയ്യുന്നു. ഫ്രാൻസിസ്കൻസംഘത്തിൽപ്പെട്ട അനുഗൃഹീതനായ അന്തോനിയിൽ ഇതു ഞാൻ പ്രത്യക്ഷമായി കണ്ടിട്ടുണ്ടു്. അദ്ദേഹവും ഞാനും അടുത്ത സ്നേഹിതന്മാ

രായിരുന്നു. ലൌകികശാസ്ത്രങ്ങളിൽ മറ്റുള്ളവർക്ക് അദ്ദേഹത്തെക്കാൾ ക്ലുപ്തത വിദ്വത്വമുണ്ടാവാം. എന്നാൽ ആത്മീയശാസ്ത്രത്തിൽ അദ്ദേഹം അദ്വിതീയനായിരുന്നു. അദ്ദേഹം വാസ്തവത്തിൽ നിർമ്മലഹൃദയനും വിശ്രുതനുമായ ഒരു അസാധാരണ മനുഷ്യനായിരുന്നു. 'അദ്ദേഹം ഉജ്ജ്വലവും ശോഭായമാനവുമായ ഒരു ദീപമായിരുന്നു' എന്നു സ്നാപകയോഹന്നാനെപ്പറ്റി പറയപ്പെട്ടിട്ടുള്ളതു് സ്നേഹമൂർത്തിയായ അന്തോനിക്കും പറ്റിയതാണു്. ഈശ്വരനിവിഷ്ടനായ ഈ മനുഷ്യൻ പുറമെ ദൈവദൂതോചിതമായ ശ്രുഷ്കാന്തിജ്വാലകളായി പ്രത്യക്ഷീഭവിച്ച ആന്തരമായ സ്നേഹാഗ്നിയാൽ അഭിതപ്തനായിരുന്നു." (ഈ സാക്ഷ്യം അതിന്റെ കർത്താവിന്റെ കൈപ്പടയിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.)

അദ്ധ്യാത്മജ്ഞാനവൈശാരദ്യത്തിൽ നമ്മുടെ പുണ്യവാനെ സമകാലികന്മാർ ഈവിധം പ്രശംസിക്കുകയാലായിരിക്കണം അദ്ധ്യാത്മജ്ഞാനത്തിന്റെ ഒരു ഖനിയായ 'ക്രിസ്തൂപനുകരണം' എന്ന ശ്രേഷ്ഠകൃതിയുടെ കർത്താവു് അദ്ദേഹമാണെന്നു സ്മൃതിപാഠകന്മാർ അഭ്യൂഹിക്കാൻ ഇടയായിട്ടുള്ളതു്. അദ്ദേഹം അതിന്റെകർത്താവല്ലെങ്കിലും അതിലെ ആശയങ്ങളും ചിന്തകളും സർവ്വഥാ അദ്ദേഹത്തിന്റേതു് അനുരൂപങ്ങളായിരുന്നു. അദ്ദേഹം അതിസമർത്ഥനായ ഒരു വേദാദ്ധ്യാപകനായിരുന്നതിനുപുറമേ വേദാന്തവിഷയത്തിൽ ഒരു പുതിയ പ്രസ്ഥാനത്തിന്റെ സ്ഥാപകൻക്രൂടി ആയിരുന്നു. ആ പ്രസ്ഥാനത്തെ പരിപോഷിപ്പിച്ചു അതിവിസ്തൃതമാക്കിയതു സെയിന്റു ബനവന്തർ ആയിരുന്നുവെങ്കിലും, അതിന്റെ ജനയിതാവു് അന്തോനിയാണെന്നുള്ളതു സർവ്വസമ്മതമാണു്.

ഒരു അപ്പോസ്തലനെന്ന നിലയിൽ അദ്ദേഹത്തിന്റെ കീർത്തി ഒരു വേദാദ്ധ്യാപകനെന്നും ഒരു വേദാന്തപ്രസ്ഥാന

ത്തിന്റെ പ്രണേതാവെന്നുമുള്ള ഖ്യാതിയെ അതിശയിച്ചിരുന്നു. പ്രകൃത്യാ ഒരു വാഗ്മിയായ അദ്ദേഹം ധർമ്മൈകജീവിതത്തെ സ്വയം വരിച്ചു. ഫലപ്രദമായി പ്രസംഗിക്കുന്നതിനും ധർമ്മം പ്രചരിപ്പിക്കുന്നതിനും ആവശ്യമുള്ള സകലഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. അതികോമളമായ ശരീരപ്രകൃതിയും, അക്ഷയമായ യൌവ്വനസൌകുമാര്യവും, അസാധാരണമായ വാഗ്വൈഭവവും, ഹൃദയാകർഷകമായ സ്വരമാധുര്യവും, ഭാഷാസ്വാധീനതയും ഋജുസരളമായ പ്രസംഗരീതിയും, അഗാധമായ മനുഷ്യഹൃദയജ്ഞാനവും, വേദശാസ്ത്രങ്ങളിൽ അത്ഭുതകരമായ പ്രാവീണ്യവുമുള്ള ഒരു വശ്യവചസ്സായിരുന്നു അദ്ദേഹം. സർവ്വോപരി അദ്ദേഹത്തിന്റെ ആത്മാവു സച്ചിന്മയനായ ദൈവത്താൽ പ്രബുദ്ധമായിരുന്നു. അദ്ദേഹത്തിന്റെ രീതിവിശേഷത്തെപ്പറ്റി ആലോചിച്ചാൽ, "നിന്റെ ശബ്ദം ഒരു കാഹളംപോലെ അനവരതമായി മുഴക്കുക; എന്റെ ജനങ്ങൾക്ക് അവരുടെ ദുഷ്പ്രവൃത്തികളെയും ജേക്കബ്ബിന്റെ ഗോത്രത്തിന് അതിന്റെ പാപങ്ങളെയും കാണിച്ചുകൊടുക്കുക," എന്നു ദൈവം ദീർഘദർശിയോടു പറഞ്ഞിട്ടുള്ളതു് അദ്ദേഹത്തോടുതന്നെ പറഞ്ഞിട്ടുള്ളതായി തോന്നും. ഒരു ദൈവഭൃതനെന്നോണം അദ്ദേഹം ഈവിധം ലോകസമക്ഷം പ്രത്യക്ഷനായതു്, ദിവ്യശക്തിയുള്ള ഒരു ധർമ്മഭടൻ ഏറ്റവും അത്യാവശ്യമായ ഒരു ഘട്ടത്തിലായിരുന്നു. സെയിന്റു ഡോമിനിക്കിന്റെ കാലം കഴിഞ്ഞു. സെയിന്റു് ഫ്രാൻസിസ് അപ്പോഴും ജീവിച്ചിരുന്നുവെങ്കിലും രോഗത്താൽ വശംകെട്ടിരുന്നു. ഈ രണ്ടു മഹാഗുരുക്കന്മാരുടെയും പ്രസ്ഥാനങ്ങളെ അദ്ദേഹം തുടർന്നുകൊണ്ടുപോയി. അവർ വിതച്ചയിടത്തു് അദ്ദേഹം കൊയ്തു.

# അദ്ധ്യായം ൩.

## ധമ്മ്മൂതൻ.

പതിമൂന്നാംന്തറാണ്ടിന്റെ ആരംഭത്തിൽ ഫ്രാൻസിന്റെ സ്ഥിതി വലിയ കുഴപ്പത്തിലായിരുന്നു. സമുദായത്തിനും മതത്തിനും വളരെ നാശകരമായ ഒരു പാഷണ്ഡപ്രസ്ഥാനത്താൽ ആ രാജ്യം ആസകലം വ്യാകുലീഭവിച്ചിരുന്നു. അതു പല രൂപങ്ങളെയും നാമങ്ങളെയും അവലംബിച്ചിട്ടു തിന്മയുടെ സനാതനത്വം, ദൃശ്യമായ ലോകത്തിന്റെ തിന്മയിൽനിന്നും ഉള്ള ഉത്ഭവം, വിശേഷബുദ്ധിയുള്ള മനുഷ്യാത്മാവിന്റെ നിരുത്തരവാദിത്വം, വിധിവിധേയത്വം, സകല വ്യവസ്ഥാപിതനിയമങ്ങളുടെയും ന്യായരാഹിത്യം ഇത്യാദി വിപ്ലവകരങ്ങളായ തത്വങ്ങളെ ക്രോഡീകരിച്ചു "ആൽബിജെൻസിയനിസം" എന്ന ഒരു പുതിയ മതഭേദമായി പ്രത്യക്ഷപ്പെട്ടു. അതിനെ പ്രചരിപ്പിക്കുന്നതിനായി ഒരു വലിയ സംഘമുണ്ടായി. ആൽബി എന്ന ദേശം അതിന്റെ കേന്ദ്രസ്ഥാനവും തൂലൂസിലെ ഇടപ്രഭുക്കന്മാർ അതിന്റെ രക്ഷാധികാരികളുമായിത്തീർന്നു. അതു യഹൂദന്മാരുടെ പ്രാബല്യത്തിനു വിധേയമായ ഒരു രഹസ്യസംഘമായിരുന്നു. അസത്യഭാഷണവും വിശ്വാസവഞ്ചനയും അതിന്റെ ദൃഷ്ടിയിൽ സന്മാർഗ്ഗവിരുദ്ധമായിരുന്നില്ല. "സംഘരഹസ്യം പരിപാലിക്കുന്നതിനായി എത്ര കള്ളസ്സത്യം വേണമെങ്കിലും ചെയ്തുകൊള്ളുവിൻ" എന്നു് ആ സംഘം അതിലെ അംഗങ്ങളോടു നിഷ്കർഷിച്ചു. അതു് ഒരു മതസംഘമാണെന്നുള്ള ഭാവേന ബഥംഗോറിയായിലെ മലംപ്രദേശങ്ങളിൽ തിരോഹിതനായിരുന്ന ഒരു പ്രമാണിയുടെ ആജ്ഞകളെ അനുസരിച്ചു. ഫ്രാൻസിൽ അയാളുടെ പ്രതിനിധിയായി ബർഥാളമ്യൂഡികർക്കസോണി എന്നൊരു

വൻ ഉണ്ടായിരുന്നു. "പരിശുദ്ധമതത്തിന്റെ ദാസന്മാരിൽ ദാസൻ" എന്ന സ്ഥാനപ്പേരു് അവൻ സ്വയം സ്വീകരിച്ചു.

ഈ മതഭേദത്തിനു വിശ്വാസത്തിലും ഉദ്ദേശ്യത്തിലും പരസ്പരം ഭിന്നങ്ങളായ ഒട്ടുവളരെ അവാന്തരവിഭാഗങ്ങളുണ്ടായിരുന്നു. എന്നാൽ അവയെല്ലാം 'തോന്ന്യാസവും ലഹളയും' എന്ന അർത്ഥവത്തായ മുദ്രാവാക്യം എഴുതപ്പെട്ടിട്ടുള്ള ഒരേകൊടിയടയാളത്താൽ സംയോജിക്കപ്പെട്ടിരുന്നു. യാതൊരു നിയന്ത്രണവും പാടില്ലാത്ത ചിന്താസ്വാതന്ത്ര്യത്തിലും പ്രവൃത്തിസ്വാതന്ത്ര്യത്തിലും പ്രസ്തുതസംഘാംഗങ്ങൾ ഭ്രമിച്ചു വശായതുകൊണ്ടു് അവർക്കു പ്രാബല്യമുണ്ടായിരുന്ന ദേശങ്ങൾ സാക്ഷാൽ 'സോദോമും ഗോമരായും' ആയിപ്പരിണമിച്ചു. ഉസ്സ്വാതന്ത്ര്യത്തിൽനിന്നു അരാജകതാവും ലഹളകളും ഉത്ഭവിച്ചു. ഈ സംഘക്കാർ ക്രിസ്തുമതത്തിന്റെ ജന്മവിരോധികളായ യഹൂദന്മാരുമായി കൂടിച്ചേർന്നിട്ടു് ആ മതത്തെയും അതിന്റെ സ്ഥാപനങ്ങളെയും അവയോടു സഹകരിക്കുന്ന രാഷ്ട്രത്തെയും അടിച്ചുടച്ചു്, അവയുടെ സ്വാധീനതയിലുള്ള സ്വത്തുക്കളെയെല്ലാം അപഹരിക്കുന്നതിനു ബദ്ധപരികരരായി. 'ആധുനികനാസ്തികന്മാരെപ്പോലെ ഭക്തിഹീനന്മാരും പുരാതനമ്ലേച്ഛജാതിക്കാരെപ്പോലെ ദുഷ്ടന്മാരുമായ അവർ, "പാപ്പായെ നിലംപതിപ്പിക്കുവിൻ! കത്തോലിക്കസഭയെ നിലംപതിപ്പിക്കുവിൻ!" എന്നു് ഏകകണ്ഠമായി ഘോഷിച്ചിരുന്നു. ഉസ്സ്വാതന്ത്ര്യ,ച്ഛന്മാക്കളായ എല്ലാവരും എക്കാലത്തും കത്തോലിക്കസഭയോടും അതിന്റെ പരമാധികാരിയോടും ബദ്ധവൈരം പെരുമാറുന്നതുപോലെ ഫ്റാൻസിലെ ഈ തോന്ന്യാസസംഘക്കാരും വർത്തിച്ചതിൽ അത്ഭുതത്തിനു വകയില്ല. അത്തരക്കാർക്കു മറ്റെല്ലാവരോടും രാജിയാകാൻ കഴിയുമെന്നു വന്നാലും കത്തോലിക്കമതത്തോടുമാത്രം ഒരുവിധത്തിലും നിരക്കാൻ സാധിക്കുകയില്ല. ആ സഭ അത്ര

നിർദ്ദാക്ഷിണ്യമായിട്ടേ അവരോടും അവരുടെ പിഴച്ച പ്രസ്ഥാനങ്ങളോടും പെരുമാറുകയുള്ളൂ. ആ സഭയെ നശിപ്പിക്കുന്നതിനു പ്രസ്തുതസംഘക്കാർ എന്തു് അക്രമങ്ങളും പ്രവർത്തിക്കുന്നതിനു സന്നദ്ധരായിരുന്നു. കത്തോലിക്കവൈദികന്മാരെയും സന്ന്യാസികളെയും ക്രൂരംക്രൂരമായി വധിക്കുന്നതിനുപോലും അവർ ഉദ്യതന്മാരായി.

ഇവരോടു നേരിടേണ്ടതെങ്ങനെ? എന്തുമാതിരി ആയുധങ്ങൾകൊണ്ടാണു് ഇവരെ നിരോധിക്കേണ്ടതു്? അക്രമത്തെ അക്രമംകൊണ്ടും വാളിനെ വാൾകൊണ്ടും എതിർക്കുന്നതു വിഹിതമാണോ? അക്രമത്തിനു മനുഷ്യഹൃദയത്തെ ജയിക്കുന്നതിനും വാളിനു മനുഷ്യന്റെ അന്തരംഗത്തെ വെട്ടിമുറിക്കുന്നതിനും ഒരിക്കലും സാധിക്കുകയില്ല. അസത്യത്തെ ജയിക്കുന്നതിനുള്ള ഏകമാർഗ്ഗം സത്യമാകുന്നു. ആസ്തിക്യംകൊണ്ടുവേണം നാസ്തിക്യത്തെ നശിപ്പിക്കേണ്ടതു്. അതുകൊണ്ടാണു സൈമൺ ഡിമോൺഫോർട്ടു് തുടങ്ങിയ യുദ്ധവീരന്മാരുടെ പ്രചണ്ഡമായ ഖഡ്ഗപ്രയോഗത്താൽ സാധിക്കാതെവന്ന ആ നിർമ്മതപ്രസ്ഥാനസംഹാരം സെയിൻറു് ഡൊമിനിക്കു് ആത്മീയശക്തിയാലും ആത്മീയായുധങ്ങളാലും നിർവ്വഹിക്കുന്നതിനുദ്യമിച്ചതു്. മതഭേദികളുടെ അസത്യപ്രബോധനത്തിനെതിരായി അദ്ദേഹം സത്യത്തെ സമർത്ഥമായി പ്രകാശിപ്പിച്ചു. അവരുടെ ഭൌമ്മാർത്ഥികവും ഭ്രഷ്ടവുമായ ജീവിതരീതിക്കെതിരായി വിശുദ്ധിയും പുണ്യവും നിറഞ്ഞ ഒരു ജീവിതത്തെ അദ്ദേഹം പ്രദർശിപ്പിച്ചു. ഈവിധം സെയിൻറുഡൊമിനിക്കു് ഫ്രാൻസിൽ രക്തംചൊരിച്ചിൽ കൂടാതെ ക്രൈസ്തവധർമ്മരാജ്യഭരണം പുനഃസ്ഥാപിച്ചു. സത്വരവും അതിവ്യാപകവുമായ അദ്ദേഹത്തിന്റെ ഈ വിജയം അത്ഭുതകരമായിരുന്നു. എന്നാൽ പാഷണ്ഡതയാകുന്ന ആ അഗ്നിപർവ്വതം നിർഗ്ഗളനം നിർവാണമായില്ലെന്നും അതിന്റെ വക്ത്രം നിരോധിക്കപ്പെട്ടതേ

യുള്ളുവെന്നും പിന്നീട് അതിൽനിന്നു പുറപ്പെട്ട തപ്തപദാർത്ഥങ്ങളിൽ (ലാവാ) നിന്നു സ്പഷ്ടമായി. അസീസ്സിയിലെ സെയിൻറു ഫ്റാൻസിസ്സ്, ഫ്റാൻസിലെ സ്ഥിതിഗതികളെ ഉൽക്കണ്ഠയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഫ്റാൻസിൻെറ സാമൂഹികവും ആദ്ധ്യാത്മികവുമായ പുനരുദ്ധാരണത്തിനു തന്നാൽ കഴിയുന്നതെല്ലാം ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചു എന്നാൽ തൻെറ രോഗാവസ്ഥമൂലം നേരിട്ട് അവിടത്തേക്കു പോകുന്നതിനു് അദ്ദേഹത്തിനു നിർവാഹമില്ലാതെ വന്നു. അതുകൊണ്ടു മതഭേദികളോടു ശക്തിയോടും യുക്തിയോടും നേരിടത്തക്ക വണ്ണം വൈദഗ്ദ്ധ്യവും സാമർത്ഥ്യവുമുള്ളവരും നിർഭയന്മാരുമായതൻെറ ധർമ്മഭടന്മാരെ അങ്ങോട്ടയയ്ക്കണമെന്ന് അദ്ദേഹം തീർച്ചയാക്കി. ഈ മഹാകൃത്യത്തിനു് അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ ബൈലോണായിലെ വേദാദ്ധ്യാപകനെക്കാൾ യോഗ്യനായി വേറേ ആരുമുണ്ടായിരുന്നില്ല. വിഷമമേറിയ ഈ വേലയ്ക്ക് അന്തോനിതന്നെ നിയമിതനായി. അസീസ്സിയിലെ പുണ്യാത്മാവിൻെറ ലോകോത്തരമായ ബുദ്ധിവൈശിഷ്ട്യത്തിനും മനുഷ്യഹൃദയജ്ഞാനത്തിനും ഈ നിയമനം സാക്ഷ്യം വഹിക്കുന്നു. അന്തോനിയുടെ അദ്ഭുതപൂർവമായ വിജയം തൻെറ ഗുരുഭൂതൻെറ പ്രതീക്ഷയ്ക്കനുരൂപം തന്നെയായിരുന്നു. ഈ വിജയത്തിനു കാരണം പ്രേഷിതൻെറ പ്രസിദ്ധിയും പാണ്ഡിത്യവും പരിശുദ്ധിയുമാണോ? ഈ ഗുണത്രയത്തിൻെറ സമ്മേളനത്തിൽ നിന്നുമാത്രം ഇത്ര അത്ഭുതകരമായ ഒരു ഫലം ഉളവാകുകയില്ല. അതിനെക്കാൾ അമോഘമായ ഒരനുഗ്രഹവിശേഷം ഈ സംഗതിയിൽ അവശ്യം ആവശ്യമായിരിക്കുന്നു. ക്രിസ്ത്യാനികൾ മാത്രമുള്ള ഒരു സദസ്സിൽ ഫലപ്രദമായി പ്രസംഗിക്കുന്നതിനു ക്രിസ്തുമതതത്വങ്ങളെപ്പറ്റി വിശദമായ അവബോധവും മനുഷ്യഹൃദയജ്ഞാനവും മാത്രം പ്രാസംഗികനുണ്ടായിരുന്നാൽ മതിയാകും. എന്നാൽ അനിയന്ത്രിതമായ മൂഢീയ

വികാരങ്ങളാലും ദൈവദ്വേഷകമായ അഹങ്കാരത്താലും, സത്യത്തെപ്പറ്റി അവജ്ഞ തോന്നത്തക്കവണ്ണമുള്ള അല്പജ്ഞതയാലും, കൃത്യാകൃത്യങ്ങളെ തിരിച്ചറിയാൻ സാധിക്കാത്ത മൂർഖതയാലും, മൌഢ്യത്തിൽ സ്വയംഅഭിമാനിക്കത്തക്കവണ്ണമുള്ള അന്ധതയാലും മാത്രം ചോദിതരായ മതവിരോധികളെ അഭിമുഖീകരിക്കുന്ന ഒരു വക്താവിന്റെ സ്ഥിതി തുല്യം വ്യത്യസ്തമാണു്. ക്രിസ്തീയധർമ്മോപദേശത്തിന്റെ ദിവ്യസ്വഭാവത്തെപ്പറ്റിയുള്ള സ്പൃഹണീയവും അനിഷേധ്യവുമായ തെളിവാണു് ഈസന്ദർഭത്തിൽ ആവശ്യമായിരിക്കുന്നതു് ദിവ്യമതത്തിനു് അനുകൂലമായ തെളിവുകളിൽ അത്ഭുതങ്ങളും വഴിയായുള്ള സാക്ഷ്യമാണു് ഏറ്റവും ഫലപ്രദവും ഹൃദയസ്പർശകവുമായതു്. ദൈവത്തിന്റെ സർവ്വശക്തിതത്വത്തിന്റെ നേരിട്ടുള്ളപ്രവർത്തനമാണു് അത്ഭുതങ്ങളിൽ നാം കാണുന്നതു്- അദ്ദേഹം തന്റെ പാരിഷദന്മാരാൽ പ്രസംഗിക്കപ്പെട്ടുന്ന തത്വങ്ങളുടെ മേൽ പതിക്കുന്ന സ്വന്തം മുദ്രയാണു് അത്ഭുതങ്ങളും. ദൈവം തന്റെ അനന്തശക്തിയെ ഈവിധം ദ്യോതിപ്പിക്കുന്നതു തന്റെ ഇഷ്ടമനുസരിച്ചും ആയതു സത്യപ്രചാരത്തിനു് അത്യാവശ്യമായിവരുമ്പോഴും മാത്രമാണു്. ഈ പ്രകൃത്യതീതമായ ശക്തിയാണു് അന്തോനിയുടെ അപ്പോസ്തലജീവിതത്തിലെ പ്രധാനലക്ഷണമായി കാണപ്പെട്ടുന്നതു്.

അദ്ദേഹത്തെ തന്റെ പ്രത്യേകദൂതനായി തിരഞ്ഞെടുത്തദൈവം, "കണ്ടാലും, നിന്നെ ഞാൻ ഫറൊവിന്റെദൈവമായി നിയമിച്ചിരിക്കുന്നു" എന്നു പണ്ടു മോസസ്സിനോടെന്നപോലെ അദ്ദേഹത്തോടും പറഞ്ഞു. ദൈവത്തിന്റെ സർവ്വശക്തത അവനിൽ അനന്യസാധാരണമായ ഭീഷ്ടിയോടേ പ്രകാശിച്ചു. ഈ സ്വഭാവാതീതമായ ശക്തിവിശേഷത്തെ നഷ്ടവിശ്വാസരായ മനുഷ്യരിൽ വിശ്വാസം വീണ്ടും ജനിപ്പിക്കുന്നതിനും സത്യമാർഗ്ഗംവിട്ടു് അപഥസഞ്ചാരംചെ

യുവരെ നേവ്ഴിയിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനും അ ദ്ദേഹം എത്രയും ചാതുര്യത്തോടെ പ്രയോഗിച്ചു. അവിശ്വാ സികളുടെ നയനങ്ങളെ തുറക്കുന്നതിനും അനന്തമായ നാശ ഗർത്തത്തിൽനിന്നു് അവരുടെ ആത്മാക്കളെ ഉദ്ധരിക്കുന്നതി നുമായി അദ്ദേഹം അഖണ്ഡശക്തിയുടെ കരങ്ങളെ വിശ്വാ സത്തോടും സാരള്യത്തോടും ശരണികരിച്ചും ശക്തിയുക്തമാ യ ധാർഷ്ട്യത്തോടുകൂടിയും അശ്രുതപൂർവ്വമായഅത്ഭുതസിദ്ധി കർംക്കായി സർവ്വേശ്വരനെപ്രാർത്ഥിച്ചു. ആ പ്രാർത്ഥനഒരിക്ക ലും സഫലമാകാതിരുന്നിട്ടില്ല. ഈ അത്ഭുതകരമായ ശ ക്തി സ്വായത്തമായിരുന്നതിനാൽ സത്യവിശ്വാസത്തിനു് ഏറ്റവും അനിഷേധ്യമായ തെളിവു ഹാജരാക്കുന്നതിനും അഹങ്കാരത്താലും ഭോഗാസക്തിയാലും ഉന്മത്തനായമനുഷ്യ നിൽ ആസ്തിക്യബുദ്ധിജനിപ്പിച്ചു് അവനെ രക്ഷാമാർഗ്ഗത്തി ലേക്കു് ആനയിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു.

ഒരു യഥാർത്ഥമ്മിഷനറി—ഒരു ക്രിസ്തീയപുരോഹിത നു്—അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങളെ അന്തോനി ഈവിധം വിവരിച്ചിട്ടുണ്ടു്: "ലോകസമക്ഷം പ്രഖ്യാപനം ചെയ്യുന്നതിനു തന്നെ ഭരമേല്പിച്ചിരിക്കുന്ന ദിവ്യസന്ദേശ ത്തിനനുരൂപമായി ലോകോത്തരമായ ഒരു ജീവിതം നയി ക്കുന്നതിനു് ഒരു ക്രൈസ്തവധർമ്മിഷനർ ബാധ്യസ്ഥനാണു്. അവന്റെ സംഭാഷണം പരിശുദ്ധമായ കായ്യങ്ങളെപ്പറ്റി മാത്രമായിരിക്കണം. അവന്റെ സകല പ്രയത്നങ്ങളും ആ ത്മാക്കളുടെ രക്ഷയെന്ന ഏകലക്ഷ്യത്തെ ലാക്കാക്കിമാത്രമാ യിരിക്കണം. അധഃപതിതരെ ഉദ്ധരിക്കുന്നതും, കരയുന്നവ രെആശ്വസിപ്പിക്കുന്നതും, മേഘങ്ങൾ സമൃദ്ധിപ്രദമായജല ത്തെ വർഷിക്കുന്നതുപോലെ ദൈവാനുഗ്രഹങ്ങളെ ലോകത്തു വിതരണംചെയ്യുന്നതും അവന്റെ കടമയാകുന്നു. ഇവയെ ല്ലാം അവൻ പരിപൂർണ്ണമായ വിനയത്തോടും നിസ്സ്വാർത്ഥത യോടും വേണം നിർവ്വഹിക്കേണ്ടതു്. പ്രാർത്ഥന അവന്റെ

മുഖ്യമായ ആനന്ദമായിരിക്കണം. മനുഷ്യപുത്രന്റെ മഹത്തായ കഷ്ടാനുഭവത്തെപ്പറ്റിയുള്ള സ്മരണ ആപത്തിലായാലും സമ്പത്തിലായാലും എല്ലായ"പ്പോഴും അവനുണ്ടായിരിക്കണം. അവൻ ഇപ്രകാരം വർത്തിക്കുകയാണെങ്കിൽ, അനുഗ്രഹവും സത്യവും അടങ്ങിയിരിക്കുന്നതും ശാന്തിയേയും ജീവനേയും പ്രദാനംചെയ്യുന്നതുമായ ദൈവവചനം അവനിൽ നിവേശിക്കുകയും അതിന്റെപ്രോജ്വലമായ പ്രകാശത്താൽ അവൻ ഉദ്ദീപ്തനാകുകയും ചെയ്യും".

ഈ വണ്ണനയോട്ട് അന്തോനിയുടെ നൈസർഗ്ഗികമായ ഗുണവിശേഷങ്ങളെയും അത്ഭുതസിദ്ധികളേയും കൂട്ടിച്ചേർത്താൽ ആ പ്രേഷിതവര്യന്റെ സംപൂർണ്ണമായ ഒരു ചിത്രം നമുക്കു ലഭിക്കും.

---

## അദ്ധ്യായം വ.

### അത്ഭുതങ്ങൾ.

1224-ലെ നോമ്പുകാലത്തു വെർസലിയിലെ മെത്രാൻ മതഭേദികളോടെതിർക്കുന്നതിനും സജ്ജനങ്ങളിൽ ക്രിസ്തീയവിശ്വാസത്തെ ഉറപ്പിക്കുന്നതിനുമായി,അപ്പോൾ ഒരു സുപ്രസിദ്ധമതപ്രാസംഗികനായിത്തീർന്നിരുന്ന അന്തോനിയെ അവിടത്തേക്കു ക്ഷണിച്ചു. അദ്ദേഹത്തിന്റെ പ്രസംഗപാടവം ആ മെത്രാന്റെ പ്രതീക്ഷയെ അതിവർത്തിച്ചു. ആ യുവപ്രാസംഗികന്റെ യുക്തിയുക്തവും അനുഗൃഹീതവുമായ വാഗ്ധോരണി സെയിൻറ് ഇസീബിയസ് ദേവാലയത്തിലെ പ്രസംഗവേദിക്കു ചുറ്റും നിരവധിജനങ്ങളെ അനുദിനം ആകർഷിച്ചു. അദ്ദേഹത്തിന്റെ പ്രസംഗമാധുരി ആ

സ്പഷ്ടിച്ചു് അവർ പരമാനന്ദനിമഗ്നരായി. അദ്ദേഹം ഒരു അമാനുഷശക്തിയുള്ള പുണ്യാത്മാവാണെന്നു് അദ്ദേഹത്തിന്റെ അസാമാന്യമായ വാഗ്വിലാസവും ജീവിതശുദ്ധിയും സ്പഷ്ടമായി തെളിയിച്ചു.

ഒരു ദിവസം കാലത്തു നമ്മുടെ പുണ്യവാൻ പള്ളിയിൽ പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ ഒരു യുവാവിന്റെ മൃതശരീരം അവിടെ കൊണ്ടുവരപ്പെട്ടു. ആ ചെറുപ്പക്കാരന്റെ മരണം അവന്റെ കുടുംബക്കാർക്കു തീരാത്ത വ്യസനത്തിനു കാരണമായിരുന്നു. അവരുടെ കരച്ചിലും നിലവിളിയും അത്യുച്ചം മർമ്മഭേദകമായിരുന്നു. അന്തോനി അനുകമ്പാകുലനായി പ്രസംഗം നിറുത്തി, സ്വല്പനേരംനിശ്ശബ്ദനായി, ചിന്താഗ്രസ്തനായി നിന്നു. അനന്തരം പ്രേതത്തിലേക്കു കൈയ്യ് നീട്ടിയിട്ടു് അദ്ദേഹം അധികാരദ്യോതകമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു: — "ഹേ! ചെറുപ്പക്കാരാ, എഴുന്നേല്ക്കുക! എന്നു ക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു ഞാൻ പറയുന്നു." ഈ അത്ഭുതയനുസരിച്ചു മരിച്ചുപോയ മനുഷ്യൻ പുനരുജ്ജീവിതനായി ഓടിയെഴുനേറ്റു, സന്തോഷത്താലും കൃതജ്ഞതയാലും പരവശരായി അടുത്തുനിന്നിരുന്ന മാതാപിതാക്കന്മാരെ ആലിംഗനംചെയ്തു. സുവിശേഷത്തിലെ ഏറ്റവും ഹൃദയംഗമമായ സംഭവങ്ങളിലൊന്നായ നയിമിലെ വിധവയുടെ പുത്രന്റെ പുനരുജ്ജീവനത്തിൽനിന്നു ലേശവും വ്യത്യാസമില്ലാത്ത ഒരു മഹാത്ഭുതമാണു നാം ഇവിടെ കാണുന്നതു്. ഈ വിധം മഹനീയമായ ഒരത്ഭുതത്താൽ സമാരംഭിക്കപ്പെട്ടുന്ന ഒരുദ്യോഗം സർവ്വഥാ വിജയസംപൂർണ്ണമായിരിക്കാനേ തരമുള്ളൂ.

നോമ്പുകാലത്തെ പ്രസംഗപരംപര അവസാനിച്ചശേഷം അന്തോനി വെർസലിയിലെ മെത്രാനോടും സ്നേഹിതനായ ആശ്രമാധിപനോടും യാത്രപറഞ്ഞിട്ടു ബെലോണായിലേക്കു മടങ്ങിപ്പോന്നു. അടുത്ത സെപ്റ്റംബർമാ-

സത്തിൽ അദ്ദേഹം, കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ച തുപോലെ, മതഭേദികളുമായി സമരം ചെയ്യുന്നതിനു ദക്ഷിണപ്രാൻസിലേക്കു നിയോഗിക്കപ്പെട്ടു. അതിനായുള്ള ഉത്തരവു കിട്ടിയ ഉടൻ അദ്ദേഹം ബെലോണാവിട്ട് ഫ്റാൻസിൽ മൊണ്ടു പെല്ലിയർ എന്ന സ്ഥലത്തു വന്നു. അദ്ദേഹം അവിടത്തെ ആശ്രമം തന്റെ താവളമാക്കി. പാഷണ്ഡന്മാരോടു ധർമ്മസമരംചെയ്തു് അവരെ ഒതുക്കുകയെന്നുള്ള മഹാകൃത്യത്തിനു പുറമെ ആശ്രമവാസികളെ വേദശാസ്ത്രം പഠിപ്പിക്കുകയെന്നുള്ള ചുമതലക്രൂടി അദ്ദേഹം വഹിച്ചു.

അന്തോനി അവിടെ വന്നപ്പോൾ കേവലം അപരിചിതനും അപ്രസിദ്ധനുമായിരുന്നുവെങ്കിലും ക്ഷണനേന അദ്ദേഹത്തിന്റെ പേരും പെരുമയും നാലുപാടും പരന്നു. അദ്ദേഹം ഒരിക്കലും പ്രസിദ്ധിതേടിയിട്ടില്ല; പ്രത്യുത, അതിൽ നിന്നു് ഒഴിഞ്ഞുമാറുന്നതിനു് അദ്ദേഹം സദാ ശ്രമിച്ചിട്ടുമുണ്ടു്. എങ്കിലും അദ്ദേഹം പോകുന്നിടത്തെല്ലാം ജനം അദ്ദേഹത്തെ അനുഗമിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനും അദ്ദേഹത്തിന്റെ അപദാനങ്ങളെ കാണുന്നതിനും വന്നുകൂടുന്ന ജനങ്ങൾക്കു കയ്യും കണക്കുമില്ലായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പ്രസംഗങ്ങളും എവിടെയൊക്കെ ആവശ്യമായിരുന്നുവൊ, അവിടെയൊക്കെ അദ്ദേഹം പോകുകയും പ്രസംഗിക്കുകയുംചെയ്തു. പാവങ്ങളും അശരണരും വഴിതെറ്റി ജീവിക്കുന്നവരുമായ സകലരും അദ്ദേഹത്തിന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. അദ്ദേഹം ഏതു തരക്കാരോടും അവരവരുടെ സ്ഥിതിക്കനുരൂപമായിപ്പെരുമാറി. ദൈവരാജ്യത്തിലേക്കു അവരെ ആകർഷിക്കയെന്നല്ലാതെ സ്വകീയമായോ പരകീയമായോ മറ്റു യാതൊരു ചിന്തയും അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾക്കും ക്രിയകൾക്കും ഏതു കല്ക്കശമായ ഹൃദയത്തെയും ഭേദിക്കുന്നതിനു ശക്തിയുണ്ടായിരുന്നു.

1215-ലെ ഉയിർപ്പുദിവസം അന്തോനി മൗണ്ട്പെല്ലിയറിലെ ഭദ്രാസനപ്പള്ളിയിൽ വൈദികരുടെയും ഒരു വലിയ പുരുഷാരത്തിന്റെയും സദസ്സിൽ പ്രസംഗിക്കുകയായിരുന്നു. പ്രസംഗം തുടങ്ങിക്കഴിഞ്ഞപ്പോൾ താൻ ആശ്രമംവക പ്രാർത്ഥനാലയത്തിൽ അന്ന് ആ സമയത്തുതന്നെ നടക്കുന്ന പാട്ട് കുർബാനയിൽ സംഗീതംകൊണ്ടു സഹകരിക്കാമെന്ന് ഏറ്റിരുന്നതും പകരം ആരെയും നിയമിച്ചിട്ടില്ലെന്നുള്ളതും അദ്ദേഹം പെട്ടെന്ന് ഓർത്തു. ഈ അമാന്തത്താൽ അസ്വസ്ഥനായി അദ്ദേഹം ഉച്ഛിഷ്ടംകൊണ്ടു തലയെ മറച്ചിട്ട്, പ്രസംഗവേദിയിൽ പുറകോട്ടൊന്നു ചാഞ്ഞു നിന്നു. ഇങ്ങനെ നിശ്ചലനായി, നിശ്ശബ്ദനായി ബോധരഹിതനെന്നോണം അദ്ദേഹം ഏറിയനേരം നിലകൊണ്ടു. ശ്രോതാക്കളെല്ലാം ആശ്ചര്യപരതന്ത്രരായി. അതേസമയം അദ്ദേഹം പ്രസ്തുതാശ്രമജപാലയത്തിനുള്ളിൽ പ്രത്യക്ഷനായി താൻ ഏറ്റിരുന്ന കൃത്യം ഭംഗിയായി നിർവ്വഹിച്ചു. ഒരു മണിക്കൂർ കഴിഞ്ഞു അദ്ദേഹത്തിനു വീണ്ടും ബോധമുണ്ടാകുകയും, ഇടയ്ക്ക് ഒന്നും സംഭവിക്കാത്തതുപോലെ, "നിസ്തുല്യമായ വാശ്രയാടിയോട്ടക്രൂടി" അദ്ദേഹം പ്രസംഗം തുടരുകയും ചെയ്തു.

ഒരേസമയത്തു് ഒരു മനുഷ്യൻ രണ്ടു സ്ഥലത്തുണ്ടായിരിയെന്നതു് ഒരു മഹാത്ഭുതംതന്നെയാണു്. പരാശക്തിയുടെ ദുർവ്വിജ്ഞാനങ്ങളായ പ്രവർത്തനരീതികളെപ്പറ്റി ചിന്തിച്ചുനോക്കേണ്ട ആവശ്യം നമുക്കില്ല. അന്തോനിക്കു് ഈ അമാനുഷങ്ങളായ വരങ്ങളെ ദൈവം നൽകിയതിൽ നാം ഒട്ടും അസൂയപ്പെടേണ്ടാ. അമ്മാതിരി വരങ്ങളും നമ്മുടെ യോഗ്യതകളെ ഒട്ടും വർദ്ധിപ്പിക്കുന്നില്ല. നാം മനസാ വാചാ കർമ്മണാ പരിശുദ്ധരായി ജീവിക്കുന്ന കാലത്തോളം ഈ വരം അത്ഭുതസിദ്ധികൾമൂലം സിദ്ധിക്കാവുന്ന സൌഭാഗ്യത്തെക്കാൾ ഉപരിയായ ഒരു സൌഭാഗ്യത്തിനു് അർഹരാകുമെന്നു

ള്ളതിനു് സംശയമില്ല. അന്തോനിയെ ജനസാമാന്യം ഒരു വലിയ അത്ഭുതപ്രവർത്തകനായിട്ടാണറിയുന്നതെങ്കിലും അദ്ദേഹത്തിന്റെ പ്രധാന യോഗ്യത തന്റെ അത്ഭുതസിദ്ധികളിലല്ല അടങ്ങിയിരിക്കുന്നതു്; പുണ്യാത്മാവായ ഒരു യഥാർത്ഥമ്മതന്റെയും ജിതേന്ദ്രിയനായ ഒരു യോഗിവര്യന്റെയും നിലയിലാണു് അദ്ദേഹം ഇന്നു സന്നിധ്യംകൊണ്ടു ഭൂലോകത്തെ അലങ്കരിച്ചിട്ടുള്ള പൂജ്യപാദന്മാരിൽ എത്രയും ഗണ്യമായ ഒരു സ്ഥാനം സമ്പാദിച്ചിട്ടുള്ളതു്.

മൊണ്ടു്പെല്ലിയറിലെ ആശ്രമത്തിൽ താമസിച്ചിരുന്ന കാലത്തു് അന്തോനി ഒരു മഹോദ്യമത്തിൽ ഏർപ്പെട്ടിരുന്നു. "സങ്കീർത്തനങ്ങളുടെ ഭാഷ്യം" എന്ന തന്റെ സുപ്രസിദ്ധമായ കൃതി അദ്ദേഹം അവിടെവെച്ചു രചിക്കുകയായിരുന്നു. ആ മഹാഗ്രന്ഥം നമുക്കു് അദ്ദേഹത്തിൽനിന്നു സിദ്ധിച്ചിട്ടുള്ള ഒരു അദ്ധ്യാത്മജ്ഞാനഖനിതന്നെയാണു്. ദീർഘകാലത്തെ ഉറക്കമിളപ്പിന്റെയും ബുദ്ധിമുട്ടിന്റെയും ഫലമായ ആ കൃതിക്കു് അദ്ദേഹം വളരെ വില കല്പിച്ചിരുന്നുവെന്നുപറയേണ്ടതില്ല. അതു് ഒരിക്കൽ മിക്കവാറും നഷ്ടപ്പെട്ടുപോയി. സന്ന്യാസജീവിതവുമായി വലിയ പിടിത്തം തോന്നാതിരുന്ന ഒരു യോഗാർത്ഥി ആശ്രമം വിട്ടുപോകാൻ തീർച്ചപ്പെടുത്തി. അവൻ യാത്രയായ അവസരത്തിൽ പ്രസ്തുത കൃതിയുടെ കയ്യെഴുത്തുപകർപ്പുക്രൂടി മോഷ്ടിച്ചുകൊണ്ടുപോയി അതുകൊണ്ടുമാത്രം ഒരു വലിയ പണ്ഡിതനും കീർത്തിമാനുമാകാമെന്നു വ്യാമോഹിച്ചാണു് അവൻ അങ്ങനെ ചെയ്തതു്. താൻ അമൂല്യമായി കരുതിയിരുന്ന ആ ഗ്രന്ഥം കാണാതെ പോയപ്പോൾ അദ്ദേഹത്തിനുണ്ടായ വികാരങ്ങളും നമുക്കു് ഊഹിക്കാവുന്നതാണു്. മോഷ്ടാവിനെ കണ്ടുപിടിക്കാൻ പ്രയാസമായതുകൊണ്ടു അദ്ദേഹം, പതിവനുസരിച്ചു, പ്രാർത്ഥനയെ ശരണംപ്രാപിച്ചു. എത്രയും നിഗ്രഹിതമായിരിക്കുന്നതിനെയും പ്രത്യക്ഷമായിക്കാണുന്ന

സർവ്വജ്ഞനായ ദൈവം കളഞ്ഞുപോയ ഗ്രന്ഥം തിരിച്ചു കിട്ടുന്നതിനു് ഇടയാക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ അദ്ദേഹം പ്രാർത്ഥിച്ചു. അദ്ദേഹം പ്രാർത്ഥനയിൽ ലയിച്ചിരുന്നപ്പോൾ കള്ളനായ യോഗാർത്ഥി മാർഗ്ഗമദ്ധ്യേ അറസ്റ്റു ചെയ്യപ്പെട്ടു. അവൻ ഒരു നദിയുടെ തീരത്തെത്തിയപ്പോൾ അനിബീഭത്സമായ ഒരു ഭ്രൂതം അവന്റെ മുമ്പു് ആവിർഭവിക്കുകയും, അവന്റെ നേരെ ഒരു കോടാലിയൊങ്ങിക്കൊണ്ടു ജീവൻ വേണമെങ്കിൽ അവൻ മോഷ്ടിച്ച ഗ്രന്ഥം ഉടൻ തിരിച്ചുകൊണ്ടുക്കൊടുക്കുന്നതിനു ജഗദീശന്റെ നാമത്തിൽ അവനോടാജ്ഞാപിക്കുകയും ചെയ്തു. അവൻ ഭയവിഹ്വലനായി ആശ്രമത്തിലേക്കു തിരിച്ചോടി. നിർവ്യാജമായ പശ്ചാത്താപത്തോടു് അവൻ കുറ്റം സമ്മതിക്കുകയും അന്തോനിയോടു മാപ്പപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം അവന്റെ അനുതാപാശ്രുക്കളാൽ സന്തുഷ്ടനായി അവനു മാപ്പുകൊടുക്കുക മാത്രമല്ല ചെയ്തതു്; അദ്ദേഹം അവനെ സംഘത്തിലേക്കു വീണ്ടും സ്വീകരിക്കുകയും പുത്രനിർവ്വിശേഷം സ്നേഹിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ദൈവം അന്തോനിക്കു് ഒരു തനതുകായ്വും സാധിച്ചുകൊടുത്തു. അനന്തരകാലത്താകട്ടെ, അദ്ദേഹത്തോടപേക്ഷിക്കുന്നവക്കെല്ലാം കളഞ്ഞുപോയ സാധനങ്ങളെ തിരിച്ചുകിട്ടുന്നതിനു് ഒരു സാമ്പ്രദായികനായ മദ്ധ്യസ്ഥനായിത്തീരുന്നതിനു വേണ്ട അനുഗ്രഹവിശേഷം ആ പരംപരൻ അദ്ദേഹത്തിനു കൊടുത്തു.

സെയിന്റു ഫ്രാൻസിസു് വെനീസിലെ കായലുകളിൽക്കൂടി കടന്നുപോയപ്പോൾ തന്റെ ചെറുസഹോദരികളായ പക്ഷികളോടു് ഇപ്രകാരം പറയുകയുണ്ടായി:—"ഞങ്ങളുടെ ഈശ്വരസ്തോത്രം അവസാനിക്കുന്നതുവരെ നിങ്ങളുടെ പാട്ടു് അല്പനേരത്തേക്കു നിർത്തിവയ്ക്കുവിൻ". ഇതിനെ അനുസ്മരിപ്പിക്കുന്നതായ ഒരു സംഭവം അന്തോനിയെ സംബന്ധിച്ചുമുണ്ടായി. മൊണ്ടു്പെല്ലിയറിലെ ആശ്രമത്തിനു

സമീപം തവളകൾ നിറഞ്ഞ ഒരു കുളമുണ്ടായിരുന്നു. ആ മാക്രികളുടെ കരച്ചിൽ ആശ്രമവാസികളുടെ ധ്യാനനിഷ്ഠയ്ക്കു വളരെ ഉപദ്രവകരമായിരുന്നു. അന്തോനി അവയോടു നിശ്ശബ്ദരായിരിക്കണമെന്നാജ്ഞാപിച്ചു. പക്ഷികൾ സെയിൻറ് ഫ്രാൻസിസ്സിനെ ആദരിച്ചതുപോലെ ഈ മാക്രികളും അന്തോനിയുടെ കല്പനയെ ഉടൻ അനുസരിച്ചു.

ഈ സംഭവങ്ങൾക്കു ഒരു പ്രത്യേകമായ അഭിരാമതയുണ്ട്. അവയുടെ പ്രത്യക്ഷമായ അസാരത അവയുടെ വിസ്മയനീയതയെ കുറയ്ക്കുന്നില്ല. ജയശാലിയായ ഒരു സേനാനായകൻ തൻെറ ആജ്ഞാനുസാരം യുദ്ധംചെയ്ത വീരഭടന്മാർക്കു ധാരാളമായി സമ്മാനങ്ങൾ കൊടുക്കുന്നതു് ഉചിതംതന്നെയാണു്. അതുപോലെ രാജാധിരാജനായ ദൈവം തൻെറ ധർമ്മരാജ്യസംരക്ഷണത്തിനും പ്രചാരണത്തിനുമായി തങ്ങളുടെ സർവ്വശക്തികളെയും ബലികഴിക്കുന്നവരായ ധർമ്മഭടന്മാർക്കു അസാധാരണങ്ങളായ അനുഗ്രഹങ്ങളും സമ്മാനങ്ങളും പ്രദാനം ചെയ്യുന്നുവെങ്കിൽ അതു് അനുചിതമല്ല. ഈ അത്ഭുതസിദ്ധികളെ പാടെ നിഷേധിക്കുന്നതിനുള്ള സമ്പൂർണ്ണസ്വാതന്ത്ര്യം നാസ്തികന്മാർക്കുണ്ടു്. എന്നാൽ, ആ നിഷേധംമൂലം അവർ ദൈവത്തിൻെറ മഹിമയെയെന്നോണം മനുഷ്യൻെറ വിശേഷബുദ്ധിയേയും ബോധശക്തിയേയുംകൂടി അനാദരിക്കുകയാണു ചെയ്യുന്നതു്.

# അദ്ധ്യായം ൻ.

## ധർമ്മസമരം.

1225-ൽ അന്തോനിയുടെ പ്രവൃത്തിരംഗം മെയ്ന്റെ് പെല്ലിയറിൽനിന്നു തൂലൂസിലേക്കു മാറപ്പെട്ടു. അവിടെ ഫ്രാൻസിസ്കന്മാർക്കായി ഒരാശ്രമം മൂന്നുവർഷങ്ങൾക്കു മുമ്പേ സ്ഥാപിക്കപ്പെട്ടിരുന്നു. ആ പട്ടണത്തിൽ മതവിരോധികൾക്കു വളരെ പ്രാബല്യമുണ്ടായിരുന്നു. അവിടത്തെ പ്രഭുക്കന്മാരും ഇടപ്രഭുക്കന്മാരും പാഷണ്ഡന്മാരുടെ പരിരക്ഷകരായിരുന്നു. മതസംബന്ധമായ കുഴപ്പങ്ങൾക്കു പുറമെ രാഷ്ട്രീയവിദ്വേഷങ്ങളും അതിനെ കഠിനമായി വിഷമിപ്പിച്ചിരുന്നു. ഈ ആപൽഘട്ടത്തിൽ സമാധാനം വീണ്ടും സ്ഥാപിക്കുന്നതിനും ക്രൈസ്തവധർമ്മത്തെ സംരക്ഷിക്കുന്നതിനുമായി അവിടത്തെ മെത്രാനും ഡോമിനിക്കന്മാരും ധീരധീരം പോരാടി. അന്തോനിയുടെ വരവിനോടുകൂടി ഫ്രാൻസിസ്കന്മാരും യുദ്ധക്കളത്തിൽ ഇറങ്ങുകയും ക്ഷണനേന ധർമ്മസൈന്യത്തിന്റെ മുന്നണിയിൽ എത്തുകയും ചെയ്തു.

യേശുക്രിസ്തുവിന്റെ ഈശ്വരത്വം എല്ലാക്കാലത്തും പ്രചണ്ഡങ്ങളായ തർക്കോലാഹലങ്ങൾക്കു് ഇടയാക്കിയിട്ടുണ്ടു്. എല്ലാ മതകലഹങ്ങളുടെയും അടിസ്ഥാനം, ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ, അതുതന്നെയായിരുന്നു. അൽബിജൻസ്യൻ പാഷണ്ഡതയുടെയും അസ്പഷ്ടം ക്രിസ്തു ദൈവമാണെന്നുള്ള സനാതനസത്യത്തിന്റെ നിഷേധമായിരുന്നു. അന്തോനിയുടെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു് ഈ വിഷയത്തിലായിരുന്നു. ക്രിസ്തുവിന്റെ ദൈവത്വം അദ്ദേഹത്തിന്റെ മനുഷ്യത്വം പോലെതന്നെ അസന്ദിഗ്ധമാണെന്നു് അദ്ദേഹം സ്ഥാപിച്ചു. എക്കാ

ലത്തും ക്രിസ്തു ദൈവമായി ആരാധിക്കപ്പെട്ടിരുന്നുവെന്നും പുരാതന ദീർഘദർശികൾ അദ്ദേഹത്തിന്റെ ദൈവത്വത്തെപ്പറ്റി പ്രവചിച്ചിരുന്നുവെന്നും ആ തത്വം സുവിശേഷങ്ങളിൽ കരതലാമലകംപോലെ സ്പഷ്ടമാണെന്നും, എല്ലാക്കാലത്തും എല്ലാദേശത്തും ദൈവമായ ക്രിസ്തു മനുഷ്യഹൃദയങ്ങളെ അടക്കിഭരിക്കുന്നുണ്ടെന്നും അദ്ദേഹം പ്രകടമായി തെളിയിച്ചു. അദ്ദേഹത്തിന്റെ യുക്തികളും വാദങ്ങളും അനിരോധ്യങ്ങളും വാങ്മാധുരി എത്രയും ചേതസ്സുമാകഷ്കവുമായിരുന്നു.

ഈ മഹാപ്രാസംഗികന്റെയും അദ്ദേഹത്തിന്റെ പ്രസംഗരീതിയുടെയും ഒരു മനോഹരമായ ചിത്രം ചരിത്രകാരന്മാർ നമുക്കു തരുന്നു:—

"അദ്ദേഹത്തിന്റെ ആത്മാവു നാലുപാടും പരിമളമാധുരിയെ വിതറുന്ന സുരഭിലങ്ങളും സുമനോഹരങ്ങളുമായ സ്വർലോകപുഷ്പങ്ങളാൽ പരിശോഭിതവും ദിവ്യാനുഗ്രഹപ്രവർഷത്താൽ ഫലസമൃദ്ധവുമായ ഒരു സുന്ദരോദ്യാനം തന്നെയായിരുന്നു. വികസ്വരങ്ങളായ ഈ കുസുമങ്ങൾ, ശാന്തി, വിനയം, വൈരാഗ്യം, തപോനിഷ്ഠ, ഇന്ദ്രിയനിഗ്രഹം, ശുഷ്കാന്തി, വിവേകം, വിജ്ഞാനം ഇവയായിരുന്നു. അദ്ദേഹത്തിന്റെ വാഗ്ധാടിയും, ബാഹ്യചേഷ്ടകളുടെകോമളതയും സ്വഭാവത്തിന്റെ രാമണീയകവും ആർദ്രതയും ശാന്തതയും എല്ലാം പ്രശംസാതീതംതന്നെ. കുമ്പസാരമണ്ഡപത്തിൽ വച്ചായാലും പ്രസംഗവേദിയിൽ വച്ചായാലും സന്ന്യാസികളുടെ സന്നിധിയിൽ വച്ചായാലും സംസാരികളുടെ സദസ്സിൽ വച്ചായാലും അദ്ദേഹം എല്ലാസ്ഥലത്തുംഎല്ലാസമയത്തും സർവ്വ സൽഗുണങ്ങളെയും ക്രമപ്പെടുത്തുന്ന വിവേകബുദ്ധിയെയും, എല്ലാവരുടെയും സ്നേഹാദരങ്ങളെ സമാകഷിക്കുന്ന പരമമായ നിസ്സ്വാർത്ഥതയേയും ആത്മവിസ്മൃതിയേയും പ്രകടിപ്പിച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം ദൈവത്തിനും മനുഷ്യനും പ്രിയതമനായിരുന്നു."

പാപിഷ്ഠന്മാരെ മാനസാന്തരപ്പെടുത്തുന്നതിൽ അദ്ദേഹം ഒരിക്കലും നിരാശപ്പെട്ടിട്ടില്ല. അവരുടെ ബുദ്ധി നിഗ്ദ്ധേഷം മൂർഖമായൊ അവരുടെ ഹൃദയം അതികർക്കശമായോ കാണപ്പെടുമ്പോഴും, സ്വാഭാവികമായ യാതൊരു ശക്തികൊണ്ടും അവരുടെ ശഠതയെ ജയിക്കാൻ സാധിക്കയില്ലെന്നു വരുമ്പോഴും, അവസാനമായി അദ്ദേഹം തന്റെറ അത്ഭുതസിദ്ധിയെ പ്രയോഗിച്ചെങ്കിലും അവരെ സ്വാധീനപ്പെടുത്തും. മോസ്സസ് പാറയിൽ അടിച്ചു വെള്ളംവരുത്തുന്നതിനു തന്റെറ വടിയെ ഉപയോഗിച്ചതുപോലെ അന്തോനിയും പാപകർമ്മികളുടെ ശിലാഹൃദയങ്ങളെ മൃദുലമാക്കി അവയിൽനിന്നു പശ്ചാത്താപാശ്രുക്കളെ ധാരധാരയായി പ്രവഹിപ്പിക്കുന്നതിനു തന്റെറ അത്ഭുതപ്രവർത്തനശക്തിയെ ആവശ്യമുള്ളപ്പോഴൊക്കെ പ്രയോഗിച്ചു.

അന്തോനി മൂന്നുമാസം മാത്രമെ തൂലൂസിൽ താമസിച്ചുള്ളൂ. എങ്കിലും ആ ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹത്തിനു അവിടെ സിദ്ധിച്ച വിജയം വിസ്മയജനകമായിരുന്നു. തന്റെറ ഗുരുനാഥൻ തന്നെ ഭരമേല്പിച്ച ആ കൃത്യം എതുയും ഭംഗിയായി അദ്ദേഹം നിറവേറ്റി. പാഷണ്ഡമതത്തെ അദ്ദേഹം മിക്കവാറും ഉന്മൂലനംചെയ്തു. മതവിരോധികളിൽ പ്രമാണികളെ ഒരു പൊതുയോഗത്തിൽ വരുന്നതിനും അവിടെവച്ചു താനുമായി വാദപ്രതിവാദം ചെയ്തു അവരുടെ തത്വങ്ങളുടെ യോഗ്യതകളെ തെളിയിക്കുന്നതിനും അദ്ദേഹം ക്ഷണിച്ചു അവരിൽ ആരും അതിനു തയാറായില്ല. ഈവിധം അവർ അവരുടെ പരാജയത്തെ സമ്മതിച്ചു. പാഷണ്ഡതയുടെ ഭയങ്കരങ്ങളായ ദോഷഫലങ്ങളെയും, സത്യത്തോടും ധർമ്മത്തോടും യാതൊരു പ്രതിപത്തിയുമില്ലാതെ, പള്ളികളുടെയും ആശ്രമങ്ങളുടെയും വസ്തുവകകളെ കൊള്ളയിടാനുള്ള സൌകര്യവും സ്വാർത്ഥലാഭവും മാത്രം ലാക്കാക്കി മതവിരോധികളോടു കക്ഷിചേ

ന്ന പ്രൊട്ടക്കന്മാരുടെ ദാംഭികതപത്തെയും അദ്ദേഹം ജനങ്ങൾക്കു വിശദമാക്കിക്കൊടുത്തു. ജനങ്ങൾ ക്രമേണ്ടമായി ശത്രുപക്ഷത്തെ ഉപേക്ഷിച്ചുവന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. കത്തോലിക്കരുതപങ്ങളുടെ ദിവ്യതപവും സനാതനതപവും അവർ സശിരസ്കമ്പം സമ്മതിച്ചു. വാക്കുകൊണ്ടും ക്രിയകൊണ്ടും താൻ ഒരു അസാധാരണനാണെന്നു തെളിയിക്കുന്ന ഒരു മഹാപുരുഷൻ അവിടെ ആവിർഭവിച്ചിരിക്കുന്നുവെന്നു് എല്ലാവർക്കും തോന്നി.

ഇങ്ങനെ അദ്ദേഹം ക്രിസ്തുധർമ്മസംരക്ഷണത്തിനുവേണ്ടി അക്ഷീണമായി പരിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം അദ്ദേഹത്തിനു് എത്രയും ആശ്വാസപ്രദമായ ഒരു ദർശനമുണ്ടായി. (ആഗസ്റ്റ് മാസം 14-ാംനു- വൈകുന്നേരം തുലൂസിലെ ആശ്രമത്തിൽ, അടുത്ത ദിവസത്തെ ദേവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ സംബന്ധിച്ചു ചില ആഘോഷങ്ങളുണ്ടായിരുന്നു. ആ സന്ദർഭത്തിൽ പാടാനുള്ള ദേവമാതാവിനെസംബന്ധിച്ച കീർത്തനങ്ങളിൽ ഇങ്ങനെ ഒരു അനുബന്ധംക്രമീയുണ്ടായിരുന്നു:—"പരിശുദ്ധകന്യകയുടെ സശരീരമായ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു തിരുസഭ ഇതുവരെ ഒരു തീരുമാനവും ചെയ്തിട്ടില്ല. കേവലം അസാരങ്ങളും ഇതിഹാസപരങ്ങളുമായ കഥകളെ സംബന്ധിച്ചു തിരുസഭയുടെ നയം വിവേകപൂർവ്വകംതന്നെയാണു്." എത്രയും തീർച്ചയുള്ളതും പാരമ്പര്യോപദേശത്താൽ സുസ്ഥിരീകൃതവുമായ ഒരു വിശ്വാസസത്യത്തെ ഈവിധം ഒരു ഇതിഹാസകഥയാക്കി അപഹസിച്ചതു് മേരീഭക്തനായ അന്തോനിക്കു പ്രയാസഭേദകമായിരുന്നു. അതുകൊണ്ടു സായംകാലകർമ്മങ്ങൾക്കു മണിയടിച്ചപ്പോൾ അദ്ദേഹം വളരെ വിഷമിച്ചു. മറ്റു കാരണങ്ങൾ കൂടാതെ പള്ളിയിലെ കർമ്മങ്ങളിൽ സംബന്ധിക്കാതിരിക്കുന്നതു് ആശ്രമനിയമത്തിനു വിരുദ്ധമാണു്; അവിടെ സന്നിഹിതനായി ആ ഭക്തി

ഹീനമായ അപവാദത്തിൽ പങ്കുകൊള്ളുന്നതു അദ്ദേഹത്തിന്റെ ഹൃദയത്തിനു അസ്വാസ്ഥ്യകരവുമാണു്. തന്റെ പ്രതാപമഹിമകളെ പ്രഖ്യാപനം ചെയ്യുന്നതിനും തന്റെ ദിവ്യമാതൃത്വത്തിന്റെ ഉപാധികളെ ഉപപാദനംചെയ്യുന്നതിനും സർവ്വദാ ജാഗരൂകനായിരുന്ന തന്റെവിശ്വസ്ഥനായ ഉപാസകനെ ഈ വിഷമഘട്ടത്തിൽ സമാശ്വസിപ്പിക്കുന്നതിനു് ആ സ്വർലോകരാജ്ഞിയായ കന്യകാമറിയംതന്നെ സന്നദ്ധയായി. ജാജ്ജ്വല്യമാനമായ ഒരു പ്രഭാപൂരത്താൽ പരിവേഷ്ടിതയായി, സൂക്ഷ്മശരീരകളേബരയായി, ആ ദിവ്യകന്യക അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭവിച്ചു. നഭോമണ്ഡലത്തിലെ തേജോമയങ്ങളായ നക്ഷത്രജാലങ്ങളുടെ ശോഭയേയും അതിശയിക്കുന്നതും, അച്ഛസ്ഫടികസമാനം നിർമ്മലവും, പർവ്വതാഗ്രങ്ങളിലെ ഹിമസംഹതിയെക്കാൾ ധവളതരവും, അനവദ്യവുമായ ആ ദേവിയുടെ ശുഭലാവണ്യകാന്തി അദ്ദേഹം സശ്രദ്ധനേത്രങ്ങളാൽ അഭിവീക്ഷണംചെയ്തു. മാലാഖമാർക്കും സ്വർഗ്ഗവാസികളായ പുണ്യാത്മാക്കൾക്കും കണ്ണഞ്ചിപ്പിയ്ക്കുമായ ആ സ്വർഗ്ഗീയസ്വരമാധുരിയെ അദ്ദേഹത്തിന്റെ ശ്രവണേന്ദ്രിയങ്ങൾ ആസ്വദിച്ചു. ആ തേജസ്വിനിയുടെ അധരങ്ങളിൽനിന്നു് ഈ വചനാമൃതം പൊഴിഞ്ഞു:—"എന്റെ മകനെ, സ്വസ്ഥനായിരിക്കുക. അവതീർണ്ണമായ നാഭ്രഭ്രവമത്തെ വഹിച്ച സജീവപേടകമായ എന്റെ ഈ ശരീരം ശവക്കുഴിയിലിരുന്ന ജീർണ്ണിച്ചിട്ടില്ലെന്നു" എല്ലാവരും നിസ്സന്ദേഹമായി വിശ്വസിക്കണം. അതുപോലെതന്നെ, എന്റെ മരണശേഷം മൂന്നാംദിവസം മാലാഖമാർ എന്റെ ശരീരത്തെ ഉദ്ധരിച്ചു ദൈവപുത്രന്റെ വലതുഭാഗത്തേക്കു കൊണ്ടുപോയിയെന്നും ഞാൻ അവിടെ രാജ്ഞിയായി വാഴുന്നുവെന്നും ഉറപ്പായി വിശ്വസിക്കണം" ആ സ്വർഗ്ഗീയരാജ്ഞിയിൽ നിന്നു പുറപ്പെട്ട ഓരോ വാക്കും അദ്ദേഹത്തിന്റെ അന്തരംഗത്തെ അത്ഭുതകരമായി പ്രകാശിപ്പിക്കുകയും അദ്ദേഹത്തിന്റെ ഹൃദയത്തെ

അവാച്യമാംവണ്ണം ആനന്ദിപ്പിക്കുകയുംചെയ്തു. അദ്ദേഹം ഈവിധം പരമാനന്ദനിർല്ലീനനായിരുന്നപ്പോൾ ആ ദേവ ജനനി തിരോധാനംചെയ്തു.

ഈ ദർശനം തന്നെ ഉദ്ദേശിച്ച മാത്രമുണ്ടായ ഒരനുഗ്രഹമല്ലെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം അതിനെ ധൈര്യസമേതം പ്രഖ്യാപനംചെയ്തു. തന്റെ ഗുരുനാഥനായ ഫ്രാൻസിസ് മേരിയുടെ അമലോത്ഭവത്തിനെന്നപോലെ അന്തോനി ആ കന്യകാമാതാവിന്റെ പ്രതാപമഹിമകളോടുകൂടിയ സ്വർഗ്ഗാരോഹണത്തിനു് ഒരു സ്തുതിപാഠകനും അപ്പോസ്തലനുമായിരുന്നു. "നിതാന്തവന്ദ്യയായ ദൈവജനനി സ്വർഗ്ഗത്തേക്കു് ഉൽഘോഷിക്കപ്പെടുകയും ദൈവദൂതവൃന്ദങ്ങൾക്കു മുകളിലായി ഉപവിഷ്ടയാകുകയും ചെയ്തു" എന്ന അന്തോനിയുടെ സുകുമാരവചനം സ്വർഗ്ഗാരോഹണത്തിരുനാൾ സംബന്ധിച്ച പ്രാർത്ഥനയെ അലങ്കരിക്കുന്നു.

തിരുസഭ ഈ വിശ്വാസസത്യത്തെ നിർവ്വചനംചെയ്തു ലോകസമക്ഷം പ്രഖ്യാപനംചെയ്യുന്ന ആ സുദിനത്തിൽ സാർവ്വത്രികവും സ്ഥിരപ്രതിഷ്ഠിതവുമായ ഈ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നതിനായി കന്യകാമറിയത്തിന്റെ, കാലയവനികയിൽ മറഞ്ഞുപോയിരിക്കുന്ന വിശ്വസ്തന്മാരായ ഉപാസകന്മാരെയും ഭക്തന്മാരായ സ്തുതിപാഠകന്മാരെയും നിമന്ത്രണംചെയ്യുമ്പോൾ പാദുവായിലെ സെയിന്റ് ആന്റണി ആയിരിക്കും അവരിൽ പ്രഥമഗണനീയൻ.

# അദ്ധ്യായം ൫൦.

## ആശ്രമാധിപൻ.

1225-സെപ്റ്റംബർമാസത്തിൽ അന്തോനി പയ്യൻവെല ആശ്രമത്തിലെ അധിപനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന് അപ്പോൾ മുപ്പതുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും അതുയും ഉയർന്ന ഒരു സ്ഥാനം വഹിക്കത്തക്കവണ്ണം അസാമാന്യമായ സാമർത്ഥ്യവും വിവേകവും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ ഭരണനൈപുണ്യംകൊണ്ടു് ആ നിയമനത്തിന്റെ ഔചിത്യം അദ്ദേഹം തെളിയിച്ചു. ഒരു ആശ്രമാധികാരിക്കുണ്ടായിരിക്കേണ്ട ആ ദൗത്യത്തെപ്പറ്റി, "പാപത്തോട് ശത്രുതയുണ്ടായിരിക്കുക, എന്നാൽ പാപിയെ സ്നേഹിക്കുക. നിന്റെ ജീവിതം എല്ലാ സഹോദരന്മാർക്കും പരിപൂർണ്ണതയുടെ ഒരു മാതൃകയായിരിക്കട്ടെ" എന്നു തന്റെ ഗുരുനാഥൻ പറഞ്ഞിട്ടുള്ളതിനെ അദ്ദേഹം സാക്ഷാത്കരിച്ചു. ആശ്രമത്തിനുള്ളിൽ അതിലെ നിയമങ്ങളും അനുഷ്ഠാനങ്ങളും പരിപാലിക്കുന്നതിൽ അദ്ദേഹം ഉൽസുകനായിരുന്നതുപോലെ, അതിനുപുറമെ അപ്പോസ്തലധർമ്മം നിർവ്വഹിക്കുന്നതിലും അദ്ദേഹം ജാഗരൂകനായിരുന്നു.

അന്തോനി വലിയ ഒരു വാഗ്മിയും അത്ഭുതപുരുഷനുമാണെന്നുള്ള പ്രസിദ്ധി അദ്ദേഹത്തിനുമുമ്പേതന്നെ തന്റെ പുതിയ പ്രവൃത്തിരംഗത്തിൽ എത്തിയിരുന്നു. അവിടത്തെ ജനങ്ങൾ ആബാലവൃദ്ധം അദ്ദേഹത്തിനു സ്വാഗതം പറയുന്നതിനു സന്നദ്ധരായി. മതഭേദികളുടെ ഉപദ്രവം അങ്ങുമിങ്ങും ഉണ്ടായിരുന്നുവെങ്കിലും, അതു് അത്ര ശക്തിമത്തായിരുന്നില്ല. ജനങ്ങളുടെ വിശ്വാസത്തിനും മതബോധ

ത്തിനും ഗണ്യമായ ശൈഥില്യം പററിയിരുന്നില്ല. അതു കൊണ്ടു് ഇവിടെ അദ്ദേഹത്തിന്റെ കൃത്യം മറെറുസ്ഥലങ്ങളിലെക്കാൾ ലാഘവമേറിയതായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ അത്ഭുതങ്ങൾക്കും ദിർഘദർശനങ്ങൾക്കും ഇവിടെയും യാതൊരു കുറവുമുണ്ടായിരുന്നില്ല.

(അ സ്ഥലത്തു ദുർവൃത്തനും ക്ഷിപ്രകോപിയുമായ ഒരു ജനപ്രമാണിയുണ്ടായിരുന്നു. അയാളെ തെരുവീഥികളിൽവച്ചു് കാണുമ്പോഴൊക്കെ അന്തോനി നാല്രശിരസ്സനായി അഭിവാദ്യംചെയ്തു പതിവായിരുന്നു. ആ സന്യാസി തന്നെ പരിഹസിക്കുകയാണെന്നു തെററിദ്ധരിച്ചിട്ടു് അദ്ദേഹവുമായി കണ്ടുമുട്ടാതിരിക്കുന്നതിനായി നിവൃത്തിയുള്ളിടത്തോളം വഴിമാറി നടക്കുന്നതിനു് അയാൾ ശ്രമിച്ചു. എങ്കിലും ഒരു ദിവസം അവർ യാദൃശ്ചികമായി വീണ്ടും കണ്ടുമുട്ടി. ഇത്തവണ തലകുനിച്ചു മാത്രമല്ല, മുട്ടിന്മേൽനിന്നുകൂടിയാണു് അദ്ദേഹം തന്നെ തൊഴുവാൻപോകുന്നതെന്നു കണ്ടപ്പോൾ അയാൾ കോപാവിഷ്ടനായി ഇങ്ങനെ അലറി:—

"ഈ അസംബന്ധത്തിന്റെയൊക്കെ ഉദ്ദേശ്യമെന്താണു്? ഈശ്വരകോപത്തെപ്പററിയുള്ള ഭയമില്ലായിരുന്നുവെങ്കിൽ നിന്റെ കഥ ഇപ്പോൾ ഞാൻ കഴിക്കുമായിരുന്നു".

സന്യാസി ശാന്തസ്വരത്തിൽ ഇപ്രകാരം മറുപടി പറഞ്ഞു: — "എന്റെസഹോദരാ, അങ്ങയുടെ ഭാവിശ്രേയസ്സിനെപ്പററി അങ്ങു് അറിഞ്ഞിരുന്നുവെങ്കിൽ! അങ്ങയുടെ സൗഭാഗ്യത്തെപ്പററി എനിക്കു് അസൂയ തോന്നുന്നു. രക്തസാക്ഷിയുടെ പദവിക്കായി ഞാൻ ആഗ്രഹിച്ചു; ദൈവം എന്റെ ആഗ്രഹം സാധിച്ചുതന്നില്ല. എന്നാൽ ഈ അനുഗ്രഹം അങ്ങേയ്ക്കായി വച്ചിരിക്കുന്നുവെന്നു് എനിക്കു ദിവ്യവെളിപാടുണ്ടായിരിക്കുന്നു. ആ സൌഭാഗ്യം അങ്ങേയ്ക്കു

ണ്ടാകുമ്പോൾ അതിനെപ്പറ്റി അങ്ങയോട് ദീർഘദർശനം ചെയ്ത ഈ സാധുവിനെ അങ്ങ് ഓർക്കണമേ".

ഇതു കേട്ടപ്പോൾ നമ്മുടെ പ്രമാണി പൊട്ടിച്ചിരിച്ചു പോയി. ചിത്തരോഗം പിടിപെട്ട ഒരുവന്റെ ജല്പനമായിട്ടുമാത്രമേ അയാൾ ഈ ദീർഘദർശനത്തെ കരുതിയുള്ളൂ. ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു പയ്യിലെ മെത്രാനായ സ്റ്റീഫൻ സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിന് ഒരു തീർത്ഥയാത്രക്കാരുടെ സംഘവുമായി പാലസ്റ്റൈൻ രാജ്യത്തേക്കു പുറപ്പെട്ടു. പ്രസ്തുത പ്രമാണിയും ദിവ്യാനുഗ്രഹത്താൽ പ്രേരിതനായി, പാപപരിഹാരേച്ഛുവായി ആ സംഘത്തിൽ ചേർന്നു. പാലസ്റ്റയിനിൽ കരയ്ക്കിറങ്ങിയ ഉടൻ, ക്രിസ്തു സാക്ഷാൽ ദൈവമാണെന്നും മഹമ്മദ് വെറുമൊരു ദാംഭികനാണെന്നും അയാൾ ധൈര്യസമേതം ഘോഷിച്ചു. ഉടൻ അയാൾ അറസ്റ്റുചെയ്യപ്പെടുകയും വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തു. അയാൾ കൊലക്കളത്തെ സമീപിച്ചപ്പോൾ പെട്ടെന്ന് അന്തോനിയുടെ ദീർഘദർശനത്തെപ്പറ്റി ഓർക്കയും തന്റെകൂടെ ഉണ്ടായിരുന്ന ഫ്രാൻസിസ്കന്മാരോട് അതിനെപ്പറ്റി പ്രസ്താവിക്കുകയും ചെയ്തു.

വേറൊരുദിവസം, ആ പട്ടണത്തിൽവച്ചുതന്നെ, ഗർഭിണിയും കുലീനയുമായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുത്തുവന്നു തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അദ്ദേഹത്തോടപേക്ഷിച്ചു. പെട്ടെന്നു തനിക്ക് ഒരു ദിവ്യമായ അഭിനിവേശമുണ്ടായതുപോലെ അദ്ദേഹം അവളോട് ഇപ്രകാരം പറഞ്ഞു:—"എന്റെ മകളെ, സന്തുഷ്ടയായിരിക്കുക. ദൈവം നിനക്കൊരു മകനെത്തരും. അവൻ ഒരു ഫ്രാൻസിസ്കൻ സന്ന്യാസിയും രക്തസാക്ഷിയുമെന്നനിലയിൽ തിരുസഭാനഭോമണ്ഡലത്തിൽ ഉജ്ജ്വലമായി പ്രകാശിക്കുന്ന ഒരു നക്ഷത്രമായിത്തീരും." ഈ ദീർഘദർശനവും അക്ഷരം

പ്രതി നിറവേറി. ആ സ്ത്രീ ഒരു മകനെ പ്രസവിക്കുകയും അവൻ — അവന്റെ പേരു ഫിലിപ്പെന്നായിരുന്ന — പ്രായമായപ്പോൾ ഫ്രാൻസിസ്കൻ സഹോദരസംഘത്തിൽ ചേർന്നു വിദേശങ്ങളിൽ മിഷനറിയായി സഞ്ചരിക്കുകയും ചെയ്തു. അസ്സോട്ട് എന്ന പട്ടണത്തിൽവച്ചു ഫിലിപ്പും മറ്റു രണ്ടായിരത്തിൽപരം ക്രിസ്ത്യാനികളും മഹമ്മദീയരുടെ കൈയിൽ അകപ്പെട്ടു. അവരെയെല്ലാം കഠിനമായി പീഡിപ്പിച്ചശേഷം വധിക്കുന്നതിനു സുൽത്താൻ വിധി കല്പിച്ചു. വധസ്ഥലത്തുവച്ചു ഫിലിപ്പ് അമാനുഷമായ ധൈര്യത്തെ പ്രദർശിപ്പിച്ചു. തന്റെ സഹചരന്മാരെ ഉപദേശംകൊണ്ടും സാന്ത്വനവചനങ്ങൾകൊണ്ടും ധൈര്യപ്പെടുത്തുന്നതിനും അവരെ ദൈവസന്നിധിയെ പ്രാപിക്കുന്നതിനു സന്നദ്ധരാക്കുന്നതിനുമായി, തന്നെ എല്ലാറ്റിലും ഒടുവിൽ വധിക്കണമെന്നു് അദ്ദേഹം അധികാരികളോടപേക്ഷിച്ചു. അപ്രകാരം അദ്ദേഹത്തിന്റെ സമയം വന്നപ്പോൾ സുൽത്താൻ അദ്ദേഹത്തിന്റെ കൈകളെ കഴയിൽവച്ചു വെട്ടിച്ചുകളഞ്ഞു; പിന്നീടു് അവരെ തൊലിയുരിക്കുന്നതിനും അതിനുശേഷം നാക്കു വെട്ടുന്നതിനും ആ നിഷ്ഠുരൻ ആജ്ഞാപിച്ചു. എന്നിട്ടും നമ്മുടെ ധർമ്മവീരൻ പ്രസംഗം നിറുത്താതിരുന്നതുകൊണ്ടു് അദ്ദേഹത്തെ നിശ്ശ്വേഷം നിശ്ശബ്ദനാക്കുന്നതിനായി അദ്ദേഹത്തിന്റെ ശിരസ്സു് ഛേദിക്കപ്പെട്ടു.

ആത്മാക്കളുടെ രക്ഷയെ മാത്രം ലാക്കാക്കിയുള്ള അന്തോനിയുടെ ജീവിതസരണിയിൽ വലിയവനും ചെറിയവനുമെന്നുള്ള വ്യത്യാസമില്ലായിരുന്നു. തിരുസഭയിൽ ഉന്നതങ്ങളായ സ്ഥാനങ്ങൾ വഹിക്കുന്ന പുരോഹിതശ്രേഷ്ഠന്മാർ തന്നെയും ഉഷ്കൃത്യം പ്രവർത്തിച്ചാൽ അദ്ദേഹത്തിന്റെ നിർദ്ദാക്ഷിണ്യമായ ശാസനയ്ക്കു പാത്രീഭവിക്കും. അദ്ദേഹം പയ്യൻവെലയിൽവന്നു രണ്ടുമാസം കഴിഞ്ഞപ്പോൾ ഇത്തരം ഒരു സന്ദർഭമുണ്ടായി. 1225 നവമ്പർ 30-ാംനു-

ബോർഗസ്സിൽവെച്ചു മാപ്പ്പ്പായുടെ പ്രതിനിധിയായ കർദ്ദിനാൾ ടീ സെയിൻറ് ആഞ്ചിൻെറ അദ്ധ്യക്ഷതയിൽ ഒരു വൈദികമഹായോഗം നടന്നു. ഭക്ഷിണഫ്റാൻസിൽ മതപരമായും രാഷ്ട്രീയമായും ഉണ്ടായിക്കൊണ്ടിരുന്ന കലഹങ്ങളെ അവസാനിപ്പിച്ചു് അവിടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നതിനായിരുന്നു ആ യോഗം കൂടിയതു്. ആറു മെത്രാപ്പോലീത്താമാരും ഏകദേശം നൂറു മെത്രാന്മാരും ഒട്ടുവളരെ ആശ്രമാധിപന്മാരും ഏതാനും പ്രൊട്ടക്കന്മാരും ഇടപ്രൊട്ടക്കന്മാരും അതിൽ സന്നിഹിതരായിരുന്നു. അക്കാലത്തെ ഏറ്റവും സുപ്രസിദ്ധവാഗ്മിയായിത്തീർന്നിരുന്ന അന്തോനി ആ മഹാസദസ്സിൽ ഒരു പ്രസംഗം ചെയ്യുന്നതിനായി ക്ഷണിക്കപ്പെട്ടു. അതിൽ ഉദ്ഘാടനപ്രസംഗം ചെയ്തതു് അദ്ദേഹം ആയിരുന്നിരിക്കണം. ഈ സന്ദർഭത്തിൽ അദ്ദേഹം ചെയ്തതാണെന്നു് ഊഹിക്കപ്പെടുന്ന ഒരു പ്രസംഗത്തിൻെറ കൈയെഴുത്തുപകർപ്പു് ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. "നിർമ്മലവും അനവദ്യവും സുന്ദരവുമായ എല്ലാ വ്യക്തികളുടെയും കേന്ദ്രസ്ഥാനമായ മനുഷ്യപുത്രനെയും, പുണ്യവാന്മാരെ സമൂഹമായി വിളയിക്കുന്നതും ഏകവും പരിശുദ്ധവുമായ അദ്ദേഹത്തിൻെറ തിരുസഭയേയും" അദ്ദേഹം അതിൽ വാഴ്ത്തുന്നു: നമ്മൾ എല്ലാവരും—സന്ന്യാസികളും സംസാരികളും—അഹംകാരം. ഭോഗാസക്തി, ധനതൃഷ്ണ എന്നീ മൂന്നു ദുർഗ്രണങ്ങളെ നിശ്ശേഷം പരിത്യജിക്കണമെന്നു അദ്ദേഹം സിദ്ധാന്തിക്കുന്നു. ഈ പാപങ്ങൾ സംസാരികളെ സംബന്ധിച്ചുതന്നെയും ക്ഷന്തവ്യങ്ങളല്ലെന്നു നിഷ്കൃഷ്ടിക്കുന്ന അദ്ദേഹം ആ ദുർഗ്രണങ്ങൾ ബാധിച്ചിട്ടുള്ള വൈദികരെ എത്രയും നിർദ്ദാക്ഷിണ്യമായിട്ടാണു ശാസിക്കുന്നതു്. തന്നെ എല്പിച്ചിരിക്കുന്ന ജനങ്ങളുടെ ആത്മീയകാര്യത്തിൽ ശ്രദ്ധിക്കാത്ത വൈദികൻ ഒരു വിഗ്രഹമാണെന്നു് അദ്ദേഹം പറയുന്നു. "അതേ, അയാൾ ഒരു വിഗ്രഹമാകുന്നു; എന്തു

കൊണ്ടെന്നാൽ ലോകത്തെ അസാരങ്ങളായ സംഗതികളെ കാണുന്നതിനല്ലാതെ പാവങ്ങളുടെ കഷ്ടപ്പാടുകൾ കാണുന്നതിനു് അവനു കണ്ണില്ല; സേവകന്മാരുടെ മുഖസ്തുതി കേൾക്കുന്നതിനല്ലാതെ അഗതികളുടെ നിലവിളി കേൾക്കുന്നതിനു് അവനു ചെവിയില്ല; ഒരു സ്ത്രീയെപ്പോലെ ശ്രൃംഗാരേന്ദ്രിയത്തിനു രസകരങ്ങളായ സുഗന്ധദ്രവ്യങ്ങളെ മണക്കുന്നതിനല്ലാതെ പാവപ്പെട്ടവരുടെ പരിമളത്തെയും നരകത്തിന്റെ ദുർഗ്ഗന്ധത്തെയും മണത്തറിയുന്നതിനു് അവനു മൂക്കില്ല; ധനം സമ്പാദിച്ചു കൂട്ടുന്നതിനല്ലാതെ, ക്രിസ്തുവിന്റെ മുറിവുപാടുകളിൽ തടവി ആശ്വസിപ്പിക്കുന്നതിനു് അവനു കൈകളില്ല. അവന്റെ കോട്ടകൊത്തളങ്ങളെയും കൊട്ടാരങ്ങളെയും ബലപ്പെടുത്തുന്നതിനും മറ്റും പോകാനും വരാനും അവനു പാദങ്ങളുണ്ടു്; എന്നാൽ അവനു ദൈവവചനത്തെ പ്രസംഗിക്കുന്നതിനായി സഞ്ചരിക്കുന്നതിനു പാദങ്ങളില്ല. ദൈവസ്തുതി അവന്റെ അധരങ്ങളിൽ ഇല്ല. ക്രിസ്തുവിന്റെ സഭയേയും ഈ നികൃഷ്ടമായ വിഗ്രഹത്തേയും തമ്മിൽ സംബന്ധിപ്പിക്കുന്നതായി വല്ലതുമുണ്ടോ? കോതമ്പും പതിരുംതമ്മിൽ, ക്രിസ്തുവും ചൈത്താനും തമ്മിൽ, അപ്പോസ്തലൻപറഞ്ഞിട്ടുള്ളതുപോലെ, സാമാന്യധർമ്മം വല്ലതുമുണ്ടോ? ഈ വിഗ്രഹത്തിന്റെ ഭജനം, അതിനു ഇനിമേലാൽ യാതൊന്നും ചെയ്യാൻ സാധിക്കാതിരിക്കത്തക്കവണ്ണം ഒരു ദൈവികമായ വിധിയാൽ ഉണങ്ങി വറണ്ടു പോകും" എന്നു് അദ്ദേഹം ഉപപാദിക്കുന്നു. ആ പ്രസംഗത്തെ അദ്ദേഹം ഈവിധം ക്ഷോഭജനകമായ ഭാഷയിൽ ഉപസംഹരിക്കുന്നു. "തന്റെ ആടുകളെ ശാപസംമുട്ടിച്ചു കൊല്ലുന്ന അവിശ്വസ്തനായ ആ ആട്ടിടയനു ദുരിതം! ബുദ്ധക്ഷുക്കളായ ചെന്നായ്ക്കളുടെ ആക്രമണങ്ങളിൽനിന്നു തന്റെ ആജഗണത്തെ സംരക്ഷിക്കുന്നതിനു് അമാന്തം കാണിക്കുന്ന ഭോഗാസക്തനായ ആ ആജപാലനു ദുരിതം!" അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ പെട്ടെന്നു് ഒരഭിനിവേശമുണ്ടായതുപോലെ

ബോർഗസ്സിലെ മെത്രാപ്പോലീത്തായായ സൈമൺഡിസ
ള്ളിയുടെ നേരേതിരിഞ്ഞ് ഇങ്ങനെ പറഞ്ഞു.—"ഒരു മെ
ത്രാന്റെ കിരീടം ധരിച്ചിരിക്കുന്ന അങ്ങയോടാണു ഞാൻ
പറയുന്നതു്." ആ മെത്രാപ്പോലീത്താ "രാത്രിയിലെ കൂ
രുടരായ കാവൽക്കാരെന്നും ഉറങ്ങുകയും സ്വപ്നങ്ങൾ കാണു
ന്നതിനു് ഇഷ്ടപ്പെടുകയും ചെയ്യുന്ന കുരയ്ക്കാൻ കഴിയാത്ത
മൂകരായ നായ്ക്കളെന്നും" ഇസയാസ് ദീർഘദർശി വിളിക്കു
ന്ന ആ ഭീരുക്കളായ ആട്ടിടയന്മാരിൽ ഒരുവനായിരുന്നു.
നമ്മുടെ പ്രാസംഗികൻ സള്ളിയുടെ അന്തരംഗത്തെ വിഷ
മിപ്പിച്ചിരുന്ന ഉപ്പുതൂണുകളെയും ഉഗ്രിലങ്ങളെയും കക്ശമാ
യി ശാസിക്കുകയും വേദഗ്രന്ഥങ്ങളിൽ നിന്നു് അനേകം അ
നിരോധ്യങ്ങളായ ന്യായങ്ങളെ ഉദ്ധരിച്ചു് ആ ശാസനയെ
സാധൂകരിക്കുകയും ചെയ്തു. ദിവ്യശക്തിയുള്ള അന്തോനി
യുടെ വചനങ്ങൾ മെത്രാപ്പോലീത്തായുടെ ഹൃദയത്തെ സ്പ
ർശിച്ചു. അദ്ദേഹത്തിനു് അതിനുമുമ്പു് ഒരിക്കലും ഉണ്ടായി
ട്ടില്ലാത്ത പശ്ചാത്താപവും ഈശ്വരവിചാരവും അപ്പോൾ
ഉണ്ടായി; അദ്ദേഹം അനുതാപാശ്രുക്കൾ പൊഴിച്ചു. യോ
ഗം പിരിഞ്ഞപ്പോൾ അദ്ദേഹം ആ നിർഭയനായ പ്രാസം
ഗികന്റെ പാദങ്ങളിൽ പ്രണാമം ചെയ്യുകയും, എത്രയും
വിനയത്തോടും സാരള്യത്തോടും തന്റെ പാപങ്ങളെ ഏറ്റു
പറയുകയും ചെയ്തു. അപ്പോൾ മുതൽ അദ്ദേഹം ഒരു ആ
ത്മീയപുനരുജ്ജീവനമുണ്ടായതുപോലെ ദൈവശുശ്രൂഷയി
ലും സ്വകൃത്യനിർവ്വഹണത്തിലും ഏറ്റവും ശ്രദ്ധാലുവായ
വനായി കാണപ്പെട്ടു.

ബോർഗസ്സിൽവച്ചു് അന്തോനി ഗില്ലാർഡ് എന്ന
ഒരു യഹൂദനെ അത്ഭുതകരമായ വിധത്തിൽ മാനസാന്തര
പ്പെടുത്തി. അയാൾ ക്രിസ്തുമതത്തിനു വിരുദ്ധമായ സകല
പ്രസ്ഥാനങ്ങളിലും നേതൃത്വം വഹിക്കുന്ന യഹൂദപ്രമാണിക
ളിലൊരുവനായിരുന്നു. അന്തോനിയുടെ ശക്തിയുക്തങ്ങ

ളായ പ്രസംഗങ്ങൾ അയാളെ ആകൃഷ്ടിച്ചുവെങ്കിലും അവയിലെ ക്രിസ്തുമതതത്വങ്ങളെപ്പറ്റി പൂർണ്ണവിശ്വാസം അയാളിൽ ജനിപ്പിക്കുന്നതിനു കഴിഞ്ഞില്ല. ഒരുദിവസം വിശുദ്ധകുർബാനയിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തെപ്പറ്റി ഒരു ഭീർഘമായ വാദപ്രതിവാദം അയാളും അന്തോനിയും തമ്മിൽ നടന്നു. ആ വിശ്വാസം അയാൾക്കു് ഒട്ടും യുക്തിയുക്തമായി തോന്നിയില്ല. "നീ എന്തുകൊണ്ടു് ആ സത്യത്തെ സമ്മതിക്കുന്നില്ല? ഒരു മഹമ്മദീയൻ മഹമ്മദിന്റെ വാക്കിനെ വിശ്വസിക്കുന്നു; ഒരു തത്വശാസ്ത്രി അരിസ്റ്റോട്ടലിന്റെ സാക്ഷ്യത്തിന്റെ മുമ്പാകെ നമസ്കരിക്കുന്നു. എന്നാൽ ഒരു യഥാർത്ഥ ഇസ്രായൽക്കാരനെന്നഭിമാനിക്കുന്ന നീ മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ വ്യക്തവും അസന്ദിഗ്ധവുമായ മൊഴിയെ സ്വീകരിക്കുന്നില്ല!" എന്നു് അന്തോനി പറഞ്ഞു. ആ യഹൂദൻ ഈ നാസ്തികോചിതമായ പ്രത്യുത്തരം നൽകി. "വെറും വിശ്വാസംകൊണ്ടു ഞാൻ തൃപ്തനാകുകയില്ല. ഞാൻ കണ്ടുവെങ്കിൽ മാത്രമേ എനിക്കു ബോധ്യമാവുകയുള്ളൂ." അയാളുടെ പൂർവികന്മാരെപ്പോലെ അയാളും ആവശ്യപ്പെട്ടതു് ഒരത്ഭുതത്തെയാണു്. അതും എന്തുമാതിരി അത്ഭുതം!

അയാൾ പറഞ്ഞു:—"അന്തോനി, സഹോദരാ, നീയുക്തിയുക്തമെന്നു വാദിച്ച ആ തത്വത്തെ പ്രത്യക്ഷമായ ഒരടയാളത്താൽ തെളിയിക്കുകയാണെങ്കിൽ ഞാൻ എന്റെ പൂർവികവിശ്വാസത്തെ ഉപേക്ഷിക്കുകയും നിന്റേതിനെ സ്വീകരിക്കുകയും ചെയ്യാം. അതിനു നീ തയ്യാറാണോ?" "തീർച്ചയായിട്ടും" എന്നായിരുന്നു അതിനു നൽകപ്പെട്ട നിസ്സന്ദേഹമായ മറുപടി. യഹൂദൻ വീണ്ടും പറഞ്ഞു:—"എനിക്കൊരു കഴുതയുണ്ടു്. യാതൊരു തീറ്റിയും കൊടുക്കാതെ അതിനെ മൂന്നു ദിവസത്തേക്കു ഞാൻ പൂട്ടിയിടും. അതിനുശേഷം അതിനെ പട്ടണത്തിലെ ഏറ്റവും വിസ്താ

രമേറിയ മൈതാനത്തു കൊണ്ടുവന്നു, ബഹുജനങ്ങളുടെ മു മ്പാകെവച്ചു ഞാൻ അതിനു ഏറ്റവും ഇഷ്ടമുള്ള തീറ്റി കൊടുക്കും. നീ അപ്പോൾ, സാക്ഷാൽ മനുഷ്യനായ മൈ വത്തിന്റെ ശരീരമെന്നു വിശ്വസിക്കപ്പെടുന്ന കുർബാന യെ അവിടെ കൊണ്ടുവരണം. ആ കഴുത അതിന്റെ മു മ്പിൽ കിടക്കുന്ന ഭക്ഷണസാധനത്തെ ഉപേക്ഷിച്ചിട്ടു കുർ ബാനയുടെ മുമ്പാകെ സാഷ്ടാംഗം നമസ്കരിക്കുന്നുവെങ്കിൽ ഞാൻ ഒരു കത്തോലിക്കനായിക്കൊള്ളാം"

ഇതു് എത്രയും ഗൗരവമുള്ള ഒരു സമരാഹ്വാനം ത ന്നെയായിരുന്നു. അന്തോനി അതിനെ സന്തോഷപൂർസ്സ രം സ്വീകരിച്ചു. ധർമ്മസംസ്ഥാപനത്തിനായി ധർമ്മവിരുദ്ധ മല്ലാത്ത എന്തും ചെയ്യുന്നതിനു് അദ്ദേഹം സന്നദ്ധനായിരു ന്നു. ഇടയ്ക്കുള്ള മൂന്നുദിവസം അദ്ദേഹം ഉപവാസത്തിലും ധ്യാനത്തിലും കഴിച്ചുകൂട്ടി. നിശ്ചിതദിവസം ഗില്ലാർഡ് കഴുതയുമായി മൈതാനത്തിൽ ഹാജരായി. അയാളുടെ ചുറ്റും അയാളുടെ പക്ഷക്കാരായ ഒരുക്രൂട്ടം ആളുകൾ ജയ പ്രാപ്തിയിൽ പൂർണ്ണവിശ്വാസമുള്ളവരായും,തങ്ങളുടെ വിരോ ധിക്കു പറ്റാൻപോകുന്ന ഇളിഭ്യതയെ ഓർത്തു സന്തോഷി ച്ചും നിൽക്കുന്നുണ്ടായിരുന്നു. എതിർവശത്തുനിന്നു വിശു ദ്ധകുർബാനയെ വഹിച്ചുകൊണ്ടു് അന്തോനി മൈതാന ത്തെ സമീപിക്കുന്നു. താൻ വഹിക്കുന്നു സാക്ഷാൽ ഈ ശ്വരശരീരത്തിൽ തന്നെ നിക്ഷിപ്തവീക്ഷണനായി, ഏകാ ഗ്രചിത്തനായി, ദിവ്യാനന്ദനിമഗ്നനായി വിശുദ്ധകുർബാന യെ വാഴ്ത്തുന്ന കീർത്തനങ്ങളും ഗാനങ്ങളും ആലപിക്കുന്ന ഒരു വലിയ ജനസമൂഹത്താൽ അനുഗതനായി അദ്ദേഹം ആ മൈതാനത്തിൽഎത്തി അതിന്റെ മദ്ധ്യത്തിൽനിന്നു്, പുരുഷാരത്തെ നിശ്ശബ്ദമാക്കിയിട്ടു് ആ കഴുതയോടു് ഇപ്ര കാരം പറഞ്ഞു: "ഞാൻ അയോഗ്യനെങ്കിലും എന്റെ കരങ്ങളിൽ വഹിക്കുന്ന നിന്റെ സ്രഷ്ടാവിന്റെ നാമത്തിൽ

നീ ത്വടിതി വന്നു നിന്റെ ദൈവത്തിന്റെ മുമ്പാകെ സാഷ്ടാംഗം നമസ്കരിക്കുന്നതിനു്, ഓ, വിശേഷബുദ്ധിയില്ലാത്ത മൃഗമേ, നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. ഈ അടയാളം കണ്ടിട്ടെങ്കിലും ഞങ്ങളുടെ ബലിപീഠങ്ങളിൽ ഹോമിക്കപ്പെടുന്ന ദിവ്യമായ ആട്ടിൻകുട്ടിക്കു സകല ചരാചരങ്ങളും വിധേയമാണെന്നു അവിശ്വാസികൾ വിശ്വസിക്കട്ടെ" അതേസമയം പ്രതിപക്ഷികളിൽ ഒരുവൻ വിശപ്പുകൊണ്ടു പരവശമായി നിൽക്കുന്ന ആ മൃഗത്തിനു ഏറ്റവും ഇഷ്ടമുള്ള ഭക്ഷ്യംകൊണ്ടുവന്നു് ഇട്ടു. കഴുതയാകട്ടെ, അതിന്റെ മുമ്പിൽ കിടക്കുന്ന വൃദ്ധ്യമായ ആഹാരത്തെ ഒട്ടും ഗണ്യമാക്കാതെ പുണ്യവാന്റെ അധികാരസംയുക്തമായ സ്വരത്തിനു വശംവദമായി നേരേ അദ്ദേഹം നിന്ന സ്ഥലത്തേക്കു ചെന്നു വിശുദ്ധകുർബാനയുടെ മുമ്പാകെ മുട്ടുകുത്തുകയും, കുറേനേരം ആ നിലയിൽതന്നെ നിൽക്കുകയും ചെയ്തു. ഈ പ്രത്യക്ഷമായ അത്ഭുതം കണ്ടപ്പോൾ ക്രിസ്ത്യാനികൾ തങ്ങളുടെ സന്തോഷാരവങ്ങളാൽ അന്തരിക്ഷത്തെ മുഖരീകരിച്ചു. എതിർപക്ഷക്കാർ പരാഭ്രതരായി ഓടിയൊളിച്ചു. നിവ്യാജമായ സത്യത്തെ അന്വേഷിച്ച സരളഹൃദയരായ ഒട്ടധികംപേർ ക്രിസ്തുമതം സ്വീകരിച്ചു. കഴുതയുടെ ഉടമസ്ഥൻ അവരിലൊരുവനായിരുന്നു. യുക്തിവാദത്തെ യഹൂദനു് ഏതിക്കാൻ കഴിഞ്ഞു. എന്നാൽ പ്രത്യക്ഷമായ ഒരത്ഭുതത്തെ നിഷേധിക്കാൻ അയാൾക്കു കഴിഞ്ഞില്ല. അയാളുടെ പരാജയം അയാൾ സമ്മതിച്ചു- കരാറനുസരിച്ചു് അയാൾ പരസ്യമായി കത്തോലിക്കുമതം സ്വീകരിച്ചു.

ഈ മഹാവിജയം ക്ഷണേന സുപ്രസിദ്ധമായിത്തീർന്നു. അതിന്റെ അമോഘപ്രഭാവം അന്യാദൃശമായിരുന്നു. ക്രിസ്ത്യാനി അയശേഷം ഗിലാർദ് തന്റെ കൃതജ്ഞതയെ പരസ്യമായി പ്രദർശിപ്പിച്ചു. അത്ഭുതം നടന്ന സ്ഥാനത്തു സെയിൻറ് പീറ്ററിന്റെ നാമത്തിൽഅതിഗംഭീരവും മനോ

ഹരവുമായ ഒരു ദേവാലയം അയാൾ പണികഴിപ്പിച്ചു. പ്രസ്തുത അത്ഭുതത്തിന്റെ ശാശ്വതസ്മാരകമായി ആ ദേവാലയം ഇപ്പോഴും നില്ക്കുന്നുണ്ട്. (നമസ്കരിക്കുന്ന നിലയിൽ ഒരു കഴുതയുടെ രൂപം കൊത്തിയിരിക്കുന്ന ഒരു ശിലാഖണ്ഡം 1850-ൽ ആ ദേവാലയത്തിലെ പ്രധാന ബലിപീഠത്തിനടിയിൽനിന്നു കണ്ടെടുത്തു അതു് ആ ബലിപീഠത്തിന്റെ ഭിത്തിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.) അയാളെ തുടർന്നു് അയാളുടെ കുടുംബം മുഴുവനും ക്രിസ്തുമതം സ്വീകരിച്ചു. ആ പ്രദേശം മുഴുവനും ക്രിസ്തുധർമ്മം നിർബാധം പ്രചരിക്കുകയും പാഷണ്ഡമതം നാമാവശേഷമാവുകയും ചെയ്തു. ഈ വിധം നമ്മുടെ പുണ്യവാന്റെ വിജയം, അല്ല നമ്മുടെ ദിവ്യരക്ഷകന്റെ വിജയം, പരിപൂർണ്ണമായിരുന്നു. അന്തോനിക്കു "പാഷണ്ഡമതവിധ്വംസകൻ" എന്ന അഭിധാനം സിദ്ധിച്ചതു് ഈ മഹാത്ഭുതത്തിന്റെ ഫലമായി പാഷണ്ഡമതത്തിനുണ്ടായ അധഃപതനം മൂലമാണു്.

1226 സെപ്തംബർ മാസത്തിൽ അദ്ദേഹം മർത്യചരണം സംബന്ധിച്ചു പരിശ്രമങ്ങളും തല്ക്കാലത്തേക്കു നിറുത്തിവച്ചു. അർലസ്സിൽവച്ചു ക്രോടിയ ഫ്രാൻസിസ്കൻ സംഘത്തിന്റെ പ്രാദേശികയോഗത്തെ വിജയകരമാക്കുന്നതിനായി അദ്ദേഹം തന്റെ ശക്തിയും സമയവും മുഴുവനും വിനിയോഗിച്ചു. ആ യോഗത്തിന്റെ അദ്ധ്യക്ഷനായിരുന്ന ജോൺബോനെല്ലി ഒരു പ്രസംഗത്തിനായി അന്തോനിയെ ക്ഷണിച്ചു. പ്രസംഗവിഷയം 'യഹൂദന്മാരുടെ രാജാവായ നസറത്തിലെ യേശു' എന്നായിരുന്നു. അദ്ദേഹം പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ തന്റെ ഗുരുനാഥൻ ഫ്രാൻസിസു് അത്ഭുതകരമായി ആ സദസ്സിൽ പെട്ടെന്നു പ്രത്യക്ഷനായി. ഭ്രസ്പർശം ചെയ്യാതെ അദ്ദേഹം അന്തരിക്ഷത്തിൽ നിരാലംബനായി നില്ക്കുന്നതായിട്ടാണു കാണപ്പെട്ടതു്. അദ്ദേഹം കരങ്ങളും കുരിശാകൃതിയിൽ നീട്ടിപ്പിടിച്ചി

രുന്നു. പ്രസന്നവദനനായി പ്രാസംഗികനെയും ശ്രോതാക്കളെയും കരങ്ങൾ ഉയർത്തി അനുഗ്രഹിച്ചശേഷം അദ്ദേഹം തിരോധാനംചെയ്തു. ഫ്രാൻസിസ് ഇവിടെ പ്രത്യക്ഷനായ സമയത്തു് അസിസ്സിയിൽ മെത്രാന്റെ അരമനയിലായിരുന്നു. തനിക്കു തന്റെ ദൂരസ്ഥിതന്മാരായ ശിഷ്യന്മാരോടുള്ള ഐക്യത്തിന്റെ ഒരടയാളമായിട്ടാണു് ആർലസിൽ താൻ അത്ഭുതകരമായി പ്രത്യക്ഷനായതെന്നു സ്വശിഷ്യന്മാരോടു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

ഫ്രാൻസിസ്കൻസംഘാംഗങ്ങളുടെ ഇടയിൽ അന്തോനിയുടെ സാമർത്ഥ്യത്തെയും യോഗ്യതകളെയുംപറ്റിയുള്ള മതിപ്പു വർദ്ധിച്ചതിന്റെ ഫലമായി അദ്ദേഹം ലിമോജസ്സിലെ കസ്റ്റോസായി (Custos) തിരഞ്ഞെടുക്കപ്പെട്ടു. അനേകം ആശ്രമങ്ങളുടെ മേലധികാരിയാണു കസ്റ്റോസെന്നു വിളിക്കപ്പെടുന്നതു്. ഉദ്യോഗം സംബന്ധിച്ച ചുമതലകൾ ഈ നിയമനത്തോടുകൂടി വളരെവർദ്ധിച്ചുവെങ്കിലും അവയെ എല്ലാം അദ്ദേഹം അഭംഗമായി നിറവേറ്റുകയും തന്റെ ധർമ്മപ്രചാരണസംരംഭങ്ങൾ മുമ്പിലത്തെപ്പോലെതന്നെ തുടർന്നുകൊണ്ടു പോകുകയും ചെയ്തു.

അന്തോനി ഈ പുതിയ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടു രണ്ടാഴ്ച കഴിഞ്ഞപ്പോൾ തന്റെ ഗുരുനാഥനായ അസിസ്സിലെ മഹർഷി സമാധിയടഞ്ഞു. ദിവംഗതമായ അദ്ദേഹത്തിന്റെ സുന്ദരാത്മാവിനു മാലാഖാവൃന്ദങ്ങൾ ദിവ്യസംഗീതത്താൽ സ്വാഗതമരുളി. അതിന്റെ പ്രതിധ്വനിയായി ഭൂലോകത്തു് അദ്ദേഹത്തിന്റെ സഹോദരികളായ പക്ഷികൾ സുമധുരങ്ങളായ ഗാനങ്ങളെ ആലപിച്ചു. എലിയാസിന്റെ കവചം എലിസേവൂസു് ധരിച്ചതുപോലെ, ഫ്രാൻസിസിന്റെ വൈരാഗ്യത്തിനും ആത്മീയശക്തിക്കും മറ്റു ഗുണവിശേഷങ്ങൾക്കും അന്തോനി അവകാശിയായി

ത്തീന്നു. ഗുരുവിന്റെ മരണത്തിനുമുമ്പു് ഒരു അൽഭുതപ്രവർത്തകനെന്ന നിലയിൽ അദ്ദേഹം ഏകദേശം ഗുരുവിനു സമനായിരുന്നു; ധർമ്മദൂതനെന്നനിലയിൽ അദ്ദേഹം ഗുരുവിനൊപ്പോലെതന്നെ ശ്രേഷ്ഠാന്തിയുള്ളവനും നിർഭയനുമായിരുന്നു; വാഗ്മിയെന്ന നിലയിൽ അദ്ദേഹം ഗുരുവിനെ അതിശയിച്ചുമിരുന്നു. ഇപ്പോഴാകട്ടെ ആ ഗുണങ്ങളെല്ലാം പൂർവ്വാധികം പരിപുഷ്ടമായിത്തീന്നു. ഗുരുവിന്റെ ആത്മാവു ശിഷ്യനിൽ നിവേശിച്ചതുപോലെ കാണപ്പെട്ടു.

---

## അദ്ധ്യായം ൧൧.

---

### ലിമോജസ്സിലെ കസ്റ്റോസ് (Custos)

അന്തോനി ലിമോജസിലെ കസ്റ്റോസായി നിയമിക്കപ്പെട്ടതു്, 1226-ഒടുവിലായിരുന്നു. മൂന്നു വർഷത്തിനുമുമ്പായിരുന്ന അന്തോനി ആദ്യമായി ആ സ്ഥലത്തു വന്നതു്. ഇതിനകം അന്തോനിയുടെ കീർത്തി അവിടെയും വ്യാപിച്ചുകഴിഞ്ഞിരുന്നു. അവിടത്തെ ജനങ്ങൾ അദ്ദേഹത്തെ ആഘോഷപൂർവ്വം സ്വീകരിച്ചു. അദ്ദേഹത്തെ ഒന്നു കാണുന്നതിനും, അദ്ദേഹത്തിന്റെ സ്വരം കേൾക്കുന്നതിനും നിവൃത്തിയുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഉടുപ്പിന്റെ അറ്റത്തു് ഒന്നു തൊടുന്നതിനും അവർ ഉല്ലുറ്റിരായി ക്രുദ്ധംക്രുദ്ധമായി വന്നു. ഏറെത്താമസിയാതെ അവിടെ സെയിൻറു പാഠംസ് ശവക്കോട്ടയിൽവച്ചു് അദ്ദേഹം ഒരു പ്രസംഗം ചെയ്തു. "വൈകുന്നേരം കരച്ചിലും കാലത്തു സന്തോഷവും ഉണ്ടായിരിക്കും" എന്ന സങ്കീർത്തനവാക്യത്തെ ആസ്പദമാക്കി ചെയ്ത ആ പ്രസംഗംവളരെഹൃദയംഗമമായിരുന്നിരിക്കണം.

ഈ വാക്യത്തിലെ ആശയത്തെ അദ്ദേഹം എങ്ങനെ വികസിപ്പിച്ചുവെന്ന് അദ്ദേഹത്തിന്റെ ഈ കുറിപ്പുകളിൽ നിന്നു നമുക്കു മനസ്സിലാക്കാം: "മൂന്നു സായംകാലവും, മൂന്നു ഉഷഃകാലവും, മൂന്നു കരച്ചിലും, മൂന്നു് സന്തോഷവുമുണ്ടു്. മൂന്നു സായാഹ്നങ്ങളിൽ ഒന്നാമത്തേതു പറുദീസായിലെ നമ്മുടെ ആദിമാതാപിതാക്കന്മാരുടെ സങ്കടകരമായ അധഃപതനവും, രണ്ടാമത്തേതു നമ്മുടെ രക്ഷകന്റെ സങ്കടകരമായ കഷ്ടാനുഭവവും മരണവും, മൂന്നാമത്തേതു സതതരം സമീപിക്കുന്ന നമ്മുടെ സങ്കടകരമായ മരണവുമാകുന്നു. മൂന്നു് ഉഷഃകാലങ്ങളിൽ ഒന്നാമത്തേതു മ്ശിഹായുടെ സന്തോഷകരമായ ജനനവും, രണ്ടാമത്തേതു് മ്ശിഹായുടെ സന്തോഷകരമായ പുനരുത്ഥാനവും, മൂന്നാമത്തേതു നമ്മുടെ ഭാവിയിലുള്ള സന്തോഷകരമായ പുനരുത്ഥാനവുമാകുന്നു."

അടുത്തദിവസം അദ്ദേഹം ബനഡിക്ററൻസന്യാസസംഘക്കാരുടെ ആശ്രമദേവാലയത്തിൽവച്ചു സന്ന്യാസജീവിതത്തെപ്പററി ഒരു പ്രസംഗംചെയ്തു. ലളിതകോമളമായ ആ പ്രസംഗത്തിന്റെ സവിസ്തരമായ ഒരു റിപ്പോർട്ടു് അദ്ദേഹത്തിന്റെ കുറിപ്പുകളിൽനിന്നു നമുക്കു കിട്ടുന്നു. അതിനെ താഴെ പകർത്തുന്നതു് രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു:—

"'പ്രാവിനെപ്പോലെ ചിറകുകൾ എനിക്കു് ആരെങ്കിലും തന്നുവെങ്കിൽ ഞാൻ പറന്നുപോയി അനന്തവിശ്രമം അനുഭവിക്കുമായിരുന്നു-' ഇതു സംസാരജീവിതത്തിൽ മുഷിഞ്ഞിട്ടു് ആശ്രമത്തിലെ ഏകാന്തതയെയും ശാന്തിയേയും ആഗ്രഹിക്കുന്ന ഒരു ആത്മാവിന്റെ പരിദേവനമാണു്. "മൊവാബിൽ താമസിക്കുന്ന നിങ്ങൾ നഗരങ്ങളെ ഉപേക്ഷിച്ചിട്ടു പാറയിൽ താമസിക്കുവിൻ; നിങ്ങൾ ഏററവും ഉന്നതമായ സ്ഥലത്തുള്ള വിലത്തിന്റെ അഗ്രത്തിൽ കൂടു

ണ്ടാക്കുന്ന പ്രാവിനെപ്പോലെയായിരിക്കുവിൻ" എന്ന യെ
രമീയാസു് ദിർഘദർശിയുടെ വചനങ്ങളും സന്ന്യാസജീവിത
ത്തെയാണു വിവക്ഷിക്കുന്നതു്. "നഗരങ്ങളെ ഉപേക്ഷിക്കു
വിൻ"അതായതു്, ആത്മാവിനെ മലിനമാക്കുന്ന പാപങ്ങ
ളെയും ദുർഗ്ഗുണങ്ങളെയും, അതിനെ ദൈവത്തിന്റെ സന്നി
ധിയിലേക്കു് ഉയരുന്നതിനും അദ്ദേഹത്തെപ്പറ്റി ചിന്തി
ക്കുന്നതിനുതന്നെയും സമ്മതിക്കാത്ത ആ ബഹളങ്ങളെയും
വിട്ടകലുക. പട്ടണങ്ങളെ ഉപേക്ഷിക്കുക, എന്തുകൊണ്ടെ
ന്നാൽ "പട്ടണത്തിൽ അനീതിയും മത്സരവും ഞാൻ ക
ണ്ടിട്ടുണ്ടു്. രായും പകലും അനീതി അതിന്റെ ഭിത്തിക
ളെ വളയുന്നുണ്ടു്; അതിന്റെ മദ്ധ്യേ പ്രയാസവും നീതികേ
ടും ഉണ്ടു്. അക്രമമായ പലിശഏപ്പാടും വിശ്വാസവഞ്ച
നയും അതിന്റെ തെരുവീഥികളിൽനിന്നു വിട്ടുമാറിയിട്ടില്ല"
എന്നു് എഴുതപ്പെട്ടിരിക്കുന്നു. ദൈവത്തോടും മനുഷ്യനോ
ടും അനീതിയും, ധർമ്മവും സത്യവും പ്രസംഗിക്കുന്നവനോടു
വിരോധവും, ലോകത്തിലെ അതിമോഹങ്ങളാലും വ്യാ
മോഹങ്ങളാലും നേരിടുന്ന ദുഃഖവും ബുദ്ധിമുട്ടും, അതിന്റെ
വ്യാപാരങ്ങളിലെ അന്യായവും ഇടപാടുകളിലെ ക്രൂശംസത
യും പലിശക്കൊള്ളയും അവിടെക്കാണാം. "മോവാബിൽ
താമസിക്കുന്ന നിങ്ങളും" അതായതു മോവാബ്നഗരത്തെ
പ്പോലെ ഔദ്ധത്യമയമായ ലോകത്തു: ദൈവസന്നിധി
യിൽ നമസ്കരിക്കാൻ തയാറില്ലാത്ത ബുദ്ധിയുടെ ഔദ്ധത്യം;
ദൈവതിരുമനസ്സിനു വിധേയമാകാൻ തയാറില്ലാത്ത മന
സ്സിന്റെ ഔദ്ധത്യം; ബോധശക്തിയോടു മത്സരിക്കുകയും
അതിനെ അമർത്തുകയുംചെയ്യുന്ന ഇന്ദ്രിയങ്ങളുടെ ഔദ്ധത്യം
...ഇങ്ങനെ ലോകംമുഴുവനും ഔദ്ധത്യമയംതന്നെ.....എ
ന്നാൽ അദ്ധ്യാത്മജീവിതത്തെ ആഗ്രഹിക്കുന്ന ഒരാത്മാവി
നു ലോകത്തെ ഉപേക്ഷിക്കുന്നതുകൊണ്ടും, നഗരങ്ങളിലെ
ബഹളങ്ങളിൽനിന്നു് അകലെ മാറിത്താമസിക്കുന്നതുകൊ
ണ്ടും,അവയിലെ ദുർഗ്ഗുണങ്ങളാലുംദുഷ്പ്രവൃത്തികളാലും മലിനമാ

കാതിരിക്കുന്നതുകൊണ്ടും മാത്രമായില്ല. അതുകൊണ്ടു "പാറയിൽ താമസിക്കുവിൻ" എന്നു ദീർഘദൃഷ്ടി തുടർന്നുപറയുന്നു. ഈ പാറ യേശുക്രിസ്തുവാകുന്നു. അദ്ദേഹത്തിൽ നീ സ്വയം പ്രതിഷ്ഠിക്കുക; അദ്ദേഹം നിന്റെ ചിന്തകളുടെ അനവരതമായ വിഷയവും നിന്റെ സ്നേഹാദരങ്ങളുടെ ഭാജനവുമായിരിക്കട്ടെ. ജേക്കബ്ബ് വനാന്തരത്തിൽ ഒരു കല്ലിന്മേൽ വിശ്രമിച്ചു. അവൻ ഉറങ്ങിക്കിടന്നപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടതായി കാണുകയും മാലാഖമാരോടു സംഭാഷണംചെയ്യുകയും ദൈവത്തിൽനിന്നു ഒരനുഗ്രഹം സ്വീകരിക്കുകയും ചെയ്തു. തങ്ങളുടെ വിശ്വാസം മുഴുവനും യേശുക്രിസ്തുവിൽ നിക്ഷേപിക്കുന്ന ഏവർക്കും ഉള്ള അനുഭവം അതുപോലെയായിരിക്കും. സ്വർഗ്ഗീയദർശനങ്ങളും അവർക്കുണ്ടാകും. മാലാഖമാരോടു് അവർ സഹവസിക്കും. ജേക്കബ്ബിനെപ്പോലെ നാനാഭാഗങ്ങളിൽനിന്നും,—വടക്കുനിന്നും, തെക്കുനിന്നും, കിഴക്കുനിന്നും, പടിഞ്ഞാറുനിന്നും—അവർക്കു് അനുഗ്രഹങ്ങളും സിദ്ധിക്കും. വടക്കുനിന്നു ഇന്ദ്രിയങ്ങളെയും അവയുടെ ദുർവികാരങ്ങളെയും അമർത്തുന്ന ദിവ്യവായുപ്രഭാവവും, കിഴക്കുനിന്നു വിശ്വാസത്തിന്റെ ദിവ്യപ്രകാശവും, സൽകൃത്യങ്ങളുടെ യോഗ്യതയും, തെക്കുനിന്നു വിജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും സംപൂർണ്ണസുഷമയും, പടിഞ്ഞാറുനിന്നു ദുർഗ്ഗുണങ്ങളാൽ നിറഞ്ഞ യഥാജാതനായ മനുഷ്യനെ നവീകരിക്കുന്ന സംസ്കാരവും അവർക്കു ലഭിക്കും എന്നാൽ ഈ പാറയിന്മേൽ വിശ്രമിക്കാത്ത ആത്മാവിനു ദൈവത്തിന്റെ അനുഗ്രഹമുണ്ടാകുമെന്നു പ്രത്യാശിക്കാൻ നിവൃത്തിയില്ല. "നിങ്ങൾ ഏറ്റവും ഉന്നതമായ സ്ഥലത്തുള്ള വിലത്തിന്റെ അനുഗ്രഹത്തിൽ കൂട്ടുണ്ടാകുന്ന പ്രാവിനെപ്പോലെ ആയിരിക്കുവിൻ." യേശുക്രിസ്തു പാറയാകുന്നുവെങ്കിൽ ഭക്തിയുള്ള ആത്മാവു് അഭയംപ്രാപിക്കുന്നതിനും അധിവസിക്കുന്നതിനുമായി അന്വേഷിക്കുന്ന പാറയിലെ ആ വിലം യേശുക്രിസ്തുവിന്റെ വിലാവിലുള്ള മുറിവാകുന്നു. "എന്റെ പ്രി

യേ, എന്റെ സുന്ദരീ, എഴുന്നേൽക്കുക; പാറയുടെ പിളർപ്പുകളിലും കട്ടംതൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, വരിക" എന്നു് ഉത്തമഗീതത്തിൽ കാണപ്പെട്ടതുപോലെ ദിവ്യമണവാളൻ ഭക്തിയുള്ള ആത്മാവിനായി സജ്ജീകരിച്ചിരിക്കുന്ന രക്ഷാകരമായ അഭയസ്ഥാനം ഇതാകുന്നു. ദിവ്യമണവാളൻ പാറയിലുള്ള അസംഖ്യം പിളർപ്പുകളെപ്പറ്റി മാത്രമല്ല, അതിലുള്ള കട്ടംതൂക്കിനെപ്പറ്റിയും പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ അസംഖ്യം മുറിവുകളും അദ്ദേഹത്തിന്റെ വിലാവിൽ ആഴമുള്ള ഒരു മുറിവും ഉണ്ടായിരുന്നു. ആ മുറിവു് അദ്ദേഹത്തിന്റെ ഹൃദയംവരെ എത്തുന്നു. ആ ഹൃദയത്തിലേക്കാണു് താൻ സ്നേഹിക്കുന്ന ആത്മാവിനെ ക്ഷണിക്കുന്നതു്. അവർക്കായി അദ്ദേഹം കരങ്ങളെ നീട്ടുന്നു. അവർക്കു വന്നു് ഒളിച്ചിരിക്കുന്നതിനായി തന്റെ തിരുവിലാവിനെയും ദിവ്യഹൃദയത്തെയും അദ്ദേഹം തുറന്നിട്ടുകൊടുക്കുന്നു. പാറയിലെ പിളർപ്പുകളിൽ മറഞ്ഞിരിക്കുന്നതുകൊണ്ടു് ഹിംസ്രപക്ഷികളുടെ ഉപദ്രവത്തിൽനിന്നു പ്രാവു് സുരക്ഷിതമായിരിക്കുകയും സമാധാനപൂർവ്വം വിശ്രമിക്കുന്നതിനും നിർബ്ബാധം ക്രൂജനം ചെയ്യുന്നതിനും സൌകര്യമുള്ള പ്രശാന്തമായ ഒരഭയസ്ഥാനം അവർക്കു സിദ്ധിക്കുകയും ചെയ്യുന്നു. അതുപോലെ, ഭക്തിയുള്ള ആത്മാവിനു യേശുവിന്റെ ഹൃദയത്തിൽ സാത്താന്റെ പ്രലോഭനങ്ങളിൽനിന്നും ആക്രമണങ്ങളിൽനിന്നും സുരക്ഷിതമായ ഒരഭയസ്ഥാനവും ആനന്ദപ്രദമായ വിശ്രമസങ്കേതവും സിദ്ധിക്കുന്നു. എന്നാൽ പാറയിലെ വിലത്തിന്റെ അഗ്രത്തിൽമാത്രം വിശ്രമിച്ചാൽപോരാ; അതിന്റെ ഉള്ളിലേക്കു കടന്നു പോകണം. ആഴമുള്ള ആ ഭാരത്തിന്റെ അറ്റത്തു്—അദ്ദേഹത്തിന്റെ വിലാവിലുള്ള ആ വലിയ മുറിവിന്റെ അറ്റത്തു—നമ്മെ രക്ഷിക്കുന്ന ആ അമോഘരക്തത്തെ നമുക്കു കാണാൻ കഴിയുമെന്നുള്ളതു വാസ്തവംതന്നെ.

ഈ രക്തം നമുക്കുവേണ്ടി വാദിക്കുകയും നമുക്കുവേണ്ടി കരുണയെ അത്ഥിക്കുകയും ചെയ്യുന്നു. ഭക്തിയുള്ള ആത്മാവ് ആ പ്രവേശനദ്വാരത്തുതന്നെ നിന്നുകളയരുതു്. ദിവ്യരക്തത്തിന്റെ സ്വരത്തെ അവൾ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്തുകഴിയുമ്പോൾ അതിന്റെ ഉല്പത്തിസ്ഥാനത്തേക്കുതന്നെ, ക്രിസ്തുവിന്റെഹൃദയത്തിന്റെ ഏറ്റവും ഉള്ളിലുള്ള ആ ശ്രീകോവിലേക്കുതന്നെ, അവൾ പാഞ്ഞുകയറണം. അവിടെ അവൾ പ്രകാശവും ശാന്തിയും അവാച്യമായ ആശ്വാസവും കണ്ടെത്തും. "നിങ്ങൾ പാറയിലെ ആഴമേറിയ വിലത്തിൽ കൂട്ടുണ്ടാക്കുന്ന പ്രാവിനെപ്പോലെ ആയിരിക്കുവിൻ." അങ്ങുമിങ്ങുംനിന്നു പെറുക്കിയെടുക്കുന്ന വയ്ക്കോൽതുണ്ടുകളെക്കൊണ്ടു പ്രാവ് കൂട്ടുണ്ടാക്കുന്നു. യേശുവിന്റെ ഹൃദയത്തിൽ ഒരു വസതിയുണ്ടാക്കാൻ നമുക്കെങ്ങനെ കഴിയും? നമുക്ക് ഒരു വീടു പണിയുന്നതിനു് ഇരുമ്പും കരുങ്കയോടുക്കൂടി സ്ഥലംതരുന്ന ദിവ്യരക്ഷകൻ അതേ സമയംതന്നെ വീടുപണിക്കാവശ്യമുള്ള സാധനസാമഗ്രികളും തരുന്നു. ഓ, ഭക്തിയുള്ള ആത്മാവേ, ക്രിസ്തുവിന്റെ പ്രിയതമയായ മാടപ്രാവേ, ലോകം അതിന്റെ ചുവട്ടിലിട്ടു മെതിക്കുന്ന ആ വയ്ക്കോൽകഷണങ്ങളെ കാണുക, അവ നിന്റെ രക്ഷകനും വല്ലഭനുമായ ക്രിസ്തു സ്വജീവിതദൃഷ്ടാന്തംകൊണ്ടു നിനക്കു ഉപദേശിച്ചുതന്നിട്ടുള്ള വിനയം, സൌമ്യം, നിസ്സ്വത, ക്ഷമ, വൈരാഗ്യം എന്നീ സൽഗുണങ്ങൾതന്നെയാണു്. ലോകം അവയെ നിരുപയോഗമായ വയ്ക്കോൽകഷണങ്ങളെപ്പോലെ നിസ്സാരമാക്കുന്നു. എങ്കിലും, അവ നിനക്കു്, പാറയിലെ ആഴമേറിയ വിലത്തിൽ, യേശുവിന്റെ ഹൃദയത്തിൽ, ശാശ്വതമായ ഒരു വസതിയെ നിർമ്മിക്കുന്നതിനു ആവശ്യകമായ സാധനങ്ങളായിരിക്കും.

ലിമോജസ്സിലെ ബനഡിക്ടൻസന്യാസികൾ സെയിൻറ് ഫ്രാൻസിസ്സിന്റെ ശിഷ്യന്മാരിൽ അഗ്രഗണ്യനായ അ

ന്തോനിയെ സ്വീകരിച്ചു്, അദ്ദേഹത്തിനു് അവരാൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. അവരുടെ ഗൃഹവരികളിൽ അദ്ദേഹത്തിന്റെ ആഗമനം ഒരു പ്രധാന സംഭവമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

തന്റെ കീഴുള്ള സന്യാസിമാരുടെ ആത്മീയാഭിവൃദ്ധിയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധാലുവായിരുന്നു. ആത്മീയമായ മാന്ദ്യവും, ബലഹീനതയും അസ്ഥിരതയും പ്രദർശിപ്പിക്കുന്നവരോടു് അദ്ദേഹത്തിനു സവിശേഷമായ അനുകമ്പയുണ്ടായിരുന്നു. പീറർ എന്നു പേരുള്ള ഒരു യോഗാത്മി, സന്യാസജീവിതത്തെപ്പറ്റി ചില ദുർഗ്രഹങ്കളും അധൈര്യവും തോന്നിയിട്ടു്, ആശ്രമം വിട്ടുപോകണമെന്നു തീച്ചപ്പെടുത്തി. 'ദൈവവിളി' സംബന്ധിച്ച അനുഗ്രഹം നഷ്ടപ്പെട്ടുപോകുകയെന്നുള്ളതു് ഒരു വലിയ ദൌർഭാഗ്യമാണല്ലൊ. ഈ യോഗാത്മിയുടെ ആത്മീയസ്ഥിതിയുടെ ദയനീയതയെപ്പറ്റി നമ്മുടെ പുണ്യവാനു വെളിപാടുണ്ടായി. അദ്ദേഹം അവനെ കണ്ടുപിടിച്ചു പ്രോത്സാഹിപ്പിക്കുകയും അവന്റെ മുഖത്തു് ഊതിക്കൊണ്ടു് ഇങ്ങനെ പറയുകയും ചെയ്തു. "സ്ഥൈര്യവും ജ്ഞാനവുമുള്ള അന്തരംഗത്തെ സ്വീകരിക്കുക". ഈ വാക്കുകൾ ഉച്ചരിക്കപ്പെട്ട മാത്രയിൽ ആ യോഗാത്മി മരിച്ചവനെപ്പോലെ നിലംപതിച്ചു. അവന്റെ ആത്മാവു ദിവ്യാനന്ദത്തിൽ മുഴുകുകയും സ്വർഗ്ഗീയപ്രതാപമഹിമകളെ ദർശിക്കുകയും ചെയ്തു. അവനു ബോധം വന്നപ്പോൾ അവൻ കണ്ട അത്ഭുതങ്ങളെപ്പറ്റി പ്രസ്താവിക്കുന്നതിനാഗ്രഹിച്ചു. പക്ഷെ പ്രസിദ്ധിവിമുഖനും വിനീതനുമായ പുണ്യവാൻ അതു സമ്മതിച്ചില്ല. യോഗാത്മി അങ്ങനെ ആ ഭയങ്കരമായ പ്രലോഭനത്തിൽ നിന്നു രക്ഷപ്പെടുകയും ഒന്നാംതരം ഒരു സന്യാസിയായിത്തീരുകയും ചെയ്തു.

ലിമോജസ്സിൽ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കു

ന്നതിനു തിക്കിക്കൂട്ടുന്ന പുരുഷാരത്തിനു കയ്യും കണക്കുമില്ലായിരുന്നു. അവിടത്തെ ഏററവും വലിയ ദേവാലയങ്ങൾക്കുപോലും ആ ജനക്കൂട്ടത്തെ ഇരുത്തുന്നതിനു സ്ഥലസൌകര്യം മതിയായിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പലപ്പോഴും മൈതാനങ്ങളിൽവച്ചു നടത്തേണ്ടിവന്നു. ഒരു ദിവസം പട്ടണത്തിലുള്ള ഒരു വലിയ മൈതാനത്തിൽ അദ്ദേഹം പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ ആകാശം കാർമേഘപടലങ്ങളാൽ ആവൃതമായി. ഇടിയും മിന്നലും തിരുതകൃതിയായിത്തുടങ്ങി. ഒരു പെരുമഴയുള്ളതിന്റെ സകല ലക്ഷണങ്ങളുംതികഞ്ഞു. ഭയാകുലരായ ശ്രോതാക്കൾ നാലുപാടും ഓടി രക്ഷപ്പെടാൻ ബദ്ധപ്പെട്ടു. എന്നാൽ കരുണാനിധിയായ ദൈവത്തിന്റെ സുസമീക്ഷയിൽ സംപൂർണ്ണവിശ്വാസത്തോടുകൂടി ആ പുണ്യാത്മാവായ പ്രാസംഗികൻ, "ഭയപ്പെടരുതേ. ഒരൊറ്റ മഴത്തുള്ളി നിങ്ങളുടെമേൽ വീഴുകയില്ല," എന്നു് ഉറപ്പു പറഞ്ഞുകൊണ്ടു് അവരോടു പോകരുതെന്നാജ്ഞാപിച്ചു. അവർ അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം പ്രവർത്തിച്ചു. പട്ടണത്തിന്റെ ഇതരഭാഗങ്ങൾ ഒരു അതിവർഷത്താൽ മുങ്ങിപ്പോയി എങ്കിലും അദ്ദേഹത്തിന്റെ വാക്കനുസരിച്ചു് ആ മൈതാനത്തു് ഒരുതുള്ളി മഴപോലും പെയ്തില്ല.

തന്റെ ദിവ്യശക്തിയുടെ സഹായം അപേക്ഷിച്ചു ഭക്തിയും സത്യവുമുള്ള ആത്മാക്കളെ അദ്ദേഹം ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ലിമോജസ്സിലുള്ള ഒരു സ്ത്രീ ഫ്രാൻസിസ്കൻസന്ന്യാസികളോടു വളരെ സ്നേഹത്തോടും ഭക്തിയോടും വർത്തിച്ചിരുന്നു. കഴിവുള്ള സഹായങ്ങളെല്ലാം അവർ അവർക്കു ചെയ്തുകൊടുത്തിരുന്നു. ഭക്തിഹീനനായ അവളുടെ ഭർത്താവിനു് ഇതു് അത്ര രസിച്ചില്ല. ഒരു ദിവസം അവൻ വീട്ടിൽ വന്നപ്പോൾ, അവർ സന്ന്യാസികളെ ഉദ്ദേശിച്ചുള്ള ഏതോ കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്നതു കണ്ടു കോപാന്ധ

നായി അവളുടെ മുടിക്കുപിടിച്ചു വലിച്ചിഴച്ചു കുറേ അധികം മുടി നിർദ്ദയം പിഴുതുകളഞ്ഞു. അസഹ്യമായ വേദനയോടുകൂടി അവൾ അന്തോനിയുടെ അടുക്കൽ ഓടിച്ചെന്നു് അവളുടെ മുടി ശരിപ്പെടുത്തിക്കൊടുക്കണമെന്നപേക്ഷിച്ചു. ഈ വിചിത്രമായ പ്രാർത്ഥനകേട്ടു പുണ്യവാൻ മന്ദസ്മിതം ചെയ്തു. എങ്കിലും അവളുടെ കണ്ണീരും സങ്കടവും കണ്ടു മനസ്സലിഞ്ഞു അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ചു. അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മുടി പൂർവ്വസ്ഥിതിയിൽ ശരിക്കു വളർന്നു. അവൾ മടങ്ങിച്ചെന്നപ്പോൾ അവളുടെ ഭർത്താവു് ആശ്ചര്യപരതന്ത്രനായി. അവൻറെ അക്രമത്തെപ്പറ്റി അവൻ പശ്ചാത്തപിക്കുകയും, അപ്പോൾമുതൽ പുണ്യവാനോടും അദ്ദേഹത്തിൻറെ സഹോദരന്മാരോടും ഏറ്റവും കൃതജ്ഞതലായ ബഹുമാനവും ഭക്തിയും പ്രദർശിപ്പിക്കുകയും ചെയ്തു.

---

## അദ്ധ്യായം ൫൨.

---

### അത്ഭുതങ്ങൾ.

ലിമോജസ്സിലും പരസരപ്രദേശങ്ങളിലും അന്തോനിയുടെ പ്രസിദ്ധി ഝടിതി പരന്നു. ആ മഹാനായ അത്ഭുതപുരുഷനെ സന്ദർശിക്കുന്നതിനും സല്ലപിക്കുന്നതിനും ആ പ്രദേശത്തെ പട്ടണങ്ങൾ അഹമഹമികയാ സന്നദ്ധമായി. തൻറെ സഹായവും സാന്നിദ്ധ്യവും ആവശ്യപ്പെട്ട സ്ഥലങ്ങളിൽ എന്തു ബുദ്ധിമുട്ടുസഹിച്ചും അദ്ദേഹം പോയിരുന്നു. അദ്ദേഹം സഞ്ചരിച്ചിടത്തെല്ലാം തൻറെ അത്ഭുതസിദ്ധി ധാരാളമായി പ്രവർത്തിച്ചു.

സെയിൻറ് ജൂനിയൻ എന്ന സ്ഥലത്തുവച്ച് അദ്ദേഹത്തിനു തയാറാക്കിയിരുന്ന പ്രസംഗപീഠം പൊളിഞ്ഞുവീണു പോകുമെന്നും അതുകൊണ്ട് യാതൊരു ആപത്തും ഉണ്ടാകുകയില്ലെന്നും അദ്ദേഹം മുൻക്രൂട്ടിപറഞ്ഞിരുന്നു. ഈ ദീർഘദർശനം ശരിക്കു നിറവേറി. പ്രസംഗത്തിൻറെ ആരംഭത്തിൽത്തന്നെ പീഠം പൊളിഞ്ഞു; എന്നാൽ ആക്ഷേപമുകുകടം പറഞ്ഞിയില്ല.

സോളിഗ്നാക്കിലെ ബെനഡിക്ടറൻ ആശ്രമത്തിൽ അദ്ദേഹം ആത്മീയമായ ഒരത്ഭുതചികിത്സ ചെയ്തു: ആ ആശ്രമത്തിലെ ഒരു സാധുവായ സന്യാസിക്കു് ഇന്ദ്രിയങ്ങളെ പൂർണ്ണമായി ജയിക്കാൻ സാധിക്കാഞ്ഞതുകൊണ്ടു് ഒരു വലിയ വിഷമമുണ്ടായിരുന്നു. ആ വിഷമംമൂലം അയാൾ രായും പകലും അസ്വസ്ഥനായി കഴിഞ്ഞുകൂട്ടുകയായിരുന്നു. അതു് അയാൾ അന്തോനിയോടു രഹസ്യമായി പറഞ്ഞു. അദ്ദേഹം അതിനു പ്രതിവിധിയായി താൻ ധരിച്ചിരുന്ന അടിച്ചട്ട ആ ആത്മീയരോഗിക്കു ധരിക്കാൻ കൊടുത്തു. സെയിൻറ് പീറ്ററിൻറെ നിഴൽ രോഗികളെ സുഖപ്പെടുത്തി. സെയിൻറ് ആൻറണിയുടെ വസ്ത്രത്തിൻറെ ആരോഗ്യപ്രദായകശക്തി അതിലൊട്ടും കുറഞ്ഞതല്ലായിരുന്നു. പുണ്യവാൻറെ വിശുദ്ധമായ ശരീരത്തോടു ചേർത്തു ധരിക്കപ്പെട്ടിരുന്ന ആ അടിച്ചട്ട സന്യാസിയുടെ ദേഹത്തു് ഇട്ടയുടൻ പ്രലോഭനത്തിൽനിന്നു് അയാൾ നിർദ്ദോഷം വിമുക്തനായി. അതുമൂലം അയാൾക്കു പിന്നീടൊരിക്കലും വിഷമമുണ്ടായിട്ടില്ല.

വേറൊരിക്കൽ പശ്ചാത്താപപരവശനായ ഒരു പാപി അദ്ദേഹത്തെ സമീപിച്ചു. തൻറെ ഭാരംകൊണ്ടു സംസാരിക്കാൻ അശക്തനായിത്തീരുകയാൽ അവൻ പാപോച്ചാരണത്തിനു് നിവൃത്തിയില്ലാതെ വന്നു. "നീ പോയി നി

ന്റെ പാപങ്ങളെ എഴുതി, ആ കുറിപ്പ് എന്നെ കൊണ്ടുവ
ന്നു കാണിക്കുക" എന്നു പുണ്യവാൻ പറഞ്ഞു. ആ സാധു
അപ്രകാരം ചെയ്തു. ഉദ്ദേശം ഒരു മണിക്കൂർ കഴിഞ്ഞ
പ്പോൾ അങ്ങുമിങ്ങും കണ്ണീർത്തുള്ളികൾ വീണിരുന്ന ഒരു
നീണ്ട കുറിപ്പുംകൊണ്ട് അവൻ മടങ്ങിവന്നു. തന്റെ പാ
പങ്ങളെ ഓരോന്നായി അവൻ വായിച്ചപ്പോൾ അവ എഴു
തപ്പെട്ടിരുന്ന കടലാസ്സിൽനിന്നു ഓരോന്നായി മാഞ്ഞുപോ
യി. കുറിപ്പിന്റെ അവസാനത്തെത്തിയപ്പോൾ അക്ഷര
ത്തിന്റെ യാതൊരു രേഖയും അതിലില്ലായിരുന്നു.

ഈവിധം പട്ടണങ്ങളിലും ഗ്രാമങ്ങളിലും എല്ലായിട
ത്തും നമ്മുടെ ധർമ്മസേനാനായകന്റെ അപദാനങ്ങൾ സു
വ്യക്തമായ സംഭാഷണത്തിനും പ്രശംസയ്ക്കും പാത്രീഭവി
ച്ചു. എല്ലാതരത്തിലുമുള്ള ആളുകൾ അദ്ദേഹത്തിന്റെ മാ
ദ്ധ്യസ്ഥ്യം അപേക്ഷിച്ചു. ശാരീരവും ആത്മീയവുമായ എ
ല്ലാ രോഗങ്ങളും പീഡകളും അദ്ദേഹത്തിന്റെ അനുകമ്പ
യെ അഭ്യർത്ഥിച്ചു. ദരിദ്രരും പീഡിതരും പാപിഷ്ഠരും വ്യാകു
ലരുമായ എല്ലാ ജനങ്ങളും അദ്ദേഹത്തെ സർവ്വത്ര അനുഗമി
ച്ചിരുന്നു. വിശേഷിച്ചു അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും
പ്രസംഗവും ഉണ്ടാകുന്ന ഇടങ്ങളിൽ സ്ത്രീകളുടെ ഉത്സാഹ
ത്തിനു് അറുതിയുണ്ടായിരുന്നില്ല അവർ അദ്ദേഹത്തിനു
വേണ്ടി എന്തും ചെയ്യുന്നതിനു തയാറുള്ളവരായിരുന്നു. സ്ത്രീ
കളിൽത്തന്നെ മാതാക്കളായവർ സവിശേഷമായ ഭക്തി അ
ദ്ദേഹത്തോടു കാണിച്ചിരുന്നു. അദ്ദേഹം അവരെ അവരു
ടെ കഷ്ടപ്പാടുകളിൽ ആശ്വസിപ്പിക്കുകയും ബലഹീനരാകു
മ്പോൾ ബലപ്പെടുത്തുകയും അവരുടെ കുഞ്ഞുങ്ങളെ അനു
ഗ്രഹിക്കുകയും ചെയ്തു. തന്റെ ഏറ്റവും ഹൃദയംഗമങ്ങളാ
യ അത്ഭുതങ്ങളെ അദ്ദേഹം അവർക്കുവേണ്ടി പ്രവർത്തിച്ചു.
ഒരു സ്ത്രീയുടെ, ഒരു മാതാവിന്റെ, ദുഃഖം അന്യോന്യയുടെ
അനുകമ്പാകുലമായ ഹൃദയത്തെ എപ്പോഴും സ്പർശിച്ചു.

ഒരു ക്രൂരിവേലക്കാരിയായ സ്ത്രീ അവളുടെ കുഞ്ഞിനെ കളിപ്പിക്കാൻ ഒരുങ്ങിയിരുന്നപ്പോൾ സെയിൻറ് ആൻറണി ആ ഗ്രാമത്തിൽ വന്നതായി കേട്ടു. തിളച്ച വെള്ളം നിറഞ്ഞ ഒരു പാത്രം അടുത്തിരുന്നു. അവളുടെ ബദ്ധപ്പാടിൽ കുഞ്ഞിനെ ആ പാത്രത്തിൽ കിടത്തിയിട്ട് അദ്ദേഹത്തെ ഒന്നു കാണുന്നതിനായി അവൾ ഓടിപ്പോയി. അവൾ മടങ്ങിവന്നപ്പോൾ യാതൊരു ദോഷവും പറ്റാതെ അവളെ നോക്കി പുഞ്ചിരിതൂകിക്കൊണ്ട് ആ കുഞ്ഞു ചൂടുവെള്ളത്തിൽ കിടക്കുന്നതായി കണ്ടു.

വേറൊരു മാതാവു് അദ്ദേഹത്തിൻെറ പ്രസംഗംകേട്ടുകൊണ്ടു മടങ്ങിവന്നപ്പോൾ തൻെറ കുട്ടി തൊട്ടിലിൽ മരിച്ചുകിടക്കുന്നതായി കണ്ടു. അവളുടെ ദുഃഖപാരവശ്യത്തിൽ അവൾ അന്തോനിയെ ഓർത്തു. വിശ്വാസത്തോടുകൂടി അവൾ അദ്ദേഹത്തിൻെറ അടുക്കലേക്കു് ഓടി. "എൻെറ മകൻ മരിച്ചുപോയിരിക്കുന്നു. ഒരു തള്ളയുടെ കണ്ണീരിൽ കനിവുണ്ടാകേണമെ", എന്നു് അവൾ നിലവിളിച്ചു.

"എൻെറ മകളെ, തിരിച്ചുപോകുക; ദൈവം നിൻെറ പ്രാർത്ഥന സാധിച്ചുതന്നിരിക്കുന്നു" എന്നു പുണ്യവാൻ പറഞ്ഞു. അവൾ അദ്ദേഹത്തിൻെറ വാക്കുകളെ വിശ്വസിച്ചു വീട്ടിലേയ്ക്കോടി. അവിടെ ചെന്നപ്പോൾ, കുട്ടി ജീവിച്ചിരിക്കുന്നുവെന്നുമാത്രമല്ല, മുമ്പിലത്തേക്കാൾ ആരോഗ്യത്തോടെ ഓടിക്കളിക്കുന്നതായി അവൾ കണ്ടു. ലിമോജസ്സിലെ അദ്ദേഹത്തിൻെറ സഞ്ചാരങ്ങൾക്കിടയിൽ ഈദൃശങ്ങളായ അത്ഭുതങ്ങൾ ധാരാളമായി പ്രവർത്തിക്കപ്പെട്ടു. കൃഷിക്കാരൻ വിത്തു നിലത്തു വിതറുന്നതുപോലെ അന്തോനി അത്ഭുതങ്ങളെ നാലുപാടും വിതറി. ജനങ്ങൾ അദ്ദേഹത്തിനു് "അത്ഭുതങ്ങൾ വിതറുന്നവൻ" എന്ന അർത്ഥവത്തായ അഭിധാനം നൽകി.

അദ്ദേഹം ഈ സത്വരസഞ്ചാരങ്ങളിൽ സ്വന്തം സുഖത്തെപ്പറ്റി ഒട്ടും ശ്രദ്ധിച്ചിട്ടില്ല. പാദരക്ഷകൂടാതെ കല്ലും മണ്ണും ചവുട്ടി എത്രദൂരം വേണമെങ്കിലും കാൽനടയായി പോകുന്നതിനു് അദ്ദേഹം എപ്പോഴും തയാറായിരുന്നു. അദ്ദേഹം അന്വേഷിച്ചു പുറപ്പെട്ടിരിക്കുന്ന വഴി തെറ്റിപ്പോയ ആടുകളുടെ കാര്യമല്ലാതെ സ്വന്തംകഷ്ടപ്പാടുകൾ അദ്ദേഹം ഒരിക്കലും ഓർത്തിട്ടില്ല. അന്യർക്കു് ആശ്വാസപ്രദനും ആനന്ദപ്രദനും ആയി കഴിഞ്ഞുകൂടുന്നതിനു സദാ ഉൽസുകനായ അദ്ദേഹത്തിനു ചിലപ്പോഴെല്ലാം അനന്യസുലഭമായ സമാശ്വാസവും പരമാനന്ദവും സ്വർഗ്ഗത്തിൽനിന്നു ലഭിച്ചിരുന്നു. ചാറന്നാവിൽവച്ചു അദ്ദേഹത്തിനുണ്ടായ ആ മഹനിയദർശനം ഇത്തരം ഒരു സ്വർഗ്ഗീയ പരമാനന്ദാനുഭൂതിതന്നെ ആയിരുന്നു.

ഒരു രാത്രി അദ്ദേഹം ചാറന്നാവിലെ പ്രഭുവിന്റെ അതിഥിയായി കഴിഞ്ഞുകൂടാൻ സംഗതിയായി. ആ പ്രഭുവിനു് അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സംഘത്തോടും പ്രത്യേകമായ ഒരു ഭക്തിയുണ്ടായിരുന്നു. അദ്ദേഹത്തിനു് നിദ്രയ്ക്കു സജ്ജമാക്കിയ മുറിയിൽ അദ്ദേഹം വളരെനേരം ഉണർന്നിരുന്നു് ഈശ്വരനെ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ധ്യാനനിമഗ്നനായിരുന്നപ്പോൾ പെട്ടെന്നു് ഒരു സ്വർഗ്ഗീയദീപ്തിയാൽ സംവരണം ചെയ്യപ്പെടുകയും വിസ്മയനീയമായ കോമളതയും സൌകുമാര്യവുമുള്ള ഒരു ശിശുവിന്റെ രൂപത്തിൽ സച്ചിദാനന്ദമൂർത്തിയായ മേരീസുതൻ അദ്ദേഹത്തിന്റെ മുമ്പാകെ പ്രത്യക്ഷനാകുകയും ചെയ്തു. അദ്ദേഹം ആനന്ദപരവശനായി ആ ദിവ്യശിശുവിനെ കരങ്ങളിലെടുത്തു് ആലിംഗനംചെയ്തു. തന്നെ സൃഷ്ടാവും രക്ഷിതാവുമായ സർവേശ്വരനെ സ്വനേത്രങ്ങളാൽ ദർശിക്കുകയും, സ്വകരങ്ങളാൽ വഹിക്കുകയും, ആ ദിവ്യകോമളശരീരത്തെ സ്വശരീരത്തോടു ചേർത്തുപിടിക്കുകയും, ആ ദിവ്യഹൃദ

യം സ്വഹൃദയത്തോടുചേർന്നു തുടിക്കുകയും ചെയ്തപ്പോൾ, ആ മഹാസിദ്ധനു് അനുഭ്രതമായ പരമാനന്ദം കേവലം അവർണ്ണനീയംതന്നെ ആയിരുന്നു. പരാശക്തിയുടെ പരമരഹസ്യങ്ങളും പ്രവർത്തനരീതികളും മനുഷ്യഭാഷയ്ക്കു് അധീനമല്ലല്ലോ. തന്റെ മന്ദിരത്തിലെങ്ങും വ്യാപിച്ച അദ്ഭുതപൂർവ്വമായ സ്വർഗ്ഗീയപ്രകാശത്താൽ ആകൃഷ്ടനായ പ്രഭു ഈ ദിവ്യദർശനത്തെ കാണുന്നതിനിടയായി. അവിടെ നടന്നതു മുഴുവനും അറിയുന്നതിനുള്ള ആഗ്രഹം അയാൾ അന്തോനിയെ അറിയിച്ചപ്പോൾ, തന്റെ മരണപര്യന്തം അതിനെ പ്രസിദ്ധപ്പെടുത്തുകയില്ലെന്നുള്ള കരാറിന്മേൽ, അദ്ദേഹം സംഭവം മുഴുവനും അയാളെ പറഞ്ഞുകേൾപ്പിച്ചു. അവർ തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"പിതാവേ, ദൈവം അങ്ങയോടു് എന്തുപറഞ്ഞു?"

"അങ്ങേ കുടുംബം കത്തോലിക്കാമതത്തോടു ഭക്തിയും വിശ്വാസവും ഉണ്ടായിരിക്കുന്ന കാലത്തോളം ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കുകയുംചെയ്യും. എന്നാൽ അതു പാഷണ്ഡമതം സ്വീകരിക്കുമ്പോൾ അതിഭയങ്കരമായ ദൈവർഭാഗ്യത്തിനു് അധീനമാകുകയും നിശ്ശേഷം നശിക്കുകയും ചെയ്യും."

ഈ ഭീകരദർശനം അക്ഷരംപ്രതി നിറവേറി. പതിനേഴാംനൂറ്റാണ്ടിൽ ചാറന്നാവിലെ പ്രഭു കാൽവിനിസ്റ്റ് മതത്തിൽച്ചേർന്നു് ഏറെത്താമസിയാതെ തന്റെ കുടുംബം നാമാവശേഷമായി.

കരാറനുസരിച്ചു ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്ന ആ രഹസ്യം അന്തോനിയുടെ മരണശേഷം അദ്ദേഹത്തിന്റെ സ്നേഹിതൻ (ചാറന്നോവിലെ പ്രഭു) പ്രസിദ്ധപ്പെടുത്തുകയും സത്യവാങ്മൂലം അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തു.

ചാറന്നോവിലെ ദർശനം പുണ്യാത്മാക്കളുടെ ജീവിതകഥകളിലെ ഏറ്റവും ചേതോഹരമായ സംഭവങ്ങളിലൊന്നായി സുകുമാരകലാകുശലന്മാർ ചിത്രീകരിച്ചിട്ടുണ്ട്. ചിത്രകാരന്റെ ബ്രഷും, ശില്പിയുടെ ഉളിയും, കവിയുടെ പേനയും അന്തോനി കരങ്ങളിൽ ഉണ്ണിയേശുവിനെ വാഹിച്ചിരിക്കുന്നതായി പ്രദർശിപ്പിക്കുന്നതിൽ എപ്പോഴും ഉൽസുകമായിരുന്നിട്ടുണ്ട്. അവരുടെ ചിത്രങ്ങളും പ്രതിമകളും കവിതകളും "യേശുവിനോട് ഐക്യപ്പെട്ടിരിക്കുന്നതു മോക്ഷാനന്ദംതന്നെയാണു"" എന്ന ക്രിസ്ത്വനുകരണത്തിലെ വചനങ്ങളെ സംസാരസാഗരനിമഗ്നമായിക്കിടക്കുന്ന ലോകത്തെ അനവരതം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഏറ്റവും രൂക്ഷ്യമായ ഈ ദർശനം അന്തോനിയുടെ അന്തരംഗത്തിൽ ഗാഢമായി പതിഞ്ഞിരുന്നു. അതിനു ശേഷം അദ്ദേഹം ധർമ്മപ്രചാരണത്തിനും സമുദായസേവനത്തിനും പൂർവ്വാധികം ഉത്സാഹപൂർവ്വം പരിശ്രമിച്ചു. ഏകാന്തതയോട് അദ്ദേഹത്തിനു സഹജമായുണ്ടായിരുന്ന പ്രതിപത്തിക്കു് ഇപ്പോൾ പുനരുദ്ദീപനമുണ്ടായി. ദൈവവുമായി ഐക്യത്തിൽ കഴിഞ്ഞുകൂട്ടുന്നതിനും അദ്ദേഹത്തെ നിർബാധം ആരാധിക്കുന്നതിനും ദൃഢമായ ഒരു ആഗ്രഹം അദ്ദേഹത്തിനു വീണ്ടും തോന്നി. ചാറന്നോവിൽനിന്നു് അദ്ദേഹം ബ്രൈവിലേക്കു പോയി ആ സ്ഥലത്തിനു സമീപത്തുള്ള ഒരു ഏകാന്തമായ പാറയിന്മേൽ മെഴുകുപയോളയിലെപ്പോലെ വാനപ്രസ്ഥോചിതമായ ഒരാശ്രമം അദ്ദേഹം സ്ഥാപിച്ചു ആ പാറയിൽ ശുദ്ധജലമുള്ള ഒരുറവിനു സമീപത്തായി അദ്ദേഹം ഒരു ഗുഹ വെട്ടിയുണ്ടാക്കി അതിൽ ഏകാന്തധ്യാനപരായണനായിക്കഴിഞ്ഞുകൂടി. ഫ്രാൻസിസ്കൻസംഘത്തിൽ ചേരണമെന്നുള്ള അപേക്ഷയോടുകൂടി അനേകംപേർ അദ്ദേഹത്തെ അവിടെച്ചെന്നുകണ്ടു.

അവരെയെല്ലാം സസന്തോഷം സ്വീകരിച്ചു് അദ്ദേഹം അ
വിടെ സ്ഥാപിച്ച ആശ്രമത്തിൽ താമസിപ്പിച്ചു.

അത്ഭുതങ്ങളം അദ്ദേഹത്തെ ഏകാന്തതയിലും പിന്തു
ടർന്നു. അവിടത്തെ ചെറിയ ആശ്രമത്തിൽ ഫ്രാൻസി
സ്കൻഭിക്ഷുക്കളാൽ ആരാധ്യമായ ദാരിദ്ര്യദേവത സച്ഛന്ദം
വിഹരിച്ചു. ദൈവസ്നേഹവും ആത്മശക്തിയുമല്ലാതെ
മറ്റു യാതൊന്നും അവിടെയുണ്ടായിരുന്നില്ല. ആഹാര
ത്തിനു വലിയ മുട്ടായിരുന്ന അവസരത്തിൽ അന്തോനി
ബ്രൈവിൽ തന്നോടു ഭക്തിയുള്ള ഒരു സ്ത്രീയോടു സഹായം
അപേക്ഷിച്ചു അന്നേരം കലശലായ മഴയുണ്ടായിരുന്നുവെ
ങ്കിലും അവൾ വേലക്കാരിയുടെ കൈയിൽ കുറെഭക്ഷണസാ
ധനങ്ങളം കൊടുത്തയച്ചു. സന്തോഷപൂർവ്വം ധർമ്മദൌത്യം വ
ഹിച്ച ആ ഭൃത്യ മടങ്ങിവന്ന പാത്തു വിശേഷം അവളുടെ
യജമാനത്തിനെയ ആശ്ചര്യപരവശയാക്കി. അവൾ പോ
യിവന്ന സമയം മുഴുവനും പെരുമഴ പെയ്തുകൊണ്ടിരുന്നുവെ
ങ്കിലും ഒരുതുള്ളി വെള്ളംപോലും അവളുടെ പുറത്തു വീണി
ല്ല! ഇത്തരം സംഭവങ്ങളം നിസ്സാരങ്ങളാണെങ്കിലും
വളരെ അർത്ഥവത്താണു്. സ്നേഹപൂർവ്വം ചെയ്യപ്പെടുന്ന യാ
തൊന്നും നിസ്സാരമല്ലെന്നും, സ്വാർത്ഥത്യാഗപരവും ഏറ്റ
വും ശ്രേഷ്ഠവുമായ മഹാകൃത്യങ്ങളും, തന്റെ നാമത്തിൽ
നൽകപ്പെടുന്ന ഒരു കോപ്പ പച്ചവെള്ളവും ഒന്നുപോലെ
സമ്മാനാർഹമായി ദൈവം ഗണിക്കുമെന്നും അവ തെളി
യിക്കുന്നു.

ഒരു ദിവസം വൈകുന്നേരം ആശ്രമബന്ധുക്കളിൽ ഒ
രാളിന്റെ വകയായി സമീപത്തുണ്ടായിരുന്ന ഒരു നിലത്തി
ലെ വിളവു് ഒരുതരം ഖലന്മാർ നശിപ്പിക്കുന്നതായി ആ
ശ്രമവാസികളം കണ്ടു. അവർ ബദ്ധപ്പെട്ടു് ഓടിവന്നു വി
വരം അന്തോനിയെ അറിയിച്ചു.

"അത് ഈശ്വരസേവയിൽനിന്നു നിങ്ങളെ അകറ്റുന്നതിനായി പിശാചൻ പ്രയോഗിക്കുന്ന ഒരു തന്ത്രമാണ്. അതിനാൽ നിങ്ങൾ വഞ്ചിതരാകരുത്" എന്നായിരുന്നു അദ്ദേഹത്തിന്റെ ശാന്തമായ മറുപടി. അടുത്തദിവസം കാലത്തു വിളവിനു യാതൊരു കേടും പറ്റിയിട്ടില്ലെന്നു അവർ കണ്ടു.

ഈ പുണ്യാത്മാവിന്റെ അപദാനങ്ങളാൽ അനുഗൃഹീതവും അദ്ദേഹത്തിന്റെ സേവനകണങ്ങളാൽ അമോഘീകൃതവുമായ ദക്ഷിണഫ്രാൻസിലെ ആ ദേശങ്ങൾ എത്രയോ ഭാഗ്യപൂർണ്ണങ്ങൾ! അദ്ദേഹത്തിന്റെ പ്രാർത്ഥനകൾക്കും തപശ്ചര്യകൾക്കും പരമാനന്ദപ്രദമായ ദിവ്യദർശനങ്ങൾക്കും സാക്ഷികളായിരുന്ന ആ പ്രദേശങ്ങൾക്കു നമസ്കാരം!

---

## അദ്ധ്യായം ൧൧.

---

### ഇറലിയിലേക്കുള്ള പ്രതിയാനം

1226-അവസാനത്തിൽ ഫ്രാൻസിസ്കൻസംഘത്തിന്റെ താല്കാലികഭരണാധികൃതനായിരുന്ന ബ്രദർ എലിയാസ്, സെയിന്റു ഫ്രാൻസിസ്സിന്റെ സാഭ്രാഹണത്തെപ്പറ്റിയുള്ള ഔദ്യോഗികമായ വിജ്ഞാപനം അടങ്ങിയിരിക്കുന്നതും അടുത്ത മെയ് 30-നു- സംഘത്തിന്റെ പൊതുയോഗം ക്രൂടണമെന്നു കാണിക്കുന്നതുമായ ഒരു സർക്കുലർലറർ എല്ലാപ്രൊവിൻഷ്യൽമാർക്കും കസ്റ്റോഡിയന്മാർക്കും അയച്ചു- ആ ലേഖനം അസിസ്സിയിലെ പുണ്യാത്മാവിനെപ്പറ്റി ഈവിധം ഹൃദയസ്പൃക്കായ ഒരു പ്രസ്താവനയോടുകൂടി തുടങ്ങുന്നു:—

"വ്യസനഭാരത്താൽ എന്റെ ഹൃദയം തകരുന്നു. അ തു സങ്കടസമുദ്രത്തിൽ മുങ്ങിപ്പോയിരിക്കുന്നു. കഷ്ടം! ഞാൻ ഭയപ്പെട്ട ആ മഹാവിപത്തു സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. നമ്മുടെ താങ്ങും ആശ്വാസവുമായിരുന്ന അദ്ദേഹം എന്നേ യ്ക്കുമായി മറഞ്ഞുപോയിരിക്കുന്നു. ദൈവത്തിനും മനുഷ്യ നും പ്രിയതമനായിരുന്ന ആ പുണ്യപുരുഷൻ, ജേക്കബ്ബി നെ ജ്ഞാനത്തിന്റെയും ജീവിതത്തിന്റെയും നിയമം പ ഠിപ്പിക്കുകയും, ഇസ്രായേലിനു ശാന്തിയെ അവകാശമായി ക്കൊടുക്കുകയുംചെയ്ത ആ പുണ്യപുരുഷൻ, അനന്തജീവിത സൌഭാഗ്യത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചു മാത്രമാണെങ്കിൽ നാം എത്ര സന്തോഷിച്ചാ ലും മതിയാകുകയില്ല. എന്നാൽ നമ്മുടെ സ്ഥിതിയെപ്പ റ്റി ആലോചിച്ചാൽ നാം എത്ര കരഞ്ഞാലും സങ്കടം തീ രുകയുമില്ല. അദ്ദേഹത്തിന്റെ സാന്നിദ്ധ്യമാകുന്ന ദീപം അണഞ്ഞു കഴിഞ്ഞിരിക്കയാൽ നാം അത്യപ്പകരമായ അന്ധ കാരത്തിൽ ആണ്ടുപോയിരിക്കുന്നു..... അദ്ദേഹത്തി ന്റെ പ്രതാപമഹിമകളിൽ ഭാഗഭാക്കുകളാകത്തക്കവണ്ണം ന മ്മെ യോഗ്യരാക്കുന്നതിനു നമുക്കു അദ്ദേഹത്തോടു പ്രാർത്ഥി ക്കാം. വേറൊരു മെക്കാബിയെപ്പോലെ യുദ്ധക്കളത്തിലേ ക്കു നമ്മെ വിജയപൂർവ്വം നയിക്കാൻ പ്രാപ്തനായ ഒരു വീര സേനാധിപനെ നമ്മുടെ സംഘനേതാവായി നിയമിച്ചു തരുന്നതിനു് നമുക്കു അദ്ദേഹത്തോടപേക്ഷിക്കാം."

ഗുരുനാഥന്റെ മരണത്തെപ്പറ്റി അന്തോനിയേപ്പോ ലെ സങ്കടം മറ്റാർക്കുമില്ലായിരുന്നു. സംഘത്തിന്റെ ഭാവി ശ്രേയസ്സിനുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചതുപോലെ ശ്രേഷ്ഠാ ന്തിയോട്ടക്രുടി മറ്റാരും പ്രാർത്ഥിച്ചിരുന്നില്ല. സംഘനേ താവായി ബ്രദർ എലിയാസിനെ തിരഞ്ഞെടുക്കുന്നോ സം ഗതിയെപ്പറ്റി മാർപാപ്പായുടെ സന്നിധിയിൽ ഒരു രഹസ്യ ദൌത്യം വഹിക്കുന്നതിനു് അന്തോനി നിയമിക്കപ്പെട്ടു. അ

ദ്ദേഹം 1227 ഫെബ്രുവരിമാസത്തിൽ ലിമോജസ്സിൽ നിന്നു പുറപ്പെട്ട റോൺനദീതീരംവഴി മർസെയിത്സിലേക്കു യാത്രചെയ്തു.

ഈ യാത്രയിൽ ഒരത്ഭുതം നടന്നു. അന്തോനിയും അനുചരന്മാരും ക്ഷീണിച്ചു വശംകെട്ട പ്രോവൻസിലുള്ള ഒരു ചെറിയ ഗ്രാമത്തിൽ വന്നുചേർന്നു. അവരുടെ ക്ഷീണവും വിശപ്പുംകണ്ടു് അനുകമ്പയുണ്ടായ ഒരു സാധുസ്ത്രീ അവരെ ക്ഷണിച്ചു. അതനുസരിച്ചു അവർ അവളുടെ വീട്ടിലേക്കു പോയി. അവർക്കുള്ള ഏറ്റവും നല്ല ഭക്ഷണപാനീയങ്ങളെ അവർ അവരുടെ മുമ്പാകെ കൊണ്ടുവന്നുവച്ചു. അവരെക്രൈസ്തവർ ബഹുമാനിക്കുന്നതിനായി അയൽപക്കത്തെ അന്തസ്സുള്ള ഒരു വീട്ടിൽനിന്നു് ഒരു സ്പടികക്കോപ്പ അവർ ഇരവു വാങ്ങിയിരുന്നു. അവർ വീഞ്ഞു് ഒഴിച്ചുകൊണ്ടിരുന്നപ്പോൾ, അന്തോനിയുടെ ക്രൈസ്തവകാരന്റെകൈ തട്ടി ആ സ്പടികക്കോപ്പ ഉടഞ്ഞുപോയി. ഉടഞ്ഞതെന്താണെന്നറിയുന്നതിനുള്ള ബദ്ധപ്പാടിൽ അവർവൈൻവീപ്പയുടെ പീലി അടയ്ക്കുന്നതിനു വിട്ടുപോയി. വായ്പവാങ്ങിയ കണ്ണാടിപ്പാത്രമാണുടഞ്ഞതെന്നു കണ്ടപ്പോൾ അവർവളരെ വ്യസനിച്ചു. ആ പാവത്തിന്റെ വ്യസനം കണ്ടു് അന്തോനി കനിഞ്ഞിരുന്നു പ്രാർത്ഥിച്ചു. ഉടൻ ആ പാത്രം പൂർവ്സ്ഥിതിയിലായി. ആ അത്ഭുതപാരതന്ത്ര്യത്തിൽനിന്നു ഒരുവിധം വിമുക്തയായി അവർ വീഞ്ഞു് ഇരുന്നിടത്തേക്കു ചെന്നപ്പോൾ അവിടെ വേറൊരത്ഭുതം അവളെ വിസ്മയിപ്പിച്ചു. വീഞ്ഞിന്റെ വെളിക്കോട്ടുള്ള ഒഴുക്കു നിശ്ശേഷം നിലച്ചുവെന്നു മാത്രമല്ല, വീപ്പ വക്കുവരെ നിറഞ്ഞുമിരുന്നു. അവളുടെ സന്തോഷത്തിനും നന്ദിക്കും അതിരില്ലായിരുന്നു. കോലാഹലങ്ങൾ ഉണ്ടാകുന്നതിനുമുമ്പു് അവർ അവിടെനിന്നും യാത്രതിരിച്ചു.

ഫ്രാൻസ്രാജ്യത്തു് അദ്ദേഹത്തിന്റെ അവസാനതാവളം മർസൈത്സായിരുന്നു. ഫാറോ എന്ന ദ്വീപിൽനി

ന്നു് അദ്ദേഹം നിരഭ്രമായ നഭോമണ്ഡലത്തിൽ സമുജ്വല ങ്ങളായി പ്രസരിക്കുന്ന പ്രഭാകരകിരണങ്ങളാൽ പരിലസി തങ്ങളായ പ്രോവിൻസിലെ തീരപ്രദേശങ്ങളെ ഈ വിയോ ഗാവസരത്തിൽ ഒന്നു് അഭിവീക്ഷണംചെയ്തു. മേരീമഗ ലേനായുടെ അനുതാപാശ്രുധാരയാൽ പവിത്രീകൃതവും നി മ്നോന്നതവുമായ ആ ഭൂവിഭാഗങ്ങളോടും,താൻ ക്രൈസ്തവ ധർമ്മസാമ്രാജ്യത്തെ വീണ്ടുംപ്രതിഷ്ഠാപിച്ച നയനാഭിരാമങ്ങ ളും ഐശ്വര്യസംപൂർണ്ണങ്ങളുമായ ആ സാനുപ്രദേശങ്ങളോ ടും, തന്റെ സുഖദുഃഖങ്ങളിൽ സന്തോഷപൂർവം പങ്കുകൊ ണ്ടവരും തന്നെ സോത്സാഹം പിന്തുടർന്നവരുമായ അവി ടത്തെ ഭക്തജനങ്ങളോടും, തന്റെ പൂർവികന്മാരുടെ മാതൃഭൂ മിയും തന്റെ ആയുഷ്കാലത്തിന്റെയും അദ്ധ്യാത്മശക്തിയു ടെയും ഒരു പ്രധാനഭാഗത്തിന്റെ വിനിയോഗരംഗവുമായ ആ ഫ്രാൻസിനോടും അദ്ദേഹം അവസാനമായി യാത്ര പറഞ്ഞു. രമണീയങ്ങളായ ആ തീരപ്രദേശങ്ങളിലേക്കു്, അവ തന്റെ ദൃഷ്ടിപഥത്തിൽനിന്നു മറയുന്നതുവരെ, അദ്ദേ ഹം നിർന്നിമേഷനായി നോക്കിക്കൊണ്ടുനിന്നു. അവസാന മായി അദ്ദേഹം ആ രാജ്യത്തെ സർവാത്മനാ അനുഗ്രഹിക്കു കയും, അസുലഭമായ ആ അനുഗ്രഹവിശേഷം അതിന്റെ 'ഭാവിശ്രേയഃചിന്തനശകുനമായി' തീരുകയും ചെയ്തു.

അന്തോനി പോയി അധികം താമസിക്കുന്നതിനു മുമ്പു് അദ്ദേഹത്തിന്റെ പ്രയത്നങ്ങളുടെയും അനുഗ്രഹങ്ങ ളുടെയും ഫലം നല്ലവണ്ണം പ്രത്യക്ഷമായി. ഫ്രാൻസിലെ മതപരവും രാഷ്ട്രീയവുമായ കലഹങ്ങളെല്ലാം അവസാനി ച്ചു. അൽബിജെൻസ്യൻപാഷണ്ഡത നാമാവശേഷമായി. സത്യവും ധർമ്മവും പുനഃപ്രതിഷ്ഠാപിക്കപ്പെട്ടു. സെയിന്റ് ലൂയിസ് എന്ന രാജർഷിയുടെ ഭരണകാലത്തു ഫ്രാൻസി ന്റെ ഐശ്വര്യം പരമകാഷ്ഠയെ പ്രാപിച്ചു. അതു മഹാ കവികളുടെയുംശാസ്ത്രജ്ഞന്മാരുടെയും പണ്ഡിതന്മാരുടെയും

വിളനിലമായിത്തീർന്നു. ചിത്രകാരപ്രമുഖന്മാർ, ശില്പിശ്രേഷ്ഠന്മാർ തുടങ്ങിയ സുന്ദരകലാവിദഗ്ധന്മാർ അവരുടെ ഭാവനാസൃഷ്ടികളാൽ അതിനെ അലംകരിച്ചു. മനോഹരങ്ങളും ഗംഭീരങ്ങളുമായ ക്രൈസ്തവദേവാലയങ്ങൾ—യൂറോപ്യൻ ക്രൈസ്തവനാഗരികതയുടെ നിത്യസ്മാരകങ്ങളായി പരിശോഭിക്കുന്ന ആ ബ്രഹ്മാണ്ഡപ്രാസാദങ്ങൾ—ഫ്രഞ്ചുജനതയുടെ സുസ്ഥിരമായ വിശ്വാസത്തിന്റെയും ഭക്തിയുടെയും മഹനീയമായ ആവിഷ്കരണമെന്നോണം, ആരാജ്യത്തിന്റെ എല്ലാപ്രധാനനഗരങ്ങളിലും സ്ഥാപിക്കപ്പെട്ട ഈ സുവർണ്ണകാലത്തിന്റെ ബീജാവാപംചെയ്ത മഹാരഥന്മാരിൽ ഒരാൾ സെയിന്റ് ആന്റണിയും, അപരൻ സെയിന്റ് ഡോമിനിക്കുമാണ്.

അന്തോനി ഫ്രാൻസിലെ അപ്പോസ്തലന്മാരിലും പുണ്യവാന്മാരിലും അദ്വിതീയമായ ഒരു സ്ഥാനത്തിനർഹനാണ്. അദ്ദേഹത്തിന്റെ പേരുംപരിശുദ്ധിയും അപദാനങ്ങളും മറവും ആസ്തികബുദ്ധിയുള്ള ഫ്രഞ്ചുകാരുടെ ഹൃദയത്തിൽ ഒരിക്കലും മാഞ്ഞുപോകാത്തവിധത്തിൽ പതിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങളും ബലിപീഠങ്ങളും 'കപ്പേള'കളും ഇല്ലാത്ത പട്ടണങ്ങളോ ഗ്രാമങ്ങളോ അവിടെയില്ല. വിഷമങ്ങളും വരുമ്പോൾ അദ്ദേഹത്തിന്റെ സഹായം അപേക്ഷിക്കാത്തവരോ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യംവഴി സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കാത്തവരോ ആയി ഈശ്വരവിശ്വാസമുള്ളവരുടെ കൂട്ടത്തിൽ ആരും കാണുകയില്ല. പണ്ഡിതനും, പാമരനും, പുരുഷനും, സ്ത്രീയും, വൃദ്ധനും, ബാലനും നിർഭേദം അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ കീർത്തിക്കുകയും അത്ഭുതസിദ്ധികളെ കൊണ്ടാടുകയും ചെയ്യുന്നു. അന്തോനി സാർവ്വലൗകികനായ ഒരു പുണ്യവാനായിത്തീർന്നിട്ടുണ്ടെങ്കിലും ഫ്രഞ്ചുകാർക്ക് അദ്ദേഹത്തോടുള്ള കടപ്പാടും ഭക്തിയും പ്രത്യേകം തന്നെയാണ്.

ഫ്രഹാ-ലെപരിശുദ്ധവാരത്തിലായിരുന്ന അന്തോനി റോമിലെത്തിയത്. ആ പട്ടണത്തിലെ തെരുവീഥികളും വിവിധഭാഷകളും സംസാരിക്കുന്ന വിവിധരാജ്യക്കാരും ജാതിക്കാരുമായ തീർത്ഥയാത്രക്കാരാൽ നിബിഡങ്ങളായിരുന്നു. അവിടത്തെ ഭീമാകാരങ്ങളായ ദേവാലയങ്ങളും ഏറ്റവും മനോഹരമായ വിതാനങ്ങളാൽ അലംകൃതമായിരുന്നു. എന്നാൽ അവയെ അതിസുന്ദരങ്ങളാക്കിത്തീർത്ത വിശിഷ്ടവിഭ്രഷണങ്ങളും അവയുടെ സ്ഫടികശിലാതലങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു ക്രിസ്തുവിന്റെ രാജാധിരാജത്വത്തെ പ്രഖ്യാപനം ചെയ്യുന്ന ആ തീർത്ഥയാത്രക്കാരായിരുന്നു. സാർവ്വഭൌമനായ പാപ്പാരാജന്റെയും, അവിച്ഛിന്നമായ സ്വാതന്ത്ര്യത്തിന്റെയും ആസ്ഥാനമായ റോമാനഗരം ക്രൈസ്തവലോകത്തിന്റെ പൂജനീയമായ കേന്ദ്രവും സ്വർഗ്ഗീയയരുശലേമിന്റെ ശോഭായമാനമായ പ്രതിച്ഛായയുമാണ്. ആ തീർത്ഥയാത്രക്കാരുടേ സംഘങ്ങളോടുകൂടി ചേർന്ന് അവിടത്തെ തീർത്ഥങ്ങളെ, വിശിഷ്യ അസിസ്സിയിലെ പൂജ്യപാദന്റെ സാന്നിദ്ധ്യത്താൽ പവിത്രീകൃതങ്ങളായ സ്ഥലങ്ങളെ, സന്ദർശിച്ചപ്പോഴും ആ പുണ്യശ്ലോകന്റെ ആപ്തമിത്രമായിരുന്ന സെത്തിസോലിപ്രഭുവിയുമായി പരിചയപ്പെട്ടപ്പോഴും അന്തോനി അനുഭവിച്ച പരമാനന്ദം അപരിമിതമായിരുന്നു. റോമിൽ അജ്ഞാതനായി കഴിഞ്ഞുകൂടണമെന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചത്. അതു് അത്ര എളുപ്പമായിരുന്നില്ല അദ്ദേഹത്തിന്റെ ആകൃതിയിലും, പ്രകൃതിയിലുമുള്ള അസാധാരണകോമളതയും അദ്ദേഹത്തെ വളരെ വേഗത്തിൽ ജനങ്ങളുടെശ്രദ്ധയുടെവിഷയമാക്കുകയും അദ്ദേഹത്തിന്റെ പേരും കഥകളും ആ പട്ടണമൊട്ടുക്ക് അചിരേണ സുവിദിതമാക്കുകയും ചെയ്തു.

1227-മാർച്ചു് 19-ാംനു- ഒരു പുതിയ മാർപ്പാപ്പാ സിംഹാസനാരോഹണം ചെയ്തു. അദ്ദേഹം അസിസ്സിയി

ലെ ഫ്റാൻസിസ്സിന്റെ സ്നേഹിതനും സംരക്ഷകനും ഉപ
ദേഷ്ടാവുമായിരുന്ന ഗ്വാരി ഒൻപതാമനായിരുന്നു. അദ്ദേ
ഹം അന്തോനിയെ എത്തുയും വാത്സല്യപൂർവ്വം സ്വീകരിച്ചു.
ഗ്വാരി ആ പുണ്യവാനായ ഭിക്ഷുവിന്റെ അസാധാരണങ്ങ
ളായ ഗുണങ്ങളെയും യോഗ്യതകളെയുംപറ്റി കേട്ടിട്ടുണ്ടായി
രുന്നതിനാൽ, ജനങ്ങളോട് പരിശുദ്ധവാരത്തിലെ ശ്ലീവപ്പാ
ത സംബന്ധിച്ച ദോഷപ്രൊവുതികളെ പ്രഖ്യാപനം ചെയ്യു
ന്നതിനും മതവിരോധികളുമായി ധർമ്മയുദ്ധം ചെയ്യേണ്ട ആ
വശ്യത്തെപ്പറ്റി പ്രസംഗിക്കുന്നതിനും അദ്ദേഹത്തോട് സ്നേ
ഹപൂർവ്വം ആജ്ഞാപിച്ചു. അന്തോനി ഈ കൃത്യം ഏറ്റവും
പ്രശംസാവഹമായ വിധത്തിൽ നിർവ്വഹിച്ചു. അദ്ദേഹത്തി
ന്റെ ദിവ്യമായ വാഗ്വൈഭവം ജീവിതവിശുദ്ധിക്കും വി
ധേയമാകാത്ത മനുഷ്യഹൃദയങ്ങളും വജ്രകർക്കശങ്ങളുംതന്നെ
ആയിരിക്കണം. ഉയിർപ്പുഞായറാഴ്ച, യെരുശലേമിൽ പെന്ത
ക്കോസ്ത് ദിവസം നടന്ന അത്ഭുതം വീണ്ടുംഉണ്ടായി. അന്ന്
അന്തോനിയുടെ പ്രസംഗപീഠത്തിനു ചുറ്റും തിങ്ങിക്കൂടിയി
രുന്ന പുരുഷാരം, ഗ്രീക്കുകാർ, ലത്തീൻകാർ, ജർമ്മൻകാർ,
ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, റഷ്യന്മാർ തുടങ്ങിയ വിവിധ
ഭാഷകളും സംസാരിക്കുന്ന നാനാജാതിക്കാരാൽ വ്യാകീർണ്ണമാ
യിരുന്നു. അവരെല്ലാവരും അദ്ദേഹത്തിന്റെ പ്രസംഗം
അവരവരുടെ ഭാഷയിൽത്തന്നെ സുവ്യക്തമായി കേട്ടു.
ഈ സന്ദർഭത്തിലായിരുന്ന ഗ്വാരി ഒൻപതാമൻ അദ്ദേഹ
ത്തിന്റെ അത്ഭുതകരമായ വേദഗ്രന്ഥപാണ്ഡിത്യത്തെ അ
ഭിനന്ദിച്ച് "ദിവ്യവേദത്തിന്റെ സജീവമായ പേടകം" എ
ന്ന അഭിധാനത്തെ അദ്ദേഹത്തിനു നൽകിയത്.

റോമാനഗരത്തിൽ അദ്ദേഹത്തിന്റെ ഉദ്യോഗം നിർ
ഹിച്ചശേഷം ഉയിർപ്പുസംബന്ധിച്ച ആഘോഷങ്ങൾ അവ
സാനിച്ചുടൻ അദ്ദേഹം അസിസ്സിയിലേക്കു യാത്രതിരിച്ചു.
റോമൻ കമ്പാനായിലെ നിശ്ശബ്ദമായ ഏകാന്തതയെ തര

ണംചെയ്തിട്ട് അപ്പിൈനൻപവ്തത്തിലെ ഇട്ടുക്കുകളിൽ ക്കൂടി നടന്നു് അദ്ദേഹം സപ്തർഷിനാഥന്റെ പാദരേണുക്ക ളാൽ പരിപൂതമായ ഉമ്പ്രിയായിലെ ഐശ്വര്യസമൃദ്ധമായ താഴ്വരയിലെത്തി. സെയിന്റു് ഫ്റാൻസ്സിസ്സ് പ്രകൃതി യേയും അതിലെ സകല ചരാചരങ്ങളെയും സ്നേഹിക്കുന്ന ഒരു ഭ്രാതൃഹൃദയാമൃത്തിയും സഹൃദയാഗ്രേസരനുമായിരുന്നു. ആ സൽഗുണം അന്തോനിക്കും ഒട്ടുംകുറവില്ലാതെ ഉണ്ടായിരുന്നു. ആ സുന്ദരമായ ദേശത്തിന്റെ പ്രകൃതിവൈശിഷ്ട്യങ്ങൾ തന്റെ വീക്ഷണവീഥിയിൽ പരിലസിച്ചപ്പോൾ, അദ്ദേ ഹം ആ അസിസ്സിയിലെ മഹർഷിയെപ്പോലെ ചേതനങ്ങ ളും അചേതനങ്ങളുമായ സകല സൃഷ്ടിജാലങ്ങളെയും ത ന്നോടൊത്തു സ്രഷ്ടാവിന്റെ സ്തുതിഗീതങ്ങൾ പാടുന്നതിനാ യി ക്ഷണിച്ചു.

സ്വർല്ലോകാകാശങ്ങളെ നിങ്ങൾ സർവ്വേശ്വരനെ
(സ്തുതിക്കുവിൻ:
നക്ഷത്രങ്ങളെ നിങ്ങൾ സർവ്വേശ്വരനെ സ്തുതിക്കുവിൻ.
പർവ്വതങ്ങളെ, മലകളെ, നിങ്ങൾ സർവ്വേശ്വരനെ
(സ്തുതിക്കുവിൻ;
ഫലപൂർണ്ണങ്ങളായ വൃക്ഷങ്ങളെ, എല്ലാ ദേവതാരങ്ങളു മെ, നിങ്ങൾ സർവ്വേശ്വരനെ സ്തുതിക്കുവിൻ; ഭൂലോക ത്തെ രാജാക്കന്മാരെ, സമസ്തജനങ്ങളെ, നിങ്ങൾ സ ർവ്വേശ്വരനെ സ്തുതിക്കുവിൻ; യുവാക്കന്മാരെ, കന്യക കളെ. നിങ്ങൾ സർവ്വേശ്വരനെ സ്തുതിക്കുവിൻ; അവ നെ എന്നേയ്ക്കുമായി സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുവിൻ

എന്ന രാജർഷിയായ സങ്കീർത്തനകാരന്റെ രീതിയിൽ ത ന്നോടുക്കൂടി പാടുന്നതിനായി വനങ്ങളിൽ ആനന്ദകരമായി ഗാനംചെയ്യുന്ന പക്ഷികളെയും, വികസിതങ്ങളായ വനകു

സുമങ്ങളെയും മലഞ്ചെരിവുകളിൽ പച്ചപ്പട്ടു വിരിച്ചിരിക്കുന്നതുപോലെനയനമോഹനങ്ങളായ തൃണഗുല്മലതാദികളെയും, സംഗീതതുല്യമായ ഗുളുഗുളുശബ്ദം പുറപ്പെടുവിക്കുന്ന അരുവികളെയും, ഗ്രീഷ്മകാലത്തിലെ പ്രശാന്തകിരണങ്ങളോടുകൂടിയ സൂര്യനെയും അദ്ദേഹം നിമന്ത്രിക്കുന്നു സൃഷ്ടിജാലങ്ങളും സർവ്വും അദ്ദേഹത്തിനു സൃഷ്ടിസ്ഥിതിസംഹാരകർത്താവായ പരാശക്തിയെ പ്രാപിക്കാനുള്ള സോപാനപരമ്പരയായിരുന്നു.

ഇപ്രകാരം അദ്ദേഹം അസിസ്സിയെ സമീപിച്ചു. സുബാസിയൊഗിരിയുടെ ഉപത്യകയിൽ സ്ഥിതിചെയ്യുന്ന ആ പുരാതനനഗരത്തെ അദ്ദേഹം ദൂരെനിന്നു ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ഏറ്റവും വിശുദ്ധമായ വികാരങ്ങളാൽ തുടിച്ചു. തന്റെ പ്രിയഭാജനമായ ഗുരുനാഥന്റെ ജനനസ്ഥലം അതല്ലയോ? അദ്ദേഹത്തിന്റെ തിരുശരീരാവശിഷ്ടങ്ങളെ ഇപ്പോൾ വഹിക്കുന്ന പുണ്യഭൂമിയും അതല്ലെ? പട്ടണത്തിൽ പ്രവേശിച്ച ഉടൻ പരേതനായ മഹർഷിയുടെ സംസർഗ്ഗംകൊണ്ടു വിശുദ്ധീകരിക്കപ്പെട്ട സകല സ്ഥലങ്ങളെയും സ്ഥാപനങ്ങളെയും ഓരോന്നായി അദ്ദേഹം സന്ദർശിച്ചു. അവസാനമായി അദ്ദേഹത്തിന്റെ ശവകുടീരത്തിന്മേൽ സാഷ്ടാംഗനമസ്കാരം ചെയ്തിട്ട് അദ്ദേഹം ദീർഘനേരം പ്രാർത്ഥിച്ചു.

1217 മെയ് 30-ാംനു- സംഘത്തിന്റെ പൊതുയോഗം കൂടി. സംഘനേതാവായി ഗോവാനി പാരന്തിതിരഞ്ഞെടുക്കപ്പെട്ടു. സെയിൻറ് ഫ്രാൻസിസ്സിന്റെ പിൻഗാമിയായി ആ സ്ഥാനം വഹിക്കുന്നതിനു് അദ്ദേഹം സർവ്വഥാ യോഗ്യനായിരുന്നു. അന്തോണി ബെലോണായിലെ പ്രൊവിൻഷ്യലായി നിയമിക്കപ്പെട്ടു. അസിസ്സിയിലെ സിദ്ധനെ പുണ്യവാനായി തിരുസഭ അംഗീകരിക്കുന്നതിനു് ഒരു ഹർജി ആ യോഗത്തിൽ വച്ചുതന്നെ തയാർചെയ്തു

പ്പെട്ട: പുതിയ സംഘാധിപൻ ഈ ഹർജി മാർപാപ്പ യ്ക്കു സമർപ്പിച്ചു. അടുത്തവർഷം (1228-ൽ) ഗ്രഗരി ഒമ്പതാമൻ തന്നെ അസിസ്സിയിൽ എഴുന്നെള്ളി, "സാധുക്കളുടെ പിതാവാ"യ ആ മഹാസിദ്ധന്റെ പരിപാവന നാമം പുണ്യവാന്മാരുടെ പട്ടികയിൽ ആഘോഷപൂർവ്വം രേഖപ്പെടുത്തി.

---

## അദ്ധ്യായം ഏഴ്.

---

### മത്സ്യം പ്രസംഗം കേൾക്കുന്നു.

(ബൊലോണാ ഇറാലിയിലെ പ്രധാനമായ ഫ്രാൻസിസ്കൻ സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു.) രാഷ്ട്രീയമായ അന്തഃഛിദ്രങ്ങൾ പ്രകൃത്യാ വളരെ രമണീയവും ഫലപ്രദവുമായിരുന്ന ആ പ്രദേശത്തിന്റെ ഐശ്വര്യത്തെയും സമാധാനത്തെയും മിക്കവാറും പൂർണ്ണമായി നശിപ്പിച്ചിരുന്നു. രാഷ്ട്രീയകലഹങ്ങളുടെ ഫലമായി ജനങ്ങളുടെ സാന്മാർഗ്ഗികവും മതപരവുമായ സ്ഥിതിയും അതിദയനീയമായിത്തീർന്നു. മതത്തോടും രാഷ്ട്രത്തോടും ബദ്ധവൈരം പെരുമാറിവന്ന വിപ്ലവകാരികളുടെ പ്രാബല്യം അവിടെ വളരെ വർദ്ധിച്ചിരുന്നു. ഒമിനിയും മിലാനും ആയിരുന്നു ഈ നാശനോൽസുകരുടെ കേന്ദ്രസ്ഥാനങ്ങൾ.

ഈ പരിതാപകരമായ സ്ഥിതി അന്തോനിയുടെ ഹൃദയത്തെ വളരെ വേദനപ്പെടുത്തി. പുതിയ ഉദ്യോഗത്തിൽ പ്രവേശിച്ച ഉടൻ മതത്തിന്റെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും വിരോധികളോടു മല്ലിട്ട് അവരുടെ

ദംഷ്ട്രകളിൽനിന്നു ധർമ്മത്തെയും സാധുജനങ്ങളെയും സംരക്ഷിക്കുന്നതിനു് അദ്ദേഹം ബദ്ധപരികരനായി. വിരോധികളുടെ ആസ്ഥാനമായ റൊമിനിയെ ആയിരുന്ന അദ്ദേഹം ആദ്യമായി സമരരംഗമാക്കിയതു്. ഫ്രാൻസിൽ മതവിരോധികളുമായി പോരാടുന്നതിലും ധർമ്മപ്രചാരണം ചെയ്യുന്നതിലും പരിപൂർണ്ണവിജയം സമ്പാദിച്ച ആ ധർമ്മവീരനു് ഇവിടെ തോൽവിപറ്റുന്ന ലക്ഷണങ്ങളാണു് ആദ്യമെ കണ്ടുതുടങ്ങിയതു്. ജനങ്ങൾ അദ്ദേഹം പറയുന്നതിനെ ചെവിക്കൊള്ളുന്നതിനു തയാറില്ല. അദ്ദേഹത്തിന്റെ വാഗ്വിലാസവും സാമർത്ഥ്യവും നിഷ്ഫലങ്ങളായി. അദ്ദേഹവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും സർവ്വത്ര പരിഹാസവിഷയങ്ങളായി. ഈ ജനങ്ങളുടെ അന്ധതയും ശഠതയും അദ്ദേഹത്തിനു മർമ്മഭേദകങ്ങളായിരുന്നു. അവരുടെ തെറ്റിദ്ധാരണകൾ നീക്കുന്നതിനും ക്രിസ്തുധർമ്മത്തിന്റെ വൈശിഷ്ട്യവും രാമണീയകവും അവരെ ഗ്രഹിപ്പിക്കുന്നതിനുമായി തന്റെ ജീവൻപോലും ബലികഴിക്കുന്നതിനു് അദ്ദേഹം തയാറായിരുന്നു. രാത്രിഞ്ചരന്മാർ ദിവാകരപ്രകാശം സമീപിക്കുമ്പോൾ ഓടിയൊളിക്കുന്നതുപോലെ അവിടത്തെ മതഭേദികൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രസംഗങ്ങളെയും എതുയും വിദ്വേഷത്തോടും ഉദ്വേഗത്തോടുംകൂടി ദൂരത്തു പരിവർജ്ജിച്ചിരുന്നു.

ഈ വൈഷമ്യത്തിനു് ഒരു പരിഹാരമുണ്ടാകുന്നതിനായി അദ്ദേഹം സർവ്വേശ്വരനെ ശരണംപ്രാപിച്ചു. ഒരു രാത്രിമുഴുവനും അദ്ദേഹം ഉറക്കമൊഴിഞ്ഞു പ്രാർത്ഥിച്ചു. അടുത്തദിവസം കാലത്തേയുള്ള കുർബാന അദ്ദേഹം ഈ സംഗതിക്കായി പ്രത്യേകം സമർപ്പിച്ചു. കുർബാനകഴിഞ്ഞു ദേവാലയത്തിൽനിന്നു വെളിയിൽവന്നപ്പോൾ നവമായ ഒരു ജീവനും ധൈര്യവും അദ്ദേഹത്തിനുണ്ടായതുപോലെ തോന്നി. തന്റെ സമീപത്തുണ്ടായിരുന്ന ജനങ്ങളെ കൂട്ടിക്കൊണ്ടു് അദ്ദേഹം മറേച്ച്യാനദീമുഖത്തേക്കു പോയി. അവി

ടെച്ചെന്നു് അന്ത്രിയാറിക്കു് സമുദ്രത്തിന്നഭിമുഖമായി നി
ന്നുകൊണ്ടു് അദ്ദേഹം ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു:—
"നദിയിലെ മത്സ്യങ്ങളെ, സമുദ്രത്തിലെ മത്സ്യങ്ങളെ, നി
ങ്ങൾ ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുവിൻ. മനുഷ്യർ
ദൈവത്തിങ്കൽനിന്നു പിൻതിരിഞ്ഞുകളഞ്ഞതുകൊണ്ടും ശ്ര
ദ്ധിക്കാത്തതുകൊണ്ടും ദൈവവചനം അറിയിക്കുന്നതിനു
നിങ്ങളുടെ അടുക്കലേയ്ക്കാണു ഞാൻ വന്നിരിക്കുന്നതു്".
അദ്ദേഹത്തിന്റെ ശബ്ദം കേട്ടപ്പോൾ വെള്ളം ഇളകി.
ചെറുതും വലുതുമായ എല്ലാജാതി മത്സ്യങ്ങളും പാടങ്ങൾ
പാടങ്ങളായി ബദ്ധപ്പെട്ടു കരയ്ക്കുകയറിവന്നു, ചെറിയമത്സ്യ
ങ്ങൾ മുമ്പും വലിയമത്സ്യങ്ങൾ പിമ്പും വരിവരിയായി നോ
ക്കെത്താത്തവിധം നീളത്തിൽ നിരന്നു് അവരെ ക്ഷണിച്ച
ആ മനുഷ്യനോടു് അഭിമുഖമായി അദ്ദേഹത്തിന്റെ പ്രസം
ഗം കേൾക്കാൻ ഉല്ക്കണ്ഠിതരായി നിന്നു. അദ്ദേഹം അവ
യോടു് ഇപ്രകാരം പ്രഭാഷണംചെയ്തു:—

"മത്സ്യസഹോദരങ്ങളെ, നിങ്ങൾ നിങ്ങളുടെ സ്രഷ്ടാ
വിനോടു കടപ്പെട്ടിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തോടു കൃത
ജ്ഞതയുള്ളവരായിരിക്കണം. നിങ്ങൾക്കു സൈ്വരമായി ഓ
ടിനടക്കത്തക്കവണ്ണം അതിവിസ്തൃതവും ശ്രേഷ്ഠവുമായ
ഈ ജലാശയത്തെ നിങ്ങൾക്കു് അധിവസിക്കുന്നതിനായി
തന്നതു് ഈദ്ദേഹമാണു്. കൊടുംകാറ്റിന്റെ കോപത്തിൽ
നിന്നു സൌകര്യമായി അഭയംപ്രാപിക്കത്തക്കവണ്ണം അഗാ
ധമായ ഈ സമുദ്രത്തെ നിങ്ങൾക്കു തന്നിരിക്കുന്നതും, തിര
മാലകൾക്കടിയിൽക്കൂടി അതിവേഗം നീന്തുന്നതിനു ശക്തി
യും ചൊടിചൊടിപ്പും ദിവസംപ്രതി ധാരാളമായ ആഹാര
വും നിങ്ങൾക്കു തരുന്നതും അദ്ദേഹമാണു്. അദ്ദേഹം നി
ങ്ങളെ സൃഷ്ടിച്ചപ്പോൾ നിങ്ങളെ ആശീർവദിക്കുകയും, വർദ്ധി
ച്ചുപെരുകുന്നതിനു നിങ്ങളോടു് ആജ്ഞാപിക്കുകയുംചെയ്തു.
ജലപ്രളയത്താൽ ഭൂമിയിലുള്ള മനുഷ്യരെയും മറ്റു സകല

സൃഷ്ടിജാലങ്ങളെയും അദ്ദേഹം നശിപ്പിച്ചപ്പോൾ നിങ്ങളെ മാത്രം അദ്ദേഹം ഉപദ്രവിച്ചില്ല. യോനാസു് ദീർഘദർശിയെ രക്ഷിക്കുകയെന്നുള്ള ബഹുമതി അദ്ദേഹം നിങ്ങൾക്കാണു തന്നതു്. മനുഷ്യാവതാരംചെയ്ത ദൈവത്തിനു രാജഭോഗത്തിനായുള്ള പണം നൽകുന്നതിനും അദ്ദേഹത്തിനു പുനരുത്ഥാനത്തിനു മുമ്പും പിമ്പും ആഹാരമായിത്തീരുന്നതിനുമുള്ള മഹാഭാഗ്യം സിദ്ധിച്ചതും നിങ്ങൾക്കാണു്. സൃഷ്ടിജാലങ്ങളിൽ നിങ്ങളോടു് ഈവിധം പ്രത്യേകം ആനുകൂല്യങ്ങൾ കാണിച്ചിട്ടുള്ള നിങ്ങളുടെ സ്രഷ്ടാവും സംരക്ഷകനുമായ സർവ്വേശ്വരനെ നിങ്ങൾ വാഴ്ത്തുവിൻ! സ്തുതിക്കുവിൻ!!".

മത്സ്യങ്ങൾ, വിശേഷബുദ്ധിയുള്ളവരെപ്പോലെ, പുണ്യവാന്റെ പ്രസംഗം കേൾക്കുന്നതിലുള്ള സന്തോഷത്തേയും ദൈവത്തോടു് നന്ദിപ്രകാശിപ്പിക്കുന്നതിനുള്ള സന്നദ്ധതയേയും ചേഷ്ടകൾകൊണ്ടു് ദ്യോതിപ്പിച്ചു. "നോക്കുവിൻ! വിശേഷബുദ്ധിയില്ലാത്ത ജന്തുക്കൾ ദൈവത്തിന്റെ വചനം കേൾക്കുന്നതിനു് അദ്ദേഹത്തിന്റെ സ്വന്തം ഛായയിലും ആകൃതിയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വിശേഷബുദ്ധിയുള്ള മനുഷ്യരെക്കാൾ എത്ര താല്പര്യമുള്ളവരാണെന്നു നിങ്ങൾതന്നെ വിധിക്കുവിൻ" എന്നു് അദ്ദേഹം ജനതതിയോടു തിരിഞ്ഞു പറഞ്ഞു.

ഈ ആശ്ചര്യകരമായ സംഭവം കണ്ണാകണ്ണികയാ അറിഞ്ഞു പട്ടണവാസികൾ അകമാനം അന്തോനിയുടെ ചുറും വന്നുകൂടി. ഈ ജനപ്രവാഹത്തിനു വശംവദരായി മതവിരോധികളും അവിടെ വന്നു് അദ്ദേഹത്തിന്റെ ഈ അത്ഭുതകരമായ ശക്തിയെ അവരുടെ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടു. അവർ അദ്ദേഹത്തിന്റെ പാദങ്ങളിൽ പ്രണാമംചെയ്തു് അവരെ ആത്മീയകാര്യങ്ങൾ പഠിപ്പിക്കുന്നാ

തിനു് അദ്ദേഹത്തോടു് അപേക്ഷിച്ചു. അദ്ദേഹത്തിന്റെ അടുക്കൽ ക്രുദ്ധംക്രുദ്ധമായി വന്ന ഈ മതവിരോധികളുടെ സംഖ്യയും ഭക്തിയും അദ്ദേഹത്തിന്റെ പ്രതീക്ഷയെ അതിവർത്തിച്ചിരുന്നു. അന്ധങ്ങളായിരുന്ന അവരുടെ നയനങ്ങൾ സത്യവിശ്വാസത്തിന്റെ മാഹാത്മ്യത്തെ കാണത്തക്കവണ്ണം തുറക്കപ്പെട്ടു. മത്സ്യങ്ങൾ അവരുടെ മിത്രത്തിന്റെ പ്രസംഗം ശ്രദ്ധിച്ചുകേട്ടും സ്വതന്ത്രം രീതിയിൽ അതിനെ അനുമോദിച്ചും ക്രമവും സ്ഥാനവും തെറ്റിക്കാതെ ഇപ്പോഴും നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം അവസാനിച്ചിട്ടും അവ അദ്ദേഹത്തിന്റെ ആജ്ഞയേയും അനുഗ്രഹത്തേയും പ്രതീക്ഷിച്ചെന്നോണം അനങ്ങാതെ നിന്നു. അദ്ദഹം അവയുടെ നേരെ തിരിഞ്ഞു് അവയെ ആശീർവ്വദിച്ചു; അവ സന്തുഷ്ടിയോടു നാലുവഴിക്കും പിരിഞ്ഞുപോയി.

സെയിൻറു് ഫ്റാൻസിസ്സു് സ്പൊലേറൊ താഴ്വരയിൽ വച്ചു പക്ഷികളോടു പ്രസംഗിച്ചതും ദൈവസ്തുതിക്കായി അവയെ ക്ഷണിച്ചതും സെയിൻറു് ആൻറണി റെമിനിയിൽ കടലോരത്തുവച്ചു മത്സ്യങ്ങളോടു പ്രഭാഷണം ചെയ്തതും ഒരുപോലെ ഹൃദയംഗമമായിരിക്കുന്നു: ഗുരുശിഷ്യന്മാരായ ഈ മഹാത്മാക്കൾ വിശേഷബുദ്ധിയുള്ളവരും ഈ ശരസ്സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠരുമായ മനുഷ്യരുടെ മുമ്പാകെ സത്യത്തിന്റെയും ധർമ്മത്തിന്റെയും മാഹാത്മ്യത്തിനു സാക്ഷ്യം വഹിക്കുന്നതിനായി തിര്യഗ്ജന്തുക്കളെ ക്ഷണിക്കുകയും അവ അത്ഭുതകരമാംവണ്ണം അവരോടു സഹകരിക്കുകയും ചെയ്യുന്നു. റെമിനിയിൽവച്ചു നടന്ന ഈ അത്ഭുതസംഭവത്തിന്റെ സ്മാരകമായി അവിടെ സ്ഥാപിക്കപ്പെട്ട ദേവാലയം ഇപ്പോഴുമുണ്ടു്.

അത്ഭുതങ്ങൾ ജഗന്നിയന്താവിന്റെ കരങ്ങളിൽനിന്നുള്ളവിഭൂതിപ്രപാതംപോലെയാണു്. മിന്നലിന്റെപ്രഭ ക്ഷ

ണനേരത്തേക്കു നമ്മുടെ കണ്ണുകളെ അഞ്ചിക്കുന്നു; അതുമൂലം ഒരു സ്ഥിരമായ പ്രകാശം നമുക്കു സിദ്ധിക്കുന്നില്ല. അതുപോലെ അത്ഭുതങ്ങൾ അവയെ കാണുന്നവരെ വിസ്മയപരതന്ത്രരാക്കുന്നതല്ലാതെ അവരുടെ ഹൃദയങ്ങളിൽ ഒരു സുസ്ഥിരമായ വിശ്വാസത്തെ ജനിപ്പിക്കുന്നതിനു മിക്കവാറും പര്യാപ്തങ്ങളായി കാണപ്പെടുന്നില്ല. ചിലരെ സംബന്ധിച്ചിടത്തോളം അവരുടെ മൂർഖതയും ഹൃദയകാഠിന്യവും മുമ്പിലത്തെക്കാൾ വർദ്ധിക്കുന്നു. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ കണ്ട ഫരീസ്യന്മാർ പ്രദർശിപ്പിച്ച മനസ്ഥിതി ഇത്തരത്തിലുള്ളതായിരുന്നു. അവരുടെ അവിശ്വാസവും വിദ്വേഷവും ക്രൂരക്രൂരവൈരികയും അവർ അദ്ദേഹത്തെ അപായപ്പെടുത്തുന്നതിനുള്ള ഉപായങ്ങൾ ആലോചിക്കുകയുംചെയ്തു. റെമിനിയിലെ ധർമ്മവിദ്വേഷികളും ഇവരിൽനിന്നു ഒട്ടും ഭിന്നമായിരുന്നില്ല. പരാജയത്താൽ സംഭ്രാന്തരായി അവർ തങ്ങളുടെ ജേതാവായ ശത്രുവിനെ കൊല്ലുന്നതിനു വട്ടംകൂട്ടി. അവർ അദ്ദേഹത്തെ ഒരു വിരുന്നിനായി ക്ഷണിച്ചു. വിഷം കലർത്തിയ ഭക്ഷ്യങ്ങൾ അവർ അദ്ദേഹത്തിനായി കൊണ്ടുവന്നുവച്ചു. അദ്ദേഹം അവരുടെ വഞ്ചന ഉടൻ കണ്ടുപിടിക്കുകയും അവരുടെ ദുഷ്ടതയെപ്പറ്റി അവരെ ശാസിക്കുകയും ചെയ്തു. അവരുടെ കൌടില്യം അദ്ദേഹം മനസ്സിലാക്കിയതുകൊണ്ട് അവർക്കു യാതൊരു പരുങ്ങലുമുണ്ടായില്ല. പ്രത്യുത, അദ്ദേഹത്തെ ദുസ്തരമായ ഒരു വിഷമഘട്ടത്തിൽകൊണ്ടുചെന്നു ചാടിക്കുന്നതിനു് അതൊരു സൌകര്യമായി അവർ കരുതി. അവരുടെ വിജയവും അദ്ദേഹത്തിന്റെ പരാഭവവും നിസ്സംശയമാണെന്നുള്ള ഉറപ്പോടുകൂടി അവർ ഇപ്രകാരം പറഞ്ഞു:—

"നീ ഒന്നുകിൽ സുവിശേഷവചനങ്ങളെ വിശ്വസിക്കുന്നു, അല്ലെങ്കിൽ വിശ്വസിക്കുന്നില്ല. നീ അവയെ വിശ്വസിക്കുന്നുവെങ്കിൽ, 'എന്റെ നാമത്തിൽ അവർ പിശാച

ബാധ ഒഴിക്കും; അവർ സർപ്പങ്ങളെ കൈയിൽ എടുക്കും; മരണകരമായ എന്തെങ്കിലും കുടിച്ചാൽ അതു് അവക്കു ദോഷം ചെയ്യുകയില്ല' എന്ന നിന്റെ സ്വാമിയുടെ വചനങ്ങളെ വിശ്വസിച്ചു ഭക്ഷിക്കുന്നതിനു നീ എന്തുകൊണ്ടു് അറയ്ക്കുന്നു? സുവിശേഷം സത്യമാണെന്നു നീ വിശ്വസിക്കുന്നില്ലെങ്കിൽ നീ എന്തുകൊണ്ടു് അതിനെ പ്രസംഗിക്കുന്നു? അതുകൊണ്ടു നീ എടുത്തുഭക്ഷിക്കുക; നിനക്കു യാതൊരുദോഷവും പറ്റുന്നില്ലെങ്കിൽ ഞങ്ങളും കത്തോലിക്കുമതം സ്വീകരിക്കാമെന്നു് ശപഥംചെയ്യുന്നു."

"നിങ്ങളുടെ വാക്കനുസരിച്ചുതന്നെ ഞാൻ പ്രവർത്തിക്കാൻ പോകുന്നു. ദൈവത്തെ പരീക്ഷിക്കുന്നതിനായിട്ടല്ലാ, നിങ്ങളുടെ അനശ്വരങ്ങളായ ആത്മാക്കളുടെ രക്ഷയും സുവിശേഷത്തിന്റെ വിജയവും ഞാൻ എത്രത്തോളം ആഗ്രഹിക്കുന്നുവെന്നു തെളിയിക്കുന്നതിനായിട്ടാണു ഞാൻ അപ്രകാരംചെയ്യുന്നതു്", എന്നു ആ ധീരനായ ഭിക്ഷു മറുപടി പറഞ്ഞു. തന്റെ മുമ്പാകെ ഇരുന്ന ഭക്ഷ്യങ്ങളുടെ മേൽ കുരിശടയാളം വരച്ചിട്ടു് അദ്ദേഹം അവയെ ഭുജിച്ചു; എന്നിട്ടു അദ്ദേഹത്തിനു യാതൊരപകടവുമുണ്ടായില്ല. അദ്ദേഹത്തിന്റെ ശത്രുക്കൾ ഫരീസ്യന്മാരെപ്പോലെ പെരുമാറിയില്ല. അവർ അവരുടെ ശപഥം പരിപാലിക്കുകയും ഉടൻതന്നെ കത്തോലിക്കരാകുകയും ചെയ്തു.

റെമിനിയിൽ അദ്ദേഹം വേല തുടങ്ങിയതു ഞെരുങ്ങിയും വിഷമിച്ചുമായിരുന്നു. എങ്കിലും അതു വളരെ ശുഭമായും വിജയകരമായും പര്യവസാനിച്ചു. അദ്ദേഹം ഇലീരിയായിലേയ്ക്കു കപ്പൽ കയറിയ തുറമുഖംവരെ ജനങ്ങളും അദ്ദേഹത്തെ ആഘോഷപൂർവ്വം അനുഗമിച്ചു. അസത്യത്തോടു മല്ലിട്ടു സത്യം പ്രചരിപ്പിക്കുന്ന തന്റെ ഉദ്യോഗപരിപാടിയിൽ അദ്ദേഹം അവിശ്രമമായും നിരന്തരമായും പരിശ്രമി

ച്ചു. അദ്ദേഹം റെമിനിയിൽനിന്നു നേരേ കപ്പൽവഴി ഇലിരിയായിൽ ചെന്നിറങ്ങി, അക്വിലാ മുതൽ വെനീസ്സ്വരെ റവ്വെന്നാ ഉൾക്കടലിന്റെ തീരപ്രദേശങ്ങൾ മുഴുവനും സഞ്ചരിച്ചു ധർമ്മപ്രചാരണം ചെയ്തു. അദ്ദേഹം ഈ സ്ഥലങ്ങളിലെല്ലാം മതവിദ്വേഷികളെ മാനസാന്തരപ്പെടുത്തുകയും, ഉദാസീനരും ശിഥിലവിശ്വാസരുമായ കത്തോലിക്കരെ മതതീക്ഷ്ണതയുള്ളവരാക്കുകയും ചെയ്തു. ഈ ദീർഘമായ പര്യടനത്തിൽ ഒരു മഹാത്ഭുതം നടന്നു.

പുണ്യവാൻ ഗെമോനായിൽ ഒരു പുതിയ ആശ്രമം പണികഴിക്കുന്നതിൽ ഏർപ്പെട്ടിരുന്നു. ഒരുദിവസം അദ്ദേഹം സമീപത്തു ക്രൂടി കടന്നുപോയ ഒരു കാളവണ്ടിയുടെ ഉടമസ്ഥനോട് കുറെ കല്ല് കയറ്റിയിറക്കുന്നതിനു് ആ വണ്ടി ആവശ്യപ്പെട്ടു. "ഒക്കുകയില്ല ഞാൻ വണ്ടിയിൽ ഒരു ശവം കയറ്റിക്കൊണ്ടുപോകുകയാണു്" എന്നു സ്വാർത്ഥപരനായ ആ വണ്ടിക്കാരൻ മറുപടി പറഞ്ഞു. വണ്ടിയുടെ അകത്തു അവന്റെ മകൻ ഉറങ്ങിക്കിടന്നിരുന്നു. അവനെയുദ്ദേശിച്ചു് അയിരുന്നു ശവമെന്നുപറഞ്ഞു് ആ വണ്ടിക്കാരൻ അന്തോനിയെ കളിപ്പിക്കാൻ ശ്രമിച്ചതു്. കുറെ ദൂരം ചെന്നപ്പോൾ അവൻ ഭിക്ഷുവിനെ കബളിപ്പിച്ച തന്റെ ചാതുര്യം മകനെ ധരിപ്പിക്കുന്നതിനായി വിളിച്ചപ്പോൾ അവൻ ഉണരുന്നില്ല. അവൻ ശവമെന്നു കളിപറഞ്ഞതു വാസ്തവമായിപ്പരിണമിച്ചു! മകൻ മരിച്ചുപോയി എന്നു കണ്ടപ്പോൾ അവൻ വ്യസനാക്രാന്തനായി വണ്ടി അവിടെ നിർത്തിയിട്ടു് ഓടി ഭിക്ഷുവിന്റെ അടുക്കൽ വന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു മാപ്പപേക്ഷിച്ചുകൊണ്ടു്, "എന്റെ മകനെ പുനരുജ്ജീവിപ്പിച്ചുതരണേ!" എന്നു നിലവിളിച്ചു. ആ പിതാവിന്റെ സങ്കടം കണ്ടു് അന്തോനിയുടെ മനസ്സലിഞ്ഞു. അദ്ദേഹം ഉടൻ അവനോടുക്രൂടിപ്പോയി, ശവത്തിന്റെ മേൽ കുരിശടയാളം വരയ്ക്കുകയും, യുവാ

വു് ഓടി എഴുന്നേല്ക്കുകയും ചെയ്തു. തിന്മചെയ്തവർക്കു നന്മ ചെയ്യുക: ഇതാണു പുണ്യാത്മാക്കളുടെ പ്രതീകാരരീതി.

1227 അവസാനിച്ചു. അന്തോനി അടുത്ത വർഷത്തെ ഗ്രീഷ്മകാലത്തിൽ ഗെമോനായിൽനിന്നു പുറപ്പെട്ടു് ടെവിസോവും വെനീസ്സും വഴി പാദുവായിൽ വന്നുചേർന്നു. ഈ സഞ്ചാരങ്ങളിലെല്ലാം ഒരു അദൃശ്യമായകരം തന്നെ നയിക്കുന്നതായും, "മുമ്പോട്ടു, മുമ്പോട്ടുപോകുക, ആത്മാക്കൾ ഇനിയും ധാരാളമായി രക്ഷിക്കപ്പെടേണ്ടതായുണ്ടു്" എന്ന ഒരു സ്വരം തന്റെ അന്തരംഗത്തിൽ മന്ത്രിക്കുന്നതായും തന്നെ മുന്നോട്ടു് ഉന്തിത്തള്ളുന്നതായും അദ്ദേഹത്തിനുതോന്നി.

---

## അദ്ധ്യായം ഏഴു്.

### പാദുവായിലെ നോമ്പു്.

അത്ഭുതസിദ്ധിയുള്ള ഒരു പുണ്യവാനെന്നും നിസ്തുല്യനായ ഒരു പ്രാസംഗികനെന്നുമുള്ള കീർത്തിയാൽ അലംകൃതനായിട്ടായിരുന്നു അന്തോനി പാദുവായിൽ വന്നുചേർന്നതു്. അദ്ദേഹത്തിന്റെ വരവു് അപ്രതീക്ഷിതമായിരുന്നു. അദ്ദേഹത്തിന്റെ സഞ്ചാരങ്ങൾക്കു നിശ്ചിതമായ ഒരു പരിപാടിയുണ്ടായിരുന്നില്ല. ഈശ്വരകരങ്ങൾ, തന്നെ എവിടത്തേക്കു നയിക്കുന്നുവോ, അവിടെ പോകുന്നതിനു് അദ്ദേഹംഎപ്പോഴും സന്നദ്ധനായിരുന്നു. മുൻകൂട്ടി യാതൊരറിവുമില്ലായിരുന്നെങ്കിലും, അദ്ദേഹത്തിന്റെവരവു്, നോമ്പുകാലത്തായിരുന്നതുകൊണ്ടു, വളരെ സന്ദർഭോചിതമായിരുന്നു. ആയാണ്ടത്തെ നോമ്പു ഫെബ്രുവരി 9.ാംനു- ആരംഭിച്ചു. ജനങ്ങ

ളുടെ ഉത്സാഹപൂർവ്വമായ അപേക്ഷപ്രകാരം പാദുവായിലെ മെത്രാൻ നോമ്പുകാലത്തെ ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിന് അന്തോനിയോടാവശ്യപ്പെട്ടു. അദ്ദേഹം ഉടൻ അതിനു തയാറായി ഫലപ്രദമായി പ്രസംഗിക്കുന്നതിന് ആദ്യമായി അദ്ദേഹം അവിടത്തെ ജനങ്ങളുടെ സാന്മാർഗ്ഗികവും ആത്മീയവുമായ സ്ഥിതിഗതികളെ പഠിച്ചു. ഫ്രാൻസിലും റൊമിനിയിലും പാഷണ്ഡതയും മൂർഖതയും സംബന്ധിച്ച ദോഷങ്ങളാണു പരിഹരിക്കേണ്ടതായിരുന്നത്: പാദുവായിൽ അദ്ദേഹം നേരിടേണ്ടിവന്ന വൈഷമ്യങ്ങളും ശത്രുക്കളും വേറൊരു ജാതിയായിരുന്നു. മതസംബന്ധമായ ഔദാസീന്യം, ഭോഗാസക്തി, വ്യഭിചാരം, അക്രമമായ പലിശയെപ്പാട്ട്, കുടുംബസ്വത്ത് മുതലായ ദൂഷ്യങ്ങളായിരുന്നു അവിടെ ജനഹൃദയങ്ങളിൽ വേരുന്നിയിരുന്നത്. എന്നാൽ ഈ ചാമ്പലിന്റെ അടിയിൽ തീപ്പൊരിയുണ്ടായിരുന്നു. അതിനെ ഊതിപ്പെരുക്കി അതിൽനിന്നു അഗ്നി ജ്വലിപ്പിക്കുകയാണു അദ്ദേഹത്തിനു അവിടെ നിർവ്വഹിക്കാനുണ്ടായിരുന്ന കൃത്യം.

ജനങ്ങളുടെ സന്മാർഗ്ഗവിരുദ്ധമായ ജീവിതം ആരംഭം മുതൽ അദ്ദേഹത്തിന്റെ വാഗ്ശരങ്ങൾക്കു വിഷയീഭവിച്ചു. എതുയും നിർഭയമായും നിർവ്വിശങ്കമായും അദ്ദേഹം അവരുടെ ദൂഷ്യങ്ങളെ ഓരോന്നായി ചൂണ്ടിക്കാണിച്ചു. അദ്ദേഹത്തിന്റെ സ്വരം സത്യധർമ്മങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ എതുയും ഗംഭീരവും, പശ്ചാത്തപിക്കാതെയും പാപപരിഹാരം ചെയ്യാതെയും മരിക്കുന്നവരുടെ ദുരവസ്ഥയെ വർണ്ണിക്കുമ്പോൾ എതുയും ഭയാനകവും, വിധവകളുടെയും അനാഥകളുടെയും സംരക്ഷണത്തിനു വേണ്ടി വാദിക്കുമ്പോൾ എതുയും അനുകമ്പാകുലവും ആയിരുന്നതിനാൽ അതിന്റെ ശക്തി അനിരോധ്യമായിരുന്നു. ലത്തീൻഭാഷ ജനങ്ങളുടെ ഇടയിൽ ഒരുവിധം പ്രചാരത്തിലിരുന്നുവെങ്കി

ലും അദ്ദേഹം, സ്വഗുരുവിനെ അനുകരിച്ചു, ജനസാമാന്യത്തിന്റെ സംസാരഭാഷയാണു പ്രസംഗത്തിനുപയോഗിച്ചതു്. ആ സംസാരഭാഷയ്ക്കുതന്നെയും അദ്ദേഹം ഉപയോഗിച്ചപ്പോൾ സിദ്ധിച്ച ശബ്ദഭംഗിയും സൌഷ്ഠവവും ഒന്നു വേറെതന്നെയായിരുന്നു. തന്റെ പ്രസംഗത്തിന്റെ ശക്തിയാൽ അനുതാപവിവശരായ പാപിഷ്ഠരെ അദ്ദേഹം ഇപ്രകാരം ആശ്വസിപ്പിക്കുമായിരുന്നു:—"സാധുവായ പാപീ, ദൈവം കരുണയും സ്നേഹവുമായിരിക്കുന്ന സ്ഥിതിക്കു നീ എന്തുകൊണ്ടു രക്ഷയെപ്പറ്റി നിരാശപ്പെടുന്നു? നിനക്കുവേണ്ടി ദിവ്യകോടതിയിൽ വാദിക്കുന്ന രണ്ടു മദ്ധ്യസ്ഥരെ—ഒരു മാതാവിനെയും ഒരു രക്ഷകനെയും—നീ കണ്ടാലും. ദുഃഖമാകുന്ന വാളാൽ പിളക്കപ്പെട്ട തന്റെ ഹൃദയത്തെ സ്വപുത്രനായി കാഴ്ചവയ്ക്കുന്ന മറിയയും, തന്റെ പാദങ്ങളിലെയും കരങ്ങളിലെയും മുറിവുകളെയും, ഭടന്റെ കുന്തത്താൽ കുത്തിമുറിക്കപ്പെട്ട തന്റെ ഹൃദയത്തെയും സ്വപിതാവിനായി കാഴ്ചവയ്ക്കുന്ന യേശുവും നിനക്കനുകൂലമായിരിക്കുമ്പോൾ നീ എന്തിനു് അധൈര്യപ്പെടുന്നു? ഇമ്മാതിരി മദ്ധ്യസ്ഥരുള്ളപ്പോൾ ദിവ്യകാരുണ്യം നിനക്കു സിദ്ധിക്കാതിരിക്കയില്ല. അതുകൊണ്ടു ധൈര്യപ്പെടുക". അനുകമ്പാപൂർണ്ണങ്ങളും ലളിതമധുരങ്ങളുമായ ഇത്തരം പ്രഭാഷണങ്ങളും കേൾക്കുന്നതിൽ ജനങ്ങൾക്കു് ഒരിക്കലും അലംഭാവമുണ്ടായില്ല. അവയുടെ യുക്തിക്കും ശക്തിക്കും പലപ്പോഴും ദൈവംതന്നെ ദൃശ്യമായ വിധത്തിൽ സാക്ഷ്യംവഹിച്ചു. പുണ്യവാന്റെ മദ്ധ്യസ്ഥതയിൽ രഹസ്യമായും പരസ്യമായും പ്രവർത്തിക്കപ്പെട്ട അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സഫലതയെ വർദ്ധിപ്പിച്ചു.

ഈ നോമ്പുകാലത്തു ലഘുതരങ്ങളും രസകരങ്ങളുമായ അനേകം അത്ഭുതങ്ങൾ നടന്നു. പക്ഷപാതംകൊണ്ടു് അവയവങ്ങൾ നിശ്ശ്ലേഷം തളർന്നുപോയ ഒരു കുട്ടിയെ അതി

ന്റെ അമ്മ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. അ
ദ്ദേഹം കുരിശടയാളംകൊണ്ട് ഉടനടി അതിനെ സുഖപ്പെട്ടു
ത്തി. അപസ്മാരരോഗിയായ നാലുവയസ്സുള്ള ഒരു പെൺ
കുട്ടിയെ സുഖപ്പെടുത്തുന്നതിനുള്ള അവളുടെ പിതാവിന്റെ
പ്രാർത്ഥനയും ഈവിധം സഫലമായി. വെളിസ്ഥലത്തു
വെച്ചുനടന്ന അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടുനി
ന്ന ഒരു സ്ത്രീ, ജനങ്ങളുടെ ഉന്തിലും തള്ളിലും അകപ്പെട്ടുവെ
ള്ളംകെട്ടിനിന്ന ഒരു കുഴിയിൽ വീണുപോയി. അവളുടെ
ഉടുപ്പെല്ലാം നനഞ്ഞു ചെളിപുരണ്ടു വൃത്തികേടായി കോ
പിഷ്ടനായ ഭർത്താവിനെ ഭയന്നു് അവൾ പുണ്യവാന്റെ സ
ഹായം അപേക്ഷിച്ചു. ഉടനടി അവളുടെ ഉടുപ്പു് ഉണങ്ങുക
യും, ചെളിപുരണ്ട അടയാളങ്ങളെല്ലാം മാഞ്ഞുപോകുകയും
അതു മുമ്പിലത്തെപ്പോലെ പുതിയതും വൃത്തിയുള്ളതുമായി
ത്തീരുകയുംചെയ്തു. വേറൊരു സ്ത്രീയുടെ മഹാനുഭാവനായ
ആ പ്രാസംഗികന്റെ പ്രസംഗംകേൾക്കുന്നതിനു വളരെതാ
ല്പര്യമായിരുന്നുവെങ്കിലും ഭർത്താവിന്റെ സുഖക്കേടും പ്രാതി
കൂല്യവുംനിമിത്തം അതിനു സാധിച്ചില്ല. എങ്കിലും അവള
ുടെ ഉല്ക്കണ്ഠ അപരിമിതമായിരുന്നതിനാൽ അവൾ വീട്ടി
ന്റെ മുകൾനിലയിൽകയറി ആൾക്കൂട്ടത്തേയൊ അദ്ദേഹത്തെ
യൊ ഒന്നുകാണാനെങ്കിലും കഴിയുമെന്നു വിചാരിച്ചു പ്രസം
ഗസ്ഥലത്തിന്റെചൊവ്വിനു നോക്കിനിന്നു. പ്രസംഗം നട
ന്നതു രണ്ടുമൈൽ അകലെ ആയിരുന്നു; എങ്കിലും ആ പ്ര
സംഗം സുവ്യക്തമായി അവൾ കേട്ടു. സന്തോഷാധിക്യ
ത്താൽ അവൾ ഭർത്താവിനെ വിളിച്ചു അവനും ആ അത്ഭു
തകരമായ അനുഭവമുണ്ടാവുകയാൽ അവൻ അന്നുമുതൽ പു
ണ്യവാന്റെ സ്നേഹിതനും സ്തുതിപാഠകനുമായിത്തീർന്നു. ചി
ലപ്പോൾ അദ്ദേഹം കുമ്പസാരത്തിൽ മനപ്പൂർവ്വംപാപങ്ങൾ
ഒളിച്ചുവച്ച ദാംഭികരായ പാപിഷ്ടർക്കു് ഉറക്കത്തിൽ പ്രത്യ
ക്ഷനായി അവരിൽ പശ്ചാത്താപം ഉളവാക്കുകയും കുമ്പ
സാരം ശരിയായവിധത്തിൽ നിർവ്വഹിക്കുന്നതിനു് അവരോ

ട്ട ഗുണദോഷിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽ പശ്ചാത്താപപരവശനായി കുമ്പസരിക്കാൻവന്ന ഒരുവൻ, അവന്റെ അമ്മയെ അടിക്കുകയും ചവിട്ടുകയും ചെയ്യുവെന്നു് അദ്ദേഹത്തോടു് ഏറ്റുപറഞ്ഞു. "അമ്മയെ ചവിട്ടുന്ന പാദം ഛേദിക്കപ്പെടാൻ അർഹമാണു്" എന്നു പാപത്തിന്റെ ഗൗരവം കാണിക്കുന്നതിനായി അദ്ദേഹം അവനു് ഉപദേശം നല്കുന്നതിനിടയിൽ പറഞ്ഞുപോയി. മന്ദബുദ്ധിയും ശുദ്ധഗതിക്കാരനുമായ ആ സാധു അദ്ദേഹം പറഞ്ഞതു് അക്ഷരംപ്രതി അനുഷ്ഠിക്കേണ്ടതാണെന്നു ഭ്രമിച്ചു വീട്ടിൽ മടങ്ങിവന്ന ഉടൻ ഒരു കൊടുവാൾ എടുത്തു് അവന്റെ കുറ്റംചെയ്ത പാദം വെട്ടിമുറിച്ചുകളഞ്ഞു. അവന്റെ അമ്മ അതുകണ്ടു് അമ്പരന്നു. മകന്റെ സാഹസത്തിനുള്ള കാരണം മനസ്സിലായപ്പോൾ അന്തോനിയുടെ അടുക്കൽ ഓടിയെത്തി, അസഹ്യമായ വ്യസനത്തോടെ അവർ അദ്ദേഹത്തെ വേണ്ടുവോളം കുറ്റപ്പെടുത്തി. ആ ശകാരങ്ങളെല്ലാം അദ്ദേഹം ശാന്തമായും സൌമ്യമായും കേട്ടിട്ടു്, ആധിവിവശയായ ആ മാതാവിനെ അവളുടെ വീട്ടിലേക്കു അനുഗമിച്ചു. അദ്ദേഹം ഛേദിക്കപ്പെട്ട പാദത്തെ എടുത്തു കാലിനോടു ചേർത്തു പിടിച്ചു കുരിശടയാളം വരച്ചപ്പോൾ അസ്ഥിയും മാംസവും തമ്മിൽ ഉടൻ സംയോജിക്കുകയും, മുറിവു കരിഞ്ഞു അവൻ പഴയ സ്ഥിതിയിൽ ഓടി എഴുന്നേൽക്കുകയും ചെയ്തു.

മനുഷ്യഹൃദയങ്ങളെ ഇളക്കിമറിക്കുന്നതിനു സ്വയമേ ശക്തമായ അന്തോനിയുടെ വാഗ്മിതത്തോടു് ഇത്തരം അത്ഭുതസിദ്ധികൾകൂടി സമ്മേളിച്ചപ്പോൾ അദ്ദേഹത്തിനു സിദ്ധിച്ച വിജയം അനന്യലഭ്യമായിരുന്നു. സമകാലികനായ ഒരു ചിത്രകാരൻ ഇപ്രകാരം പറയുന്നു:—

"നഗരത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും സമീപ

ത്തുള്ള ഗ്രാമങ്ങളിൽ നിന്നും ജനങ്ങൾ കൂട്ടംകൂട്ടമായി ആ മ
ഹാനായ ഫ്രാൻസിസ്കന്റെ പ്രസംഗങ്ങൾ കേൾക്കുന്നതി
ന തിക്കിക്കയറി. കോടതികൾ അടച്ചു, പീടികകൾ പൂട്ടി,
വ്യവസായശാലകൾ മുടങ്ങി. എല്ലാവരുടേയും ശ്രദ്ധയും താ
ല്പര്യവും ഒറ്റസംഗതിയിൽ—ആ മഹാസിദ്ധന്റെ പ്രസം
ഗങ്ങളിൽ—മാത്രം പതിഞ്ഞു. ദേവാലയങ്ങളിൽ ശ്രോതാ
ക്കളെ ഇരുത്തുന്നതിന സ്ഥലം മതിയാകാതെ വരികയാൽ
പ്രസംഗം വെളിസ്ഥലത്തുവച്ചുനടത്താൻ അദ്ദേഹം നിർബ
ന്ധിതനായി. വെയിൽകൊണ്ടു വരണ്ടുപോയ ചെടി രാ
വിലെയുള്ള മഞ്ഞിനായി തീവ്രമായി ആഗ്രഹിക്കുന്നു; പ്ര
സംഗയോഗങ്ങൾ നടത്തുന്നതിന നിശ്ചയിച്ചിരുന്ന ദിനാ
രംഭത്തെയും മണിക്കൂറിനെയും പാടുവായിലെ ജനങ്ങൾ അ
തിൽ കൂട്ടതലായ കുതൂഹലത്തോടും അക്ഷമയോടും പ്രതീ
ക്ഷിച്ചിരുന്നു. പാതിരാത്രിമുതൽ പട്ടണവാസികൾ ഉണ
ന്ന പ്രസംഗം കേൾക്കാൻ പോകുന്നതിനു് ഒരുങ്ങിത്തുടങ്ങി.
പ്രഭുക്കന്മാരും പ്രഭ്വികളും കത്തിച്ച പന്തങ്ങൾ വഹിക്കുന്ന
പരിചാരകന്മാരെ മുമ്പു നടത്തി പ്രസംഗസ്ഥലത്തേക്കു
പുറപ്പെട്ടുകഴിഞ്ഞു. പ്രസംഗപീഠത്തിന്റെ അടുത്തു സ്ഥലം
പിടിക്കുന്നതിനായി മുമ്പെ എത്തുന്നതിനു് എല്ലാവരും
മത്സരമായി. സങ്കീർണ്ണമായ ഒരു പുരുഷാരം നേരം വെള
ക്കുന്നതിനുമുമ്പു് അവിടെ സ്ഥലംപിടിച്ചുകഴിഞ്ഞു. മെ
ത്രാനും പുരോഹിതന്മാരും പ്രധാനസ്ഥാനങ്ങളിൽ ഉപവി
ഷ്ടരായി. ശ്രോതാക്കളുടെ എണ്ണം ചിലപ്പോൾ മുപ്പതിനാ
യിരംവരെ എത്തിയിരുന്നു. നീശ്ചിതസമയത്തു വിനീത
നായും ഏകാഗ്രചിത്തനായും സ്നേഹപൂർണ്ണനായും അന്തോനി
സദസ്സിൽ ആഗതനാകുന്നു. എല്ലാവരും അദ്ദേഹത്തെ ഇ
മവെട്ടാതെ നോക്കിനിൽക്കുന്നു. ശബ്ദായമാനമായിരുന്ന
ജനതതി അദ്ദേഹം പ്രസംഗം ആരംഭിക്കുമ്പോൾ നിശ്ശ്ലേഷം
നിശ്ശബ്ദരായി അദ്ദേഹത്തിന്റെ വചനങ്ങളെ ഏകതാന
മായ ശ്രദ്ധയോടെ ചെവിക്കൊള്ളുന്നു. പ്രസംഗം അവ

സാനിക്കുമ്പോൾ ശ്രോതാക്കളുടെ ഉത്സാഹം അനിയന്ത്രിതമാകുന്നു. പരിദേവനങ്ങളും സന്തോഷോദ്ഘോഷങ്ങളും ആഹ്വാനങ്ങളും, പ്രസംഗം ഓരോരുത്തരിലും ഉളവാക്കിയ മനഃസ്ഥിതിക്കനുരൂപമാംവണ്ണം, അവരിൽനിന്നു പുറപ്പെടുന്നു. ജനക്കൂട്ടം പുണ്യവാന്റെ അടുക്കലേയ്ക്കു പാഞ്ഞുകയറുന്നു. അദ്ദേഹത്തെ അടുത്തുകാണുന്നതിനും അദ്ദേഹത്തിന്റെ ഉടുപ്പിന്റെ അറ്റമോ കുരിശോ ചുംബിക്കുന്നതിനും എല്ലാവരും ആഗ്രഹിക്കുന്നു. ചിലർ സ്മാരകമായി സൂക്ഷിക്കുന്നതിനു് അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ അറ്റത്തുനിന്നു തുണ്ടുകഥം വെട്ടിയെടുക്കുന്നു—സ്ത്രീകഥം അതിനായി കത്രികകഥം കരുതിക്കൊണ്ടുവന്നിട്ടുണ്ടു്. അദ്ദോഹം തന്റെ ആരാധകന്മാരുടെ ഞെക്കിലും ഞെരുക്കിലും അകപ്പെട്ടുപോകാതിരിക്കുന്നതിനായി ഏതാനും ചെറുപ്പക്കാർ അദ്ദേഹത്തിന്റെ ചുറ്റും അംഗരക്ഷകന്മാരായി നിൽക്കുന്നുണ്ടു്. അദ്ദേഹം സാധിച്ച ഏറ്റവും പ്രശസ്തമായ സംഗതികഥം ഇവയാകുന്നു: അദ്ദേഹം ശത്രുക്കളെ നിരത്തി; എപ്പോഴും പൊരുതിക്കൊണ്ടിരുന്ന കുടുംബങ്ങളെ രാജിയാക്കി. പലിശക്കൊള്ളക്കാരെയും മോഷ്ടാക്കളെയുംകൊണ്ടു അവരുടെ തൊണ്ടിസാധനങ്ങളെ തിരിയെ കൊടുപ്പിച്ചു. മഹാപാപികളെ പശ്ചാത്താപവിവശരാക്കി. വ്യഭിചാരിണികളായ സ്ത്രീകളെ അവരുടെ വ്യഭിചാരസങ്കേതങ്ങളിൽനിന്നു രക്ഷപ്പെടുത്തി അവരിൽ അതീതജീവിതത്തെപ്പറ്റി അനുതാപം ഉളവാക്കി. കുമ്പസാരമണ്ഡപങ്ങഥം പശ്ചാത്താപപരവശരാൽ ഉപരോധിക്കപ്പെട്ടു. ഭൃഗ്ഗീലങ്ങളും ദുഷ്പ്രമങ്ങളും ഓടിയൊളിച്ചു. ഒരു മാസത്തിനകത്തിൽ ആ പുരാതനനഗരത്തിന്റെ ഭാവം മുഴുവനും മാറി."

സത്യത്തെയും ധർമ്മത്തെയും സംസ്ഥാപിക്കുന്നതിനായി മനുഷ്യവാഗ്മിതപം ഇതിനെക്കാഥം ഫലപ്രദമായും വിജയകരമായും പ്രയോഗിക്കപ്പെട്ടിട്ടില്ല. ഏഴുനൂറാണ്ടുകഥം

കഴിഞ്ഞിട്ടും ആ അപദാനങ്ങൾക്കു നമ്മെ ഇളക്കാനുള്ള ശക്തി അക്ഷയമായിത്തന്നെയിരിക്കുന്നു. ആ സ്ഥിതിയ്ക്കു് അവയ്ക്കു സാക്ഷികളായിരിക്കുകയും അവയുടെ ഗുണങ്ങളം നേരിട്ടനുഭവിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ സമകാലികന്മാക്കു് അവ എത്ര പ്രക്ഷോഭജനകമായിരുന്നിരിക്കണം! അദ്ദേഹത്തിന്റെ പ്രസംഗത്തിനുണ്ടായിരുന്ന ഈ അന്യാദൃശമായ സംസ്കാരകശക്തിക്കു് ഉദാഹരണമായി ഒരു തസ്കരന്റെ കഥ പറയാം. ഇതു് 1292-ൽ, സംഭവത്തിനു ശേഷം 64-വർഷം കഴിഞ്ഞിട്ടു്, തസ്കരനായിരുന്ന മനുഷ്യൻതന്നെ ഫ്രാൻസിസ്കൻസന്ന്യാസികളോടു പറഞ്ഞതാണു്.

"ഞാൻ പന്ത്രണ്ടുപേരുള്ള ഒരു തസ്കരസംഘത്തിന്റെ ഒരംഗമായിരുന്നു. ഞങ്ങളം കാട്ടിൽ താമസിച്ചുകൊണ്ടു യാത്രക്കാരെ പതിയിരുന്നുപിടിക്കുകയും, അവരെ കൊള്ള ചെയ്തിരുന്നു. അന്തോനിയുടെ പ്രസംഗത്തെയും അത്ഭുതകൃത്യങ്ങളെയും പറ്റിയുള്ള കീർത്തി വനാന്തരങ്ങളിൽ താമസിച്ച ഞങ്ങളുടെ ചെവികളിലും എത്തി. അദ്ദേഹം ഏലിയാസ് പ്രവാചകനു തുല്യനാണെന്നായിരുന്നു പറഞ്ഞു കേൾവി. അദ്ദേഹത്തിന്റെ വാക്കുകൾ ധാന്യക്കറകളിൽവീണു് അവയെ ഉടൻ കത്തിയെരിയിക്കുന്ന തീപ്പൊരിപോലെ ആണെന്നു ജനങ്ങളം സംസാരിച്ചുവന്നു. ഈ വർത്തമാനങ്ങളുടെ പരമാർത്ഥം ഒന്നു പരീക്ഷിക്കുന്നതിനായി ഒരു ദിവസം അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നവരുടെ കൂട്ടത്തിൽ പോയി പലയിടത്തായി നില്ക്കണമെന്നു ഞങ്ങളം തീർച്ചപ്പെടുത്തി. അദ്ദേഹം പ്രസംഗിച്ചപ്പോൾ വേറൊരു സ്വരത്തിന്റെ — മനസ്സാക്ഷിയുടെ സ്വരത്തിന്റെ — ധ്വനി ഞങ്ങളുടെ കണ്ണുകളിൽ കേൾക്കുന്നതായി തോന്നി. പ്രസംഗത്തിനുശേഷം ഞങ്ങളം പന്ത്രണ്ടുപേരും പശ്ചാത്താപത്തിനധീനരായി അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. അദ്ദേഹംമൂലം ഞങ്ങൾക്കു ദൈവത്തിൽനിന്നു പാപപ്പൊറുതി

ലഭിച്ചു. എങ്കിലും പഴയ ജീവിതരീതി ഞങ്ങൾ വീണ്ടും അവലംബിക്കുകയാണെങ്കിൽ ഞങ്ങൾ വളരെ കഷ്ടപ്പെട്ടും ഒരിതം അനുഭവിച്ചും മരിക്കുമെന്നു് അദ്ദേഹം ഞങ്ങൾക്കു മുൻകൂതൽ തന്നു. ഈ ദീർഘദർശനം യഥാർത്ഥമായി ബ്ഭവിച്ചു. ചിലർ വീണ്ടും തെറ്റിപ്പോകുകയും കഴുകിന്മേൽ അവരുടെ ജീവിതം അവസാനിക്കുകയും ചെയ്തു. സ്ഥിരമായി നന്മയിൽ നിലനിന്നവർ ദൈവത്തിൽ നിത്യ ശാന്തിയടഞ്ഞു. ഞാൻ പാപപരിഹാരമായി അപ്പോസ്തലന്മാരുടെ ശവകുടീരം പന്ത്രണ്ടുപ്രാവശ്യം സന്ദർശിക്കണമെന്ന പുണ്യവാൻ ആജ്ഞാപിച്ചു. ഇപ്പോൾ ഞാൻ പന്ത്രണ്ടാമത്തെ സന്ദർശനം പൂർത്തിയാക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ കരാറനുസരിച്ചും അദ്ദേഹത്തിന്റെ യോഗ്യതകൊണ്ടും വഴിയായും ഞാൻ അദ്ദേഹത്തെ പരലോകത്തുവച്ചു കാണുമെന്നു് എനിക്കു് ഉറപ്പുണ്ടു്". ഗൽഗഥായോടും അശ്രുവർഷത്തോടുംകൂടി ആയിരുന്ന ആ വൃദ്ധൻ തന്റെ കഥ പറഞ്ഞവസാനിപ്പിച്ചതു്.)

തസ്കരസംഘങ്ങളെ മാനസാന്തരപ്പെടുത്തി അവരെക്കൊണ്ടു് ന്യായമായ മാർഗ്ഗത്തിൽ കാലക്ഷേപം ചെയ്യിക്കുന്നതും, വ്യഭിചാരിണികളെ സച്ചരിതകളാക്കുന്നതും, പലിശക്കൊള്ളക്കാരെക്കൊണ്ടു് അവർ അന്യായമായി സമ്പാദിച്ച ധനത്തെ തിരിയെക്കൊടുപ്പിക്കുന്നതും മഹത്തായകാര്യങ്ങൾതന്നെയാണു്. എന്നാൽ രാഷ്ട്രീയകക്ഷികളുടെ കലഹങ്ങളും കുടുംബവഴക്കുകളും മറ്റും ശമിപ്പിക്കുന്നതു് ഇവയെക്കാൾ മഹത്തരങ്ങളായി അക്കാലത്തെ ധർമ്മപ്രാസംഗികന്മാർ പരിഗണിച്ചിരുന്നു. സമാധാനം സ്ഥാപിക്കുകയെന്നുള്ളതു് അന്തോനിയും സർവ്വപ്രധാനമായിത്തന്നെ കരുതി. "മേലാൽ യുദ്ധവും വിദ്വേഷവും രക്തംചൊരിച്ചിലും പാടില്ല,—സമാധാനം, സമാധാനം—അതാണു ദൈവം ആഗ്രഹിക്കുന്നതു്" എന്നു അദ്ദേഹത്തിന്റെ പ്രസംഗശേഷം ജ

നങ്ങൾം പരസ്പരം സംസാരിക്കുമായിരുന്നു; പരമശത്രുക്കൾം അന്യോന്യം കൈകൊടുക്കുകയും സമാധാനച്ചംബന്ധംചെയ്യുകയുംചെയ്തു. ബന്ധനവും പ്രവാസവും അനുഭവിച്ചവർ സ്വതന്ത്രരായി സ്വദേശത്തും സ്വഭവനങ്ങളിലും മടങ്ങിവന്നു സ്വസ്ഥമായി ജീവിച്ചു. "ആധുനികയൂറോപ്പു സെയിൻറു ഫ്റാൻസിസ്സിനോടു എത്രത്തോളം കടപ്പെട്ടിട്ടുണ്ടെന്നു അതിനറിയാൻ പാടില്ല" എന്നു ഇക്കാലത്തെ ഒരു ചരിത്രകാരൻ പറയുന്നു. മധ്യയുഗങ്ങളിൽ ക്രൈസ്തവനാഗരികതയെ സംരക്ഷിച്ചതു സെയിൻറുഫ്റാൻസിസ്സും സെയിൻറു ഡോമിനിക്കും അവരുടെ ശിഷ്യന്മാരുമാണെന്നും ഇപ്പോഴത്തെ യൂറോപ്യൻനാഗരികതയിൽ ശ്രേയസ്കരമായി വല്ലതുമുണ്ടെങ്കിൽ അതു മുഴുവനും അവരിൽനിന്നു സിദ്ധിച്ചതാണെന്നും ചരിത്രജ്ഞാനമുള്ളവർ സമ്മതിക്കുന്നു. സെയിൻറു ഫ്റാൻസിസ്സിൻെറ ശിഷ്യന്മാരിൽ ഏതുകൊണ്ടും മുഖ്യൻ നമ്മുടെ പുണ്യവാൻതന്നെ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കാൻ മറ്റുഫ്റാൻസിസ്കന്മാരും ഡോമിനിക്കന്മാരും ബനഡിക്ടന്മാരും ഇടവകവൈദികരും ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹംതന്നെയായിരുന്നു സമുദായോദ്ധാരണകൃത്യത്തിൽ പ്രധാനഭാഗവും നേതൃത്വവും വഹിച്ചതു്. ആത്മീയശുശ്രൂഷയിലും സമുദായസേവനത്തിലും അദ്ദേഹം ഇരവുപകൽ നിരന്തരം വ്യാപൃതനായിരുന്നു. കൃത്യനിർവ്വഹണത്തിലുള്ള ഏകതാനതയിൽ മിക്കപ്പോഴും കുർബാനയല്ലാതെ മറ്റു യാതൊരാഹാരവുമില്ലാതെ വൈകുന്നേരംവരെ അദ്ദേഹം കഴിഞ്ഞുകൂട്ടുമായിരുന്നു.

അദ്ദേഹം ഈവിധം, റോസാപുഷ്പം പരിമളംവീശുന്നതുപോലെ, സമാധാനം നാലുപാടും പരത്തി. അന്യർക്കുശാന്തിയും സമാധാനവും ഉളവാക്കുന്നതിനുള്ള അദ്ദേഹത്തിൻറു ശ്രമങ്ങൾം ഏറെറവും ഫലപ്രദമായിരുന്നുവെങ്കിലും തൻെറ സ്വന്തം സമാധാനം എപ്പോഴും അഭംഗമായി പരിപാലി

ക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞില്ല. ദൈവം ചില പ്പോഴെല്ലാം മറ്റു പുണ്യവാന്മാരെപ്പോലെ അന്തോനിയേ യും പുണ്യവൽസ്നയ്ക്കായി പൈശാചികപ്രലോഭനങ്ങൾക്കു വിധേയനാക്കി. ഒരു രാത്രി പിശാചൻ അദ്ദേഹത്തെ അതി ഘോരമായി പ്രലോഭിപ്പിക്കുകയും പീഡിപ്പിക്കുകയുംചെയ്തു. അദ്ദേഹം ദേവമാതാവിന്റെ സഹായം അപേക്ഷിക്കുകയും "ഓ ഗ്ലോറിയോസാ ദോമിന" എന്നു, അദ്ദേഹത്തിനു് ഏ റ്റവും പ്രിയമുള്ള മേരീസ്തവം പാടുകയും ചെയ്തു. ആ ഗീ തം ആരംഭിച്ചപ്പോൾതന്നെ പിശാചൻ ഓടിയൊളിച്ചു. അദ്ദേഹത്തിനു സ്വർഗ്ഗീയമായ സമാശ്വാസവും സമാധാ നവും പ്രദാനംചെയ്യുന്നതിനായി 'പീഡിതന്മാർക്കു ആശ്വാ സപ്രദയായ' ആ സ്വർലോകരാജ്ഞിതന്നെ അദ്ദേഹത്തി ന്റെ മുറിയിൽ പ്രത്യക്ഷയായി. അഭൌമമായ ഒരു പ്രകാ ശം അവിടെയെങ്ങും വ്യാപിക്കുകയും ആ വിനീതനായ ഭി ക്ഷുവിന്റെ ഹൃദയം ദിവ്യാനന്ദത്തിൽ ആമഗ്നമാകുകയും ചെയ്തു.

ആത്മീയമായി ഇത്ര ഫലപ്രദമായിരുന്ന നോമ്പുകാ ലം പാടുവായിൽ അതിനുമുമ്പു ഒരിക്കലും ഉണ്ടായിട്ടില്ല. അതിന്റെ അവസാനമായ ഉയിർപ്പുഞായറാഴ്ച ആനഗരവാ സികൾ ക്രിസ്തുവിന്റെ വിജയം ആഘോഷിച്ചതുപോലെ അന്തോനിയുടെ വിജയവും സമുദായത്തിന്റെ പുനരുദ്ധാര ണവും ഉത്സാഹപൂർവം കൊണ്ടാടി. നോമ്പു അവസാനി ച്ചപ്പോൾ സ്ഥലത്തെ വൈദികരും ഉദ്യോഗസ്ഥപ്രമാണിക ളും ജനങ്ങളുടെ ഇടയിലുണ്ടായ ഈ അത്ഭുതകരമായ മാറ ത്തിനും സംസ്കാരത്തിനും തങ്ങളുടെ കൃതജ്ഞത പ്രകാശി പ്പിക്കുന്നതിനായി അദ്ദേഹത്തിന്റെ അടുക്കൽവന്നു, എ ത്രയും വിസ്മയനീയങ്ങളായ ഫലങ്ങളെ ജനിപ്പിച്ച അദ്ദേഹ ത്തിന്റെ പ്രസംഗങ്ങളുടെ ആസൂത്രണക്കുറിപ്പുകൾ അ വർ അദ്ദേഹത്തോടാവശ്യപ്പെട്ടു. അവരുടെ അപേക്ഷയ നുസരിച്ചു നോട്ടുകുറിപ്പുകളെ അദ്ദേഹം ശരിപ്പെടുത്തിക്കൊ

ട്ടത്തു. "പെരുന്നാളുകഴിക്കായുള്ള പ്രസംഗങ്ങൾ" എന്ന പേരിൽ അവ ഇപ്പോഴുമുണ്ട്.

ഉയിപ്പിനുശേഷം ക്ലാരാമഠക്കാരായ കന്യാസ്ത്രീകൾ ആത്മീയവിഷയത്തിൽ അവരെ ഉപദേശിക്കുന്നതിനു് അദ്ദേഹത്തോടപേക്ഷിച്ചു. ഈ കന്യാസ്ത്രീകളോട്ട അവരുടെ സ്നേഹപരവും സ്വാർത്ഥത്യാഗപരവുമായ ജീവിതത്തെപ്പറ്റി പ്രസംഗിക്കുന്നതിനു ചിലവിട്ട ദിവസങ്ങൾ അദ്ദേഹത്തിനൊരു വിശ്രമകാലംപോലെയായിരുന്നു. എന്നാൽ ആ വിശ്രമകാലം ഒട്ടും നീണ്ടുനിന്നില്ല. മറ്റു സ്ഥലങ്ങളും മറ്റു മഠങ്ങളും അദ്ദേഹത്തിന്റെ സാന്നിദ്ധ്യസഹായങ്ങൾ ആവശ്യപ്പെട്ടുണ്ടായിരുന്നു.

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനുമുമ്പായി അന്തോനി പാദുവായിൽതാമസിച്ച ഇക്കാലത്തു പ്രവർത്തിച്ചതായി വിശ്വസിക്കപ്പെട്ടുന്ന അതിവിശിഷ്ടമായ ഒരത്ഭുതം കൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ലിസ്ബൺനഗരത്തിൽ രണ്ടു പൗരന്മാർതമ്മിൽ വലിയ വിരോധമായിരുന്നു. അവരിലൊരുവൻ വിദ്വേഷസംരംഭത്തിൽ മറ്റെയാളിന്റെ പുത്രനെ നിഷ്ഠുരണം വധിച്ചു; തെളിവു മറയ്ക്കുന്നതിനായി പ്രേതം രാത്രിയിൽ നമ്മുടെ പുണ്യവാന്റെ മാതാപിതാക്കന്മാർ താമസിച്ചിരുന്ന പുരയിടത്തിൽ സംസ്കരിക്കപ്പെട്ടു. സൂക്ഷ്മമായ അന്വേഷണത്തിന്റെ ഫലമായി ശവംഅടക്കിയിരുന്ന സ്ഥലം വെളിപ്പെട്ടു. കേസ്സിന്റെ സ്വഭാവമനുസരിച്ചു പോലീസ്സുകാർ പുണ്യവാന്റെ പിതാവിനെ ബന്ധനസ്ഥനാക്കി. പുണ്യവാൻ ഒരു വെളിപാടുകൊണ്ടു് ഈ സംഭവം അറിഞ്ഞു. അന്നു വൈകുന്നേരംതന്നെ അദ്ദേഹം ആശ്രമാധിപനോടു് ഒന്നു രണ്ടു ദിവസത്തെ അവധി വാങ്ങി, അടുത്തദിവസം കാലത്തേത

ന്നൊ അനേകശതം മൈൽസ് ദൂരമുള്ള ലിസ്ബണിൽ എത്തി. ജഡ്ജിയുടെ സന്നിധിയിൽചെന്ന സപിതാവു നിരപരാധിയാണെന്നു് അദ്ദേഹം വാദിച്ചു. അതുകൊണ്ടായാതൊരു ഫലവുമുണ്ടായില്ല. വധിക്കപ്പെട്ട ബാലന്റെ ശവം കാണിച്ചുകൊടുത്താൽ തന്റെ പ്രതിവാദം തെളിയിച്ചുകൊടുക്കാമെന്നു് അദ്ദേഹം ഉറപ്പായിപ്പറഞ്ഞു. അതനുസരിച്ചു് അതിനെ വീണ്ടും വെളിക്കെടുത്തു. പുണ്യവാൻ കുട്ടിയെ പുനർജ്ജീവിപ്പിച്ചു് അവനെ കൊന്നതാരെന്ന അവനോടുതന്നെ ചോദിച്ചു. അവന്റെ മറുപടിയിൽനിന്ന സത്യം വെളിപ്പെടുകയാൽ അന്തോനിയുടെപിതാവു ബന്ധനത്തിൽനിന്ന മോചിപ്പിക്കപ്പെട്ടു. ആ ദിവസംമുഴുവൻ അദ്ദേഹം മാതാപിതാക്കന്മാരോടുകൂടി വീട്ടിൽ താമസിച്ചു. അടുത്ത ദിവസം കാലത്തെ മാലാഖമാരുടെ സഹകരണത്തോടു അദ്ദേഹം പാദുവായിൽ മടങ്ങിയെത്തി.

---

## അദ്ധ്യായം ഏന്ന.

### പണക്കാരന്റെ ഹൃദയം പണപ്പെട്ടിയിൽ.

1228-ഒടുവിൽ അന്തോനി ബലോണായിലേയ്ക്കു് പുറപ്പെട്ടു. വഴിമദ്ധ്യേ അദ്ദേഹം ഫെരാറായിൽ കുറേനാൾ താമസിച്ചു. ആ നഗരത്തിലെ അന്തരിക്ഷം അദ്ദേഹത്തിനു വളരെ ഹിതമായിരുന്നു. അവിടത്തെ ജനങ്ങൾ കത്തോലിക്കാസഭയോടും അതിന്റെ തലവനോടും വളരെ ഭക്തിയുള്ളവരായി കാണപ്പെട്ടു. പാദുവായിലെന്നപോലെ ഇവിടെയും അദ്ദേഹത്തിനു പാഷണ്ഡതയോടും നാസ്തിക്യത്തോടും മല്ലിടേണ്ടിവന്നില്ല. അദ്ദേഹത്തിന്റെ സമയവും

ശക്തിയും മുഴുവനും കത്തോലിക്കരുടെ ഇടയിലുള്ള അഴിമതികളെ നശിപ്പിച്ചു് അവരെ യഥാർത്ഥകത്തോലിക്കരാക്കുന്നതിനായി വിനിയോഗിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജനങ്ങൾ ആചാരത്തിൽ വളരെ നിഷ്കർഷത്തവരെങ്കിലും വിശ്വാസത്തിൽ ഉറപ്പുള്ളവരായിരുന്നതുകൊണ്ടു് അവരോടു പ്രസംഗിക്കുകയും പെരുമാറുകയും ചെയ്യുന്നതിനു പ്രത്യേകം ഒരു സ്വാതന്ത്ര്യവും സൌഹാർദ്ദവും അദ്ദേഹത്തിനു തോന്നി. ദേവമാതാവിനോടുള്ള അദ്ദേഹത്തിന്റെ അപാരമായ ഭക്തിയെ സംപൂർണ്ണമായി പ്രകാശിപ്പിക്കുന്നതിനു് അദ്ദേഹത്തിനു ശ്രോതാക്കളിൽനിന്നു് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. സ്നേഹവും കൃതജ്ഞതയും നിറഞ്ഞ ഒരു കവിയുടെ ഹൃദയത്തോടും ഭാഷയിലും അദ്ദേഹം ആ കന്യകാമാതാവിന്റെ മഹിമകളെ കീർത്തിച്ചു. "നസറത്തിലെ കന്യക അനന്യലഭ്യമായ ഒരു വരത്താൽ ജന്മപാപത്തിൽനിന്നു് ഒഴിക്കപ്പെട്ടുകയും ദൈവാനുഗ്രഹത്താൽ അവളുടെ ഹൃദയം ക്രിസ്തുവിനുവേണ്ടി നിറയുകയുംചെയ്തു. ഓ, സർവേശ്വരന്റെ മാതാവെ, അഭയപ്രദമായ നഗരമെ, അത്യുന്നതമായ ഗിരിയെ, അത്യുന്നതന്റെ സിംഹാസനമെ, തങ്കമുന്തിരിങ്ങാപിടിക്കുന്നതും പരിശുദ്ധമായ സ്നേഹാബ്ധിയിൽ മനുഷ്യഹൃദയത്തെ മുക്കുന്നതും ഫലപൂർണ്ണവുമായ മുന്തിരിങ്ങാവള്ളി, നിനക്കു നമസ്കാരം. സമുദ്രതാരമെ, നിനക്കു സ്വസ്തി. നിന്റെ ശാന്തവും ശോഭനവുമായ പ്രകാശം പരലോകത്തിലുള്ള തുറമുഖപ്രവേശത്തെ ഞങ്ങൾക്കു കാണിച്ചുതരുന്നു ഞങ്ങളുടെ അന്ധകാരത്തിലെ മാർഗ്ഗദർശിയാകുന്നു. നിന്നിൽ നോട്ടം ഉറപ്പിക്കാത്ത ആ മാലുമിക്കു കഷ്ടം! അവന്റെ ശക്തിഹീനമായ യാനപാത്രം കൊടുങ്കാറ്റിന്റെ കളിപ്പാട്ടമായിത്തീരുകയും തിരമാലകളാൽ ഗ്രസിക്കപ്പെട്ടുകയും ചെയ്യും. അദ്ദേഹം മേരിയെപ്പറ്റി വർണ്ണിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാഷയ്ക്കും രീതിക്കും ഇതൊരുദാഹരണമാകുന്നു. സെയിൻറ് ഫ്രാൻസിസ്സിനെപ്പോലെ മേരിയുടെ അമലോത്ഭ

വത്തെപ്പററിയുള്ള വിശ്വാസം പ്രഖ്യാപനംചെയ്യുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തനായില്ല. കരുണയുടെ മാതാവും, ദിവ്യാനുഗ്രഹത്തിന്റെ സ്രോതസ്സും, പാപികളുടെ അഭയസ്ഥാനവും, അശരണരുടെ ശരണവുമായ ആ ദൈവജനനിയെ എല്ലാവരും ഈ അഭിധാനങ്ങളും ഉപയോഗിച്ചു വാഴ്ത്തണമെന്നും അവളുടെ ഉദാരമായ സ്നേഹത്തിലും ശക്തിയിലും എല്ലാവർക്കും അതിരററ വിശ്വാസമുണ്ടായിരിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. പ്രായവും പക്വതയും ക്രമേണ അദ്ദേഹത്തിനു മേരിയിലുള്ള ഭക്തിയും വിശ്വാസവും ഉത്തരോത്തരം വർദ്ധിച്ചുവന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ പ്രത്യേകം പ്രസ്താവിക്കുന്നു.

തന്റെ അത്ഭുതങ്ങളിൽ ഏറ്റവും വിഖ്യാതങ്ങളായിത്തീർന്നവയിൽ ഒന്ന് അദ്ദേഹം പ്രെരാറായിൽവച്ചു പ്രവർത്തിച്ചു. അവിടെ വളരെ കുലീനയായ ഒരു സ്ത്രീയുടെ പാതിവ്രത്യത്തെപ്പററി അവളുടെ ഭർത്താവിനു കലശലായ സംശയമുണ്ടായി- അവളുടെ നവജാതമായ ശിശു തന്റേതല്ലെന്നു ശങ്കിച്ചിട്ടു കുട്ടിയേയും തള്ളയേയും കാണുന്നതിനുപോലും അവൻ ഒരുങ്ങിയില്ല. നിർദ്ദോഷയായ അവർക്ക് ഇതെത്രയും അപമാനകരവും ഹൃദയഭേദകവും ആയിരുന്നുയെന്നു പറയേണ്ടതില്ലല്ലൊ. അവളുടെ നിരപരാധത്വത്തെ തെളിയിക്കുന്നതിനു് ഈശപ്രസാദമല്ലാതെ യാതൊരു മാർഗ്ഗവും അവർക്കു കണ്ടില്ല. ഗത്യന്തരമില്ലാതെ അവർ അത്ഭുതപ്രവർത്തകനെന്നു വിശ്രുതനായിരുന്ന അന്തോനിയെ ശരണംപ്രാപിച്ചു. അദ്ദേഹം ഭാഗ്യയ്ക്കും ഭർത്താവിനും പറയാനുള്ളതു മുഴുവനും കേട്ടശേഷം കുഞ്ഞിനെ കൈയിലെടുത്തു കുടുംബത്തിൽ എല്ലാവരുംകേൾക്കെ ഇപ്രകാരം പറഞ്ഞു:—"എന്റെ കുഞ്ഞേ, തൊഴുത്തിലെ ഉണ്ണിയായ ദൈവത്തിന്റെ നാമത്തിൽ, നിന്റെ ഉല്പാദനത്തിനു ഹേതുഭ്രതൻ ആരാണെന്നു സ്പഷ്ടവും സംശയരഹിതവുമായ ഭാ

ഷയിൽ പരസ്യമായി പ്രസ്താവിക്കുന്നതിനു നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു." കുഞ്ഞുങ്ങൾക്കും സംഭാഷണശക്തി കൊടുക്കാൻ കഴിയുന്ന പരാശക്തി ആ സതിയുടെ അപമാനിതമായ നിർദ്ദോഷതയെ തെളിയിക്കുന്നതിനു പ്രത്യക്ഷമായി. രണ്ടുമൂന്നികളാൽ പൊതിയപ്പെട്ടിരുന്ന ശിശു അതിന്റെ അടുത്തുനിന്ന പിതാവിന്റെ നേരെ തിരിഞ്ഞിട്ട്, "ഇതാ എന്റെ പിതാവു്" എന്ന പദങ്ങളെ സുവ്യക്തമായി ഉച്ചരിച്ചു. അന്തോനി അവന്റെ നേരെ തിരിഞ്ഞു് കുഞ്ഞിനെ അവനെ എടുപ്പിച്ചിട്ട് ഇങ്ങനെ പറഞ്ഞു: "ഈ കുഞ്ഞിനെ സ്നേഹിക്കുക. ഇതു തീർച്ചയായിട്ടും നിന്റെകൂട്ടിയാണു്. നിന്റെ ഭാര്യയേയും സ്നേഹിക്കുക. അവൾ നിന്നോടു ഭക്തിയും വിശ്വസ്തതയുമുള്ളവളും നിന്റെ സ്നേഹത്തിനു സർവ്വഥാ അർഹയുമാണു്."

ഫെരാറായിൽനിന്നു് അദ്ദേഹം ബൊലോണായിലേക്കു പോയി. അവിടെവച്ചു് അദ്ദേഹം തന്റെ സങ്കീർത്തനങ്ങളെപ്പറ്റിയുള്ള പ്രസംഗങ്ങളുടെ കൈയെഴുത്തുപകർപ്പു തന്റെ ധർമ്മസഹോദരന്മാരെ എടുപ്പിച്ചു. അവർ അതിനെ ഒരു അമൂല്യനിധിയായി സൂക്ഷിച്ചിരുന്നു. 1737-ൽ ബൊലോണായിലെ ആശ്രമവക ഗ്രന്ഥപ്പുരയിൽനിന്നു് ഇതു ഫാദർ അഗോസ്തീഡിയുടെ കൈയിൽ വന്നുചേർന്നു.

ബൊലോണായിൽ വന്നു് അധികം താമസിക്കുന്നതിനുമുമ്പു് അന്തോനി ഫ്ളോറൻസിലേക്കു പോകാൻ ഇടയായി. പ്രകൃതിവിലാസംകൊണ്ടും സൂക്ഷ്മകലാവിദഗ്ധന്മാരുടെ കരകൌശലഫലങ്ങൾകൊണ്ടും അതിമനോഹരമായിരുന്ന ആ നഗരം രാഷ്ട്രീയകക്ഷികളുടെ സമരരംഗമായിത്തീർന്നിരുന്നു. അതു ഫ്രാൻസിസ്കൻസംഘാധിപനായ ജോൺപാരന്തിയുടെ സ്വദേശമായിരുന്നു. അവിടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനു് അന്തോനി ശ്രമിച്ചാൽ സാ

ധിക്കുമെന്നുള്ള വിശ്വാസംകൊണ്ട് അദ്ദേഹം ആ സുപ്രസിദ്ധവാഗ്മിയെ അതിനായി നിയമിച്ചുത്തരവയച്ചു. അതനുസരിച്ച് അദ്ദേഹം ഉടൻ അവിടെ എത്തി. അഞ്ചു മാസം അവിടെ താമസിച്ച് അവിടത്തെ രാഷ്ട്രീയകലഹങ്ങൾ ശമിപ്പിക്കുന്നതിനായി അദ്ദേഹം അവിശ്രാന്തമായി പ്രയത്നിച്ചു.

ഫ്ളോറൻസിൽ വളരെ പ്രധാനനായ ഒരു ധനികൻ മരിച്ചപ്പോൾ, ശവസംസ്കാരപ്രസംഗം ചെയ്യുന്നതിന് അന്തോനി ക്ഷണിക്കപ്പെട്ടു. "നിന്റെ നിധി ഇരിക്കുന്നിടത്തു നിന്റെ ഹൃദയവുമുണ്ട്" എന്ന സുവിശേഷവാക്യത്തെ ആസ്പദമാക്കി അദ്ദേഹം പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ, പരേതനായ ധനികന്റെ ആത്മാവു്, തന്റെ നീതികേടിനും പലിശക്കൊള്ളയ്ക്കും മറ്റും ശിക്ഷയായി നരകത്തിൽക്കിടന്നു കഷ്ടപ്പെടുന്നതായി അദ്ദേഹിന് ഒരു ദിവ്യദർശനമുണ്ടായി. അദ്ദേഹം പ്രസംഗം പെട്ടെന്നു നിറുത്തിയിട്ട് ഇപ്രകാരം ശാന്തമായും സഗൌരവമായും പറഞ്ഞു:— "മരിച്ചുപോയ ഈ ധനവാന്റെ ആത്മാവു് നരകത്തിൽ ആണ്ടുപോയിരിക്കുന്നു. നിങ്ങൾപോയി അവന്റെ പണപ്പെട്ടി തുറന്നുനോക്കുവിൻ. അവിടെ നിങ്ങൾ അവന്റെ ഹൃദയത്തെ കാണും" പരേതന്റെ സ്നേഹിതന്മാരും ചാച്ച്ക്കാരും പെട്ടിതുറന്നു നോക്കിയപ്പോൾ മരിച്ചയാളിന്റെ ഹൃദയം ചൂടോട്ടക്രടി അതിൽ ഇരിക്കുന്നതുകണ്ട് അത്ഭുതപരതന്ത്രരായി. ആത്മാവിന്റെ അനശ്വരതയേയും പാപത്തിനുള്ള നിത്യശിക്ഷയേയുംപറ്റിയുള്ള ഈ പ്രത്യക്ഷമായ തെളിവു് അവിടത്തെ പ്രഭുകുടുംബങ്ങൾ തമ്മിലുള്ള വഴക്കുകൾ ശമിപ്പിക്കുന്നതിനും ജനങ്ങളുടെ സന്മാർഗ്ഗസ്ഥിതിയെ നന്നാക്കുന്നതിനും വളരെ ഉപകരിച്ചു.

1229-ലെ നോമ്പുകാലം കഴിഞ്ഞശേഷം അന്തോനി ഫ്ളോറൻസ് വിട്ടു. അവിടെനിന്ന് അദ്ദേഹം തന്റെ

കീഴിലുള്ള ആശ്രമങ്ങൾ സന്ദർശിക്കുന്നതിനും ലൊമ്പാർഡിയിൽ ധർമ്മം പ്രസംഗിക്കുന്നതിനുമായി പോയി. വറൈസിയിലും ബീസ്യായിലും അദ്ദേഹം പുതിയ ആശ്രമങ്ങൾ സ്ഥാപിച്ചു. വറൈസിയിലെ ആശ്രമത്തിന്റെ പ്രവേശനദ്വാരത്തിനടുത്തു് അദ്ദേഹം കുഴിപ്പിച്ച കിണറ്റിലെ വെള്ളത്തിനു ജ്വരം ശമിപ്പിക്കുന്നതിനുള്ള അത്ഭുതകരമായ ശക്തി അദ്ദേഹത്തിൽനിന്നു സിദ്ധിച്ചു. വെർസലിയിലെ ജനങ്ങളും ഈ അനുഗ്രഹത്തിനായി അദ്ദേഹത്തോടപേക്ഷിച്ചു. ആ അപേക്ഷയും അദ്ദേഹം സാധിച്ചുകൊടുത്തു. അവരുടെ പട്ടണത്തിന്റെ നടുക്കുള്ള കിണറ്റിനെ അദ്ദേഹം അനുഗ്രഹിക്കയും ഉടൻ അതിലെ ജലത്തിനു രോഗശമനശക്തി ലഭിക്കയും ചെയ്തു. മിലാൻ, വെറോണാ, മാണ്ടുവാ എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ചു തന്റെ ദിവ്യോദ്യോഗം നിർവ്വഹിച്ചശേഷം അദ്ദേഹം അസിസ്സിയിൽ എത്തി. അവിടെ സെയിന്റ് ഫ്റാൻസിസ്സിന്റെ ശരീരമാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച ആഘോഷങ്ങൾ 1230 മേയ് 25-ാംതീയതി നടക്കുന്നുണ്ടായിരുന്നു. അതിൽ സംബന്ധിക്കുന്നതിനു എല്ലാ പ്ര�ൊവിൻഷ്യൽമാരും ക്ഷണിക്കപ്പെട്ടിരുന്നു. ആ ആഘോഷങ്ങളുടെ ആദ്ധ്യക്ഷ്യംവഹിക്കാമെന്നു ഗ്രിഗോരിമാർപാപ്പാ സമ്മതിച്ചിരുന്നുവെങ്കിലും, ഇതരങ്ങളായ പ്രതിബന്ധങ്ങളാൽ അദ്ദേഹത്തിനു് അതിൽ സംബന്ധിക്കുന്നതിനു സാധിച്ചില്ല. അദ്ദേഹം ജോൺപാറെന്തിയേയും ഏതാനും സന്ന്യാസിപ്രമുഖന്മാരെയും അപ്പസ്തോലിക കമ്മീഷണേഴ്സ് എന്ന സ്ഥാനപ്പേരോടുകൂടി തന്റെ പ്രതിനിധീകരിക്കുന്നതിനും താൻ ഏറ്റിരുന്ന കൃത്യം നിർവ്വഹിക്കുന്നതിനും അധികാരപ്പെടുത്തി നിയമിച്ചു

# അദ്ധ്യായം ൬൭.

## അസീസ്സിയിലെ പൊതുയോഗം.

സുബോസിയൊഗിരിയുടെ ഉപത്യകയിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയപട്ടണമായ അസീസ്സി സെയിൻറ്റ്ഫ്രാൻസിസ്സാകുന്ന മഹാനക്ഷത്രത്തിൻെറ ഉദയംമുതൽ സ്വർഗ്ഗീയവും ഭൗമവുമായ പ്രതാപമഹിമകളാൽ പരിവേഷ്ടിതമായിരിക്കുന്നു അത്ഭുതങ്ങളും ആഘോഷങ്ങളും അവിടെ നിരന്തരമായി നടക്കുന്നു. 1-28-ൽ സെയിൻറ്റ് ഫ്രാൻസിസ്സ് മരിച്ചു രണ്ടുവർഷം കഴിയുന്നതിനുമുമ്പ് തിരുസഭയുടെ പരമാധിപനായ ഗ്രിഗോരിനവമൻ, കർദ്ദിനാളന്മാർ, മെത്രാന്മാർ, ആശ്രമാധിപന്മാർ, സകല രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള തീർത്ഥയാത്രക്കാർ മുതലായവരാൽ പരിസേവിതനായി, ആ മഹർഷിവരേണ്യനെ വിശുദ്ധിയുടെ മകുടം ധരിപ്പിക്കുന്നതിനു് ആഘോഷപൂർവ്വം പട്ടണപ്രവേശം ചെയ്തു. ആ അവസരത്തിൽ പരേതനായ പുണ്യാത്മാവിനു് അനുരൂപമായ ഒരു സ്മാരകം—ഒരു മഹാദേവാലയം—പണികഴിപ്പിക്കുന്നതിനു മാർപ്പാപ്പാ ബ്രദർ ഏലിയാസിയോടു് ആജ്ഞാപിക്കുകയും അപ്പോഴേതന്നെ അതിൻെറ അടിസ്ഥാനക്കല്ലു് അനുഗ്രഹിച്ചു സ്ഥാപിക്കുകയും ചെയ്തു. ഇറ്റലിരാജ്യത്തിൻെറ ഏറ്റവും മനോഹരമായ വിഭ്രഷണങ്ങളിൽ ഒന്നായി ഇന്നും പരിശോഭിക്കുന്ന ബസിലിക്കാ എന്നു പറയപ്പെടുന്ന ആ മഹാപ്രാസാദത്തിൻെറ പണി 1230-ാമാണ്ടിൻെറ ആരംഭത്തിൽ പൂർത്തിയാകുകയും, മെയ് 28-ാംനു- മാർപ്പാപ്പായുടെ പ്രതിനിധിയാൽ അതിൻെറ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കപ്പെടുകയും ചെയ്തു.

അന്തോനിക്കു കൃത്യാന്തരപാരതന്ത്ര്യത്താൽ സ്വഗുരുനാഥൻെറ പുണ്യപട്ടം സംബന്ധിച്ച ആഘോഷങ്ങളിൽ

സംബന്ധിക്കുന്നതിനു സാധിച്ചില്ല. എന്നാൽ ഇപ്പോൾ സെയിൻറ് ഫ്രാൻസിസ്സിന്റെ തിരുശരീരം താല്ക്കാലികമായി വിശ്രമിച്ച സെയിൻറ് ജോഹ്ന്നു ദേവാലയത്തിൽനിന്നു പുതിയ ബസിലിക്കായിലേക്കു മാറ്റി സംസ്കരിക്കുന്നതിനെ സംബന്ധിച്ച ആഘോഷങ്ങളിൽ പങ്കുകൊള്ളാൻ കഴിഞ്ഞതിൽ അദ്ദേഹം വളരെ സന്തോഷിച്ചു.

ഈ സാർവ്വജനികമായ പ്രമോദത്തിനു് ഒരു അവിഹിതമായ സംഭവത്താൽ അല്പം ഭംഗതയുണ്ടായി. തിരുശരീരം മാറ്റിസ്ഥാപിക്കുന്നതിനു് മാർപാപ്പാ നിശ്ചയിച്ച ദിവസത്തിനു കുറെമുമ്പായും രഹസ്യമായും ആ കായ്യം നിർവ്വഹിക്കപ്പെടണമെന്നു ബ്രദർ എലിയാസ് നഗരാധികാരികളോടു ശുപാർശചെയ്തു. ഇത്തരം ഒരു ആലോചനയ്ക്കു എലിയാസിനെ പ്രേരിപ്പിച്ചതെന്താണെന്നു നമുക്കറിയാൻ നിവ്വാഹമില്ല; പക്ഷെ സംഘാധിപത്യം തനിക്കു നൽകാഞ്ഞ ഗ്രഗോറിയോടു് അനാദരം പ്രദർശിപ്പിക്കാനായിരിക്കാം അദ്ദേഹം നിശ്ചയിച്ച സമയത്തും അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിലും പ്രസ്തുതകർമ്മം നടക്കരുതെന്നു എലിയാസ്സു വിചാരിച്ചതു്. സാക്ഷാൽ കാരണം എന്തുതന്നെ ആയിരുന്നാലും അയാൾ പറഞ്ഞതു ഇതാണു്. "അങ്ങനെ ചെയ്തില്ലെങ്കിൽ വലിയ ജനക്ഷുബ്ധം ഉണ്ടാകുമെന്നുള്ളതുകൊണ്ടു തിരുശരീരം നിക്ഷേപിക്കപ്പെട്ടന്ന സ്ഥാനം പരസ്യമായിപ്പോകും; അസീസ്സിക്കു് അതിന്റെ ഏറ്റവും അമൂല്യമായ നിധി നഷ്ടപ്പെട്ടുപോയേക്കും." അക്കാലത്തു നഗരങ്ങൾ തമ്മിൽ എപ്പോഴും ശണ്ഠ നടന്നുകൊണ്ടിരുന്നതിനാൽ, ജയിക്കുന്ന നഗരക്കാർ തോല്ക്കുന്ന നഗരത്തിലെ വിലയേറിയ സാധനങ്ങളെ തങ്ങളുടെ നഗരത്തെ അലങ്കരിക്കാനായി തട്ടിക്കൊണ്ടുപോകുമെന്നു ന്യായമായി ശങ്കിക്കാൻ വകയുണ്ടായിരുന്നു. ഏതായാലും നഗരസഭക്കാർ എലിയാസിന്റെ ആലോചനയെ അനുകൂലിച്ചു. നിശ്ചിതതീയതിക്കു മൂന്നു ദിവസത്തിനു

മുമ്പു്, മെയ് 22-ാംനു- സെയിൻറ് ഫ്രാൻസിസിൻെറ ശ രീരം പുതിയ ബെസിലിക്കായിൽ രഹസ്യമായി മാററിസ്ഥാ പിക്കപ്പെട്ടു.

ഉദ്ദേശ്യം എന്തുതന്നെ ആയാലും ഈ നടപടി മാർ പാപ്പായേയും പ്രതിനിധികളെയും സംബന്ധിച്ചിടത്തോളം അധിക്ഷേപസൂചകവും സെയിൻറ് ഫ്രാൻസിസ്സിൻെറ ശിഷ്യഗണത്തിനും അവിടെ വന്നുകൊണ്ടിരുന്ന അസംഖ്യം തീർത്ഥയാത്രക്കാക്കും നൈരാശ്യജനകവുമായിരുന്നു. മാർപാ പ്പായുടെ പ്രതിനിധികളുടെ ഉപദേശപ്രകാരം ജനങ്ങളെ നിരാശപ്പെടുത്താതിരിക്കുന്നതിനായി ആഘോഷങ്ങളും മുൻ നിശ്ചയം അനുസരിച്ചുതന്നെ ഒട്ടും കുറവില്ലാതെ നടത്ത പ്പെട്ടു. "ആ സന്ദർഭത്തിൽ സ്വർഗ്ഗീയാനുഗ്രഹങ്ങളും ധാരാളമായി വർഷിക്കപ്പെട്ടു" എന്നു ഗ്രന്ഥവരികളിൽ പ്ര സ്താവിക്കപ്പെട്ടിരിക്കുന്നു.

ആഘോഷങ്ങളും അവസാനിച്ചു ഉടനേതന്നെ പോർ ഷ്യൻകുലായിൽവച്ചു സംഘത്തിൻെറ പൊതുയോഗം നട ന്നു. പ്രൊവിൻഷ്യൽമാരുടെ നിയമനം, സെയിൻറ് പ്രാൻ സിസ്സിൻെറ അന്ത്യശാസനത്തിൻെറ അൻസരണീയത, ബ്രദർ എലിയാസിൻെറ നിഷ്ക്രിയനടപടി എന്നീ മൂന്നു സം ഗതികളായിരുന്നു പ്രധാനമായി ആ യോഗത്തിൽ ആലോ ചനയ്ക്കു വിഷയമായതു്. തന്നെ ഭരണാധികാരമുള്ള ഉ ദ്യോഗങ്ങളിൽനിന്നു് ഒഴിക്കണമെന്നു് അന്തോനി ഈ സന്ദ ർഭത്തിൽ സംഘത്തോടപേക്ഷിച്ചു. ഭരിക്കുന്നതിനെക്കാളും ധ്യാനം പ്രസംഗിക്കുന്നതിനാണു തനിക്കു കൂടുതൽ യോഗ്യത യുള്ളതെന്നു തോന്നുകയാൽ അതിൽ ഏകാഗ്രമായി പരി ശ്രമിക്കുന്നതിനു അദ്ദേഹം ആഗ്രഹിച്ചു. ഈ അപേക്ഷ അ നുവദിക്കപ്പെട്ടുവെന്നു മാത്രമല്ല, അദ്ദേഹത്തിനിഷ്ടമുള്ള സ്ഥ ലത്തു താമസമാക്കിക്കൊള്ളുന്നതിനുകൂടി സ്വാതന്ത്ര്യംനൽ

കപ്പെട്ടു. അതിൻപ്രകാരം അദ്ദേഹം നിശ്ചയിച്ചതു പാദുവായിൽ താമസിക്കുന്നതിനാണു്. "അവിടത്തെ ജനങ്ങളുടെ വിശ്വാസനിഷ്ഠയും, അദ്ദേഹത്തോടും ഫ്രാൻസിസ്കൻ സംഘത്തോടുമുള്ള അവരുടെ ഭക്തിയുമാണു് അതിനു കാരണം." സംഘത്തിനു് അദ്ദേഹത്തോടുള്ള വിശ്വാസം വേറൊരുവിധത്തിലും പ്രത്യക്ഷമായി: സെയിൻറു ഫ്രാൻസിസ്സിൻെറ അന്ത്യശാസനത്തെപ്പററി മാർപാപ്പായുടെ അധികാരപൂർവ്വമായ ഒരു വിധി വാങ്ങുന്നതിനും ബ്രദർ ഏലിയാസിൻെറ അക്രമനടപടിയെ സംബന്ധിച്ചു സംഘത്തിനു വേണ്ടി മാർപാപ്പായോടുമാപ്പപേക്ഷിക്കുന്നതിനും അന്തോനിയും ബ്രദർ ലെയോവും സംഘപ്രതിനിധികളായി നിയോഗിക്കപ്പെട്ടു.

അന്തോനിയെ വീണ്ടും കാണാൻ സാധിച്ചതിൽ മാർപാപ്പാ വളരെ സന്തോഷം പ്രദർശിപ്പിച്ചു. 1227-ലെ പരിശുദ്ധവാരത്തേയും താൻ, "വേദനിയമത്തിൻെറ സജീവമായപേടകം" എന്നു് അഭിസംബോധനംചെയ്ത ആ ധർമ്മപ്രാസംഗികനെയും അദ്ദേഹം വിസ്മരിച്ചിരുന്നില്ല. ഇപ്പോഴാകട്ടെ, ആ ധർമ്മദൂതൻ മഹനീയതരങ്ങളായ കൃത്യങ്ങൾ നിർവ്വഹിക്കുകയും, സാർവ്വലൌകികമായ കീർത്തിയേയും പ്രതാപത്തേയും സമ്പാദിക്കുകയും ചെയ്തിട്ടു മടങ്ങിവന്നിരിക്കുന്നു. മാർപാപ്പാ അന്തോനിയുടെ നിവേദനങ്ങൾക്കെല്ലാം അനുകൂലമായ മറുപടി കൊടുത്തതു ക്രമത്തെ അദ്ദേഹത്തെ ഒരു കർദ്ദിനാളാക്കി തൻെറ അരമനയിൽത്തന്നെ താമസിപ്പിക്കുന്നതിനും ആഗ്രഹിച്ചു. സെയിൻറു ഫ്രാൻസിസ്സിൻെറയും സെയിൻറു ഡോമിനിക്കിൻെറയും ദൃഷ്ടാന്തങ്ങൾ അനുകരിച്ചു് ഇത്തരം ബഹുമതികളെ തിരസ്കരിക്കുന്നതിനു് അദ്ദേഹം ധൈര്യപ്പെട്ടു. "സ്വാമിൻ, എൻെറ ശിഷ്യന്മാർ ചെറുസഹോദരന്മാർ എന്നാണു വിളിക്കപ്പെടുന്നതു്; അവർ തിരുസഭയിൽ ഏററവും താണസ്ഥാനംവഹിക്കുന്നു.

അതു് ഏറ്റവും ബഹുമാനകരമായി അവർ ഗണിക്കുന്നു. അവരെ ഉയർത്താനെന്നുള്ള ഭാവത്തിൽ ആ ബഹുമതിയെ അവരിൽനിന്നു് ഒരിക്കലും എടുത്തുകളയരുതേ" എന്നായിരുന്ന ഏതാദൃശമായ ഒരു സന്ദർഭത്തിൽ സെയിൻറു ഫ്രാൻസിസ്സു് മാർപാപ്പായ്ക്കു നൽകിയ മറുപടി. മാർപാപ്പാ അന്തോനിയുടെ മനഃസ്ഥിതി ഗ്രഹിക്കുകയാൽ ബഹുമതി സ്വീകാരത്തിനായി അദ്ദേഹത്തെനിർബന്ധിച്ചില്ല. ബന്ധനത്തിൽനിന്നു്—അതെത്രതന്നെ സുഖപ്രദവും ഐശ്വര്യപൂർണ്ണവുമായിരുന്നാലും—വിമുക്തമായ പ്രാവിനെപ്പോലെ അന്തോനി ആൽവേർണിയാഗിരിയുടെ ശൃംഗങ്ങളിലേക്കു യഥേഷ്ടം ഈശ്വരധ്യാനം ചെയ്യുന്നതിനായി ത്വരിതഗതിയായി യാത്രതിരിച്ചു. അവിടെ തൻറെ അനുഗ്രഹിതനായ ഗുരുനാഥൻറെ കാലടികളെ കുറേക്കൂടി നിഷ്ഠയോടെ പിൻതുടരുന്നതിനും, "സ്നേഹം സ്നേഹിക്കപ്പെടുന്നില്ല" എന്നു് അദ്ദേഹത്തോടൊപ്പം ദുഃഖമായ സ്നേഹാഗ്നിയാൽ സന്താപനായി പരിദേവനം ചെയ്യുന്നതിനും അദ്ദേഹത്തിനു സാധിക്കും. ആൽവേർണിയാഗിരിയുടെ അഗ്രം താബൂർമലപോലെ ജീവനും പ്രകാശവും പ്രസരിപ്പിക്കുന്നതും കൽവാരിപോലെ ദുഃഖവും വേദനയും നിറഞ്ഞതുമാണെന്നു് ഉൽപ്രേക്ഷിക്കപ്പെടുന്നു. സെയിൻറു ഫ്രാൻസിസ്സിനു ക്രിസ്തുവിൻറെ തിരുമുറിവുകൾ സിദ്ധിക്കുകയും പ്രോജ്വലമായ പ്രഭാപൂരത്താൽസമാവൃതനായ മാലാഖ അദ്ദേഹത്തിനു പ്രത്യക്ഷനാകുകയും ചെയ്ത ആ സ്ഥലത്തുള്ള അദ്ദേഹത്തിൻറെ ചുവടടയാളം അന്തോനി ചുംബിച്ചു. ഗുരുനാഥനായ പുണ്യാത്മാവിനെപ്പറ്റിയുള്ള സ്മരണകൾ അദ്ദേഹത്തിൻറെ ഭാവിപരിശ്രമങ്ങൾക്കു ധൈര്യവും ശക്തിയും നൽകി.

അന്തോനി തങ്ങളുടെ പട്ടണത്തിൽ താമസം ഉറപ്പിക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ പാദുവായിലെ ജനങ്ങൾക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. അദ്ദേഹ

ത്തിന്റെ അനന്യസാധാരണങ്ങളായ ഗുണങ്ങളെയും അത്ഭുതസിദ്ധികളെയുംപറ്റി അവർക്കു നല്ലവണ്ണം അറിയാമായിരുന്നുവെങ്കിലും അവർക്കും അവരുടെ പട്ടണത്തിനും അദ്ദേഹത്തിൽനിന്നു സിദ്ധിക്കാനിരുന്ന ബഹുമതിയും പ്രതാപമഹിമകളും കേവലം ഊഹാതീതങ്ങളായിരുന്നു. ആഗസ്റ്റ്മാസത്തിൽ അദ്ദേഹം പാദുവായിൽ വന്നുചേർന്നു. മെത്രാനും വൈദികരും ജനങ്ങളും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനു് ഒന്നുപോലെ ഉൽക്കണ്ഠിതരായിരുന്നു. അദ്ദേഹത്തിന്റെ സൽകൃത്യങ്ങൾ ഉടനേതന്നെ തുടങ്ങുന്നതിനു് അവർ അദ്ദേഹത്തോടപേക്ഷിച്ചു. ആ അപേക്ഷ അനുവദിക്കുന്നതിനു കുറേ താമസം നേരിട്ടു. അദ്ദേഹത്തിന്റെ സ്നേഹിതനായ കർദ്ദിനാൾ റെയിനാൾഡ്കോന്തി അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ആസൂത്രണങ്ങളും സംക്ഷേപങ്ങളും അദ്ദേഹത്തിന്റെ അസാമാന്യപാണ്ഡിത്യത്തിന്റെ മറുഫലങ്ങളും എഴുതിവയ്ക്കണമെന്നു് അദ്ദേഹത്തോടു നിർബന്ധിക്കയാൽ അദ്ദേഹം അതിനായി ഉദ്യമിച്ചു പുണ്യവാന്മാരുടെ ഭൌതികമായ അവശിഷ്ടങ്ങളുടെ ഏറ്റവും ചെറിയ തുണ്ടുപോലും കിട്ടുന്നതിനു് ആളുകൾ ഉൽസുകരായിരിക്കുന്നസ്ഥിതിക്കു് ആത്മാവിന്റെ മഹത്വത്തെയും സൗന്ദര്യത്തെയും പ്രതിഫലിപ്പിക്കുന്ന അവരുടെ വിചാരങ്ങളുടെയും ആശയങ്ങളുടെയും ശകലങ്ങൾക്കു വളരെ കൂടുതൽ വില കല്പിക്കുന്നതു് ഉചിതംതന്നെയാണു്. കർദ്ദിനാളിന്റെ ഈ പ്രോത്സാഹനത്തിന്റെ ഫലമായിട്ടാണു് അന്തോനിയുടെ 'പുണ്യവാന്മാരുടെ പെരുന്നാളുകളെപ്പറ്റിയുള്ള പ്രസംഗങ്ങൾ' നമുക്കു ലഭിച്ചതു്. അദ്ദേഹത്തിന്റെ കുറിപ്പുകൾ പാദുവായിൽ വളരെ ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

# അദ്ധ്യായം ഏഴു

## അവസാനദിവസങ്ങൾ.

ഇക്കാലത്തു് ഫ്രെഡറിക്കു് ദ്വിതീയന്റെ ജാമാതാവും സേനാധിപനുമായ എസ്സലി നോയുടെ നാമശ്രവണമാത്രയിൽ ലോംബാർഡിയും റോമാനായും ഭയംകൊണ്ടു വിറയ്ക്കുമായിരുന്നു. അയാൾ 'ഗ്രശംസൻ' എന്നും 'ക്രിസ്ത്യാനികൾക്കു സംഹാരരുദ്രൻ' എന്നും 'മദ്ധ്യയുഗങ്ങളിലെ നീറോ' എന്നും ഉപനാമങ്ങൾ സമ്പാദിച്ച ഒരു സാഹസികനായ യോദ്ധാവു് — തന്റെ കൈയിൽ അകപ്പെട്ടുപോയവരെ കാരാഗൃഹങ്ങളിൽ പട്ടിണിയിട്ടു കൊല്ലുന്ന ദ്വിപാദനായ ഒരു വ്യാഘ്രംതന്നെ — ആയിരുന്നു. വിസീനായും ബ്രീഷ്യായും വെറോണായും അയാൾ ആക്രമിച്ചു പിടിച്ചടക്കിയശേഷം കശ്മലരും ബുഭുക്ഷുക്കളുമായ ഭടന്മാർക്കു യഥേഷ്ടം കൊള്ളയിട്ടു കൊള്ളുന്നതിനായി അവയെ ഒഴിഞ്ഞിട്ടുകൊടുത്തു. പാഴ്വായുടെയും അവസ്ഥ ഇതുതന്നെ ആയിരിക്കുമെന്നു് അവിടത്തെ ജനങ്ങൾ ഭയപ്പെടത്തക്കവണ്ണം സ്ഥിതിഗതികൾ അത്ര വിഷമതരമായ ഒരു ഘട്ടത്തിൽ എത്തിയിരുന്നു. നഗരവാതിലുകൾക്കു സമീപമുള്ള കാസൽഫോന്തി എന്ന പ്രൗഢമന്ദിരത്തെ ആ ഖലൻ ആ ഇടയ്ക്കു കൊള്ളയിട്ടശേഷം, പ്രൗഢവിന്റെ പൌത്രനും ഉൽകൃഷ്ടസ്വഭാവനെന്നും നിർദ്ദോഷനെന്നും സുശ്രുതനുമായ വില്യംറിസോ എന്ന യുവാവിനെയും മറ്റു ഏതാനും പേരേയും ബന്ധനസ്ഥരാക്കി കൊണ്ടുപോയി. ജനങ്ങൾ തങ്ങളുടെ കൺവെട്ടത്തുതന്നെ അത്തരം സംഭവങ്ങൾ കണ്ടപ്പോൾ ഭയാക്രാന്തരായി, അന്തോനിയുടെ സഹായം അഭ്യർത്ഥിച്ചു. അവരെ രക്ഷിക്കുന്നതിനു യഥാശക്തി ശ്രമിക്കുകതന്നെയെന്നു് അദ്ദേഹം നിശ്ചയിച്ചു. ഇസ്രായേല്യരിലെ നിർഭയന്മാരായ ദീർഘദർശികൾക്കു് അനു

രൂപമായ തീക്ഷ്ണതയോടും ഉത്സാഹസഫലതയോടും അദ്ദേഹം ഈ കൃത്യം നിവ്വഹിച്ചു. അദ്ദേഹം വെറോണായിൽ ഓടിയെത്തി, വേറൊരു യോഹന്നാൻസ്നാപകനെപ്പോലെ, ജനോപദ്രവിയായ ആ ആസുരമൂർത്തിയുടെ കൊട്ടാരത്തിൽ പ്രവേശിക്കുകയും അവനോടു നിർഭയം ഇങ്ങനെ ഘോഷിക്കുകയും ചെയ്തു:—

"ഓ, ക്രൂരനായ പ്രഭുമൃഗമേ, നീ ഇനിയും എത്രകാലം ഇങ്ങനെ നിർദ്ദോഷരക്തം ചൊരിക്കും? സർവേശവരന്റെ വാഠം നിന്റെ തലയ്ക്കുമീതെ ഓങ്ങിയിരിക്കുന്നു; നിന്റെമേലുള്ള അദ്ദേഹത്തിന്റെ വിധി അതിഭയംകരമായിരിക്കും."

തങ്ങളുടെ സ്വാമിയുടെനേരെ ഒരുവൻ ഈ വിധം സംസാരിക്കുന്നതുകേട്ട് അമ്പരന്നുപോയ പരിചാരകന്മാർ ആ ധിക്കാരിയായ ഭിക്ഷുവിന്റെ കഥ കഴിക്കുന്നതിനു പ്രഭുവിന്റെ ആംഗ്യമാത്രമായ ആജ്ഞയെ കാത്തു് അക്ഷമരായിനിന്നു. എന്നാൽ എസ്സലിനോ അങ്ങനെയല്ല ഉത്തരവായതു്; അയാഠം പുണ്യവാന്റെ പാദങ്ങളിൽ സാഷ്ടാംഗം വീണു, മേലാൽ ദുഷ്പ്രജിവിതത്തിൽ നിന്നു വിരമിക്കാമെന്നു പ്രതിജ്ഞചെയ്തു. "ആ ഭിക്ഷുവിന്റെ കണ്ണുകളിൽ നിന്നു മിന്നൽപിണർ പൊട്ടിപ്പായുന്നതുപോലെയും, ആരോ എന്നെ നരകകുണ്ഡത്തിലേക്കു തലകീഴായിത്തള്ളിയിടാൻ ഭാവിക്കുന്നപോലെയും എനിക്കു തോന്നി" എന്നു് അയാഠം ഭടന്മാരോടു് ഒടുവിൽ പറഞ്ഞു. സാക്ഷാൽ സംഹാരരുദ്രനായ അറിലിപ്പാ പണ്ടു തന്റെ സംഹാരസംരംഭത്തിൽ പുണ്യവാനായ ലെയൊമാർപാപ്പായുടെ ശകുനിയുക്തമായ മാദ്ധ്യസ്ഥ്യത്താൽ നിരുദ്ധവീര്യനായി; അതുപോലെ, വേറൊരു സംഹാരരുദ്രനായ എസ്സലീനൊ ധർമ്മവീരനായ ആ സന്തോനിയുടെ മുമ്പാകെ വിറയ്ക്കുകയും നമസ്കരിക്കുകയുംചെയ്തു. ഈ രണ്ടു സംഭവങ്ങളും ആത്മീയശക്തിക്കു മൂഗീയ

ശക്തിയുടെ മേലുള്ള വിജയത്തെ ദ്യോതിപ്പിക്കുന്നു. അന്തോനി ആവശ്യപ്പെട്ടതനുസരിച്ച് എസ്സലീനൊ, കാസ്സൽ ഫോന്തി എന്ന പ്രാസാദത്തെ തിരിച്ചുകൊടുക്കുകയും വില്യംതീസ്സോവിനെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്തു. അന്തോനിയുടെ ശ്ലീഘനീയമായ നിർഭയത്വം, ഫ്രാൻസിസ്സൻ ചെറുസഹോദരസൈന്യം ദുർബലന്മാരുടെ ബന്ധുക്കളായും അക്രമികളുടെ ശത്രുക്കളായും ഭാവിയിൽ ലോകരംഗത്തു പ്രദർശിപ്പിക്കാനിരുന്ന ധൈര്യവീര്യങ്ങളുടെ പൂർവ്വരൂപമായിരുന്നു.

ആസുരപ്രകൃതികർക്കും അക്രമികർക്കും അന്തോനിയെക്കാൾ ഭീകരനായ ഒരു ശത്രു ലോകത്തുണ്ടായിട്ടില്ല. ഫ്രെഡറിക്ക് ദ്വിതീയന്റെ ഭാഗ്യികതത്തെയും അഹങ്കാരത്തെയും എസ്സലീനോയുടെ പ്രശംസതയേയും സ്വേച്ഛാചാരിത്വത്തെയും അദ്ദേഹം പ്രസംഗവേദിയിൽനിന്നു നിർഭയം ആക്ഷേപിച്ചു. എസ്സലീനോ അയാളുടെ സഹജമായ പ്രതീകാരബുദ്ധി അന്തോനിയോടു കാണിച്ചില്ല. മുമ്പു തന്റെ കൊട്ടാരത്തിൽവച്ച് അദ്ദേഹത്തിന്റെ നേത്രങ്ങളിൽ നിന്നുണ്ടായ വിഭ്രമപ്രപാതം അയാൾ ഒരിക്കലും മറക്കുകയില്ല. അയാൾ പുണ്യവാന്റെ നിസ്സ്വാർത്ഥതയേയും നിസ്സംഗതയേയും ഒന്നു പരീക്ഷിക്കുന്നതിനായി ഒരു പ്രലോഭനോപായം പ്രയോഗിച്ചു. ധാരാളം വിലയേറിയ സമ്മാനങ്ങൾ ഭൃത്യന്മാർവശം അയാൾ അദ്ദേഹത്തിനു കൊടുത്തയച്ചു. "ഈ സമ്മാനങ്ങൾ ബ്രദർ അന്തോണിക്കു കൊടുക്കണം. അദ്ദേഹം അതു സ്വീകരിക്കുന്നുവെങ്കിൽ അദ്ദേഹത്തെ ഉടനടി ഞെക്കിക്കൊല്ലണം. അതല്ല, അദ്ദേഹം അവയെ നീരസത്തോടെ നിരസിക്കുകയാണെങ്കിൽ അദ്ദേഹത്തെ യാതൊരുവിധത്തിലും ഉപദ്രവിക്കാതെ മടങ്ങിപ്പോരുക," എന്ന് അയാൾ ഭൃത്യരോടു പറഞ്ഞു് ഏർപ്പാടു ചെയ്തിരുന്നു. ആ ഭൃത്യന്മാർ അദ്ദേഹത്തിന്റെ അടുക്കൽചെന്നു ഇപ്രകാരം പറഞ്ഞു:—

"അങ്ങേ വിശ്വസ്തനായ മകൻ എസ്സലീനോ ഞങ്ങളെ അയച്ചിരിക്കയാണു്. അങ്ങു് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുമാറാകണമെന്നും ഈ സമ്മാനങ്ങൾ അങ്ങു സ്വീകരിക്കണമെന്നും അദ്ദേഹം പ്രത്യേകം അപേക്ഷിക്കുന്നു."

"പൊയ്ക്കോള്ളുക, നിങ്ങളുടെ സമ്മാനങ്ങളൊന്നും എനിക്കു വേണ്ട. അവ ജനങ്ങളെ പീഡിപ്പിച്ചതിന്റെയും കൊള്ളയിട്ടതിന്റെയും ഫലങ്ങളാണു്. ഈ സ്വത്തുകൾ നശിക്കും; നിങ്ങളും അവയോടുകൂടി നശിക്കും. എന്റെ കൺവെട്ടത്തുനിന്നു പോകുക. നിങ്ങളുടെ അശുദ്ധമായ സാന്നിദ്ധ്യംകൊണ്ടു് ഈ പ്രശാന്തവും പരിശുദ്ധവുമായ വസതിയെ മലിനമാക്കരുതു്." ആ ഖലപ്രഭുവിന്റെ കിങ്കരന്മാർ നിരുത്സാഹരായി മടങ്ങിപ്പോയി; നടന്ന സംഗതി അവനെ അറിയിച്ചു. "കൊള്ളാം; അന്തോനി സാക്ഷാൽ ഈശ്വരഭക്തനായ ഒരു മനുഷ്യൻതന്നെയാണു്. അദ്ദേഹത്തെ നിർബാധമായി വിട്ടേക്കുക; അദ്ദേഹത്തിനു ബോധിച്ചതുപോലെ എന്നെപ്പറ്റി പറഞ്ഞുകൊള്ളട്ടെ." എന്നു് ആ പ്രഭു സൌമ്യവാനായി പറഞ്ഞു

അന്തോനിയുടെ സ്വഭാവമഹത്വത്തിനു നിദർശകപ്പെട്ട ഈ സാക്ഷ്യം നിവ്യാജവും ഹൃദ്യവുമാണെങ്കിലും, എസ്സലീനോ തന്റെ ജീവിതരീതിയെ പരിഷ്കരിക്കുകയെന്നുള്ളതു അത്ര എളുപ്പമായിരുന്നില്ല. അവന്റെ അതിമോഹങ്ങളും നിരങ്കുശങ്ങളായ മൃഗീയസ്വാഭങ്ങളും ജർമ്മൻ ചക്രവർത്തിയുമായുള്ള സംസർഗ്ഗവും അവനെ നാശഗർത്തത്തിലേക്കു് ഉന്തിത്തള്ളുന്നുണ്ടായിരുന്നു.

അന്തോനി വെരോണായിൽനിന്നു മടങ്ങിവന്നപ്പോൾ പാദുവായിലെ ജനങ്ങൾ അദ്ദേഹത്തെ തങ്ങളുടെ ഈശ്വരപ്രേഷിതനായ പരിത്രാതാവായി ഉത്സാഹപൂർവം സ്വീകരി

ച്ചു. മഹാനായ ഒരു വീഗീശൻ, പുണ്യവാനായ ഒരു സന്യാസി, ദിവ്യനായ ഒരു അത്ഭുതപ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം പണ്ടേതന്നെ അവരുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിച്ചിരുന്നു. അവരുടെ മെത്രാന്റെ അപേക്ഷപ്രകാരം അദ്ദേഹം അവിടെ നോമ്പുകാലത്തു പ്രസംഗിക്കാമെന്നു സമ്മതിച്ചിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അവരുടെ ആഹ്ലാദം അളവറ്റതായിരുന്നു. നോമ്പുകാലം മുഴുവനും അദ്ദേഹം വളരെ ഫലപ്രദമായും വിജയകരമായും പാടുവായിൽ പ്രസംഗയോഗങ്ങൾ നടത്തി: അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ സാഫല്യവും ജനങ്ങളുടെ ഭക്ത്യാദരങ്ങളും വർദ്ധിച്ചുവരുംതോറും അദ്ദേഹത്തിന്റെ ശക്തിയും ആരോഗ്യവും ക്ഷയിച്ചുവന്നു. അവിശ്രമമായി ഇങ്ങനെ നോമ്പുകാലം മുഴുവനും പ്രയത്നിച്ചശേഷം അദ്ദേഹം ഈ പരസ്യവും പ്രവൃത്തിപരവുമായ ജീവിതത്തിൽനിന്നു വിരമിച്ചിട്ടു സ്വസ്ഥമായും ഏകാന്തമായും ഈശ്വരധ്യാനം ചെയ്യണമെന്നാഗ്രഹിച്ചു. ഇതിനു അനുവാദം അപേക്ഷിച്ചുകൊണ്ടു് അദ്ദേഹം പ്രൊവിൻഷ്യലിനു ഒരെഴുത്തെഴുതി. എഴുത്തു് അദ്ദേഹത്തിന്റെ മേശപ്പുറത്തു വച്ചിട്ടു് അതു് അയക്കാനുള്ള മാർഗ്ഗത്തെപ്പറ്റി ആലോചിക്കാനായി അദ്ദേഹം തന്റെ ആശ്രമാധിപനെ കാണാൻപോയി. അദ്ദേഹം മടങ്ങിവന്നപ്പോൾ എഴുത്തു അവിടെ കണ്ടില്ല. അവിടെയെല്ലാം അന്വേഷിച്ചിട്ടും യാതൊരുഫലവുമുണ്ടായില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ പ്രൊവിൻഷ്യലിന്റെ ഒരെഴുത്തു് അദ്ദേഹത്തിനു കിട്ടി. അതു് അദ്ദേഹത്തിന്റെ കളഞ്ഞുപോയ എഴുത്തിനു് അനുകൂലമായ ഒരു മറുപടിയായിരുന്നു. "ആ എഴുത്തു കൊണ്ടുചെന്ന മേൽവിലാസക്കാരനു കൊടുത്തതു് മാലാഖമാരായിരിക്കണമെന്നു വിശ്വസിക്കപ്പെടുന്നതു യുക്തിയുക്തമാണു്. അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ ദൈവത്തിനു പ്രിയങ്കരങ്ങളാണെന്നും, അവ അനുവദിക്കപ്പെടേണ്ടതാണെന്നും ദിവ്യമായ ഒരുറപ്പു് അതു

മൂലം സിദ്ധിച്ചു" എന്നു ഗ്രന്ഥവരിയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

അദ്ദേഹം തന്റെ സ്നേഹിതനായ കാസ്സൽഫോന്തി പ്രഭുവിന്റെ അടുക്കൽ പോയി. അദ്ദേഹത്തിന്റെ ചെറുമകനെയാണല്ലോ പുണ്യവാൻ സ്വല്പംമുമ്പു് വേരോണായിലെ കാരാഗൃഹത്തിൽനിന്നു മോചിപ്പിച്ചതു്. അന്തോനിയുടെ പ്രസംഗത്താൽ സ്പൃഷ്ടഹൃദയനായി ഈ പ്രഭു തന്റെ പട്ടാളഉദ്യോഗം രാജിവയ്ക്കുകയും സെയിൻറു് ഫ്രാൻസിസ്സിന്റെ മൂന്നാംസംഘം എന്നു പറയപ്പെടുന്ന പാപപരിഹാരേച്ഛുക്കളുടെ സംഘത്തിൽ ചേരുകയും ചെയ്തു. അന്തോനി തന്റെഅഭിമതം ആ പ്രഭുവിനെഅറിയിച്ചുടനെ പ്രഭു അയാളുടെ അതിവിസ്തൃതമായ തോട്ടം മുഴുവനും അദ്ദേഹത്തിന്റെ അധീനതയിൽവിട്ടുകൊടുത്തു. പാദുവായിൽനിന്നു് ഏതാനും മൈൽ അകലെയുള്ള ആ പ്രഭുവിന്റെവക കാമ്പൊസാംപിയറൊ എന്ന ഒരു തോട്ടത്തിൽ അവർ രണ്ടുപേരുംകൂടി ഒരുദിവസം പോയി. അവിടെ ഒരു കാട്ടിൽകൂടി കടന്നുപോയപ്പോൾ ഒരു മഹാവൃക്ഷം അവർ കണ്ടു. അതു നാലുവശവും വളരെ വിസ്താരത്തിൽ ശാഖകൾനിണ്ടിട്ടുള്ളതും നല്ല സുഖകരമായ തണലുള്ളതുമായിരുന്നു. ഈ വൃക്ഷം അന്തോനിയെ ആകഷ്ടിച്ചു. അതിന്റെ താഴെ വൃക്ഷക്കൊമ്പുകൾകൊണ്ടു് അദ്ദേഹം ഒരു പർണ്ണശാലയുണ്ടാക്കുകയും ബ്രദർലൂക്കുബലൂടിയോടും ബ്രദർ റോജറിനോടുംകൂടി അവിടെ താമസമാക്കുകയും ചെയ്തു.

കാമ്പൊസാംപിയറൊ നമ്മുടെ പുണ്യവാന്റെ ജീവിതത്തിലെ ഏറ്റവും ഹൃദയകരമായ സംഭവങ്ങളിലൊന്നിന്റെ രംഗസ്ഥലമായിത്തീർന്നു. മെയ്-30-ാംനു-, അദ്ദേഹത്തിന്റെ ദേഹവിയോഗത്തിനു രണ്ടാഴ്ചയ്ക്കു മുമ്പു, പാദുവായിലെ കന്നിന്റെമുകളിൽ നിന്നുകൊണ്ടു് ശ്ലക്ഷ്ണശിലാനിർമ്മിതങ്ങളായ രമ്യഹർമ്മ്യങ്ങളാലും ഗംഭീരങ്ങളായ ഈശ്വ

രസത്തമങ്ങളാലും സുരഭിലങ്ങളായ ആരാമങ്ങളാലും സമലം കൃതമായ നഗരത്തെയും സുവർണ്ണവർണ്ണത്തിൽ ധാന്യം വിളഞ്ഞുകിടക്കുന്ന പാടങ്ങളെയും ഫലപൂർണ്ണങ്ങളായ മുന്തിരിത്തോട്ടങ്ങളെയും അദ്ദേഹം വീക്ഷണംചെയ്തു. പെട്ടെന്ന് ഈ ദൃശ്യലോകത്തിന്റെ രാമണീയകത്തിൽനിന്ന് തന്റെ ദൃഷ്ടികളെ പ്രത്യാഹരിച്ചിട്ട് മനുഷ്യനേത്രങ്ങൾക്ക് അഗോചരങ്ങളായ പാരത്രികമഹിമകളെ അദ്ദേഹം അവലോകനം ചെയ്തു. അങ്ങനെ സമാധിയിൽ നിർല്ലീനനായി നിന്നപ്പോൾ, ആസന്നമായ അദ്ദേഹത്തിന്റെ നിർവ്വാണഭിവസത്തെയും തന്റെ ഭൌതികശരീരത്തിന്റെ വിശ്രാന്തിക്കു ഭ്രഭാനംചെയ്യുന്ന നഗരത്തിന്റെ ഭാവിശ്രേയസ്സിനെയും അദ്ദേഹം ദർശിച്ചു. സാക്ഷാൽ പരമാനന്ദത്തിൽ നിമഗ്നനായി അദ്ദേഹം തന്റെ സ്നേഹഭാജനമായ പാടുവാനഗരത്തെ അനുഗ്രഹിച്ചിട്ട്, "ഓ പാടുവാ, നിന്റെ സ്ഥാനത്തിന്റെ അഭിരാമതയാൽ നീ അനുഗൃഹീതയാകുന്നു. സപ്തർഷിമണ്ഡലത്തിൽനിന്നു നിനക്കു സിദ്ധിക്കാൻപോകുന്ന ബഹുമതിയാലും നീ അനുഗൃഹീതയാകും" എന്നു് ഉദ്ഘോഷിച്ചു.

അദ്ദേഹത്തിന്റെ സഹചാരികൾ ഈ വാക്കുകൾകേട്ടുവെങ്കിലും അവയുടെ ദീർഘദർശനപരമായ അർത്ഥം മനസ്സിലാക്കിയില്ല. അദ്ദേഹത്തിന്റെ മരണശേഷംമാത്രമേ ആ വിവക്ഷിതം സ്പഷ്ടീഭവിച്ചുള്ളൂ. ആ അവസാന വിനാഴിക സത്വരം സമീപിക്കുന്നുണ്ടായിരുന്നു. ഇനി ഏതാനും ദിവങ്ങളേയുള്ളൂ. കാമ്പൊസാംപിയറൊയിലെ ആ വാനപ്രസ്ഥൻ സ്വസഹോദരന്മാരുടെ കരങ്ങളിൽ കിടന്നു ചരമഗതിയെ പ്രാപിക്കാനായി തന്റെ അവസാനവിശ്രമസ്ഥലമായ വനാന്തരത്തിലെ പർണ്ണശാലയിൽനിന്ന് ഇറങ്ങിവരുന്നതിനുള്ള സമയം ആസന്നമായിരിക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയസ്പന്ദനം നിന്നുപോകുന്നതിനു മുമ്പു സ്വർഗ്ഗീയദീപ്തിയാൽ തേജോമയമായിരിക്കുന്ന അദ്ദേഹത്തിന്റെ മുഖാ

രവിന്ദത്തേയും ദിവ്യസ്നേഹാഗ്നിയാൽ സമുജ്വലമായിരിക്കുന്ന അദ്ദേഹത്തിന്റെ ആത്മാവിന്റെ സൌന്ദര്യത്തേയും നമുക്കു ക്ഷണനേരത്തേക്കു ധ്യാനിക്കാം. ഫ്രാ ആഞ്ചലിക്കോ കന്യകാമാതാവിന്റെ ചിത്രം എഴുതിയതു മുട്ടിന്മേൽ നിന്നുകൊണ്ടാണു്. പുണ്യവാന്മാരെപ്പറ്റി ധ്യാനിക്കുമ്പോഴും നമ്മളും മുട്ടിന്മേൽ നില്ക്കണം.

അന്തോനിയുടെ പരംപരാഗതമായ ചിത്രം ചാറനോവിലെ ദർശനത്തെ ആസ്പദമാക്കി എഴുതപ്പെട്ടിട്ടുള്ളതാണു്. പുണ്യവാൻ മുട്ടുകുത്തി നില്ക്കുന്നു; ബൈബിൾ അദ്ദേഹത്തിന്റെ മുമ്പിൽ തുറന്നിരിക്കുന്നു; പ്രോജ്വലമായ ഒരു പരിവേഷത്താൽ പരിവൃതനായി അവിടെ പ്രത്യക്ഷനാകുന്ന ഉണ്ണിയേശുവിന്റെ മേൽ അദ്ദേഹത്തിന്റെ ദൃഷ്ടികൾ പതിഞ്ഞിരിക്കുന്നു. യൌവനത്തിലെ സൌകുമാര്യവും അല്പവും നഷ്ടപ്പെട്ടിട്ടില്ലാത്ത മാംസളവും വികസിതവുമായ ഒരു മുഖം ചിത്രത്തിൽ നാം കാണുന്നു. ആ ചഞ്ചലവും പ്രസന്നവുമായ ആ നോട്ടം ഒരിക്കലും വാല്ക്യത്തെ പ്രാപിക്കാത്ത ഒരു ഹൃദയത്തിന്റെ പരിശുദ്ധിയേയും, സംസാരസാഗരത്തിലെ ഘോരകല്ലോലങ്ങളാൽ അടിച്ചുലയ്ക്കപ്പെട്ടിട്ടില്ലാത്ത ഒരു ആത്മാവിന്റെ—ദൈവത്തെയും, ദൈവത്തിനുവേണ്ടിയും, ദൈവത്തിലും മാത്രം സ്നേഹിക്കുന്ന ഒരു ആത്മാവിന്റെ—ഒറ്റവാക്കിൽ പറഞ്ഞാൽ, ഒരു മാലാഖയുടെ ആത്മാവിന്റെ, ശാന്തിയെയും അഭിവ്യഞ്ജിപ്പിക്കുന്നു. "ഒരു മാലാഖയ്ക്കു സമാനമായ ആത്മാവു്" എന്നാണു സെയിൻറ് ബനവന്തൂർ അന്തോനിയെപ്പറ്റി പറഞ്ഞിരിക്കുന്നതു്. അദ്ദേഹത്തെപ്പറ്റി ധ്യാനിക്കുമ്പോഴും പറയുമ്പോഴും ആ വേദപാരഗൻ അവാച്യമായ ആഹ്ലാദത്താൽ ദരിതനാകുന്നു. മറ്റു പുണ്യവാന്മാക്കെല്ലാവർക്കും ക്രൂടൈവം വീതിച്ചുകൊടുത്തിട്ടുള്ള വിശിഷ്ടഗുണങ്ങളാകുന്ന രത്നങ്ങളും സകലവും തന്റെ സഹോദരനായ ആ യതീന്ദ്രന്റെ

സ്വഭാവമകടത്തെ അലംകരിക്കുന്നുവെന്നു് അദ്ദേഹം പ്ര സ്താവിക്കുന്നു. "മാലാഖമാരുടെ വിജ്ഞാനവും പൂവ്പിതാ ക്കന്മാരുടെ വിശ്വാസവും ഭീർഘദർശികളുടെ ദിവ്യദൃഷ്ടിയും അപ്പോസ്തലന്മാരുടെ ധർമ്മതീക്ഷ്ണതയും കന്യകകളുടെ വിശുദ്ധിയും യതിശ്രേഷ്ഠന്മാരുടെ ആത്മസംയമനവും രക്ത സാക്ഷികളുടെ ധർമ്മവീര്യവും അദ്ദേഹത്തിനുണ്ടായിരുന്നു." ഫ്രാൻസിസിലെ മെത്രാപ്പോലീത്തായായ സെയിന്റ് അ ന്തോണിനസ് അന്തോനിയെപ്പറ്റി ഇപ്രകാരം പറയുന്നു.- "അദ്ദേഹം വിജ്ഞാനസാഗരവും പരമാനന്ദപരിപൂർണ്ണനും തിസ്സല്യനായ ആത്മതപ്രവർത്തകനും ആയിരുന്നു." "വി നയമാകുന്ന അരവിന്ദം, ചാരിത്രശുദ്ധിയാകുന്നനവമാലിക, ദിവ്യസ്നേഹമാകുന്ന കുമുദം" എന്നും അദ്ദേഹത്തെപ്പറ്റി പ റയപ്പെട്ടുന്നു. ഈ സ്തുതികളിൽ ഒട്ടും അതിശയോക്തിയി ല്ല. അദ്ദേഹം ലൌകികവും ലോകോത്തരവുമായ സകല മാഹാത്മ്യങ്ങളുടെയും വിളനിലമായിരുന്നു. വൈരാഗ്യം, നിസ്സ്വാർത്ഥത, ശാന്തത, വിനയം, ചാരിത്രശുദ്ധി, ധർമ്മവീ ര്യം, സ്നേഹം, ആത്മസംയമനം എന്നീ അദ്ദേഹത്തിന്റെ ഗുണങ്ങളിൽ ഏതാണു കൂടുതൽ പ്രശംസാർഹമെന്നു വിധി ക്കാൻ പ്രയാസമാണു്. എല്ലാ ഗുണങ്ങളും മിക്കവാറും ഒരു പോലെ അദ്ദേഹത്തിൽ ശോഭിച്ചിരുന്നു.

എങ്കിലും മറ്റു പുണ്യവാന്മാരെപ്പോലെ അദ്ദേഹത്തി നും ഒരു ഗുണം ഇതരഗുണങ്ങളെയെല്ലാം അതിശയിക്കുന്ന തായുണ്ടായിരുന്നു. അതു ധർമ്മതീക്ഷ്ണതയായിരുന്നു ഇരു പത്താറാമത്തെ വയസ്സിൽ, മറ്റുള്ളവർ ജീവിതായോധന ത്തിനു് ഒരുങ്ങുകമാത്രം ചെയ്യുന്ന ആ പ്രായത്തിൽ, അദ്ദേ ഹം സകല ഒരുക്കങ്ങളും പൂർത്തിയാക്കിയിട്ടു യുദ്ധക്കളത്തിൽ ഇറങ്ങാൻ സന്നദ്ധനായി നില്ക്കുന്നു. പത്തുവർഷക്കാലം നിര ന്തരമായും അവിശ്രാന്തമായും അദ്ദേഹം ഈശ്വരസേവന വുംലോകശുശ്രൂഷയും ചെയ്യുന്നു. മലംപ്രദേശങ്ങളിലും വനാ

ന്തരങ്ങളിലും സമതലങ്ങളിലും നഗ്നപാദനായും ദുഃഖഹൃദയനായും സഞ്ചരിച്ച് അദ്ദേഹം ധർമ്മപ്രചാരണം ചെയ്തു. പ്രേതമന്ദിരങ്ങളിലും സാധുക്കളുടെ കുടിലുകളിലും മതഭേദികളുടെ സങ്കേതങ്ങളിലും ക്രിസ്ത്യാനികളുടെ ദേവാലയങ്ങളിലും അദ്ദേഹം ഒന്നുപോലെ പ്രവേശിച്ചു തന്റെ ദിവ്യസന്ദേശത്തെ വിതരണം ചെയ്തു. ആത്മാക്കളുടെ സംരക്ഷണം എന്ന ഏകവിചാരംമാത്രമേ അദ്ദേഹത്തെ ഭരിച്ചിരുന്നുള്ളൂ. "എനിക്ക് ആത്മാക്കളെത്തരിക" എന്ന തന്റെ ദിവ്യരക്ഷകന്റെ തിരുമൊഴികളിൽനിന്നു പുറപ്പെട്ടു— രായും പകലും തന്റെചെവികളിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന— ആ സ്വരം എപ്പോഴും അദ്ദേഹം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അമൂല്യങ്ങളായ രത്നങ്ങളെക്കാൾ വിലയേറിയതും, ഏറ്റവും പ്രകാശമാനമായ നക്ഷത്രങ്ങളെക്കാൾ പ്രകാശമുള്ളതുമായ ഇഹലോകത്തെ സാക്ഷാത്തായ സമ്പത്തുകൾ ആത്മാക്കളാണെന്ന് അദ്ദേഹത്തിനറിയാം. 'മനുഷ്യപുത്രൻ' കൽവാരിമലയെ ആരോഹണം ചെയ്തത് അവയെ വീണ്ടെടുക്കാനാണെന്നും ദൈവസന്നിധിയിൽ സ്വീകാരയോഗ്യമായ ദാനങ്ങൾ അവ മാത്രമാണെന്നും അദ്ദേഹം ഗ്രഹിച്ചിട്ടുണ്ട്. ആത്മാക്കൾക്കായി അദ്ദേഹം 'ദാഹിച്ചു'. ആ ദാഹത്തെ അന്യാദൃശമായ വിധത്തിൽ ദൈവം സന്തുഷ്ടനാക്കുന്നു. ഈ ധർമ്മതീക്ഷ്ണത അദ്ദേഹത്തിനു തന്റെ അപാരമായ പാണ്ഡിത്യത്തിൽനിന്നോ അഗാധമായ മനുഷ്യഹൃദയജ്ഞാനത്തിൽനിന്നോ അല്ല ലഭിച്ചത്; കുരിശിന്റെ ചുവട്ടിൽനിന്നുള്ളദിവ്യമായആ പരമത്യാഗത്തിന്റെ ഗഹനതയെപ്പറ്റിയുള്ള ധ്യാനത്തിൽ നിന്നും കുർബാനയെ ഹോമിക്കുന്ന ബലിപീഠത്തിൽനിന്നുമാണ് അദ്ദേഹം ആ ഗുണവിശേഷത്തെ സമ്പാദിച്ചത്. അദ്ദേഹത്തിനു് ആ യേശുവിന്റെ ഹൃദയത്തിൽനിന്നു സിദ്ധിച്ച സെയിന്റ് ജോണിനെപ്പോലെ അദ്ദേഹം ആ ദിവ്യഗുരുവിന്റെ ഹൃദയത്തിൽ ചാഞ്ഞുകിടന്നുകൊണ്ട്, "യേശുവിന്റെ ഹൃദയത്തിലുള്ള സ്നേഹമാ

ണ നമ്മുടെ സുവണ്ണബലിപീഠം. അവിടെനിന്ന ഭ്രലോകത്തെ സംരക്ഷിക്കുന്ന സുരഭിലമായ ധൂമം സപ്തർഷികളെയുണർത്തുന്നു" എന്നു് ഉദ്ഘോഷിക്കുന്ന യേശുവിന്റെ ശാരീരമായ വേദനകളെപ്പറ്റി ധ്യാനിക്കുന്നതു ഭക്തിസംവർധകവും പരിശുദ്ധവും തന്നെ; സംശയമില്ല. എന്നാൽ, പരിശുദ്ധമായ തനിസ്വർണ്ണമാണു നാം അന്വേഷിക്കുന്നതെങ്കിൽ അന്തഃസ്ഥിതമായ ആ ഖനിയിലേക്കു്, യേശുവിന്റെ ഹൃദയത്തിലേക്കു തന്നെ നാം ചെല്ലണം. അവിടെനിന്നു് അദ്ദേഹത്തിന്റെ സ്നേഹമാകുന്ന സമ്പൽസമൃദ്ധിയെ നമുക്കു കരസ്ഥമാക്കാം.

"തിരുഹൃദയത്തിന്റെ ആശ്രിതൻ" എന്ന അഭിധാനത്തിനു സെയിന്റു് ഫ്രാൻസിസ്സു് അസ്സീസിയെപ്പോലെ സെയിന്റു് ആൻറണിയും അർഹനാണു്. തിരുഹൃദയത്തെ ആരാധിക്കുന്നതിലും അതിന്റെ വിനയത്തെ അനുകരിക്കുന്നതിലും അതിന്റെ നേരേയുള്ള ഭക്തിയെ പ്രചരിപ്പിക്കുന്നതിലും അദ്ദേഹം അദ്വിതീയനായിരുന്നു. അദ്ദേഹം മരിച്ചു മൂന്നു നൂറ്റാണ്ടുകഠം കഴിഞ്ഞശേഷം, വന്ദ്യയായ സെയിന്റു മേരിക്രോസ് ഇപ്രകാരം ഒരു ദർശനം അവർക്കുണ്ടായതായി വിവരിക്കുന്നു: "സെയിന്റു് ആൻറണിയുടെ പെരുന്നാളിനു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഠം ആ പുണ്യവാന്റെ ആത്മാവിനെ മാലാഖമാർ ക്രിസ്തുവിന്റെ പാദങ്ങളിലേക്കു കൊണ്ടുപോകുന്നതായി ഞാൻ കണ്ടു. ദിവ്യരക്ഷകൻ തന്റെ ഹൃദയത്തിലെ മുറിവു വിസ്താരമായി തുറന്നിട്ടുകൊടുത്തു. മറ്റു പ്രകാശങ്ങളെല്ലാം സൂര്യനിൽ ലയിക്കുന്നതുപോലെ സെയിന്റ് ആൻറണിയുടെ ആത്മാവു തേജോമയമായ ഈ ഹൃദയത്തിൽ നിലയിച്ചതായി എനിക്കു തോന്നി. യേശുവിന്റെ ഹൃദയത്തിൽ പുണ്യവാന്റെആത്മാവു് അതിന്റെ അറകളെയെല്ലാം പ്രകാശംകൊണ്ടു നിറയ്ക്കുന്ന ജാജ്വല്യമാനമായ ഒരു അമൂല്യരത്നംപോലെ കാണപ്പെട്ടു. അതിന്റെ വിവിധവർണ്ണങ്ങഠം

പുണ്യവാന്റെ സൽഗുണങ്ങളെ പ്രതിനിധീകരിച്ചു. യേശുവിന്റെ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന പ്രകാശസമൂഹത്തിൽ അവ അത്ഭുതകരമായ സൂക്ഷ്മാവൈശിഷ്ട്യത്തോടെ പ്രകാശിച്ചു. അനന്തരം യേശു തന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ഈ ഭീപ്തിമത്തായ രത്നത്തെ എടുത്തു തന്റെ സ്വർഗ്ഗീയപിതാവിനു കാഴ്ചവയ്ക്കുകയും ആ പിതാവു മാലാഖാമാരുടേയും പുണ്യവാന്മാരുടേയും പ്രശംസയ്ക്കു അതിനെ വിഷയീഭവിപ്പിക്കുകയും ചെയ്തു."

വന്ദ്യയായ ഈ സന്ന്യാസിനി സെയിൻറ് ആൻറണിയെ സ്വർഗ്ഗീയരാജാധിരാജന്റെ കിരീടത്തെ അലങ്കരിക്കുന്ന വിലതീരാത്ത രത്നങ്ങളിലൊന്നായി ദർശിക്കുകയും തന്റെ ആത്മാവിനെ പരമാനന്ദാബ്ധിയിൽ മുക്കിയ വാചാമഗോചരമായ ആ ദർശനത്തെ മനുഷ്യഭാഷയിൽ ചിത്രീകരിക്കുന്നതിനു ശ്രമിക്കുകയും ചെയ്തു- എന്നാൽ, ജീവിതസമരത്തിൽ ധീരധീരം പോരാടുന്നതായും, മനുഷ്യസാധാരണങ്ങളായ ബലഹീനതകൾക്കെല്ലാം വശഗനായി മനുഷ്യജീവിതത്തിലെ ക്ലേശഭാരങ്ങളാൽ അവനതനായി പലപ്പോഴും ആന്തരമായ തീവ്രവേദന അനുഭവിക്കുന്നതായും അദ്ദേഹത്തെ ധ്യാനിക്കുന്നതാണു നമുക്കു ഉചിതമായിരിക്കുന്നതു്.

സുവിശേഷങ്ങളെ പ്രചരിപ്പിച്ച ആ ധീരനായ ധർമ്മവീരൻ, മനുഷ്യനെ സത്യത്തിലേക്കും ധർമ്മത്തിലേക്കും ആകർഷിച്ച ആ അപ്പോസ്തലൻ, തന്റെ കൃത്യം നിർവ്വഹിച്ചുകഴിഞ്ഞു. ജീവിതത്തിന്റെ ഏറ്റവും അഭിരാമമായ ദശയിൽ—തന്റെ ആത്മശരീരശക്തികളും പരിപൂർണ്ണവികാസത്തെ പ്രാപിച്ച ആ ദശയിൽ—അദ്ദേഹം ചരമഗതിയെ പ്രാപിക്കാൻപോകുന്നു. സ്വർഗ്ഗം അദ്ദേഹത്തെ സ്വീകരിക്കുന്നതിനു് അതിന്റെ കവാടങ്ങളും തുറന്നിട്ടിരിക്കുന്നു. അദ്ദേഹത്തെ ധരിപ്പിക്കാനുള്ള മഹനീയമകുടം മാലാഖമാർ

ധൃതഗതിയായി സജ്ജീകരിക്കുന്നു. സ്വർഗ്ഗസ്ഥരായ പുണ്യാത്മാക്കൾ അദ്ദേഹത്തിനു സ്വാഗതമരുളാൻ സന്നദ്ധരായി നിൽക്കുന്നു. താൻ ഭരമേല്പിച്ചയച്ച സ്വർഗ്ഗീയദൌത്യം എത്രയും ഭംഗിയായും വേഗത്തിലും നിർവ്വഹിച്ചിട്ടു കൃതകൃത്യനായി വിജയശ്രീലാളിതനായി മടങ്ങിവരുന്ന ആ ധർമ്മവീരനെ യഥായോഗ്യം സ്വീകരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ സ്വർലോകനാഥൻ ചെയ്തുകഴിഞ്ഞിരിക്കുന്നു.

---

## അദ്ധ്യായം ൧൯.

മരണം; ശവസംസ്കാരം; പുണ്യപട്ടം.

ജൂൺ 13-ാംനു- ഉച്ചയ്ക്ക് അന്തോനി ഭക്ഷണംകഴിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്നു ദേഹത്തിനു് ഒരു തളർച്ചയുണ്ടായി. അദ്ദേഹത്തിന്റെ ക്രൂടെയുണ്ടായിരുന്ന സന്ന്യാസികൾ അദ്ദേഹത്തെ താങ്ങിയെടുത്തു മുന്തിരിവള്ളികൊണ്ടുണ്ടാക്കപ്പെട്ട അദ്ദേഹത്തിന്റെ കിടക്കയിൽ കിടത്തി. അദ്ദേഹത്തിനു മരണം വളരെ അടുത്തിരിക്കുന്നുവെന്നു് അറിയാമായിരുന്നു. തന്റെ അവസാനനിമിഷങ്ങൾ പാഴുവായിലെ ആശ്രമത്തിൽ കഴിച്ചുകൂട്ടണമെന്നു് ആഗ്രഹിക്കുകയാൽ, തന്നെ അവിടത്തേക്കു കൊണ്ടുപോകണമെന്നു് അദ്ദേഹം സഹചാരികളോടു് ആവശ്യപ്പെട്ടു. അവർ അദ്ദേഹത്തെ ഒരു വണ്ടിയിൽ കയറ്റി പാഴുവായിലേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ ക്ഷീണം വർദ്ധിക്കുകയാൽ പട്ടണത്തിന്റെ അതിർത്തിയിൽ അർസെലയിലുള്ള ക്ലാരാമഠത്തിൽ വിശ്രമിക്കുന്നതു് ആവശ്യമാണെന്നു കൂടെ ഉണ്ടായിരുന്നവർ അഭിപ്രായപ്പെടുകയാൽ അദ്ദേഹം അതിനു സമ്മതിച്ചു. ആ മഠംവ

ക അതിഥിമന്ദിരത്തിൽ അപ്പോഠം നാലു ഫ്റാൻസിസ്കൻ സന്യാസികഠം ഉണ്ടായിരുന്നു. അവരുടെ സഹകരണത്തോടുകൂടി അദ്ദേഹത്തെ സഹചാരികഠം അവിടെ കിടത്തി ശുശ്രൂഷിച്ചു. ക്ഷീണം ഒരുവിധം കുറഞ്ഞപ്പോഠം അദ്ദേഹം കമ്പസരിച്ചു. അദ്ദേഹം ആനന്ദഭരിതനായി മധുരവും സുസ്പഷ്ടവുമായ സ്വരത്തിൽ 'ഓല്ലോറിയോസാ, ഭോമിനാ' എന്ന തന്റെ ഏറ്റവും പ്രിയപ്പെട്ട മേരീസ്തവം പാടി. ചുറ്റുമുള്ളവർക്കു് അദൃശ്യമായിരുന്ന ഏതോ ഒന്നിൽ അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞിരുന്നു. അദ്ദേഹം നോക്കുന്നതെന്താണെന്നു് അവർ ചോദിച്ചു. "ഞാൻ എന്റെ ദൈവത്തെ കാണുന്നു" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ദുഃഖം നിറഞ്ഞ ശിശിരകാലം കഴിഞ്ഞിരിക്കുന്നുവെന്നും ആനന്ദവും സൗഭാഗ്യപൂർണ്ണവുമായ ഗ്രീഷ്മകാലം ഉടൻ ആരംഭിക്കാൻ പോകുന്നുവെന്നും അറിയിക്കാനായി അദ്ദേഹത്തിന്റെ ദിവ്യനാഥൻ വന്നിരുന്നതാണു്. മരണം വളരെ അടുത്തിരിക്കുന്ന ലക്ഷണങ്ങഠം കാണപ്പെട്ടു. അന്തിമാഭിഷേക (Extreme Unction)ത്തിനുള്ള സമയമായി. അഭിഷേകസമയത്തു് സഹോദരന്മാരോടുകൂടി അദ്ദേഹവും പ്രാർത്ഥനകളും സങ്കീർത്തനങ്ങളും ചൊല്ലി. അരമണിക്കൂർ നേരത്തേക്കു് അദ്ദേഹം സമാധിയിൽ കിടന്നു. അനന്തരം സമാധാനപൂർവ്വം ആത്മാവു് ദേഹവിയോഗംചെയ്തു. അദ്ദേഹം സുഖനിദ്ര ചെയ്യുന്നതായി തോന്നി. അദ്ദേഹത്തിന്റെ മുഖം സുമധുരരായ ഒരു മന്ദസ്മിതത്താൽ തേജോമയമായിരുന്നു.

ഇതു് സംഭവിച്ചതു 1231 ജൂൺ 13-ാംനു- വെള്ളിയാഴ്ച ഉച്ചതിരിഞ്ഞാണു്. അദ്ദേഹത്തിനു് അപ്പോഠം മുപ്പത്തേഴുവയസ്സായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തെന്നപോലെ മരണസമയത്തും,അതിനുശേഷവും അത്ഭുതങ്ങഠം ധാരാളമായിതുടർന്നു സംഭവിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രാണവിയോഗസമയത്തു്—ആ വൃത്താന്തത്തെ

പ്പറ്റി പാദുവാനഗരത്തിൽ അറിവുകിട്ടുന്നതിനുമുമ്പുതന്നെ, "പുണ്യവാൻ മരിച്ചുപോയി! പുണ്യവാൻ മരിച്ചുപോയി!!" എന്നു കുഞ്ഞുങ്ങൾ ക്രുദ്ധംക്രുദ്ധമായി ആ നഗരത്തിലെ തെരുവീഥികളിൽ നിലവിളിച്ചുകൊണ്ടു നടന്നു. അതേസമയത്തുതന്നെ അദ്ദേഹം തന്റെ സ്നേഹിതനായ വെർസലിയിലെ ആശ്രമാധിപനു പ്രത്യക്ഷനായി മന്ദസ്മിതത്തോടുകൂടി ഇങ്ങനെപറഞ്ഞു: —"ഞാൻ എന്റെ ഭാണ്ഡം പാദുവായിൽ ഇട്ടേച്ചു് എന്റെ വീട്ടിലേക്കു യാത്രയായിരിക്കുന്നു." ആശ്രമാധിപൻ വളരെ വിഷമിച്ച ഒരു കണ്ണുരോഗത്താൽ കഷ്ടപ്പെട്ടുകയായിരുന്നു. സെയിൻറ് ആൻറണി അദ്ദേഹത്തിന്റെ കണ്ണുത്തിൽ തൊടുകയും രോഗം നിശ്ശേഷം ശമിക്കുകയും ചെയ്തു.

പുണ്യവാന്റെ ശവം സംസ്കരിക്കേണ്ട സ്ഥലത്തെപ്പറ്റി പ്രമാദമായ ഒരു വഴക്കുണ്ടായി. അദ്ദേഹം സമാധിയടഞ്ഞ സ്ഥലത്തിന്റെ ഉടമസ്ഥരായ ക്ലാരാമഠക്കാർ അവരുടെ "കപ്പേള"യിൽ പുണ്യവാന്റെ ശരീരം നിക്ഷേപിക്കേണ്ടതാണെന്നു വാദിച്ചു. ഫ്രാൻസിസ്കൻസംഘക്കാരുടെ വകയായി പാദുവായിലുള്ള സെയിൻറ് മേരീസ് ആശ്രമത്തിലെ സന്ന്യാസികൾ, സ്ഥിരമായി തങ്ങളുടെ ആശ്രമവാസിയായിരുന്ന അദ്ദേഹത്തിന്റെ പ്രേതം സംസ്കരിക്കപ്പെടേണ്ടതു തങ്ങളുടെ ആശ്രമംവകപള്ളിയിലാണെന്നു ന്യായമായി എതിർവാദംചെയ്തു. പരേതൻ പ്രത്യക്ഷപ്പെട്ടുത്തിയിരുന്ന ആഗ്രഹവും മെത്രാന്റെയും നഗരാധിപന്റെയും തീരുമാനവും സന്ന്യാസികൾക്കനുകൂലമായിരുന്നു. ആർസലായിലെ ജനങ്ങൾ ക്ലാരാകന്യാസ്ത്രീകളെയും പാദുവായിലെ ജനങ്ങൾ ഫ്രാൻസിസ്കൻസന്ന്യാസികളെയും സഹായിക്കാൻ തയാറായി. മേലധികാരികളുടെ തീച്ച് സന്ന്യാസികൾക്കനുകൂലമായിരുന്നെങ്കിലും ക്ലാരാമഠക്കാരും ആർസലായിലെ നജങ്ങളും പ്രേതം മാറിക്കൊണ്ടുപോകുന്നതിനു സന്ന്യാസി

കളെ അനുവദിച്ചില്ല. ഈ തക്കംനിമിത്തം നാലുദിവസം പ്രേതം സംസ്കാരിക്കാതെ സൂക്ഷിക്കേണ്ടിവന്നു. ഈ ദിവസങ്ങളിൽ ക്ലാരാമഠത്തിന്റെ അതിഥിമന്ദിരത്തിനു മുമ്പാകെയും പരിസരങ്ങളിലും വന്നുകൂടിയ ജനക്രൂട്ടത്തിനും അവരുണ്ടാക്കിയ ബഹളത്തിനും അതിരില്ലായിരുന്നു. പുണ്യവാന്റെ മൃതശരീരത്തെ കാണുന്നതിനും, കഴിയുമെങ്കിൽ ഒന്നു തൊടുന്നതിനും ഉൽക്കണ്ഠിതരായി പാദുവായിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നും വന്നു തിങ്ങിയ ഭക്തരായ ജനങ്ങൾക്ക് അവിടെയെങ്ങും നിൽക്കാൻപോലും സ്ഥലം മതിയായില്ല. നാലാമത്തെ ദിവസം ഫ്രാൻസിസ്കൻസംഘത്തിന്റെ പ്രൊവിൻഷ്യൽ സ്ഥലത്തുവന്നു. അദ്ദേഹത്തിന്റെ ഉപദേശത്തിനും അപേക്ഷയ്ക്കും വശംവദരായി, ക്ലാരാമഠക്കാരും അവരുടെ പാശ്ചാത്തികളും അവരുടെ തക്കം പിൻവലിച്ചു. എല്ലാവരും യോജിച്ച് അടുത്ത ദിവസം ശവസംസ്കാരകർമ്മം നടത്തുന്നതിനു തീർച്ചപ്പെടുത്തി.

ജൂൺ 17-ാംനു- ചൊവ്വാഴ്ച ശവസംസ്കാരകർമ്മം നടന്നു. പുണ്യവാന്റെ ശരീരം സംസ്കാരത്തിനായി ആർസെലായിൽ നിന്നു പാദുവായിൽ സെയിൻറു മേരീസ് ആശ്രമത്തിലേക്കു കൊണ്ടുവന്നതിനെസംബന്ധിച്ച ഘോഷയാത്രയുടെയും ശവസംസ്കാരം സംബന്ധിച്ച ഇതരചടങ്ങുകളുടെയും പ്രൌഢിയും ഗാംഭീര്യവും വർണ്ണനാതീതമായിരുന്നു. പാദുവായിലെ നഗരാധിപനും ഉദ്യോഗസ്ഥപ്രമാണികളും പൊതുജനനേതാക്കന്മാരും മൃതശരീരത്തെ തങ്ങളുടെ തോളിലെടുത്തു. മെത്രാനും, വൈദികരും സന്ന്യാസികളും, അസംഖ്യം ജനങ്ങളും യഥാക്രമം അവരെ അനുഗമിച്ചു. എല്ലാവരും, അക്കാലത്തെ പതിവനുസരിച്ചു, കത്തിച്ച മെഴുകുതിരികളും കരങ്ങളിൽ വഹിച്ചും സങ്കീർത്തനങ്ങളും പാടിയും മന്ദംമന്ദം മുമ്പോട്ടു നടന്നു. ഈ യാത്രയിൽ വളരെ അത്ഭുതങ്ങളും സംഭവിച്ചു. കൂടുതൽ, ചെകിടർ, പൂ

ക്ഷപാതരോഗികൾ ഇങ്ങനെ എല്ലാത്തരം തീരാവ്യാധിക്കാരും പരേതനായ സിഞ്ഞൊറെ സഹായം അപേക്ഷിക്കുകയും "അദ്ദേഹത്തിന്റെ പ്രേതപ്പെട്ടിയിൽ തൊട്ടവരെല്ലാം സുഖം പ്രാപിക്കുകയും ചെയ്തു." ശവസംസ്കാരം സംബന്ധിച്ച പൂജയും മറ്റു കർമ്മങ്ങളും മെത്രാൻതന്നെ ചെയ്തു.

സംസ്കാരകർമ്മങ്ങൾ പൂർത്തിയായ സമയംമുതൽ തീർത്ഥയാത്രക്കാർ കൂട്ടംകൂട്ടമായി പുണ്യവാന്റെ ശവകുടീരം സന്ദർശിക്കുന്നതിനായി വന്നുതുടങ്ങി. അത്ഭുതകരങ്ങളായ അനവധി രോഗശമനങ്ങൾ അവിടെ അനുദിനം നടന്നുകൊണ്ടിരുന്നു. പാദുവായിലെ മെത്രാൻ ഈ പുണ്യാത്മാവായ അത്ഭുതപ്രവർത്തകനെ ഉടനടി പുണ്യവാനായി നാമകരണം ചെയ്യേണ്ടതാണെന്നു മാർപാപ്പായെ ഉണർത്തിച്ചു. ആദിമ ക്രൈസ്തവസഭയിലെ അത്ഭുതങ്ങളുടെ പുനരുദ്ദീപനം എന്നു തോന്നത്തക്കവണ്ണം പാദുവായിൽ നടക്കുന്ന അത്ഭുതസംഭവങ്ങളെപ്പറ്റി കേട്ടപ്പോൾ ഗ്രിഗരി നവമൻ വളരെ സന്തോഷിച്ചു. ഈ സംഗതിയെപ്പറ്റി ഔദ്യോഗികമായ അന്വേഷണം നടത്തുന്നതിന് അദ്ദേഹം ഉടനടി ഏർപ്പാടുചെയ്തു. അതിനായി രണ്ടു അപ്പസ്തോലിക്ക് കമ്മീഷൻ ഏർപ്പെടുത്തപ്പെട്ടു. ഒരു കമ്മിഷന്റെ ആസ്ഥാനം പാദുവായിലും മറേതിൻറതു റോമിലും ആയിരുന്നു. ആ പര്യന്വേഷണം ഏകദേശം ആറുമാസം തുടർന്നു നടന്നു. അദ്ദേഹം മരിച്ചു ഒരുവർഷം തികയുന്നതിനുമുമ്പ് 1232-മെയ് 30-ാംനു മാർപ്പാപ്പാ പുണ്യപട്ടം സംബന്ധിച്ച വിധി പ്രസ്താവിച്ചു. അതിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: —"സാർവ്വത്രികമായ തിരുസഭയിലെ മഹാനായ അത്ഭുതപ്രവർത്തകനും അനുഗൃഹീതനുമായ അന്തോനിയുടെ വിസ്മയനീയവും വിശുദ്ധവുമായ ജീവിതത്തിനു നാം തന്നെസാക്ഷിയായിരിക്കുകയും, സ്വർലോകത്തു പ്രതാപമഹിമകളാൽ പരിശോഭിതനായിരിക്കുന്ന ഒരാളിന് അദ്ദേഹം ഇഹലോകത്തു നൽകു

ക്കുന്ന ബഹുമതി നൽകാതിരിക്കുന്നതു് അനുചിതമായി നാം വിചാരിക്കുകയും ചെയ്കയാൽ, നമ്മുടെ സഹോദരന്മാരായ കർത്തിനാളന്മാരോടു യഥാവിധി ആലോചിച്ചശേഷം നമ്മുടെ ശ്ലൈഹികാധികാരത്തെ ആധാരമാക്കി അദ്ദേഹത്തിന്റെ നാമം പുണ്യവാന്മാരുടെ പട്ടികയിൽ രേഖപ്പെടുത്തുന്നതു സമഞ്ജസമാണെന്നു നാം അഭിപ്രായപ്പെടുന്നു;" മരണശേഷം ഇരുപതു ചുരുങ്ങിയ കാലത്തിനുള്ളിൽ കത്തോലിക്കരുടെ ഒരാളിനു പുണ്യപട്ടം കൊടുക്കുകയെന്നുള്ള സംഭവം ഇതിനു മുമ്പും പിമ്പും ഒരിക്കലും ഉണ്ടായിട്ടില്ല.

ഈ പുണ്യപട്ടം സംബന്ധിച്ചും അത്ഭുതം നടക്കാതിരുന്നില്ല. ആ സമയത്തു മാർപാപ്പാ സ്പൊലേറെറായിലായിരുന്നതുകൊണ്ടു് അവിടെവച്ചാണു് ആ കർമ്മം നടത്തപ്പെട്ടതു്. അതിനെ സംബന്ധിച്ചുള്ള ആഘോഷങ്ങൾ അവിടെ നടന്നുകൊണ്ടിരുന്നപ്പോൾ എന്തെന്നില്ലാത്ത ഒരാനന്ദം ലിസ്ബൺനഗരമൊട്ടുക്കു വ്യാപിച്ചു. ആ നഗരത്തിലെ മണികർ താനെ അടിച്ചുതുടങ്ങി. ഏതാനും ദിവസങ്ങൾ കഴിഞ്ഞു പുണ്യപട്ടത്തെപ്പറ്റിയുള്ള വർത്തമാനം ലിസ്ബണിലെത്തിയപ്പോഴാണു് ആശ്ചര്യഭരിതരായ അവിടത്തെ ജനങ്ങൾ സംഗതി മനസ്സിലാക്കിയതു്. പുണ്യപട്ടസുദിനത്തിൽ സ്പൊളേറെറായിലെ മണികർ അടിച്ച സമയത്തായിരുന്ന പുണ്യവാന്റെ സ്വദേശമായ ലിസ്ബണിലെ മണികളും അത്ഭുതകരമായി മാലാഖമാരാൽ അടിക്കപ്പെട്ടതു്. പുണ്യപട്ടം സംബന്ധിച്ച ആഘോഷങ്ങൾ സ്പൊളേറെറായിൽ മാത്രമല്ല, പുണ്യവാൻ സഞ്ചരിച്ചു ധർമ്മപ്രചാരണംചെയ്ത തൂലൂസു്, ലിമോജസു്, ഫെരാറാ, ബെലോണാ മുതലായ ഇതരസ്ഥലങ്ങളിലും വളരെ മോടിയായി നടന്നു. എന്നാൽ അദ്ദേഹത്തിന്റെ സ്വദേശമായ നഗരത്തിലും അദ്ദേഹത്തിന്റെ ശരീരാവശിഷ്ടങ്ങൾ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന നഗരത്തിലും നടന്ന ആ

ഘോഷങ്ങളും ഇവയേഎല്ലാം അതിവർത്തിച്ചിരുന്നു. പാദുവായിൽ ഇതിനെ സംബന്ധിച്ച ആഘോഷം നടന്നതു് അദ്ദേഹത്തിന്റെ മരണത്തിന്റെ പ്രഥമവാർഷികദിനമായ 1232 ജൂൺ 13-ാംനു- ആയിരുന്നു. അന്നത്തെ ആഘോഷങ്ങളും ജനങ്ങളുടെ സന്തോഷാതിശയവും വർണ്ണിക്കുക അസാധ്യം തന്നെയാണു്. അവിടത്തെ ഭരണസമിതി അദ്ദേഹത്തിന്റെ ശരീരം സംസ്കരിക്കപ്പെട്ടിരിക്കുന്ന സ്ഥാനത്തു് അതിനനുരൂപമായ ഒരു സ്മാരകം സ്ഥാപിക്കണമെന്നു അന്നുതന്നെ തീരുമാനിച്ചു. ആ തീരുമാനത്തിന്റെ ഫലമായി സ്ഥാപിക്കപ്പെട്ട ദേവാലയം ഇറ്റലിയിലെ, അല്ല, യൂറോപ്പിലെ ഏറ്റവും സുന്ദരവും പ്രൌഢവുമായ മഹാപ്രാസാദങ്ങളിലൊന്നായി ഇന്നും പരിലസിക്കുന്നു.

ഏതാദ്ദശങ്ങളായ ആഘോഷങ്ങളും ലിസ്ബൺപട്ടണത്തിലും നടന്നു. സെയിൻറു് ആൻറണിയുടെ കുടുംബാംഗങ്ങൾക്കു് എല്ലാവക്കും ഈ ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിനുള്ള അനന്യലഭ്യമായ ഭാഗധേയം സിദ്ധിച്ചു. അദ്ദേഹത്തിന്റെ രണ്ടു സഹോദരിമാരും മാതാപിതാക്കന്മാരും പ്രസ്തുത ആഘോഷങ്ങളിൽ ഭാഗഭാക്കുകളായിരുന്നു. തന്റെ സ്വദ്ദീയസംരക്ഷകരുടെ ക്രുത്തിൽ സ്വപുത്രനെ പരിഗണിക്കുന്നതിനും ആ പുത്രൻ ഭ്രൂഗോളത്തെ സകല ജാതിക്കാരാലും സംപൂജ്യനായി കാണുന്നതിനും സംഗതിയായ ആ മാതാവു് എത്ര സൌഭാഗ്യവതി! ദൈവത്താൽ ഇത്രദ്ദശ്യമായ വിധത്തിൽ അനുഗ്രഹിതമായ ആ കുടുംബത്തിന്റെ ഭാഗ്യത്തെപ്പറ്റി എന്തുപറയേണ്ടൂ! മകന്റെ മഹിമ മാതാവിലും പ്രതിഫലിച്ചു. ത്രേസ്യാതവേരായുടെ ശവകുടീരത്തിൽ സ്മാരകവാക്യമായിട്ടു്

"Hic Jacet Mater St. Antonie."

"പുണ്യവാനായ അന്തോനിയുടെ അമ്മ ഇവിടെ ശയിക്കുന്നു" എന്ന അഞ്ചു പദങ്ങളും മാത്രം ലേഖനം ചെയ്യു

പ്പെട്ടിട്ടുണ്ട്. അഞ്ചു വശങ്ങളൊ അഞ്ചു വാല്യങ്ങളൊ നിറ ച്ചു ശ്ലാഘനീയങ്ങളും സ്മരണീയങ്ങളുമായ അപദാനങ്ങളും ശ്രേഷ്ഠഗുണങ്ങളുംഎഴുതിപ്പിടിപ്പിച്ചിരുന്നാലുംഅവ ഈ അ ഞ്ചു ലളിതപദങ്ങളോളം അത്ഥഗർഭമോ സ്മരണാർഹമോആ യിരിക്കയില്ല. ഈ സൌഭാഗ്യവതിയായ മാതാവിന്റെ ശ രീരാവശിഷ്ടങ്ങൾ ലിസ്സൽമെത്രാനായ ജോണിന്റെ കല്പന പ്രകാരം 1483.ൽ സെയിൻറ് വിൻസൻറ് സാശ്രമത്തി ലെ കപ്പേളയിൽ മാറ്റി സ്ഥാപിക്കപ്പെട്ടു. ഈയിടെയാ ണു് പോർട്ടുഗീസുകാരനായ ഒരു സുപ്രസിദ്ധ പുരാണവസ്തു പിശോധകൻ ഇതു കണ്ടുപിടിച്ചതു്.

പുണ്യവാന്റെ ചാർച്ചക്കാരുടെ ക്രൂത്തിൽ അദ്ദേഹ ത്തിന്റെ ആത്മീയബന്ധുക്കളായ അഗസ്റ്റീന്യൻ സന്യാസി കളും ഉൾപ്പെടുന്നുണ്ടു്. ഫ്റാൻസിസ്കൻസംഘത്തിൽ ചേരുന്നതിനായി അദ്ദേഹം അവരുടെ ആശ്രമംവിട്ട അവ സരത്തിൽ അവർ അതൃപ്തിയും നീരസവും പ്രകടിപ്പിച്ചിരു ന്നു. "ഞാൻ ഒരു പുണ്യവാനായിരിക്കുന്നുവെന്നു നിങ്ങൾ കേൾക്കുമ്പോൾ നിങ്ങൾ ദൈവത്തെ സ്തുതിക്കും" എന്നു് അദ്ദേഹം അവരോടു് അന്നു പറഞ്ഞുതു ഒരു ഭീർഘദർശ നംതന്നെ ആയിരുന്നു. അദ്ദേഹം ഒരു പുണ്യവാനാണെന്നു അറിഞ്ഞപ്പോൾ അവർ സംതൃപ്തരായി. അദ്ദേഹത്തെ പു കഴ്ത്തുകയും വാഴ്ത്തുകയും ചെയ്യുന്നതിൽ അവർ ഫ്റാ ൻസിസ്കൻസന്യാസികളുടെ പിന്നിൽ ആയിരുന്നില്ല. അ ന്നുമുതൽ ഈ രണ്ടു സംഘക്കാരും പൂർവ്വാധികം സാഹോദര്യ ത്തോടും മൈത്രിയോടുംകൂടി വർത്തിച്ചുവരുന്നു. വർഷംതോ റും ജൂൺ 13-ാംനു- സന്തക്രൂസ്സാശ്രമത്തിലെ ഒരു വൈദി കൻ ഒലിവാർസ്സിലെ ഫ്രാൻസിസ്കൻആശ്രമത്തിൽ ന മ്മുടെ പുണ്യവാന്റെ ഗുണഗണങ്ങളെ വിസ്തരിച്ചു പ്രസം ഗിക്കുകയും അന്നു് ആശ്രമത്തിലെ സകല ചടങ്ങുകളിലും ആധ്യക്ഷ്യം വഹിക്കുകയും ചെയ്തുവരുന്നു. ഫ്റാൻസിസ്കൻ

സംഘത്തെ അലംകരിക്കുന്ന ഏറ്റവും തേജോമയങ്ങളായ രത്നങ്ങളിലൊന്നിനെ പ്രദാനംചെയ്തു സന്തക്രൂസ്സാശ്രമമാണെന്നു ഈ നടവടി എല്ലാ തലമുറകളെയും അനുസ്മരിപ്പിക്കുന്നു.

ഫ്റാൻസിൽ സെയിൻറു ആൻറണിയോടുള്ള ഭക്തി ഇറ്റലിയിലും പോർട്ടുഗല്ലിലും ഉള്ളതിൽനിന്നു ഒട്ടും കുറവല്ല. ബ്രീവു്, അപ്റ്റു, കൃജസ്സു്, ബോർജസ്സു് എന്നീസ്ഥലങ്ങൾ പ്രസ്തുത ഭക്തിക്കും തീർത്ഥയാത്രയ്ക്കും സുപ്രസിദ്ധങ്ങളാണു് ഫ്റാൻസിലെ ജനങ്ങൾ പുണ്യവാനോടുള്ള ഭക്തിയെപലവിധത്തിൽപ്രകാശിപ്പിക്കുന്നു. കൃഷിക്കാർ നല്ല വിളവുണ്ടാകുന്നതിനായി അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നു. മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ അദ്ദേഹത്തിനായി സമർപ്പിക്കുന്നു. തങ്ങളുടെ കുഞ്ഞുങ്ങൾക്കു അദ്ദേഹത്തിൻെറ പ്രത്യേകസംരക്ഷണവും സഹായവും ഉണ്ടാകണമെന്നു ആഗ്രഹിക്കുന്ന മാതാപിതാക്കന്മാർ, സമർപ്പിക്കപ്പെട്ടുന്ന ശിശുവിൻെറ തൂക്കംവരുന്ന ധാന്യം ധർമ്മംചെയ്യാമെന്നു പ്രതിജ്ഞചെയ്യുന്നു. ശിശുയോഗ്യമായ വിശ്വാസത്തെയും ശുദ്ധതയേയും ദ്യോതിപ്പിക്കുന്ന് ഈ ഭക്ത്യനുഷ്ഠാനങ്ങളെയെല്ലാം മെത്രാന്മാർ അനുവദിച്ചിട്ടുണ്ടു്. കൃജസ്സിൽ (റോൺ നദീതീരത്തുള്ള ഒരു ചെറിയ പട്ടണം) പുണ്യവാൻെറ തലയോട്ടി ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ബോർജസ്സിൽ (1225-ൽ കർബാനയെ സംബന്ധിച്ച അത്ഭുതം നടന്ന സ്ഥലം) മൂന്നു അവശിഷ്ടങ്ങൾ ഇരിപ്പുണ്ടു്.

# അദ്ധ്യായം ൨൧.

## അനന്തസന്ദേശം.

പുണ്യവാന്റെ മരണശേഷം നടന്നതായി രേഖപ്പെട്ടത്തപ്പെട്ടിട്ടുള്ള അത്ഭുതങ്ങളിൽ അഞ്ചെണ്ണം മരിച്ചുപോയവരുടെ പുനരുജ്ജീവനം സംബന്ധിച്ചുള്ളവയാണു്. അവയിൽ രണ്ടു് പുണ്യപട്ടം സംബന്ധിച്ച പയ്യ്നേവണസന്ദർഭത്തിൽ രേഖപ്പെട്ടതാകുന്നു. പാദുവായുടെ സമീപത്തു യൂറീലിയാ എന്നു പേരായ ഒരു പെൺകുട്ടി ഒരു കുളത്തിൽ മുങ്ങിച്ചത്തുപോയി. ദുഃഖവിവശയായ മാതാവു് അന്തോനിയുടെ ശവകുടീരത്തിൽ ഒരു തീർത്ഥയാത്ര പോകാമെന്നു നേർന്നു ഉടൻ കുട്ടി പുനർജ്ജീവിച്ചു. അതുപോലെതന്നെ ഫെരാറായ്ക്കടുത്തു കുമാക്ലിയാ എന്ന സ്ഥലത്തു് ഒരു പിതാവു് അന്തോനിയോടു പ്രാർത്ഥിച്ചതിന്റെ ഫലമായി കായലിൽവീണു മുങ്ങിച്ചത്തുപോയ തന്റെ കുട്ടി വീണ്ടും ജീവിച്ചു. പാദുവായിലും ഇത്തരം ഒരത്ഭുതം നടന്നു. അവിടെ സെയിൻറു് ആൻറണിയുടെ പള്ളിക്കു സമീപം തോമാസീനൊ എന്നു പേരായ ഒരുഞണ്ടുകുട്ടി ഒരു കുളത്തിൽ മുങ്ങിമരിച്ചു. കുട്ടിയുടെ അമ്മ അവന്റെ തൂക്കത്തിനു സമമായ ധാന്യം സാധുക്കൾക്കു കൊടുക്കാമെന്നു സെയിൻറു് ആൻറണിയോടു നേർന്നു. ഉടനടി തോമാസീനൊ കണ്ണു തുറന്നു് അമ്മയെ ആലിംഗനംചെയ്തു.

ററ്റെവീസൊ എന്ന സ്ഥലത്തു് ഒരു വിറകുവെട്ടുകാരന്റെ ഏകപുത്രൻ മരിച്ചുപോയി. അവന്റെ മൃതശരീരം സംസ്കരിക്കുന്നതിനായി ശവപ്പെട്ടിയിൽ വയ്ക്കുന്നതിനു പിതാവു് ഒരുവിധത്തിലും സമ്മതിക്കുകയില്ല. അവൻ ആത്മീയമദ്ധ്യസ്ഥനായി സ്വീകരിച്ചിരുന്ന സെയിൻറു് ആൻറ

ണി അവന്റെ സങ്കടത്തിനു പരിഹാരമുണ്ടാക്കുമെന്നു് അവനു പൂർണ്ണവിശ്വാസമായിരുന്നു. അവൻ പ്രേതവുംവച്ചുകാത്തിരുന്നു. ചുറ്റുമുള്ളവരുടെ പരിഹാസത്തിനു് അവന്റെ വിശ്വാസത്തെ ഇളക്കാൻ സാധിച്ചില്ല. അയാളുടെ ഈ സുസ്ഥിരമായ വിശ്വാസത്തിനു ശരിയായ സമ്മാനം ലഭിച്ചു: മൂന്നാംദിവസം വൈകുന്നേരം മരിച്ചുപോയ യുവാവു പുനരുജ്ജീവിതനായി ഓടിയെഴുന്നേറ്റു.

അഞ്ചാമത്തെ പുനരുജ്ജീവനം അന്തോനിയുടെ സ്വന്തം കുടുംബത്തിൽത്തന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ സഹോദരിയായ ഡോണാ ഫെസിലിയാനായുടെ അഞ്ചു വയസ്സുള്ള മകൻ അപ്പാരിഷിയൊ വെള്ളത്തിൽ വീണു മരിച്ചു്, മൂന്നു മണിക്കൂർകഴിഞ്ഞാണു പ്രേതം കണ്ടുകിട്ടിയതു്. കുട്ടിയുടെ മാതാവു സ്വസഹോദരനോടപേക്ഷിക്കുകയും കുട്ടി ജീവിക്കുകയാണെങ്കിൽ അവനെ ഫ്രാൻസിസ്കൻസംഘത്തിൽ ചേർക്കാമെന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്തു. ആ പ്രാർത്ഥന സഫലമായി. കുട്ടി പുനർജ്ജീവിക്കുകയും, മാതാവിന്റെ നേർച്ചയനുസരിച്ചു, യഥാകാലം ഫ്രാൻസിസ്കൻ സംഘത്തിൽ ചേരുകയും ചെയ്തു.

1256 ജൂൺ 20-ാംനു- സെയിന്റു് ആന്റണി പാദുവാനഗരത്തെ ദുഷ്ടനായ എസ്സലീനോയുടെ ആക്രമണത്തിൽനിന്നും അടിമത്തത്തിൽ നിന്നും അത്ഭുതകരമായി സംരക്ഷിച്ചു. അന്നുമുതൽ ജൂൺ 20-ാംനു- ഒരു സുദിനമായി പാദുവാനഗരവാസികൾ ആഘോഷപൂർവ്വം കൊണ്ടാടുന്നു.

1263-ൽ പുണ്യവാന്റെ അവശിഷ്ടങ്ങൾ അദ്ദേഹത്തിന്റെ സ്മാരകമായി സ്ഥാപിക്കപ്പെട്ട ദേവാലയത്തിൽ മാറ്റി പ്രതിഷ്ഠിക്കുന്നതിനായി ശവകുടീരം തുറക്കപ്പെട്ടു. ഫ്രാൻസിസ്കൻസംഘത്തിന്റെ അന്നത്തെ അ

ധിപതിയായിരുന്ന സെയിൻറ് ബനവാന്തർ ആയിരുന്ന ഏ പ്രിൽ 7-ാംതീയതി ആ കമ്മം നടത്തിയതു്. മാംസം മുഴ വനും ദ്രവിച്ചുകഴിഞ്ഞിരുന്നു. നാക്കു മാത്രം ഒരു കേടും പ റ്റാതെ, ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻറെതുപോലെത ന്നെ കാണപ്പെട്ടു. അത്ഭുതവിവശനായ ആ വേദശാസ്ത്ര പാരംഗതൻ നാക്കു കൈയിലെടുത്തു് ആദരപൂർവം ചുംബി ച്ചിട്ടു് ഇങ്ങനെ ഉദ്ഘോഷിച്ചു: "ഓ, അനുഗൃഹീതമായ നാവേ, ദൈവത്തെ അനവരതം പുകഴ്ത്തിയതും അദ്ദേഹ ത്തെ വാഴ്ത്തുന്നതിനു മറ്റുള്ളവരെ പഠിപ്പിച്ചതുമായ നീ അദ്ദേഹത്തിൻറെ ദൃഷ്ടിയിൽ എത്ര അമോഘമാണെന്നു ഞ ങ്ങളിപ്പോൾ വ്യക്തമായിക്കാണുന്നു!" അദ്ദേഹം അതിനെ നഗരാധികാരികളെ ഏല്പിക്കുകയും അവർ ഒരു സ്വർണ്ണപ്പാ ത്രത്തിൽ അതിനെ സ്വീകരിക്കുകയും ചെയ്തു.

1617-ൽ ബെലോണായിൽ സന്താനമില്ലാതെ സ ങ്കടപ്പെട്ട ഒരു സ്ത്രീ സന്താനലാഭത്തിനായി പുണ്യവാനോടു പ്രാർത്ഥിച്ചു. ഒരു രാത്രി പുണ്യവാൻ അവൾക്കു സ്വപ്ന ത്തിൽ പ്രത്യക്ഷപ്പെട്ടു് ഇങ്ങനെ പറഞ്ഞു:—"അടുത്തടുത്തു ള്ള ഒമ്പതു ചൊവ്വാഴ്ച ഇടവിടാതെ ഫ്രാൻസിസ്കൻസന്യാ സികളുടെ പള്ളിയിൽ പോകുകയും കുർബാന സ്വീകരിക്കു കയും ചെയ്യുക; നിൻറെ പ്രാർത്ഥന സാധിക്കും." ഈ ഉപ ദേശം അവൾ ഏറ്റവും ഭക്തിപൂർവം അനുവർത്തിക്കുകയും അവൾക്കു സന്താനലാഭമുണ്ടാകുകയും ചെയ്തു. എന്നാൽ കുട്ടിക്കു മനുഷ്യരൂപം ഒട്ടുമില്ലായിരുന്നു. അതു രൂപംകെട്ട ഒരു മാംസപിണ്ഡമായിരുന്നു. പുണ്യവാൻ തന്നെ ഇതു ത്തോളം നിർഭ്ഭയമായി നിരാശപ്പെട്ടതുമൊന്നു് അവൾ ഒട്ടും വിശ്വസിച്ചില്ല. പൂർണ്ണവിശ്വാസത്തോടുകൂടി അവൾ കു ഞ്ഞിനെ സെയിൻറ് ആൻറണിയുടെ ബലിപീഠത്തിലേ ക്കു കൊണ്ടുപോയി. ആ വിരൂപമാംസപിണ്ഡം ബലിപീ ഠത്തിൽ തൊട്ടമാത്രയിൽ അതു ഏറ്റവും അഴകുള്ള ഒരു ശി

ശ്രുവായി രൂപാന്തരീഭവിച്ചു. സെയിൻറ് ആൻറണിയെ അധികരിച്ചുള്ള 'ഒമ്പതു—ചൊവ്വാഴ്ച—ഭജനത്തിൻെറ' ആരംഭം ഈ അത്ഭുതസംഭവമാകുന്നു: അദ്ദേഹത്തിൻെറ ചരമത്തിയതിയെ ആസ്പദമാക്കി അതു് ഇപ്പോൾ 'പതിമൂന്നു—ചൊവ്വാഴ്ച—ഭജന'മായി പരിണമിച്ചിട്ടുണ്ടു്.

1729.ൽ ആൻറണിയൊ ഡാൻറി എന്ന പേരായ ഒരു സ്പാനിഷ് കച്ചവടക്കാരൻ തെക്കേഅമേരിക്കയിൽ പോയി അവിടെ പെറുവിൽ ലീമാ എന്ന സ്ഥലത്തു കച്ചവടം ചെയ്തു താമസിക്കുകയായിരുന്നു. അയാളുടെ ഭാര്യയായ ഫ്രാൻസേസു് ഭർത്താവിനു് അനേകം കത്തുകൾ അയച്ചിട്ടും മറുപടി കിട്ടായ്കയാൽ വളരെ വ്യസനിച്ചു. ദുഃഖഭരിതയായി ഒരു ദിവസം അവൾ ഒവിയേദോയിൽ സെയിൻറ് ഫ്രാൻസിസ്സിൻെറ പള്ളിയിൽ പോയി, അവിടെയുണ്ടായിരുന്ന സെയിൻറ് ആൻറണിയുടെ പ്രതിമയുടെ കരങ്ങളിൽ ഭർത്താവിനായി എഴുതിയ ഒരെഴുത്തുവച്ചിട്ടു് ഇപ്രകാരം പറഞ്ഞു: "പുണ്യവാനായ അന്തോനിയെ, ഈ എഴുത്തു അദ്ദേഹത്തിനു് എത്തിക്കുകയും വേഗം എനിക്കൊരു മറുപടിവാങ്ങിത്തരുകയും ചെയ്യണമെന്നു ഞാൻ അങ്ങയോടപേക്ഷിക്കുന്നു". അടുത്തദിവസം അവൾ വീണ്ടും ആ പ്രതിമയെ സന്ദർശിച്ചപ്പോൾ അതിൻെറ കൈയിൽ ഒരെഴുത്തിരിക്കുന്നതു് അവൾ കണ്ടു. അതു തലേദിവസം അവൾ അവിടെ വച്ചതാണെന്നു വിശ്വസിച്ചു് അവൾ കരഞ്ഞുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "എൻെറ പുണ്യവാനെ, എൻെറ ഭർത്താവിനു ഞാൻ എഴുതിയഎഴുത്തു ഞാൻ അപേക്ഷിച്ചതുപോലെ അദ്ദേഹത്തിനയയ്ക്കാതെ അങ്ങു് ഇപ്പോഴും കൈയിൽ വച്ചേക്കുന്നതെന്തു്? ഹാ, അങ്ങു് എൻെറ പ്രാർത്ഥന കേൾക്കുന്നില്ല; എൻെറ വൈഷമ്യത്തിൽ അങ്ങു് എന്നെ ആശ്വസിപ്പിക്കുന്നില്ല!" ഇതു കണ്ടുകൊണ്ടു വന്ന ഒരു സന്യാസി അവളുടെ ഈ അപാരമായ സങ്കടത്തിൻെറ കാരണമെന്താണെന്നറി

യാതെ അവളോട് വിവരം ചോദിച്ചറിഞ്ഞു. അദ്ദേഹം പ്രതിമയുടെ കൈയിൽഇരുന്ന എഴുത്തെടുക്കുന്നതിനു ശ്രമിച്ചിട്ടു സാധിച്ചില്ല. അവർക്കു് അതു നിഷ്പ്രയാസം എടുക്കാൻ കഴിഞ്ഞു- അവർ എഴുത്തെടുത്തപ്പോൾ മുന്നൂറു സ്വർണ്ണനാണയങ്ങൾ പ്രതിമയുടെ കൈയിൽനിന്നു് അവളുടെ പാദത്തിൽ വീണു. സന്യാസി ആശ്രമത്തിൽ ഓടിപ്പോയി ഈ അത്ഭുതം കാണുന്നതിനായി ആശ്രമവാസികളെയെല്ലാം വിളിച്ചുകൊണ്ടുവന്നു. അവരുടെയെല്ലാവരുടെയും മുമ്പാകെവച്ചു് എഴുത്തു തുറന്നു വായിച്ചു. അതു് ഇപ്രകാരമായിരുന്നു:

ലീമാ,

ജൂലായി 23, 1729.

എന്റെ പ്രിയഭാര്യയ്ക്കു, — ഏറെക്കാലമായി ഞാൻ നിന്നിൽനിന്നു് ഒരെഴുത്തു കാത്തുകാത്തിരിക്കയായിരുന്നു. നിന്നിൽനിന്നു യാതൊരു വിവരവും അറിയാൻ സാധിക്കാഞ്ഞതുകൊണ്ടു ഞാൻ വളരെ വിഷമിച്ചിരുന്നു. ഒടുവിൽ നിന്റെ എഴുത്തു വന്നു കിട്ടി, വളരെ സന്തോഷമായി. ഫ്രാൻസിസ്കൻസംഘത്തിലെ ഒരു് അച്ഛനായിരുന്ന അതു എഴുത്തു് എനിക്കു കൊണ്ടുവന്നതു്. ഞാൻ നിന്റെ എഴുത്തുകാരം മറുപടി അയയ്ക്കുന്നില്ലെന്നു നീ പരാതി പറഞ്ഞിരിക്കുന്നു. നിന്റെ എഴുത്തൊന്നും എനിക്കു കിട്ടാതിരുന്നതുകൊണ്ടു നീ മരിച്ചുപോയെന്നു ഞാൻ വിശ്വസിച്ചുപോയി. ഒടുവിൽ നിന്റെ എഴുത്തുവന്നു കിട്ടിയപ്പോൾ എനിക്കുണ്ടായസന്തോഷം നിനക്കു് ഊഹിക്കാവുന്നതാണു്. എന്റെ മറുപടിയും ഞാൻ മേൽപറഞ്ഞ അച്ഛൻവഴിതന്നെ അയക്കുന്നു. അതോടുകൂടി മുന്നൂറു സ്വർണ്ണനാണയം നിനക്കു് അയയ്ക്കുന്നു. ഞാൻ അടുക്കൽതന്നെ മടങ്ങിവരും. അതുവരെ നിന്റെചിലവിനു് ഇതു മതിയാകും. നാം

തമ്മിൽ വേഗം കാണാൻ ഇടയാകുമെന്നു വിശ്വസിക്കുന്നു. ഞാൻ നിനക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നു. എന്റെ പ്രേഷുസംരക്ഷകനായസെയിൻറ് ആൻറണി എന്നെ കാക്കുമാറാകട്ടെ. നീ എനിക്കു മറുപടി എഴുത്തയച്ചുകൊണ്ടിരിക്കണമെന്നു ഞാൻ അതിയായി ആഗ്രഹിക്കുന്നു.

എന്നു നിന്റെ പ്രിയതമനായ

ആൻറണിയൊ ഡാൻറി.

സ്പാനിഷ് ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ എഴുത്തു് ഇപ്പോഴും ഒവിയേഡൊയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

1755-ൽ ലിസ്ബൺനഗരം ഭൂകമ്പത്താലും അഗ്നിബാധയാലും നശിച്ചപ്പോൾ അന്തോനിയുടെ അത്ഭുതശക്തി അവിടെയും പ്രത്യക്ഷപ്പെട്ടു. നഷ്ടശിഷ്ടങ്ങളുടെ കൂട്ടത്തിൽ പുണ്യവാന്റെ ബലിപീഠവും സ്വർണ്ണംകൊണ്ടും പട്ടുകൊണ്ടും അതിലുണ്ടായിരുന്ന വിതാനങ്ങളും മാത്രം യാതൊരു കേടുമില്ലാതെ യഥാസ്ഥിതി കാണപ്പെട്ടു. ബലിപീഠത്തിന്റെ മുവട്ടിൽ ഒരു ചെറുപ്പക്കാരൻ അത്ഭുതകരമായി രക്ഷപ്പെട്ടു് ഇരിക്കുന്നതായും കണ്ടു. ഇതു സെയിൻറ് ആൻറണിയുടെ സഹായംകൊണ്ടാണെന്നുള്ളതു തീർച്ചയാണു്.

18-ാ-ൽ റോമിൽ ഒരത്ഭുതം നടന്നു. ഒരു മാളികയുടെ മൂന്നാമത്തെ തട്ടിൽ ജനലിനുസമീപം കളിച്ചുകൊണ്ടു നിന്ന ഒരു കുട്ടി വെളിക്കു വീണുപോയി. "അന്തോനീസു പുണ്യവാളാ, അന്തോനീസുപുണ്യവാളാ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു്, ആ കുട്ടി വീണപ്പോൾ, അമ്മ നിലവിളിച്ചു. അവൾ തെരുവീഥിയിൽ ഓടിയിറങ്ങി കുട്ടിയെ എടുത്തപ്പോൾ കുട്ടിക്കു യാതൊരു പരുക്കും പറ്റിയിട്ടില്ലെന്നു കണ്ടു. "ഒരു സന്ന്യാസി എന്നെ കൈകൊണ്ടു പി

ടിച്ചു സാവധാനത്തിൽ തറയിൽ കൊണ്ടുവച്ചു"എന്നു് ആ കുട്ടി പറഞ്ഞു. അമ്മ ദൈവത്തിനു നന്ദിപറയുന്നതിനായി സമീപത്തുള്ള പ്രാൻസിസ്കൻദേവാലയത്തിൽ കുഞ്ഞിനെ കൊണ്ടുപോയി. പള്ളിയിൽ കണ്ട ഒരു പടം ചൂണ്ടിക്കാണിച്ചിട്ടു്, "നോക്കു, എന്നെ രക്ഷിച്ച സന്യാസി അതാണു്!" എന്നു കുട്ടി സന്തോഷഭരിതനായി പറഞ്ഞു. ആ പടം സെയിൻറ് ആൻറണിയുടേതായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

പാടുവായിൽ നടന്ന രണ്ടത്ഭുതങ്ങൾകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ ഏതാനും അവിശ്വാസികൾ പുണ്യവാൻറെ അത്ഭുതങ്ങളെ പരിഹസിക്കുന്നതിനും, അവയിൽ ജനങ്ങൾക്കു് അവിശ്വാസവും അവജ്ഞയും ജനിപ്പിക്കുന്നതിനുമായി പാടുവായിൽ വന്നുകൂടി. അവരിലൊരുവൻ കുരുടനൊന്നു നടിച്ചു അവൻറെ കണ്ണുകൾ വെച്ചുകെട്ടി, പുണ്യവാൻറെ പ്രതിമയുടെ മുമ്പു മുട്ടുകുത്തിനിന്നു് ഉറക്കെ പ്രാർത്ഥിക്കുകയും നഷ്ടപ്പെട്ട അവൻറെ കാഴ്ചയ്ക്കായി ചുറും നിന്നവരുംകൂടി പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ "പുണ്യവാൻ എന്നെ സുഖപ്പെടുത്തിയിരിക്കുന്നു" എന്നു് അവൻ ഉറക്കെ വിളിച്ചുപറഞ്ഞു. അവൻറെ കൂട്ടുകാർ ഈ ദൈവദൂഷണപരമായ ഹാസ്യനാടകാഭിനയത്തിൽ അവരുടെ ഭാഗം നിർവ്വഹിക്കാൻ ഓടിവന്നു. പുണ്യവാൻ പ്രവർത്തിക്കുന്നുവെന്നു പറയപ്പെടുന്ന അത്ഭുതങ്ങളെല്ലാം ഇതുപോലെ പിത്തിലാട്ടങ്ങളാണെന്നു പറഞ്ഞു പരിഹസിക്കാനും ക്രുദ്ധവിളിക്കാനുംതയാറായി അവർ ഉത്സാഹപൂർവ്വം അവൻറെ കണ്ണിലെ കെട്ടഴിച്ചു. അപ്പോൾ അവൻറെ കണ്ണുകൾ ഇളകി ആ തുണിക്കെട്ടിൽകൂടി പുറത്തുചാടിവരുന്നതായി—അവൻ സാക്ഷാൽ ഒരു കുരുടനായി—എന്നു കണ്ടു് അവർ അമ്പരന്നുപോയി. ഈ ഭയങ്കരമായ ശിക്ഷ അവരിൽ ശരിയായ മനഃസ്ഥിതി ഉളവാക്കി. അവരുടെ പെരു

മാറ്റത്തിലുള്ള മൌഢ്യത്തെപ്പറ്റി അവർക്ക് ബോദ്ധ്യമായി. അവരുടെ മഹാപാപത്തെ അവർ പരസ്യമായി ഏറ്റു പറയുകയും പുണ്യവാന്റെ കരുണയെ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുകയുംചെയ്തു. സെയിൻറ് ആൻറണി അനുകമ്പാകലനായി കണ്ണുകൾ നഷ്ടപ്പെട്ടുപോയവനു് അവയെ തിരിച്ചുകൊടുക്കുകയും വിശ്വാസമാകുന്ന വെളിച്ചത്തെ അവക്കെല്ലാവർക്കും പ്രദാനം ചെയ്യുകയും ചെയ്തു.

ഒരു സാധുവായ കുഷ്ഠരോഗി സെയിൻറ് ആൻറണിയുടെ പ്രതിമയുടെ അടുക്കലേക്കു പോകുകയായിരുന്നു. വഴിമദ്ധ്യേ, വിശ്വാസവും അനുകമ്പയുമില്ലാത്ത ഒരു ഭടൻ അവനെക്കണ്ടു് ഇങ്ങനെ നിർദ്ദയം പറഞ്ഞു:—"ഹേ, നികൃഷ്ടാ, നീ എവിടേക്കു പോകുന്നു? സെയിൻറ് ആൻറണിക്കു നിന്നെ സുഖപ്പെടുത്താൻ സാധിക്കുന്നുവെങ്കിൽ നിൻറെ കുഷ്ഠരോഗം എനിക്കു വന്നുകൊള്ളട്ടെ" കുഷ്ഠരോഗി ഈ ചണ്ഡാളനായ ഭടൻ പറയുന്നതു് ഒട്ടും വകവെച്ചില്ല. അവൻറെ വിശ്വാസത്തിനു് അതുകൊണ്ടു യാതൊരു കുലുക്കവുമുണ്ടായില്ല. സെയിൻറ് ആൻറണി അവനു പ്രത്യക്ഷനായി ഇങ്ങനെ പറഞ്ഞു: എഴുന്നേല്ക്കുക; നിൻറെ രോഗം ശമിച്ചിരിക്കുന്നു. നിന്നെ പരിഹസിച്ച ആ ഭടനെ തിരക്കിപ്പിടിച്ചു നിൻറെ 'കൊട്ട' * അവനു കൊടുക്കുക. കുഷ്ഠരോഗം അവൻറെ ശരീരത്തെ ശരിയായി ബാധിച്ചുകഴിഞ്ഞിരിക്കുന്നു." അവൻ ഉടനടി ആ ഭടനെ കണ്ടുപിടിച്ചു. അവൻറെ കുഷ്ഠം ഏറ്റവും ബീഭത്സമായിരുന്നു. ആ ഭടൻ പശ്ചാത്തപിച്ചു് അവൻ പരിഹസിച്ച പുണ്യവാന്റെ സഹായം അപേക്ഷിക്കുകയും പരിപൂർണ്ണസുഖം പ്രാപിക്കുകയുംചെയ്തു.

ഈവിധം സെയിൻറ് ആൻറണിയുടെ ജീവിതകാലത്തെന്നപോലെ മരണശേഷവും അദ്ഭുതങ്ങൾ ധാരാളമാ

---

* കുഷ്ഠരോഗികൾക്കു മാറു വഴിപോക്കർ മാറിപ്പോകുന്നതിനായി അവരുടെ സാമീപ്യത്തെ കൊട്ടിഅറിയിക്കുന്നതിനുള്ള ഒരു ഉപകരണം.

യി സംഭവിച്ചുകൊണ്ടിരിക്കുന്നു. ശരിയായ മനഃസ്ഥിതിയോടുകൂടി അദ്ദേഹത്തിന്റെ സഹായം അപേക്ഷിക്കുന്ന ആർക്കും അതു സിദ്ധിക്കാതിരിക്കുന്നില്ല. ഈ പതിനെട്ടു നൂറാണ്ടുകാലവും ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതമൂലം നടന്നിട്ടുള്ള അത്ഭുതങ്ങളുടെ അസംഖ്യേയത ആ മാദ്ധ്യസ്ഥ്യത്തിന്റെ അന്യാദൃശമായ അമോഘതയ്ക്കു സാക്ഷ്യം വഹിക്കുന്നു. കളഞ്ഞുപോയ സാധനങ്ങളെ തിരിച്ചുകൊടുക്കുന്നതിനു് അദ്ദേഹത്തിന്റെ സാഹായ്യത്തിനുള്ള ശക്തി ഒന്നു പ്രത്യേകം തന്നെയാണു്. കത്തോലിക്കരിലും മറ്റുള്ളവരിലും അദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളിൽ വിശ്വാസമുള്ള ഏവരുടേയും സ്വന്തം അനുഭവം ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്.

ഇങ്ങനെ നമ്മുടെ പുണ്യവാനു സത്യവും ധർമ്മവും പ്രചരിപ്പിക്കുന്നതിനുള്ള ഔത്സുക്യം അക്ഷയമായിത്തന്നെ വർത്തിക്കുന്നു. ശവകുടീരത്തിലിരുന്നുകൊണ്ടു് അദ്ദേഹം ഇന്നും സത്യത്തിനു സാക്ഷ്യം വഹിക്കുകയും സകല ജാതിക്കാരോടും അതിനെപ്പറ്റി നിരന്തരം പ്രസംഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. "പുണ്യവാന്മാരുടെ ശവകുടീരങ്ങളിൽ നിന്നു് ഉല്പദിച്ചു വികസിക്കുന്ന അത്ഭുതകുസുമങ്ങൾ സത്യത്തെ അനവരതം പ്രഖ്യാപനംചെയ്യുകൊണ്ടിരിക്കുന്നു. അതുമൂലം ദൈവം പാഷണ്ഡന്മാരുടെ ദൌഷ്ട്യത്തെ ഹനിക്കുകയും, കത്തോലിക്കു് ഉപദേശത്തിന്റെ സത്യയുക്തതയെ സ്ഥിരീകരിക്കുകയും, മൃതപ്രായമായ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുകയും അപഥസഞ്ചാരം ചെയ്യുന്ന ക്രൈസ്തവരെയും അക്രൈസ്തവരെയും മാർഗ്ഗവും സത്യവും ജീവനുമായ തന്റെ സന്നിധിയിലേക്കു തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നു"എന്നു ഗ്രിഗൊരി നവമൻ എഴുനൂറുവർഷങ്ങൾക്കുമുമ്പു്, നമ്മുടെ കഥാനായകനു പുണ്യപട്ടം കൊടുത്ത സന്ദർഭത്തിൽ, പറഞ്ഞ വചനങ്ങൾ വളരെ അർത്ഥവത്താണു്.

# ടിപ്പണി.

## അദ്ധ്യായം ഏ.

പുറം 1. മദ്ധ്യയുഗങ്ങൾ=ക്രിസ്താബ്ദം പത്താംനൂറാണ്ടിനും പതിനാറാം നൂറാണ്ടിനും മദ്ധ്യേയുള്ള കാലഘട്ടം യൂറോപ്പുചരിത്രത്തിൽ മദ്ധ്യയുഗങ്ങൾ എന്നു വിളിക്കപ്പെടുന്നു. ചൈതന്യം=ജീവൻ. വരേണ്യൻ=ശ്രേഷ്ഠൻ. ഉദ്ധാരകൻ=പരിപ്പുരിച്ചു് ഉയർത്തുന്നവൻ. അഗ്രിമപുത്രൻ=മൂത്തമകൻ. അപരനാമങ്ങൾ=മറ്റു പേരുകൾ. വിശ്വവിഖ്യാതൻ=ലോകപ്രസിദ്ധൻ. മഹാചക്രവർത്തിൻ=വലിയ ഗ്രന്ഥ. നടുനായകം=നടുപിൽപതിക്കുന്ന രത്നം. ദേഹവിയോഗം ചെയ്യുക=മരിക്കുക. തദാനീന്തനചരിത്രം=അക്കാലത്തെ ചരിത്രം. 2. അനന്യസാധാരണം=സാധാരണമല്ലാത്തതു്. അനുസ്യൂതം=തുടർച്ചയായുള്ളതു്. അവമർദ്ദനം=നശിപ്പിക്കൽ. വിധേയം=കീഴ്പ്പെട്ടതു്. വിജിഗീഷു=ജയത്തിനു് ആഗ്രഹമുള്ളവൻ. നിഷ്കാസനംചെയ്യുക=ബലം പ്രയോഗിച്ചു പുറത്താക്കുക. വീരസഞ്ചാരംചെയ്തു=വീരനായ യോദ്ധാവിനു യോഗ്യമായവിധത്തിൽ മരിച്ചു. സ്വാതന്ത്ര്യസംരംഭങ്ങൾ=സ്വാതന്ത്ര്യത്തിനായുള്ള പ്രവൃത്തികൾ. അവഗണിച്ചു്=വകവയ്ക്കാതെ. പ്രമാർജ്ജനംചെയ്തു=നല്ലവണ്ണം അഴിച്ചുകളഞ്ഞു. ആവിർഭവിച്ചു=പ്രത്യക്ഷമായി. 3. അചിരേണ=താമസിയാതെ. സാഹചര്യങ്ങൾ=ചുറ്റുപാടുകൾ. പ്രാക്തനം=പുരാതനം. വാഗ്മി=കച്ചവടം. സാംയാത്രികർ=സമുദ്രയാത്രക്കാർ. അതിശയിക്കുക=കവിയുക. ദ്ധശ്രുധർ=വളരെ ശ്രുധയുള്ളവർ. സത്വരം=വേഗത്തിൽ. ഉല്പാദിതം=ഉണ്ടായതു്. സാവർഭൗമൻ=ഭൂലോകം മുഴുവൻ അധികാരമുള്ളവൻ. ഊർജ്ജസ്വലം=ശക്തിയുള്ളതു്. 4. ആചന്ദ്രാർക്കം=ചന്ദ്രനും നക്ഷത്രങ്ങളും ഉള്ള കാലത്തോളം. അതുലം=തുല്യമില്ലാത്തതു്. ആഭിജാത്യം=കുലശ്രേഷ്ഠത. പാരിതോഷികം=സമ്മാനം. പരംപരാഗതമായി=തലമുറതലമുറയായി. അഭിതിയൻ=ഒന്നാമൻ. 5. സൗകുമാര്യം=അഴക്. വനിതാ=സ്ത്രീ. നിസ്സന്ദേഹമായി=സംശയം കൂടാതെ. അനാലപനം=നശിക്കാത്തതു. ആസ്പദം=കാരണം. ദാമ്പത്യം=ഭാര്യാഭർത്തൃത്വം. അന്യാദൃശം=സാധാരണമല്ലാത്തതു്. അഭിസംബുധൻ=വിളിക്കപ്പെട്ടവൻ. നവജാതൻ=പുതുതായി ജനിച്ചവൻ. ശിശുതല്പജം=ശ്രേഷ്ഠനായ ശിശു. മധുമക്ഷികാ=തേനീച്ച. അധരം=ചുണ്ടു്. മധുലേപനം ചെയ്യുക=തേൻ പുരട്ടുക. അഭൂതപൂർവം=മുൻപുണ്ടായിട്ടില്ലാത്തതു്. സന്തോഷാതിരേകം=അധികമായ സന്തോഷം. ആബാലവൃദ്ധം=ബാലന്മാർ മുതൽ വൃദ്ധന്മാർവരെ (എല്ലാവരും) രമ്യഹർമ്മ്യം=മനോഹരമായ മാളിക. മുഖരിതം=മുഴങ്ങിയതു്. 7. മുകുളം=(പൂവിന്റെ) മൊട്ടു്. പ്രസരിപ്പിക്കുക=പരത്തുക. സുഷമ=അതിയായ ശോഭ. പരിമളം=നല്ലമണം. ബഹുശ്രുധ=വളരെ ശ്രുധയുള്ളവൾ. മാതൃകായോഗ്യം=ദൃഷ്ടാന്തമായി സ്വീകരിക്കത്തക്ക. പ

രിപാവനം=പരിശുദ്ധം. ആസ്വദിച്ചു=രുചിച്ചറിഞ്ഞു (അനുഭവിച്ചു) വിഭ
ക്തിത=അലങ്കരിക്കപ്പെട്ടവൾ. സാരള്യം=കപടതയില്ലായ്മ. ആർജ്ജവം=
നേർബുദ്ധി. അപലാനപ്രിയത്വം=വീരകൃത്യങ്ങളിലുള്ള താല്പര്യം. അനന്യ
പം=യോജിച്ചതു്. ഹൃദയംഗമം=സന്തോഷകരം. ദുഗ്ധാബ്ധിം=ഉറപ്പാക്കി വേ
ർതിരിയുന്നതു്. 7. പ്രതിഷ്ഠിതം=സമർപ്പിക്കപ്പെട്ടതു്. സ്തവം=സ്തുതി. ചാ
രിത്രം=വിശുദ്ധി. നിഷ്കല്മഷം=കളങ്കമില്ലാത്തതു്. 8. സൌരഭ്യം=സു
ഗന്ധം. ധൂമപടലം=പുകക്കൂട്ടം. ഉദ്ഗമിച്ചു=പൊങ്ങിപ്പോയി. കിടാരൻ
=ബാലൻ. ഹസ്തം=കൈ. അനവദ്യം=ദോഷമില്ലാത്തതു്, പ്രശസ്തം=ശു
രവമുള്ളതു്. അസുലഭം=അപൂർവം. ഭ്രോസനപ്പള്ളി=ശ്രോസന്റെ തലസ്ഥാ
നത്തുള്ള പള്ളി സതീർത്ഥ്യർ=ക്രൂഷ്പ്പറിക്കുന്നവർ. അനുഭൂതി=അനുഭവം.
പരിചരിക്കുക=ശുശ്രൂഷിക്കുക. 9. ഇദംപ്രഥമമായി=ഒന്നാമതായി. ഉപ
കാരികം=ക്ലേശകരം. (സക്കാരി) ഭത്തവീക്ഷണൻ=നോക്കിയവൻ. വ്യതിചലി
പ്പിക്കുക=തെറ്റിക്കുക. പ്രലോഭയിതാവു=ചീത്തയിലേക്കു ആകർഷിക്കുന്നവൻ
വിദ്രാവിതൻ=ഓടിക്കപ്പെട്ടവൻ. അദ്യാപി=ഇപ്പോഴും. പ്രലോഭനം=ചീ
ത്തയിലേക്കുള്ള ആകർഷണം. ഹ്രസ്വത=നീളക്കുറവു്. 10. ഭോജനം=ക
പ്പൽ. അചഞ്ചലം=ഇളകാത്തതു്. യാവജ്ജീവം=ജീവികകാലമുഴുവനും, സ
ർവ്വസംഗപരിത്യാഗിം=ലോകവുമായുള്ള സർവ ബന്ധങ്ങളേയും ഉപേക്ഷിച്ചവൻ.
ഈശ്വരസാക്ഷാൽക്കാരം=മോക്ഷപ്രാപ്തി. ഗ്രീഷ്മർത്തു=വേനൽക്കാലം. രമ
ണീയം=മനോഹരം. സുരഭിലം=നല്ല മണമുള്ളതു്.

## അദ്ധ്യായം ൫.

പുറം 11. തിരസ്കരിക്കുക=തള്ളിക്കളയുക. മുമുക്ഷു=മോക്ഷത്തെ ആ
ഗ്രഹിക്കുന്നവൻ. കവാടം=വാതൽ. 12. യുവതി=ചെറുപ്പക്കാരനായ
സന്യാസി. വിയോഗം=വേർപാടു്. 13. അദ്ധ്യയനം=പഠിത്തം. വിമു
കതൻ=വിമോചിക്കപ്പെട്ടവൻ—വിട്ടൊഴിഞ്ഞവൻ. ചോദന=പ്രേരണ. നിർ
വൃതി=മോക്ഷാനന്ദം. ത്രയം=മൂന്നു്. 14. കവചം=ഇരുമ്പുചട്ട. പാരം
ഗതൻ=മുകര കടന്നവൻ—പണ്ഡിതൻ. പ്രാവീണ്യം=സാമർത്ഥ്യം. നിഗൂ
ഹിതം=ഒളിച്ചുവച്ചിരിക്കുന്നതു്. വാങ്മയങ്ങൾ=വാങ്മയങ്ങളാകുന്ന അമ്പുകൾ.
നൈംദിനം=ദിവസംതോറും. 15. സച്ഛിദ്രം=തടവില്ലാത്തതു്. പ്രതിഭാ
=ബുദ്ധി. വൈപുല്യം=വലിപ്പം. സങ്കീകരിച്ചു=ഒരുക്കി. പരിവേഷം=വൃ
ത്തത്തിലുള്ളപ്രകാശം. പരിവൃതൻ=ചുറ്റപ്പെട്ടവൻ. 16. ആതിഥേയൻ
=അതിഥികളെ സല്കരിക്കുന്നവൻ. സത്വരം=വേഗത്തിൽ.

## അദ്ധ്യായം ൬.

പുറം 17. പരിവർത്തനം=മാറ്റം. പാഷണ്ഡന്മാർ=മതം സംബന്ധി
ച്ചതെറ്റായ അഭിപ്രായമുള്ളവർ. 19. ക്രിസ്ത്യമ്മന്യന്മാർ=ക്രിസ്ത്യാനികൾ
എന്നു ഭാവിക്കുന്നവർ, ഉന്മൂലനൻ=ഒപ്പെട്ടവൻ. 20. ആവാസം=കുടി

ഗിരിപ്പുസ്ഥലം: 21. പ്രസരിപ്പിക്കുക=പരത്തുക. ശാലീനം=ഒതുങ്ങിയതു്—എളിമയുള്ളതു്. അന്തർഹിതം=മറഞ്ഞിരിക്കുന്നതു്. പൌഷ്കല്യം=പുഷ്ടി. പ്രയാണംചെയ്യുക=യാത്രചെയ്യുക. ആരോഹണംചെയ്യുക=കയറുക. 22. അപലാനങ്ങൾ=മഹത്തായതും പ്രയാസമുള്ളതുമായ പ്രവൃത്തികൾ—അത്ഭുതകൃത്യങ്ങൾ; ആസന്നാ=അടുത്തുവന്നതു്. 23. ദാംഭികൻ=കാപട്യമുള്ളവൻ—കപടഭക്തൻ—അഹംകാരി. 24. രോഷവശൻ=കോപമുള്ളവൻ. ജിതേന്ദ്രിയൻ=ഇന്ദ്രിയങ്ങളെ ജയിച്ചവൻ. 25. ജാജ്ജ്വല്യമാനം=നല്ലവണ്ണം മിന്നിമിന്നി പ്രകാശിക്കുന്നതു്. ഔദ്ധത്യം=അഹംകാരം. രജതം=വെള്ളി. 26. അനുയാനംചെയ്യുക=കൂടെപ്പോകുക, അമൂല്യം=വിലതീരാത്തതു്. അസന്ദിഗ്ദ്ധം=സംശയമില്ലാത്തതു്. സുകുമാരകുസുമം=മംഗിയുള്ള പൂവു്. ഉല്ലടിച്ചു=ഉണ്ടായി. 27. നിസ്പൃഹ=സ്വത്തില്ലാത്തവർ. അവഹേളിതർ=നിന്ദിക്കപ്പെട്ടവർ നഗ്നശിരസ്കൻ=തലകുനിഞ്ഞവൻ. ആരച്ചാർ=ന്യായവിധിപ്രകാരം കൊല്ലുന്നവൻ. 28. അഭിനിവേശം=ശക്തിമത്തായ ആഗ്രഹം. ശ്വേതാംബരം=വെള്ളയുടുപ്പു്. 29. നാനാതരം=വേറൊരുവേരു്. അജ്ഞാതനാമാവു=പേരു അറിയപ്പെടാത്തവൻ. 30. പ്രചോദിതൻ=നല്ലവണ്ണം പ്രേരിപ്പിക്കപ്പെട്ടവൻ.

## അദ്ധ്യായം ൮.

പുറം 31. വാചാമഗോചരം=വാക്കിനു വിഷയമല്ലാത്തതു് തൃസിച്ചു=തുടിച്ചു. നിപാതം=വീഴ്ച. പ്ലുഷ്യൻമുഖം=അടിവ്വീണുള്ള. വിശിഷ്ടം=നശിച്ചുപോയതു്. 35. നഭോമണ്ഡലം=ആകാശമണ്ഡലം. ദീപ്തിമത്തു്=പ്രകാശമുള്ളതു്. വൈരാഗ്യം=വിരക്തി—ഐഹികതിലില്ലാത്ത അവസ്ഥ. വിരാജമാനം=ശോഭിക്കുന്നതു്. നിസ്പൃഹൻ=ഇമ്പപ്പെടാത്തവൻ. 35. സ്പൃഷ്ടഹൃദയൻ=ഹൃദയം സ്പർശിക്കപ്പെട്ട (ആകർഷിക്കപ്പെട്ട)വൻ.

## അദ്ധ്യായം ൯.

പുറം 37. സ്യുക്കായി=ശരീരായി. സംസ്കരൻ=നല്ലവണ്ണം ചെന്നവൻ. മകുടം=കിരീടം. 38. പഞ്ചശാല=വള്ളിക്കുടിൽ. 39. അദ്ധ്വനം=പാതിനം. അമൃതാശനം=അമൃതു ഭക്ഷിക്കുക. സദാചി=എപ്പോഴും ഹിമാവൃതം=മഞ്ഞുകൊണ്ടു മൂടിയതു്. വിപുലം=വലിയതു്. ശാദ്വലങ്ങൾ=വയലുകൾ—കൃഷിസ്ഥലങ്ങൾ. സേചനംചെയ്യുക=നനയ്ക്കുക. വിവിക്തം=വിജനം. തിമിരം=ഇരുട്ടു്. ഭാസുരം=ശോഭയുള്ളതു്. പ്രബുദ്ധന്മാർ=ദിവ്യമായ ഉണർച്ച—ബോധം ഉള്ളവർ. സമുദ്ധരിക്കുക=പൊക്കിയെടുക്ക—രക്ഷിക്കുക. അവതീർണ്ണർ=അവതരിച്ചവർ. ഉഡുപം=പൊങ്ങുതടി—ചങ്ങാടം. വാണി=വാക്കു്. 40. ഹിമാനി=മഞ്ഞുകട്ട. ക്ലേശക്ഷം=തീരംകുത്തിമറിക്കുന്നതു്. 41. പവിത്രത=പരിശുദ്ധത. ദ്യോതിപ്പിച്ചു=പ്രകാശിപ്പിച്ചു. ഉത്തുംഗശൃംഗം=പൊക്കമുള്ള കൊടുമുടി. 42. നിസ്സീമം=അതിരുകവിഞ്ഞതു്. വശ്യവ

ചസ്സ=വാക്കസാമർത്ഥ്യമുള്ളവൻ. വ്യാപൃതൻ=ഏർപ്പെട്ടവൻ. 45. സോപാനം=ഏണി. നിരർഗ്ഗളം=തടസ്സമില്ലാത്തതു്. അവഗാഢം=ചതിഞ്ഞതു്. ഹഠാൽ=ബലാൽ. 46. അഭിതപ്തൻ=ചൂടപ്പെട്ടവൻ. വൈശാരദ്യം=പാണ്ഡിത്യം. 47. പ്രണേതാവു=നിർമ്മിച്ചവൻ.

## അദ്ധ്യായം ൭.

പുറം 48. സനാതനതത്വം=നിത്യത. വിധിവിധേയത്വം=വിധിക്കു കീഴ്പ്പെട്ടുന്ന അവസ്ഥ. രാഹിത്യം=ഇല്ലായ്മ. ക്രോഡീകരിച്ചു=കൂട്ടിച്ചേർത്തു. തിരോഹിതൻ=മറഞ്ഞിരിക്കുന്നവൻ. 49. ബദ്ധപരികരൻ=കച്ചകെട്ടിയവൻ (ഒരുങ്ങിയവൻ) നാസ്തികന്മാർ=ഈശ്വരവിശ്വാസമില്ലാത്തവർ. 50. ആസ്തിക്യം=ഈശ്വരവിശ്വാസം. പ്രചണ്ഡം=ഘോരം. സംഹാരം=നാശനം. പ്രബോധനം=പഠിപ്പിക്കൽ. വക്ത്രം=വായ്. 51. വൈഭിന്ന്യം=വിഭേദത്വം. അഭൂതപൂർവ്വം=മുൻപു സംഭവിച്ചിട്ടില്ലാത്തതു്. പ്രേഷിതൻ=അയയ്ക്കപ്പെട്ടവൻ. അഭിമാനം=ഫലപ്രദം, 52. സംഹരണീയം=ആഗ്രഹിക്കത്തക്കതു്. പാരിക്ഷത്തൻ=ദ്യുതൻ. സ്വഭാവാതിരേകം=സ്വഭാവത്തിനു മേൽപ്പെട്ടതു്. 53. അശ്രുതപൂർവ്വം=മുമ്പു കേട്ടിട്ടില്ലാത്തതു്. 54, നൈസർഗ്ഗികം=സ്വാഭാവികം. 56. സമരം=യുദ്ധം. 57. ഉച്ഛ്വീഷം=തൊപ്പി; ശിരവാഹം=മനസ്സിലാക്കാൻ പ്രയാസമുള്ളതു്. 60. അഭിരാമത=ഭംഗി.

## അദ്ധ്യായം ൮.

പുറം 62. കരതലാമലകം=കൈത്തട്ടിലേ നെല്ലിക്കാ. ചേതസ്സമാകർഷകം=മനസ്സിനെ നല്ലവണ്ണം ആകർഷിക്കുന്നതു്. വികസ്വരം=വിടർന്നുനിൽക്കുന്നതു്. 63. ശിലാ=കല്ലു്. 65. ഉപാധികൾ=ലക്ഷണങ്ങൾ; ഉപപാദനംചെയ്യുക=യുക്തിപൂർവ്വം സ്ഥാപിക്കുക. ഉപാസകൻ=ശുശ്രൂഷകൻ. സുകുമാരകളേബരം=ഭംഗിയുള്ള ശരീരമുള്ളവൾ. ധവളം—വെളുത്തതു്. അനവദ്യം=ദോഷമില്ലാത്തതു്. നാദബ്രഹ്മം=ശബ്ദമാകുന്ന ദൈവം (ദൈവവചനം) സജീവപേടകം=ജീവനുള്ള പെട്ടി. 66. കാലയവനിക=കാലമാകുന്ന വിരി—മൂടുപടം. നിമന്ത്രണംചെയ്യുക=ക്ഷണിക്കുക.

## അദ്ധ്യായം ൯

പുറം 67. ഉപ്പണം=കണ്ണാടി. 68. ശൈഥില്യം=ഇളക്കം. ക്ഷിപ്രകോപി=വേഗം കോപം വരുന്നവൻ. 69. കുലീന=കുലശ്രേഷ്ഠതയുള്ളവൾ. 71. ഉച്ഛ്വാസം=ആഗ്രഹം. 72. ഘ്രാണേന്ദ്രിയം=മൂക്കു്. ബുഭുക്ഷു=തിന്നാൻ അത്യാർത്തിയുള്ളവൻ. അജഗണം=ആട്ടിൻകൂട്ടം. 75. നിക്ഷിപ്തവീക്ഷണൻ=നോട്ടം ഉറപ്പിച്ചവൻ. 76. പരാഭൂതർ=തോറ്റു ലജ്ജിച്ചവർ. 77 നിരാലംബൻ=താങ്ങു് ഇല്ലാത്തവൻ. 78. ഭിവംഗതം=സഞ്ചരിച്ചുപോയതു്.

## അദ്ധ്യായം 11.

പുറം 80. പരിദേവനം=കരച്ചിൽ. വിവക്ഷിക്കുക=സൂചിപ്പിക്കുക. ന്യൂശംസത=വലിയ ദുഷ്ടത. 83. ക്ഷീണംചെയ്യുക=ക്രൂരകൃത്യങ്ങൾ ചെയ്യുക.

## അദ്ധ്യായം 12.

പുറം 87. അഹമഹമികയാ=ഞാൻമുമ്പു ഞാൻമുമ്പു എന്നുള്ള മത്സരബുദ്ധിയോടെ. 92. അദൃഷ്ടപൂർവം=മുമ്പു കണ്ടിട്ടില്ലാത്തത്. 93. അനവരതം=എല്ലായ്പോഴും. 94. ഖലന്മാർ=ദുഷ്ടന്മാർ. 95. സേവകനിഗ്രഹങ്ങൾ=വിയപ്പുതുള്ളികൾ. 98. നിരർഥം=മേച്ചിലില്ലാത്തത്. പ്രതാപകരൻ=സൂര്യൻ. കീരണം=രശ്മി. വിയോഗം=പിരിപാടു്. അഭിവീക്ഷണംചെയ്യുക=നോക്കുക. അശ്രുധാരകണ്ണീരൊഴുക്ക്. നിർനാനാത്വം=താനതും പൊങ്ങിയതും. സാമന്തപ്രദേശം=താഴ്വര. ഭാവിശ്രേയഃപിശുനശകുനം=ഭാവിയിലെ അഭിവൃദ്ധിയെ സൂചിപ്പിക്കുന്ന ശകുനം. രാജർഷി=രാജാവായ ഋഷി. 100. ശ്ലക്ഷ്ണശിലാമാർഗിൽ=കല്ലു്. അചിച്ഛ്രിന്നം=ഭംഗംവരാത്തത്. അപരിമിതം=ചുരുങ്ങിയതല്ലാത്തത്. അചിരേണ=കാലതാമസം കൂടാതെ. സുവിഭിതം=നല്ലവണ്ണം ഓരിയപ്പെട്ടതു്. 101 വജ്രകർക്കശം=വജ്രംപോലെ കടുപ്പമുള്ളതു്. വ്യാകീർണം=ക്രുദ്ധിക്കലന്നതു്. അഭിധാനം=പേരു്. മരണംചെയ്യുക=കൊല്ലുക. 102. രേണുകർഷം=പൊടി. പരിപൂതം=പരിശുദ്ധമാക്കപ്പെട്ടതു. ചേതനം=ജീവനുള്ളതു്. 103. തൃണം=പുല്ലു്. ഗുല്മം=കുറിച്ചെടി. ലതം=വള്ളി. അരുഷി=വ്രണം. നിഗ്രഹിക്കുക=ക്ഷണിക്കുക. ഉപത്യകം=പർവതത്തിനടുത്തുള്ള പ്രദേശം—മലംചെരിവു്.

## അദ്ധ്യായം 14.

പുറം 104. നാശനൈൽപുണർ=നശിപ്പിക്കുന്നതിൽ താല്പര്യമുള്ളവർ. 105. ദംഷ്ട്രം=ദുഷ്ടമൃഗങ്ങളുടെ പല്ലു്. രാത്രിഞ്ചരന്മാർ=രാത്രിമാത്രം സഞ്ചരിക്കുന്നവർ (രാക്ഷസന്മാർ) ദിവാകരൻ=സൂര്യൻ. ഉദ്വേഗം=ഭയം. 108. വിധൃതപ്രപാതം=മിന്നൽ. 109. കൈടിലൃം=കള്ളം, വഞ്ചന. ദുസ്തരം=കടക്കാൻ പ്രയാസമുള്ളതു്. പരാഭവം=തോൽവി. 111. ശിഥിലവിശ്വാസർ=വിശ്വാസത്തിൽ ഇളകുമുള്ളവർ. പര്യടനം=സഞ്ചാരം. 112. അദൃശ്യം=കാണ്മാൻ പാടില്ലാത്തതു്.

## അദ്ധ്യായം 5.

പുറം 113. ഔദാസീന്യം=ഉദാസീനത, ശ്രദ്ധയില്ലായ്മ. പരിഹർത്തവ്യം=പരിഹരിക്കപ്പെടേണ്ടതു്, അനിരോധ്യം=തടുക്കാൻ പാടില്ലാത്തതു്. 114 സൗക്ഷ്മ്യം=അഴകു്. അലംഭാവം=മതിപ്പെടാനുള്ള ഗൗനൽ. 116. അനന്യലഭ്യം=അന്യന്മാർ ലഭിക്കാത്തതു്. 117. സങ്കീർണം=വിവിധതരക്കാർ കൂടിക്കലന്നതു്

തു്. ഉപവിഷ്ടർ=ഇരുന്നവർ: ഏകതാനം=ഏകാഗ്രം. 118 അതീതം=കഴിഞ്ഞതു്. ഉപരോധിക്കുക=വളയുക. 119 തസ്കരൻ=കള്ളൻ. 120. ഗൽഗദം=തൊണ്ടവിറയൽ. 121 പ്രവാസം=നാടുവിട്ടുള്ള താമസം. (നാട്ടുകടത്തൽ) 122. അഭൌമം=ഭൂമിസംബന്ധിച്ചതല്ലാത്തതു്. ആഗമനം=മുങ്ങിയതു്.

## അദ്ധ്യായം 16.

പുറം 125. സ്നേഹാബ്ധി=സ്നേഹക്കടൽ. താരം=നക്ഷത്രം. മാലുമ്=അമരക്കാരൻ. യാനപാത്രം=കപ്പൽ—വള്ളം. ഗ്രസിക്കുക=വിഴുങ്ങുക. 126. സ്രോതസ്സു=വാഹിനി—തോട്; വിശ്രുതൻ=കേൾവികേട്ടവൻ; 127. സതി=പതിവ്രത. 128 അവിശ്രാന്തമായി=വിശ്രമമില്ലാതെ.

## അദ്ധ്യായം 17.

പുറം 130 പരിവേഷ്ടിതം=ചുറ്റപ്പെട്ടതു്. 131 സാവജ്ഞികം=എല്ലാജനങ്ങളേയും സംബന്ധിച്ചതു് മംഗളനത=മംഗൽ. ത്വരിതഗതിയായി=വേഗത്തിൽ.

## അദ്ധ്യായം 18.

പുറം 136 ശ്രവണം=കേൾവി; പിപാലൻ=രണ്ടുകാലുള്ളവൻ—മനുഷ്യൻ. സുശ്രുതൻ=പ്രസിദ്ധൻ; 137 ആസുരമുത്തി=വലിയ ഒച്ചൻ; നിരുദ്ധപീയൂഷൻ=പീയൂഷം ഇല്ലാതാക്കപ്പെട്ടവൻ. 138 പൂർവ്വരൂപം=മുൻലക്ഷണം. സേച്ഛാചാരരിതത്വം=തോന്ന്യാസം; 139 പരിത്രാതാവു=പരിരക്ഷകൻ; 140 വാഗീശൻ=വാഗ്മി; 142. ആരാമം=പൂന്തോട്ടം; പ്രത്യാഹരിക്കുക=പിൻവലിക്കുക; നിർയ്യാണം=മരണം; സ്പന്ദനം=തുടിപ്പു്; അഭിവ്യഞ്ജിപ്പിക്കുക=കുറിക്കുക. 144. അരവിന്ദം=താമരപ്പൂവു്; നവമാലിക=പിച്ചിപ്പൂവു്; കുമുദം=ആമ്പൽപ്പൂവു്; ആയോധനം=യുദ്ധം; 145. സന്തുഷ്ണംചെയ്യുക=തൃപ്തിപ്പെടുത്തുക; ഗഹനത=അഗാധത—ആഴം, മനസ്സിലാക്കാൻ സാധിക്കായ്മ; 146 അന്തഃസ്ഥിതം=ഉള്ളിൽഇരിക്കുന്നതു്; നിലയിക്കുക=നല്ലവണ്ണം ലയിക്കുക; 147 അവനതൻ=കുനിഞ്ഞവൻ; അഭിരാമം=മനോഹരം; കവാടം=വാതൽ; ഭാണ്ഡം=കെട്ടു്. കുറ്റം=കഴുത്തു്. പരേതൻ—മരിച്ചവൻ. 151. പാശ്ചാത്യികൾ=വശത്തുള്ളവർ. 152. സാവത്രികം=എല്ലായിടത്തുമുള്ളതു്. സമഞ്ജസം=ഉചിതം. 155. നൂത്നവ്യം=ഓമ്മിക്കത്തക്കതു്.

## അദ്ധ്യായം 20.

പുറം 167. അനന്തസന്ദേശം=അവസാനമില്ലാത്ത ദൂതു്. 168. ഔൽസുക്യം=താല്പര്യം. ഔക്ഷ്ണ്യം=ഒച്ചുത. അപഥാസഞ്ചാരം=വഴിതെറ്റിയ സഞ്ചാരം.

# ശ്രീയേശുക്രിസ്തു.

## ഏകദേശം വ്യ00 പുറമുള്ള ഒരു ജീവചരിത്രം.

കേരളത്തിലെ മിക്കവാറും എല്ലാ മെത്രാപ്പോലീത്ത
ന്മാരുടെയും മെത്രാന്മാരുടെയും ആശീർവ്വാദവും
അഭിനന്ദനവും സിദ്ധിച്ചിട്ടുള്ളതു്.

വില രൂപാ 3.

അഭിപ്രായങ്ങൾ:—

മഹാകവി ഉള്ളൂർ, എസ്സ്. പരമേശ്വരയ്യർ അവർകൾ.

"I have now finished reading your book on Jesus Christ. Let me heartily congratulate you on your valuable literary production which is sure to be appreciated by the reading public of Kerala, to whom it is bound to be a perennial source of inspiration."

മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾ.

"നിങ്ങളുടെ "ശ്രീയേശുക്രിസ്തു" എന്ന ഗദ്യപ്രബന്ധത്തിന്റെ ഒന്നാംഭാഗം എന്നെ വളരെ സന്തോഷിപ്പിച്ചു. പുണ്യശ്ലോകനായ യേശുദേവന്റെ പരിശുദ്ധചരിതം കേരളത്തിലെ ഹിന്ദുക്കളിൽ മിക്കപേരും വായിച്ചിട്ടില്ലെന്നാണ് എന്റെ പരിചയത്തിൽ എനിക്കു തോന്നിയിട്ടുള്ളതു്. ഇതിനു പ്രധാന

കാരണം മലയാളഭാഷയിലെ ഭാഷാവൈകല്യമാണെന്നുള്ളതിൽ സംശയമില്ല. നിങ്ങളുടെ കൃതിയാകട്ടെ, നല്ലഭാഷയിൽ ലളിതമായി നിർമ്മിക്കപ്പെട്ടതാകയാൽ ഹിന്ദുക്കൾ ആദരവോടെകൈക്കൊള്ളുമെന്നും, വായിച്ചു് ആ ജഗദ്ഗുരുവിന്റെ ധർമ്മോപദേശം ഗ്രഹിപ്പാൻ സമർത്ഥരാകുമെന്നും ഞാൻ വിശ്വസിക്കുന്നു.....”

## രാജശ്രീ സി. വി. കുഞ്ഞുരാമൻ അവർകൾ:

.....ഗ്രന്ഥകാരന്റെ അനന്യസാധാരണമായ കഥാകഥനചാതുരിയിൽ ഒരു റോമാൻസ് വായിച്ചാലുണ്ടാകുന്ന രസത്തോടും ഉപരിചരിതം അറിവാൻ ഉൽക്കടമായിത്തീർന്ന ജിജ്ഞാസയോടുംകൂടി മുമ്പോട്ടുപായുന്ന വായനക്കാരന്റെ മനസ്സ് സാക്ഷാൽ ശ്രീയേശുക്രിസ്തുവിന്റെ സംപൂർണ്ണമനോഹരമായ വിശുദ്ധചരിത്രത്തിൽ ലയിക്കുന്നതെന്നു ചെയ്യുമെന്നുള്ളതിനു് എന്റെ സ്വന്തം അനുഭവം സാക്ഷിയാകുന്നു.....“വിണ്ണിനെ മണ്ണിനോടു”ള്ള ഭഗിനീബന്ധത്തെ അകൃത്രിമമനോഹരമായവിധം കൂട്ടിയിണക്കിയിരിക്കുന്ന കൃസ്തുചരിതത്തെപ്പോലെ മനുഷ്യജീവിതത്തെ മണ്ണിൽനിന്നു വിണ്ണിലേക്കു് ഉയർത്തുവാൻഉപയുക്തമായിത്തീർന്നിട്ടുള്ള മറ്റൊരുജീവചരിത്രം ഭൂഗോളസാഹിത്യം മുഴുവനും തിരഞ്ഞാലും കണ്ടുകിട്ടുന്നതല്ല.....

സരളമധുരമായ ഭാഷാശൈലിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ശ്രീയേശുക്രിസ്തുവിന്റെ ഈ മനോജ്ഞമായ ജീവചരിത്രഗ്രന്ഥം കൈരളിയുടെ ഒരു അമൂല്യസമ്പാദ്യമായിത്തീരുന്നതിൽ അക്രൈസ്തവരായ മലയാളഭാഷാഭിമാനികളും ഇതിനെ വേണ്ടപോലെ ആദരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതിനെ അവരുടെ സമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.....”

## രാജശ്രീ കെ. നാരായണക്കുറുക്കൾ അവർകൾ ബി. എ.

“.....ഇങ്ങനെയുള്ള ജീവിതചരിതങ്ങൾ മലയാളസാഹിത്യത്തിൽ ഉർല്ലഭമാണു്.....എല്ലാ മലയാളികളും മലയാളഭാഷ അറിയാവുന്ന ഇതരന്മാരും ഈ പുസ്തകം വായിച്ചുനോക്കേണ്ടതാണു്.”

## റാവുസാഹിബ്ബ് ഒ. എം. ചെറിയാൻ അവർകൾ ബി. എ. എൽ. റ്റി.

“.....ഈ ഗ്രന്ഥം ഭക്തപാരായണത്തിനും സാഹിത്യഭോഗത്തിനും ഒന്നുപോലെ ഉപയോഗപ്പെടുന്നതാണു്. മി. ജോണിന്റെ രചനാരീതി ശുഭവും ലളിതവും അനുകരണീയവുംതന്നെ.....സാഹിത്യഭൂഷണമുള്ള ക്രൈസ്തവഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ കുറവാണെന്നുള്ള ന്യൂനതയെ പരിഹരിക്കുന്നതിനു സാരമായി ഉപയോഗപ്പെടുന്ന ഈ പുസ്തകം എല്ലാവരും വായിക്കേണ്ടതാണു്.....”

## റവ: ഫാദർ ജേക്കബു് നടുവത്തുശ്ശേരി. (സത്യദീപം)

"..... മിശിഹായുടെ ജീവചരിത്രത്തിന്റെ നിവൃത്തിയുള്ളിടത്തോളം പൂർണ്ണമായ ഒരു ചിത്രം ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ടു്. ചമല്കൃതരസംപൂർണ്ണവും ജിജ്ഞാസാസംവർദ്ധകവും ഭക്തിപരിപോഷകവുമായ ഒരു ഒന്നാംതരം നോവൽ എന്നപോലെ ആരും അതു് വായിക്കുന്നതാണു്..... .....ഈ പുസ്തകം വായിക്കാൻതുടങ്ങിയാൽ അവസാനിച്ചല്ലാതെ അതിനെ മാറ്റിവയ്ക്കുകയില്ലെന്നുള്ളതു വായിച്ചുനോക്കിയവരുടെ അനുഭവമാണു്..... .....ഇതിന്റെ ഓരോപ്രതി ഓരോ കത്തോലിക്കകുടുംബത്തിലും ഉണ്ടായിരിക്കേണ്ടതാണു്....."

## മലയാളമനോരമ.

".....വളരെ ഭംഗിയായി വിവരിച്ചിരിക്കുന്നു.....വളരെ ഹൃദയംഗമമായിരിക്കുന്നു.....ഈ ഗ്രന്ഥത്തിന്റെ ഒരു വലിയമെച്ചം ഇതിലെ ഭാഷാരീതിയുടെ അക്ലിഷ്ടതയാകുന്നു.....പ്രസ്തുത ഗ്രന്ഥത്തിൽ അവ്യാകൃതങ്ങളായ പദങ്ങൾ യാതൊന്നും കാണുന്നില്ല... പ്രൌഢിക്കും വിഷയഗാംഭീര്യത്തിനും യോജിക്കുന്ന പദപ്രയോഗം ചെയ്യുന്ന കാര്യത്തിൽ വളരെ ശ്രദ്ധിച്ചിട്ടുണ്ടു്.....പ്രതിപാദ്യവിഷയത്തെപ്പറ്റി മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ഏറ്റവും നല്ല പുസ്തകമെന്നു് ഇതിനെക്കുറിച്ചു പ്രസ്താവിക്കുന്നതിൽ അതിശയോക്തിയുടെ വഴികാണുന്നില്ല. ഈ ഗ്രന്ഥകാരൻ ക്രൈസ്തവസാഹിത്യത്തിന്റെ പരിപോഷണത്തിൽ ഇത്രശ്രദ്ധനായിത്തീരുന്നുവെങ്കിൽ അതു മലയാളഭാഷയ്ക്കു് ഒരു വലിയ അനുഗ്രഹമായിരിക്കും. ....."

## നസ്രാണിദീപിക.

"..... ..മിസ്റ്റർ ജോൺ ഒരു നല്ല ഭാഷാഗദ്യകാരനാണെന്നു ഈ കൃതി സൃഷ്ടീകരിക്കുന്നു..... .. ..ലാളിത്യവും പ്രസാദവും ഭാഷയ്ക്കും വാചകങ്ങൾക്കും കാണുന്നുണ്ടു്.....ശ്രേഷ്ഠമായ ഈ ഗ്രന്ഥം.....മലയാളഭാഷയ്ക്കും ക്രിസ്തീയസാഹിത്യത്തിനും ഒരുപോലെ ഒരു നല്ല സമ്പാദ്യമായിരിക്കുന്നതാണു്....."

## പ്രതിദിനം.

".....ക്രിസ്തുദേവന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണാവരെയുള്ള ജീവചരിത്രം സരളകോമളവും ഹൃദയസ്പർശകവുമായ രീതിയിൽ വിവരിക്കുന്ന ഒരു ഉൽകൃഷ്ടഗ്രന്ഥം ഇതുപോലെ മറ്റൊന്നില്ലെന്നു വിചക്ഷണന്മാർ തന്നെപോലെ അഭിപ്രായപ്പെട്ടുന്നുണ്ടു്.....ലാളിത്യവും സുന്ദരവുമായ ഭാഷയിൽ ഇങ്ങനെ ഒരു വലിയ ഗ്രന്ഥം ചമയ്ക്കുവാൻ കഴിയുന്ന ഒരു ഗ്രന്ഥകാരനു് കൈരളി വശംവദയാണെന്നു് ആരാണു് സമ്മതിക്കാത്തതു്?.....ഈ ഗ്രന്ഥകാരനെ ബഹുമാനങ്ങൾകൂടി പ്രസിദ്ധീകരിച്ചു മലയാളികളേയും മലയാളഭാഷയേയും അനുഗ്രഹിച്ചുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു....."

# അന്തോനിപാദുവാ

## അഭിപ്രായങ്ങൾ

---

### I

മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ:—

My dear Mr. John,

I have read, with great interest, your Life of St. Antony of Padua, written in beautiful Malayalam. It is a valuable addition to the biographical literature of Kerala. There are interesting episodes in the lives of several early Christian Saints which our country should certainly heed and benefit by. I wish you every success.

Yours sincerely,

(Sd.) S. Parameswara Iyer.

### II

മലയാളരാജ്യം:—

---

'ശ്രീ യേശുക്രിസ്തു എന്ന വിശിഷ്ടഗ്രന്ഥത്തിന്റെ കർത്താവായ മയ്യനാട്ട് മി. എ. ജോൺ ബി. ഏ—യെ മലയാളവായനക്കാരെ പറഞ്ഞു പരിചയപ്പെടുത്തേണ്ട ആവശ്യമില്ല.....അക്ലിഷ്ടമനോഹരമായ ഒരു ഗദ്യരീതി വശമാക്കിയിരിക്കുന്ന ഈ ഗ്രന്ഥകാരൻ 'മഹാത്മാക്കൾ' എന്ന പേരിൽ മൈമാസികയായി പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഒരു ജീവചരിത്രപരമ്പരയിലെ ഫ—ാംനമ്പർ പുസ്തകമാണ് സെയിന്റ് ആന്റണി എന്ന വിശുദ്ധന്റെ ജീവിതകഥയടങ്ങിയ ഈ പുസ്തകം.....ഏറ അദ്ധ്യായങ്ങളായി അന്തോനിപാദുവായുടെ ജീവിതകഥ അതിമനോഹരമായരീതിയിലും ഭാഷയിലും ഇതിൽ വിവരിച്ചിട്ടുണ്ട്.....ഫ്രാൻസിസ്കൻപാതിരിസംഘത്തിൽചേർന്ന പ്രസിദ്ധനായ കുരിശുയുദ്ധകാലത്ത് ആ യുദ്ധത്തിനു അനഭിമുഖനായി സമുദായശുശ്രൂഷചെയ്തു കുസ്ത്യാനികളെ ക്രിസ്തുവിന്റെ ജീവിതരീതിയി

ലേയ്ക്കു ഉയർത്തുവാൻ അശ്രാന്തപരിശ്രമംചെയ്തിരുന്ന ഈ സിദ്ധന്റെ ജീവിതം മലയാളത്തിലെ ക്രൈസ്തവസന്യാസിമാരും ഹിന്ദുസന്യാസിമാരും മാത്രകയാക്കിയിരുന്നുവെങ്കിൽ മലയാളം ഇതിനുമുമ്പുതന്നെ മനോഹരമായിത്തീരുമായിരുന്നു. ഈ സിദ്ധന്റെ ജീവചരിത്രം എഴുതിയിരിക്കുന്ന ശൈലീതി ക്രൈസ്തവഗ്രന്ഥങ്ങൾ മാത്രകയാക്കിയിരുന്നെങ്കിൽ അവയിലെ മലയാളവും മനോഹരമായിത്തീരുമായിരുന്നു. മതവിഷയകമായ ഒരു ഗ്രന്ഥമാണിതെങ്കിലും ഇതിലെ കഥ ഒരു റോമാൻസുപോലെ മതഭേദമില്ലാത്തവർക്കും വായിക്കുവാൻ രസമുള്ളതാണു് .....

## III

## നസ്രാണിദീപിക.

'ശ്രീ യേശുക്രിസ്തു' എന്ന വിശിഷ്ടവും വിപുലവുമായ ഗ്രന്ഥത്തിനുജന്മം കൊണ്ടു പ്രസിദ്ധനായിത്തീർന്നിട്ടുള്ള മഹാനായ മി. ഏ. ജോൺ ബി. എ-യുടെ പുതിയകൃതിയാണു് അന്തോനിപാദുവാ എന്നു പറഞ്ഞാൽ ഉത്തമമായ ഉള്ളടക്കംകൊണ്ടെന്നപോലെതന്നെ ഉത്കൃഷ്ടമായ ഭാഷാരീതികൊണ്ടും ആദരണീയമായിരിക്കും എന്നു് ആരും അനുമാനിക്കാതിരിക്കുകയില്ല. വാസ്തവവും അങ്ങനെതന്നെയാണെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.....

.....സാക്ഷാത്തായ മനുഷ്യമഹത്വത്തിന്റെയും പരിപൂർണ്ണതയുടേയും മിഥ്യാഭിമാനികളും ദുഷ്ടാന്തങ്ങളായി എക്കാലവും പരിശോഭിക്കുന്നവരും ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങളുടെ അന്യാദൃശമായ മാഹാത്മ്യത്തെയും പ്രയോഗക്ഷമതയേയും സുസ്പഷ്ടമായി തെളിയിച്ചിട്ടുള്ളവരുമായ മഹാത്മാക്കളാണു് സാക്ഷാൽ മഹാത്മാക്കൾ. അവരുടെ സാഹിത്യഗുണം തികഞ്ഞ ജീവചരിത്രഗ്രന്ഥങ്ങൾ മലയാളഭാഷയിൽ തുലോം വിരളമാണു്. ഈ കുറവിനെ പരിഹരിക്കുന്നതിനുള്ള ശ്രമംതന്നെ അഭിനന്ദനാർഹമാണെന്നിരിക്കെ, അക്കാര്യത്തിലുള്ള വിജയകരമായ സഫലശ്രമത്തെപ്പറ്റി എന്തുപറയട്ടെ..... .....ജീവചരിത്രങ്ങൾ പൊതുവായും, പുണ്യവാന്മാരുടേതു പ്രത്യേകമായും രസശൂന്യമാണെന്നു വിചാരിക്കുന്നവർ ഈ ഗ്രന്ഥം ഒരാവൃത്തി വായിച്ചുനോക്കുകതന്നെ വേണം. ഒന്നാംതരം നോവലുകളിൽ മാത്രമുള്ള പരിണാമഹൃദ്യതയാണു് പ്രകൃതഗ്രന്ഥത്തിൽ കാണുന്നതു്.

## IV

## കോട്ടയംപത്രിക: —

".....ക്രൈസ്തവർക്കു് സാഹിത്യഗുണംനിറഞ്ഞ കൃതികൾ രചിക്കുന്നതിനറിയാമോ എന്നു് അക്കൈക്കിലും സംശയമുണ്ടെങ്കിൽ അവർ ഞങ്ങളുടെ ഇന്നത്തെ വിമർശനവിഷയമായ 'അന്തോനിപാദുവാ' എന്ന കൃതിയോ ഇതിന്റെ കർത്താവായ മി. ഏ. ജോൺ ബി. ഏ. ഏതാനും കൊല്ലങ്ങൾക്കു

മുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'ശ്രീ യേശുക്രിസ്തു' എന്ന വിശിഷ്ടഗ്രന്ഥത്തെ ജനങ്ങൾ ഒരാവർത്തി വായിക്കുന്നതുകൊള്ളാം. 'ശ്രീ യേശുക്രിസ്തു' എന്ന കൃതി ജാതിമതഭേദമെന്യേ സകലരുടേയും ഹൃദയംഗമമായ അഭിനന്ദനത്തിനു വിഷയീഭവിച്ചിട്ടുള്ളതാണ്.....'മഹാത്മാക്കളുടെ പ്രവൃത്തിയാകുന്ന കാറ്റ് ഏതുഭാഗത്തേക്കു വീശുന്നുവോ ആ ഭാഗത്തേക്കു ജനസാമാന്യത്തിന്റെ പ്രവൃത്തിയാകുന്ന പുൽച്ചെടിയുടെ തലചായിക്കുന്നു'വെന്നാണ് മഹാന്മാരുടെ സിദ്ധാന്തം.....അക്ലിഷ്ടമനോഹരവും സാഹിത്യഗുണം തികഞ്ഞതുമായ ഈ കൃതി കേവലം ഒരു ജീവചരിത്രരീതിയിലല്ല രചിച്ചിരിക്കുന്നത്. ഇതിന് ഒരു ആഖ്യായികയുടെ പല ഗുണങ്ങളുമുള്ളതുകൊണ്ടു വായിക്കുന്നതിന് ഒരു പ്രത്യേക കൌതുകമുണ്ടെന്നുള്ളതു് ഇതിനുള്ള ഒരു വിശേഷഗുണമാണ്. മി. ജോൺ ഗവർമ്മെൻറിനെയും പ്രത്യേകം ക്രൈസ്തവരുടെയും എല്ലാവിധത്തിലുമുള്ള പ്രോത്സാഹനങ്ങളെ സവിശേഷം അർഹിക്കുന്നുണ്ട്. മി. ജോണിന്റെ സാഹിത്യപരിശ്രമം പുണ്യവാന്മാരുടെ ജീവചരിത്രപ്രസിദ്ധീകരണവിഷയത്തിൽ പതിഞ്ഞതിൽ അത്യധികം ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും പരിശ്രമസഫലനായ ഗ്രന്ഥകാരനു ഞങ്ങൾ സകലവിജയങ്ങളും ആശംസിക്കുകയുംചെയ്യുന്നു.

## V

## സത്യനാദം: —

"..... അന്തോണിപാദുവായെന്നും പാദുവായിലെ അന്തോണിയെന്നും പേരയപ്പെട്ടുന്ന സർവ്വലോകവന്ദ്യനായ ആ പുണ്യപുരുഷന്റെ ചരിത്രത്തെ സമ്യക്കായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ക്രൈസ്തവകൈരളിക്കു ഒരു കനകാഭരണമായിത്തന്നെ കരുതേണ്ടിയിരിക്കുന്നു.....അത്ഭുതപ്രവർത്തകനായ വിശുദ്ധഅന്തോനിയുടെ ചരിത്രത്തോടു സംബന്ധമുള്ളവയായി ഇടയ്ക്കിടെ ഉദ്ധരിക്കപ്പെട്ടുന്നസംഭവങ്ങൾ ഈ ഗ്രന്ഥത്തിന്റെ പാരായണത്തെ രസകരമാക്കിത്തീർക്കുംചെയ്യുന്നു.....ഇങ്ങനെ ഈ പുസ്തകത്തിലെ അർത്ഥസമർത്ഥങ്ങളും രസകരങ്ങളുമായ ഉള്ളടക്കങ്ങളെ ഏടുത്തുപറയുകയാണെങ്കിൽ വളരെയുണ്ട്. മി. ജോണിന്റെ ഭാഷാരീതി 'ശ്രീ യേശുക്രിസ്തു' എന്ന ഗ്രന്ഥംകൊണ്ടുതന്നെ സുസമ്മതമായിത്തീർന്നിട്ടുള്ള ഒന്നാകയാൽ അതിനെപ്പറ്റി വിശേഷിച്ചൊന്നും ഇവിടെ പറയേണ്ട ആവശ്യമില്ല.

# കന്യകാമറിയം

## ഒരു ജീവചരിത്രം.

വില അണ ഏഴ്.

---

## അഭിപ്രായങ്ങൾ.

### I

മയ്യനാട്ട് മി. ഏ. ജോൺ ബി. ഏ. 'ശ്രീയേശുക്രിസ്തു' എന്ന വിശിഷ്ട ഗ്രന്ഥംവഴി സാഹിത്യ ലോകത്തിൽ ബഹുമാനകരമായ ഒരു സ്ഥാനം സമാർജ്ജിച്ചിട്ടുള്ള ഒരു യുവാവാകുന്നു. ക്രിസ്തുവിന്റെ മാതാവായ കന്യകാമറിയത്തിന്റെ ജീവചരിത്രവും ആ വിശുദ്ധവനിതയെ കത്തോലിക്കർ നിത്യകന്യകയും ദേവമാതാവുമായി പൂജിച്ചുവരുന്നതിനെക്കുറിച്ച് അകത്തോലിക്കരായ പ്രൊട്ടസ്റ്റാൻറുകാർക്കും മറ്റുമുള്ള ആക്ഷേപങ്ങൾക്കു സപ്രമാണമായ സമാധാനങ്ങളും അടങ്ങിയ ഈ പുസ്തകം ക്രിസ്തുവിനെക്കുറിച്ചു പൂർണ്ണമായി അറിയണമെന്നു ആഗ്രഹമുള്ളവരെല്ലാം വായിച്ചിരിക്കേണ്ടതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ..... .....

.....

.....ക്രിസ്തുചരിത്രം ബൈബിളിൽ എത്ര അപൂർണ്ണമാണോ അതിലധികം അപൂർണ്ണമാണ് കന്യകാമറിയത്തിന്റെ ചരിത്രം: ഈ അപൂർണ്ണചരിത്രങ്ങൾ രണ്ടും ഗ്രന്ഥാന്തരങ്ങളെ പരിശോധിച്ചു കഴിവുള്ളിടത്തോളം പൂർണ്ണമാക്കി മലയാളികൾക്കായ് ക്രൈസ്തവർക്കും ഇതരന്മാർക്കും, സുഖകരമായി വായനയ്ക്കു ഉപയുക്തമായിത്തീരത്തക്കവണ്ണം സരള മധുരമായ ശൈലീവിശേഷത്തിൽ രണ്ടു പുസ്തകങ്ങൾ നിർമ്മിക്കാൻ മി. ജോൺ ചെയ്തിട്ടുള്ള ശ്രമം അഭിനന്ദനീയമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ലോകത്തിലുള്ള അനേകകോടി ജനങ്ങൾക്കു ആരാധ്യനായിത്തീർന്നിരിക്കുന്ന ക്രിസ്തുദേവന്റെ ജനനിയെന്നുള്ള ഏകകാരണത്താൽതന്നെ ദൈവമാതാവായിത്തീർന്നിരിക്കുന്ന ഒരു അസാധാരണ സുകൃതനിയാണു കന്യകാമറിയം എന്നു നിസ്സംശയം പറയാവുന്നതാണ്. .....

.....

.....യുകരിവാളങ്ങൾ, നിശ്ചമംവിട്ടിടിക്കുന്ന കാറ്റു സമുദ്രത്തിന്റെ മുകൾപ്പരപ്പിൽ ചില ചലനങ്ങൾ ഉണ്ടാക്കുന്നതുപോലെ അല്പപക്ഷക്കാരടങ്ങിയ പണ്ഡിതലോകത്തിൽ ചില ചലനങ്ങൾ ഉണ്ടാക്കുമെങ്കിലും ആഴിയുടെ അഗാധമായ അടിത്തട്ടുപോലെ ജനസമുദായത്തിന്റെ അടിത്തട്ടും നിശ്ചലമായിത്തന്നെ

യിരിക്കും. ദേവമാതാവിന്റെ പൂജയാണു കത്തോലിക്കമതത്തിന്റെ അടിത്തട്ടിനെ നിശ്ചലമായി സൂക്ഷിക്കുന്നതു്. സ്ത്രീലോകത്തിനു് ഉത്കൃഷ്ടംനൽകുന്ന ഈ നിർദ്ദോഷമായ പൂജയുടെ നേരേ ശ്രദ്ധയോടെ പ്രയോഗിക്കുന്ന ആ കത്തോലിക്കരുടെ യുക്തിവൈഭവത്തെ ദേവമാതാവിന്റെ പരിശുദ്ധാത്മാവിൽ നിന്നുള്ള ഗർഭാരണത്തിന്റെ നേരേ തിരിച്ചുവച്ചാലത്തെ കഥയെന്തെന്നു ആ വർ ഓർക്കാത്തതു ആശ്ചര്യമായിരിക്കുന്നു. പുസ്തകത്തിൽ പേർത്തിട്ടുള്ള കന്യകാമറിയത്തിന്റെയും ബാലനായ ക്രിസ്തുവിന്റെയും മനോഹരചിത്രങ്ങൾക്കു ബ്ലോക്കുനിർമ്മിച്ച ശ്രീരാമവിലാസം ബ്ലോക്കുമേക്കർ മി. ഏ. ചെല്ലപ്പൻപിള്ളയുടെ സാമർത്ഥ്യവും പ്രശംസനീയമായിരിക്കുന്നു. ഏറ്റം അണുവിലയ്ക്കു കിട്ടുന്ന ഈ പുസ്തകത്തിന്റെ കാരോപ്രതി എല്ലാ ക്രൈസ്തവഗൃഹങ്ങളിലും ഉത്തമസാഹിത്യഗ്രന്ഥങ്ങൾ ഏതുമതത്തെസംബന്ധിച്ചുള്ളതായാലും വായിച്ചിരിക്കേണ്ടതാണെന്നഭിപ്രായമുള്ള ഇതരഗൃഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടു ആ ഗൃഹങ്ങളിലുള്ള ഗ്രന്ഥശേഖരത്തിന്റെ വിലയും പ്രയോജനവും വർദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. ക്രിസ്തുമതസംബന്ധമായ സാഹിത്യഗ്രന്ഥങ്ങൾക്ക മലയാളഭാഷയിൽ ഉള്ള ദാരിദ്ര്യത്തെ പരിഹരിക്കുവാൻ മി. ജോൺ ചെയ്തുവരുന്ന വിജയകരമായ ശ്രമം പൊതുജനങ്ങളുടെ മാത്രമല്ല, ഗവർമ്മെന്റിന്റെയും വിദ്യാഭ്യാസമേലധികാരികളുടെയും പ്രോത്സാഹനത്തിനർഹമാണു്.

'മലയാളരാജ്യം'

---

'മഹാത്മാക്കൾ' എന്ന ഗ്രന്ഥാവലിയിലെ രണ്ടാംനമ്പറായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പുസ്തകമാണിതു്. ക്രൈസ്തവലോകം ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ, ശ്രീയേശുക്രിസ്തുവിന്റെ മാതാവാകാൻ ഭാഗ്യമുണ്ടായ വിശുദ്ധകന്യകമറിയാമിൽ ഭിന്നത്വം ഭർത്സിക്കുന്നുണ്ടല്ലോ. ആ പുണ്യവതിയുടെ ജീവിതചരിത്രം മലയാളഭാഷയിൽതന്നെ ഇതിനുമുൻപു പ്രസിദ്ധീകൃതമായിട്ടുണ്ടു്. അവയിൽ മുന്നൂറോളെണ്ണം ഞങ്ങൾക്കു കാണുവാനിടയായിട്ടുമുണ്ടു്. ഭാഷാശുദ്ധിയേസംബന്ധിച്ചിടത്തോളം മാത്രമല്ല, ആ പുസ്തകങ്ങളെ ഈ പുതിയപുസ്തകം അതിശയിക്കുന്നു. ഹൃദയസ്പർശകമായ പല വർണ്ണനകളും വളരെ തന്മയത്വത്തോടുകൂടി ഇതിൽ ചെയ്തിരിക്കുന്നു. 'കൽവാരിമലയിൽ' എന്ന പരിച്ഛേദം ക്രൈസ്തവഭക്തരാകട്ടെ തരളഹൃദയരാകാതെ വായിക്കുവാൻ സാധിക്കാത്തവണ്ണം അത്രമാത്രം നന്നായിട്ടുണ്ടു്. ഈ പുസ്തകം പല ഇംഗ്ലീഷുഗ്രന്ഥങ്ങളെ ഉപജീവിച്ചെഴുതിയിട്ടുള്ളതാണെന്നു കാണുന്നു. കന്യകാമറിയാമിനെപ്പററി പല പുതിയ അറിവുകളും ഈ പുസ്തകത്തിൽ നിന്നു ലഭിക്കുന്നുണ്ടു്. ആധ്യാത്മികമായ ഒരു പ്രബുദ്ധതയും, ആത്മശുദ്ധിയും വായനക്കാരിൽ പ്രതിഫലിച്ചിക്കുവാൻ പര്യാപ്തമായ ഈ പുസ്തകത്തിന്റെ അവതാരിക മി. സി. വി. കുഞ്ഞുരാമനാണെഴുതിയിട്ടുള്ളതു്.

'മലയാളമനോരമ'

---

'ശ്രീ യേശുക്രിസ്തു'വെന്ന പ്രൌഢമായ ഗ്രന്ഥത്തിന്റെ പ്രണേതാവുതന്നെയാണു് 'കന്യകാമറിയ'ത്തിന്റെയും രചയിതാവു്. പുത്രന്റെ ജീവചരിത്രം പരിപൂർണ്ണമാകണമെങ്കിൽ മാതാവിന്റെ ജീവചരിത്രംകൂടി വേണമല്ലോ. അതിനാൽ മി. ജോൺ തന്റെ 'മഹാരത്നമാക്കൾ' എന്ന ജീവചരിത്രപരമ്പരയുടെ രണ്ടാംഭാഗമായി യേശുനാഥന്റെ ജനനിയായ ആ മഹാസുകൃതിനിയുടെ പാവനചരിതം പ്രസിദ്ധപ്പെടുത്തിയതിന്റെ ഉചിതജ്ഞതയെപ്പറ്റി വിശേഷവിധിയായി ഒന്നുംതന്നെ പറയേണ്ടതില്ല. മഹത്തുക്കളുടെ ജീവചരിത്രങ്ങൾ എക്കാലവും ഏതു ഭാഷയ്ക്കും ഒരു നിധിതന്നെയാണു്. 'കന്യകാമറിയം'പോലുള്ള പവിത്രചരിത്രങ്ങൾ ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അക്ഷയഭാസ്സോടെ പരിലസിച്ചു് അന്ധകാരനിബീരിസമായ സംസാരസാഗരത്തെ തരണംചെയ്യുന്ന പ്രാപഞ്ചികന്മാർക്കു മാർഗ്ഗരക്ഷയെ പ്രദാനംചെയ്യുന്ന ദിവ്യജ്യോതിസ്സുകളത്രെ. പക്ഷെ, മലയാളഭാഷയ്ക്കു് ഇത്തരം സാഹിത്യസമ്പത്തിലുള്ള ദാരിദ്ര്യം ശോചനീയമാണു്. ഈ പോരായ്മയെ ശൂന്യമായവിധം പരിഹരിക്കുന്ന ഒരു കാവ്യതല്ലജമാണു് 'കന്യകാമറിയം'. ഇതിന്റെ ദാതാവു് കേരളീയരുടെ അകൈതവമായ അഭിനന്ദനത്തിനും കൃതജ്ഞതയ്ക്കും തികച്ചും അർഹൻതന്നെ.....

.....

.....

പ്രശാന്തഗംഭീരവും എന്നാൽ പ്രൌഢസുന്ദരവുമായ ശൈലിയിൽ വിരചിതമായ ഈ പവിത്രചരിത്രത്തിന്റെ പ്രഥമപക്ഷത്തിൽ അക്ഷിപതിക്കുവാൻ ഭാഗ്യമുണ്ടാകുന്ന വാചകയിതാക്കൾ നിശ്ചയമായും അതിന്റെ അവസാനം കാണാതെ വിരമിക്കുകയില്ല. രസകരമായ ഒരു നോവലിനുചേർന്ന കഥാകഥനരീതിയിലും, സാഹിത്യരസം കവിഞ്ഞൊഴുകുന്ന ഭാഷയിലും ഇതിലെ ഓരോ അദ്ധ്യായവും മുതല്ലുള്ള അമലമനോഹരമായ ജീവചരിത്രം ഏറ്റവും യുക്തിയുക്തം പ്രതിപാദിച്ചിരിക്കുന്നു. ക്രിസ്തീയതരക്ക ക്രിസ്തീയസാഹിത്യത്തോടുള്ള അവജ്ഞ അതിന്റെ ഭാഷാവൈകല്യമാണെങ്കിൽ ആ കാരണവും കന്യകാമറിയത്തിന്റെ ആവിർഭാവത്തോടുകൂടി അസ്തമിച്ചിരിക്കുന്നു എന്നു പറയാം. ഇത്ര ലാളിത്യമേറിയ ഭാഷയിൽ നിർമ്മിതമായ കൃതികൾ മലയാളത്തിൽ അത്ര ധാരാളമില്ല. സാഹിത്യകുശലനായ മി. സി. വി. കുഞ്ഞുരാമന്റെ അവതാരിക 'കന്യകാമറിയ'ത്തെ കേരളീയരെല്ലാം ജാതിമതഭേദമെന്യേ വേണ്ടപോലെ വായിക്കുവാൻ സഹായിക്കുമെന്നു വിശ്വസിക്കുന്നു. ഇത്ര ഉപകാരപ്രദമായ ഒരു കൃതിയെ മലയാളഭാഷയ്ക്കു സമ്മാനിച്ച ഗ്രന്ഥകർത്താവിനെ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. മേലിലും മി ജോൺ ഈദൃശകൃതികൾ ധാരാളം എഴുതി ഭാഷായോഷയെ അലങ്കരിക്കുവാൻ കന്യകാമറിയം സഹായിക്കട്ടെ.

'നസ്രാണിദീപിക'.

.....കന്യകാമറിയത്തെപ്പറ്റി വിശേഷോക്തികളിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ സംഖ്യാതീതങ്ങളാണെങ്കിലും ക്രൈസ്തവമതത്തെപ്പറ്റിയോ കന്യകാമറിയത്തെക്കുറിച്ചോ ഇവിടെയുള്ള അക്രൈസ്തവർക്ക് ഒന്നുംതന്നെ അറിഞ്ഞുകൂടാ. നേരോറിച്ചു ക്രൈസ്തവർക്ക് ഹിന്ദുമതത്തെപ്പറ്റിയും, ഈശ്വരമതത്തെപ്പറ്റിയും ബുദ്ധമതത്തെപ്പറ്റിയും സാമാന്യമായ ജ്ഞാനമെങ്കിലുമുണ്ടു്. ഈ വ്യത്യാസത്തിനുള്ള കാരണം ക്രൈസ്തവസിദ്ധാന്തങ്ങൾക്ക് ആശയവൈശിഷ്ട്യമില്ലാഞ്ഞിട്ടല്ല,—പരിപാവനമായ ക്രൈസ്തവാത്തിലെ നിസ്സാരങ്ങളായ സിദ്ധാന്തങ്ങൾപോലും വിശിഷ്ടാശയങ്ങളാൽ അലംകൃതമാണെ—സാഹിത്യഭണ്ഡാരമുള്ള ക്രൈസ്തവഗ്രന്ഥങ്ങൾ നമ്മുടെഭാഷയിൽ തുലോം കുറവായതുകൊണ്ടാണു്. ഹിന്ദുമതപുരാണങ്ങളേയും മറ്റും ക്രോഡീകരിച്ചു എഴുതിയിട്ടുള്ള പുസ്തകങ്ങൾക്ക പാഠ്യപുസ്തകങ്ങളുടെ പട്ടികയിൽ നിർബ്ബാധം സ്ഥലം പിടിക്കാമെങ്കിൽ ജിജ്ഞാസാസംവർദ്ധകവും ചമത്കാരസംപൂർണ്ണവും, ഭക്തിപരിപോഷകവുമായ ക്രൈസ്തവകൃതികൾക്കും അവിടെ സ്ഥലമുണ്ടാകാതെവരികയില്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. 'ശ്രീയേശുക്രിസ്തു', 'അന്തോനിപാദുവാ' എന്നീ വിശിഷ്ടഗ്രന്ഥങ്ങളുടെ പ്രസദ്ധീകരണത്താൽ പ്രസിദ്ധനായിതീർന്നിട്ടുള്ള മയ്യനാട്ടു മി ഏ. ജോൺ ബി. ഏ. യുടെ വേറൊരുകൃതിയാണു 'കന്യകാമറിയം' എന്ന ഈ ഗ്രന്ഥരത്നം.....

.....

.....മി. ജോണിന്റെ മറ്റുകൃതികൾപോലെതന്നെ 'കന്യകാമറിയം' എന്ന ഈ ഗ്രന്ഥരത്നവും സാഹിത്യഭണ്ഡാരം നിറഞ്ഞതും, അക്ലിഷ്ടമനോഹരവുമായ ഒരു കൃതിയാണെന്നു അഭിപ്രായപ്പെടുന്നതിനു ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്. ഗവണ്മെന്റിന്റെയും പൊതുജനങ്ങളുടെയും സവ്വിധ സഹായസഹകരണങ്ങളും മി. ജോൺ അർഹിക്കുന്നുണ്ടു്. നമ്മുടെ നാട്ടിൽ സാധാരണയായി പ്രോത്സാഹനങ്ങളും മറ്റും ലഭിച്ചുകൊണ്ടിരിക്കുന്നതു് അതിനർഹന്മാർക്കല്ല; മറ്റുചില ഗുണങ്ങളുള്ളവർക്കാണെന്നു ഞങ്ങൾക്കറിയാമെങ്കിലും ആ ദുഷ്പ്രഥിതി എന്നും നിലനിൽക്കുകയില്ലെല്ലോ എന്നോർത്തു ഞങ്ങൾ സമാശ്വസിക്കുകയും മി. ജോണിന്റെ പ്രശംസനീയമായ ശ്രമത്തെ ഞങ്ങൾ സവ്വാത്മനാ ശ്ലാഘിക്കയും അദ്ദേഹത്തിനു സകലവിജയങ്ങളും ആശംസിക്കയും ചെയ്യുന്നു.

'കോട്ടയം പത്രിക'.

# മഹാത്മാക്കൾ.

## ഒരു ജീവചരിത്രപരമ്പര.

മയ്യനാട്ട് എ. ജാൺ ബി. എ.

ഈ പരമ്പരയിൽ സുപ്രസിദ്ധന്മാരായ മൂപ്പതോളം പുണ്യവാന്മാരുടെ ജീവചരിത്രങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

1. അന്തോനിപാദുവാ. വില ണ. 10

[illegible] ,, 14

[illegible] വരുന്നു.

1
C 62

DC Library
*00001341*
LM P14